
മൂന്നിലവ് ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ






ജനകീയാസൂത്രണം






എനിക്ക് ദൈവം
സത്യവും സ്നേഹവും ആണ്;
നീതിയും ധർമ്മവുമാണ്;
നിർഭയത്വമാണ്,
പകാശത്തിന്റെയും ജീവന്റെയും ഉറവിടമാണ്.
ഇവയേക്കാൾ ഉന്നതമാണ്
ദൈവത്തിന്റെ സ്ഥാനം.
ദൈവം മന:സാക്ഷിയാണ്,
നിരീശ്വരവാദികളുടെ നിരീശ്വരവാദം
പോലുമാണ്. കാരണം, ദൈവം തന്റെ
അനന്തമായ സ്നേഹത്താൽ
നിരീശ്വരവാദിയെ ജീവിക്കാൻ
അനുവദിക്കുന്നു.


കേരളം
മൂന്നിലവ്
ഗ്രാമപഞ്ചായത്ത്
കോട്ടയം ജില്ല

മൂന്നിലവ് ഗ്രാമപഞ്ചായത്ത് - Map



1. ഫാമിലി വെൽഫെയർ സെന്റർ കളത്തൂക്കടവ്
2. C.S.I. പള്ളി കുറിഞ്ഞിപ്ലാവ്
3. സർവ്വീസ് സഹകരണബാങ്ക് മൂന്നിലവ്
4. പോസ്റ്റാഫീസ് മൂന്നിലവ്
5. സെന്റ് മേരീസ് ചർച്ച് മൂന്നിലവ്
6. സെന്റ് പോൾസ് H.S. വലിയകുമാരമംഗലം
7. സെന്റ് മേരീസ് L.P.S. വലിയകുമാരമംഗലം
8. ഗവ: ഹോമിയോഡിസ്പെൻസറി വലിയകുമാരമംഗലം
9. പഞ്ചായത്താഫീസ് മൂന്നിലവ്
10. വില്ലേജാഫീസ് മൂന്നിലവ്
11. മൃഗാശുപത്രി മൂന്നിലവ്
12. C.S.I. ചർച്ച് പെയിന്റർവാലി
13. പോസ്റ്റോഫീസ് ചൊവ്വൂർ
14. C.S.I. ചർച്ച് മങ്കൊമ്പ് (ഇടപ്പള്ളി)
15. C.S.I. ചർച്ച് മങ്കൊമ്പ്
16. ഭഗവതീക്ഷേത്രം മങ്കൊമ്പ്
17. C.S.I. ചർച്ച് വെള്ളറ.
18. ഗവ. യു.പി.എസ്. വെള്ളറ
19. സെന്റ് മേരീസ് ചർച്ച് നെല്ലാപ്പാറ
20. C.S.I. ചർച്ച് പഴുക്കാക്കാനം
21. പോസ്റ്റോഫീസ് മേച്ചാൽ
22. C.S.I. ചർച്ച് മേച്ചാൽ
23. ഗവ. U.P.S. മേച്ചാൽ
24. C.M.S. H.S. മേച്ചാൽ
25. C.M.S. L.P.S. വാളകം
26. C.S.I. ചർച്ച് വാളകം
27. C.S.I. ചർച്ച് ഇരുമാപ്ര
28. C.M.S. U.P.S. ഇരുമാപ്ര
29. C.M.S. L.P.S. ഇരുമാപ്ര
30. കാൽവരിമൗണ്ട് അഞ്ചുമല
31. T.V സെന്റർ കുറിഞ്ഞിപ്ലാവ്
32. ബാലവാടി- മേച്ചാൽ
33. U.P.S. മേച്ചാൽ
34. L.P.S. മേച്ചാൽ
35. ഫാമിലി വെൽഫയർ സെന്റർ ഇരുമാപ്ര
36. ബാലവാടി ഇരുമാപ്ര
37. പട്ടിക വർഗ്ഗ സഹകരണബാങ്ക് ഇരുമാപ്ര
38. കൃഷിഭവൻ നരിമറ്റം
39. ഇലക്ട്രിസിറ്റി ഓഫീസ് മൂന്നിലവ്
40. ബാലവാടി പഴുക്കാക്കാനം
41. ബാലവാടി നെല്ലാപ്പാറ
42. ലൈബ്രറി മൂന്നിലവ്

------ - റോഡ്.
- തോട്.
- ക്ഷേത്രം.
- പള്ളി.



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പി.ജെ. ജോസുകുട്ടി

എഡിറ്റേഴ്സ്

ജയ്മോൻ സേവ്യർ

K.T. തോമസ്

മത്തായി ജോസഫ്

ഇത്തമ്മ മാത്യു

ജോൺസൺ മാത്യു

ബിജിൻ V.P.

അലക്സാണ്ടർ എം.ഡി.

ഫ്രാൻസിസ് K.D.

ലിസിയാമ്മ നൈനാൻ


Typeset at : **A.K. Computers Kottayam.**
Ph: 0481 - 569882, 572882

Photos by :**Rahim**


Cover Design & Illustration
M.G. Viswan

Printed at :
Southern Offset Printing House, Kottayam.
Ph: 0481 - 561694

മൂന്നിലവ് ഗ്രാമപഞ്ചായത്ത് കമ്മറ്റി




പ്രസിഡന്റ്
T.J. ജോഷ്വാ



വൈസ് പ്രസിഡന്റ്
ജെയ്മോൻ സേവ്യർ



സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ
ഉലഹന്നാൻ ശമുവേൽ



K.T. തോമസ്



മത്തായി ജോസഫ്



അന്നമ്മ ജോർജ്ജ്



അച്ചാമ്മ ജോസഫ്



ഡെയ്സി ജേക്കബ്

മുൻകാല പഞ്ചായത്തു ഭരണസാരഥികൾ

അവിഭക്ത പൂഞ്ഞാർ വടക്കേക്കര പഞ്ചായത്തിലെ 1964 ലെ കമ്മറ്റി

1964 - 1965 കമ്മറ്റിയംഗങ്ങൾ

പ്രസിഡന്റ്: M.G. ഗോപാലപിള്ള മാടപ്പാട്ട്
വൈ. പ്രസിഡന്റ്: K.O. ജോസഫ് കൊച്ചെട്ടൊന്നിൽ
T.J. ജോഷ്വാ തടത്തിപ്ലാക്കൽ
കുരുവിള സ്കറിയാ വാഴയിൽ
P.J. ശമുവൽ പായിപ്പാട്ട്
T.J. ജോസഫ് താളനാനിക്കൽ
നാരായണൻ കരിപ്പൂകാട്ടിൽ
പത്മാവതി നടുക്കരോട്ട

1965-ലെ കമ്മറ്റിയംഗങ്ങൾ

പ്രസിഡന്റ് :T.J. ജോഷ്വാ തടത്തിപ്ലാക്കൽ
വൈ. പ്രസിഡന്റ് :K.O. ജോസഫ് കൊച്ചെട്ടൊന്നിൽ
M.G. ഗോപാലപിള്ള മാടപ്പാട്ട്
കുരുവിള സ്കറിയാ വാഴയിൽ
P.J. ശമുവൽ പായിപ്പാട്ട്
T.J. ജോസഫ് താളനാനിക്കൽ
നാരായണൻ കരിപ്പൂകാട്ടിൽ
ഏലിയാമ്മ ആൻഡ്രൂസ് പൂതംകുന്നേൽ

1969 അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

(പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് രണ്ടായി വിഭജിച്ചതിനുശേഷമുള്ള ആദ്യത്തെ മൂന്നിലവു പഞ്ചായത്തുകമ്മറ്റി)

പ്രസിഡന്റ് :ശ്രീ. T.J. ജോഷ്വാ തടത്തിപ്ലാക്കൽ
കമ്മറ്റിയംഗങ്ങൾ
ശ്രീ. V.M. ജോസഫ് വാണിയപ്പുരയ്ക്കൽ
ശ്രീ. A.C. കുര്യൻ പെമ്പിളകുന്നേൽ
ശ്രീ. P.J. ശമുവൽ പായിപ്പാട്ട്
ശ്രീ. M.C. ജോസഫ് മാട്ടേപ്ലാക്കൽ
ശ്രീമതി. ഏലിയാമ്മ ആൻഡ്രൂസ്, പൂതംകുന്നേൽ

1972 അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

പ്രസിഡന്റ്: ശ്രീ. V.M. ജോസഫ് വാണിയപ്പുരയ്ക്കൽ
കമ്മറ്റിയംഗങ്ങൾ
ശ്രീ. A.C. കുര്യൻ പെമ്പിളകുന്നേൽ
ശ്രീ. C.T. ദേവസ്യാ ചേമ്പ്ളാനിക്കൽ
ശ്രീ. M.V. ജോസഫ് മൂഴിക്കുഴിയിൽ
ശ്രീ. P.J. ശമുവൽ പായിപ്പാട്ട്
ശ്രീമതി. ഏലിയാമ്മ ആൻഡ്രൂസ് പൂതംകുന്നേൽ

1979-ലെ കമ്മറ്റിയംഗങ്ങൾ

പ്രസിഡന്റ് : T.J. ജോഷ്വാ തടത്തിപ്ലാക്കൽ
വൈ. പ്രസി : ജോസഫ് ജോസഫ് കുരുവംപ്ലാക്കൽ
കമ്മറ്റിയംഗങ്ങൾ : K.C. ജേക്കബ് കദളിയിൽ
ദാമോദരൻ കുരുവംപ്ലാക്കൽ
ജോസഫ് ദേവസ്യാ വടക്കേച്ചിറയാത്ത്
സെബാസ്റ്റ്യൻ തോമസ് മനയാനിക്കൽ
P.S. ജോഷ്വാ പാറശ്ശേരിൽ
മറിയാമ്മ ഐസക് മുണ്ടപ്പള്ളിൽ

1988-ലെ കമ്മറ്റിയംഗങ്ങൾ

പ്രസിഡന്റ്: പയസ് തോമസ് ചൊവ്വാറ്റുകുന്നേൽ
വൈ. പ്രസി. ജോൺ ജോസഫ് കൊന്നയ്ക്കൽ
കമ്മറ്റിയംഗങ്ങൾ: T.J. ജോഷ്വാ തടത്തിപ്ലാക്കൽ
K.T. തോമസ് കൊച്ചെട്ടൊന്നിൽ
സെബാസ്റ്റ്യൻ തോമസ് മനയാനിക്കൽ
മേരി സെബാസ്റ്റ്യൻ കോലോത്ത്
ജോൺ മാമ്മൻ ഓലിക്കൽ
മേരി ശമുവൽ പൊട്ടമുണ്ടയ്ക്കൽ

1995 ഇന്നത്തെ ഭരണസാരഥികൾ

പ്രസിഡന്റ് : T.J. ജോഷ്വാ തടത്തിപ്ലാക്കൽ
വൈ. പ്രസി: ജയ്മോൻ സേവ്യർ ആട്ടപ്പാട്ട്
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ: ഉലഹന്നാൻ ശാമുവൽ പൊട്ടമുണ്ടയ്ക്കൽ
കമ്മറ്റിയംഗങ്ങൾ: K.T. തോമസ് കൊച്ചെട്ടൊന്നിൽ
മത്തായി ജോസഫ് മാറാമറ്റത്തിൽ
അച്ചാമ്മ ജോസഫ് അറപ്പുരയ്ക്കൽ
അന്നമ്മ ജോർജ്ജ് കുറിഞ്ഞാങ്കുളത്ത്
ഡെയ്സി ജേക്കബ് പടിഞ്ഞാറേപ്പുരയ്ക്കൽ
1995 ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ് 4

മുൻകാല ഭരണസാരഥികൾ 6

ആമുഖം 8

പഞ്ചായത്ത് പൊതുവിവരണം 9

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം 10

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി 13

കൃഷി ജലസേചനം മണ്ണു സംരക്ഷണം 15

മൃഗസംരക്ഷണവും മത്സ്യബന്ധനവും 29

വിദ്യാഭ്യാസം 32

കുടിവെള്ളം പൊതുജനാരോഗ്യം 35

വ്യവസായം 42

ഗതാഗതം ഊർജ്ജം മാർക്കറ്റ് 46

സാമൂഹ്യക്ഷേമം ഭവനനിർമ്മാണം 55

സംസ്ക്കാരം 60

വനിത 65

സഹകരണം 68

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 71

വിഭവസമാഹരണം 74

ഉപസംഹാരം 78

ആമുഖം


നമ്മുടെ സംസ്ഥാനത്തിന്റെ ആസൂത്രണചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമായിരിക്കും ജനകീയാസൂത്രണ പ്രസ്ഥാനം. കേരളത്തിൽ ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന ഗ്രാമസഭകളിലും വാർഡ് കൺവൻഷനുകളിലുമായി 30ലക്ഷത്തോളം ജനങ്ങൾ പങ്കെടുത്തതായി മനസ്സിലാക്കാൻ സാധിക്കുന്നു. അതിനാൽ ഈ പരിപാടി ജനങ്ങളിൽ ഉളവാക്കിയ ആവേശവും പങ്കാളിത്തവും അർഹിക്കുന്ന പ്രാധാന്യത്തോടെ നാം കണക്കിലെടുക്കേണ്ടതുണ്ട്. മഹത്തായ ഈ സംരംഭത്തിൽ അണിചേർന്നുകൊണ്ട് നമ്മുടെ ഗ്രാമത്തിന്റെ അഭിവൃദ്ധിയും ഐശ്വര്യവും നമുക്ക് ഉറപ്പാക്കാം.

1997 ഏപ്രിൽ ഒന്നിന് നാം ഒൻപതാം പഞ്ചവത്സരപദ്ധതിക്കു തുടക്കം കുറിക്കുകയാണല്ലൊ. നമ്മുടെ രാജ്യത്തിന്റെ എട്ടു പദ്ധതികളിലും കേന്ദ്രീകൃതാസൂത്രണമാണ് നടന്നത്. അതുകൊണ്ടു തന്നെ നമ്മുടെ ഗ്രാമങ്ങളുടെ ഹൃദയതുടിപ്പുകൾ മനസ്സിലാക്കുന്നതിനും ഗ്രാമങ്ങളുടെ ഐശ്വര്യം എന്ന ലക്ഷ്യം നേടുന്നതിനും കഴിയാതെ പോയി. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡും സംസ്ഥാന ഗവൺമെന്റും തീരുമാനിച്ചിട്ടുള്ളത്. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ തുകയുടെ 35-40 ശതമാനം തുകയ്ക്കു വരുന്ന വികസന പരിപാടികൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ അല്ലെങ്കിൽ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയീസൂത്രണത്തിന്റെ കാതൽ.

9-ാം പഞ്ചവത്സരപദ്ധതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏക പട്ടിക വർഗ്ഗ പഞ്ചായത്തായ മൂന്നിലവ്, അർഹമായ വിഹതം നേടുന്നതിനുള്ള കർമ്മപരിപാടികൾ പഞ്ചായത്ത്കമ്മറ്റിയുടെയും ജനകീയീസൂത്രണ സമിതികളുടെയും നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി 21-9-96 ൽ പഞ്ചായത്തുതല ഏകദിന ശില്പശാല നടത്തുകയുണ്ടായി. അതിൽ സ്ത്രീകൾ• ഉൾപ്പെടെ 96 ആളുകൾ പങ്കെടുക്കുകയുണ്ടായി. ഈ സെമിനാറിൽ ശ്രദ്ധേയമായ പ്രാതിനിധ്യം ഉണ്ടായി എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. 1996 സെപ്. 25 മുതൽ 29 വരെയുള്ള തീയതികളിൽ എട്ടുവാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. നമ്മുടെഎല്ലാ ഗ്രാമസഭകളിലും ആറിൽ കുറയാതെ ആളുകൾ പങ്കെടുക്കുകയുണ്ടായി. 19-11-96 ൽ ചേർന്ന രണ്ടാംഘട്ട ശില്പശാലയിൽ പഞ്ചായത്തു സമിതിയിലെ എല്ലാ അംഗങ്ങളും പഞ്ചായത്തിലെ എല്ലാ ആഫീസുകളുടെ മേലധികാരികളും ജനകീയാസൂത്രണ പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി. ഈ യോഗം പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ രൂപരേഖകൾ തയ്യാറാക്കുകയുണ്ടായി. പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ആഫീസുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ, ഈ ഗ്രാമത്തിലെ വിവിധ സ്ഥാപനങ്ങൾ ജൂബിലി സ്മാരകമായി പ്രസിദ്ധപ്പെടുത്തിയ സ്മരണികകൾ, സുവനീറുകൾ തുടങ്ങിയവയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ, ഗ്രാമത്തിലെ നാട്ടറിവുള്ള വൃദ്ധന്മാരിൽ നിന്നു ലഭിച്ച അറിവുകൾ, ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒട്ടേറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. അവരോടൊപ്പമുള്ള അളവറ്റ കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് ഏവരുടേയും അറിവിനും ചർച്ചയ്ക്കുമായി ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

ഗ്രാമപഞ്ചായത്ത് പൊതുവിവരം

പഞ്ചായത്തിന്റെ പേര്	:	മൂന്നിലവ് ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	മൂന്നിലവ്
ബ്ലോക്ക് പഞ്ചായത്ത്	:	ഈരാറ്റുപേട്ട
ജില്ലാ പഞ്ചായത്ത്	:	കോട്ടയം
താലൂക്ക്	:	മീനച്ചിൽ
അസംബ്ലി മണ്ഡലം	:	പൂഞ്ഞാർ
വിസ്തീർണ്ണം	:	33.41 ച. കി.മീ.
അതിരുകൾ	:	*കിഴക്ക്:* തലനാട് പഞ്ചായത്ത്, *വടക്ക്:* കുടയത്തൂർ പഞ്ചായത്ത്, അറക്കുളം പഞ്ചായത്ത്, *തെക്ക്:* തീക്കോയി പഞ്ചായത്തും മീനച്ചിലാറും *പടിഞ്ഞാറ്:* മേലുകാവ് പഞ്ചായത്ത്.
ജനസംഖ്യ	:	9187
പുരുഷൻ	:	4647
സ്ത്രീകൾ	:	4540
ജനസാന്ദ്രത	:	275
അക്ഷരാഭ്യാസമുള്ളവർ	:	7961
പുരുഷൻ	:	4069
സ്ത്രീകൾ	:	3892
വാർഡുകൾ	:	എട്ട്
പ്രസിഡന്റ്	:	*റ്റി.ജെ. ജോഷ്വാ*
വൈ. പ്രസിഡന്റ്	:	*ജയ്മോൻ സേവ്യർ*
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	:	*ഉലഹന്നാൻ ശമുവൽ*



സാമൂഹിക സാംസ്കാരിക ചരിത്രം

അതി പുരാതനമായ ഒരു ചരിത്രം ഉറങ്ങുന്ന മങ്കൊമ്പ്, ഇരുമാപ്ര, വാളകം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഒരു പഞ്ചായത്താണ് മൂന്നിലവ്. മങ്കൊമ്പിലെ ഭഗവതീ ക്ഷേത്രത്തിന് വളരെയേറെ വർഷത്തെ പഴക്കമുള്ളതായാണ് ഐതിഹ്യം. ഈ പഞ്ചായത്തിലെ ഏക അമ്പലമാണിത്. പൂഞ്ഞാർ രാജകുടുംബം സ്ഥാപിച്ച അമ്പലമായി കരുതപ്പെടുന്നു. പൂഞ്ഞാർ രാജകുടുംബത്തിലെ ഒരു രാജകുമാരൻ മങ്കൊമ്പിലുള്ള മടുക്കയിൽ നായർ കുടുംബത്തിൽ നിന്ന് വേളി കഴിച്ചിരുന്നതായി പറയപ്പെടുന്നു. പാണ്ടിദേശക്കാരായ 'ചെട്ടി പിള്ളമാർ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു വിഭാഗം ആൾക്കാർ ചേരവംശത്തിൽപ്പെട്ട ഒരു രാജാവിനെ ഭയന്ന് അവരുടെ ഇഷ്ട ദേവീവിഗ്രഹവുമായി അവിടെനിന്നും പലായനം ചെയ്ത് പൂഞ്ഞാർ രാജാവിനെ അഭയം പ്രാപിക്കുകയും ആ രാജാവ് മങ്കൊമ്പ് പ്രദേശത്ത് അധിവസിക്കുന്നതിന് അവരെ അനുവദിക്കുകയും ചെയ്തതായി കേട്ടുകേൾവി ഉണ്ട്. പിന്നീട് തങ്ങളുടെ പ്രിയപ്പെട്ട ദേവിയെ മങ്കൊമ്പ് അമ്പലത്തിന്റെ ഒരു ഭാഗത്ത് പ്രതിഷ്ഠിക്കുകയും പൂജാദികർമ്മങ്ങൾ നടത്തിപോരുകയും ചെയ്തിരുന്നു. കാലചക്രം മുമ്പോട്ട് കുതിച്ചപ്പോൾ കച്ചവടത്തിൽ പ്രാവീണ്യമുണ്ടായിരുന്ന അവർ ഇന്നത്തെ തൊടുപുഴ, താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറി പാർത്തു. എങ്കിലും എല്ലാ മേട പത്തിനും അല്ലെങ്കിൽ പത്താമുദയത്തിന് ചെട്ടിപ്പിള്ളമാർ പുരാതന പ്രസിദ്ധമായ ഈ ക്ഷേത്രത്തിൽ ദർശനത്തിനും വഴിപാടിനുമായി മലകൾ ചവുട്ടി എത്താറുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിൽ തല ഉയർത്തി നില്ക്കുന്ന ഇല്ലിക്കക്കല്ല് നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കാറുണ്ട്. ഇല്ലിക്കക്കല്ലിന്റെ മദ്ധ്യഭാഗത്തു കാണുന്ന തുരങ്കം ഭീമൻ തന്റെ ഗദയെറിഞ്ഞപ്പോൾ ഉണ്ടായതായും ഐതിഹ്യമുണ്ട്. ഇല്ലിക്കക്കല്ലിന് കൂനൻകല്ല്, കുടക്കല്ല്, നരകപാലം എന്ന് മൂന്നു ഭാഗങ്ങൾ ഉണ്ട്. ഇവിടം സന്ദർശിക്കുന്നവർക്ക് സൂര്യോദയവും സൂര്യാസ്തമനവും ഒരേ സ്ഥലത്തു നിന്ന് ദർശിച്ച് വർദ്ധിച്ച ആഹ്ലാദം പകരുന്നു. കപ്പൽയാത്രക്കാർ ദിക്ക് അറിയുന്നതിന് ഇല്ലിക്കക്കല്ലിനെ നോക്കിയിരുന്നതായി സംസാരമുണ്ട്. ഇപ്പോൾ എല്ലാ വർഷവും ഈസ്റ്റർ നാളുകളിൽ മൂന്നിലവ് പള്ളിയിൽ നിന്ന് ഈ മലമുകളിലേക്ക് തീർത്ഥാടനം നടത്താറുണ്ട്. ഈ ശിലാഭീമൻ മൂന്നിലവ് പഞ്ചായത്തിന്റേയും തലനാട് പഞ്ചായത്തിന്റേയും അതിർത്തി സൂക്ഷിപ്പുകാരനായി നിലകൊള്ളുന്നു.

സഹ്യപർവ്വതത്തിന്റെ പിള്ളത്തൊട്ടിലിൽ ശയിക്കുന്ന മൂന്നിലവിന്റെ മലമ്പ്രദേശങ്ങളിലെ ഘോരവനങ്ങളിൽ മല ആര്യന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു ജനവിഭാഗം അധിവസിച്ചിരുന്നു. അവരെ അജ്ഞത, അന്ധവിശ്വാസം മേലാളവർഗ്ഗത്തിന്റെ ചൂഷണം തുടങ്ങിയ സാമൂഹിക തിന്മകളിൽ നിന്ന് കൈപിടിച്ചുയർത്തിയത് ഹെൻറി ബേക്കർ ജൂണിയർ, എ.എഫ്. പെയിന്റർ തുടങ്ങിയ വിദേശമിഷനറിമാരാണ്. "ഈ വിഭാഗക്കാർ സമാധാനപ്രിയരും അദ്ധ്വാനശീലരായ കർഷകരും ബുദ്ധിമതികളുമായിരുന്നു." എന്ന് ഹെൻറി ബേക്കർ സായിപ്പിന്റെ ജീവചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. കേരളാ ഇലക്ഷൻ കമ്മീഷണർ ശ്രീ.എം.എസ്. ജോസഫ് I.A.S.ഉം സി.എസ്സ്.ഐ. ഈസ്റ്റ് കേരളാ മഹാ ഇടവകയുടെ പ്രഥമ ബിഷപ്പായിരുന്ന റൈറ്റ്. റവ. ഡോ: കെ. മൈക്കൾ ജോണും ഈ വിഭാഗത്തിൽ നിന്ന് മഹത്വത്തിലേക്കുയർന്ന മഹൽ വ്യക്തികളത്രേ. ഇരുമാപ്ര, മങ്കൊമ്പ് തുടങ്ങിയ പ്രദേശങ്ങളിലെ പുരാതന പള്ളികളും പള്ളിക്കൂടങ്ങളും ഈ ഗ്രാമത്തിന്റെ സാമൂഹിക സാംസ്ക്കാരികരംഗങ്ങളിലെ നാഴികകല്ലുകളത്രേ. ഇരുമാപ്രമറ്റത്തെ അഞ്ചലാഫീസും ചരിത്രത്താളുകളിൽ ആദ്യസ്ഥാനം നേടിയിട്ടുള്ളതാണ്.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളികളായി ചിലരെയെങ്കിലും സംഭാവന ചെയ്യുവാൻ നമ്മുടെ ഗ്രാമത്തിന് സാധിച്ചു. അവരിൽ വാഴയിൽ ഡോമിനിക്ക് കുരുവിള (കുഞ്ഞച്ചൻ) ഏറെ ശ്രദ്ധേയനാണ്. ഈ ഗ്രാമത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ അദ്ദേഹം നൽകിയ സഹായം വിലപ്പെട്ടതാണ്. വൈദേശിക ഭരണത്തിനെതിരായി സമരം ചെയ്ത് ഈ ഗ്രാമത്തിൽ നിന്ന് ആദ്യമായി അറസ്റ്റു വരിച്ച വ്യക്തിയാണ് മീനച്ചിൽ താലൂക്ക് കോൺഗ്രസ് കമ്മറ്റിയിലെ ഒരു സജീവാംഗവുമായിരുന്നു അദ്ദേഹം.

ഇന്നത്തെ മൂന്നിലവ് പഞ്ചായത്ത് പൂഞ്ഞാർ വടക്കേക്കര പഞ്ചായത്തിന്റെ ഭാഗമായിരുന്നു. നാലു വർഷത്തെ നിരന്തരമായ സമരഫലമായിട്ടാണ് ഈ പഞ്ചായത്ത് രൂപം കൊണ്ടത്. ഹെലരാവൊ എന്ന സമരപരിപാടി നിലവില്ലാതിരുന്ന കാലത്തു പോലും ഇവിടത്തെ ജനങ്ങൾ പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് മാറ്റുന്നതിനുവേണ്ടി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ ശങ്കുണ്ണി മേനോനേയും സംഘത്തേയും ഹെലരാവൊ ചെയ്ത സംഭവം പോലും ഉണ്ടായിട്ടുണ്ട്. വാണിയപ്പുരയിൽ ശ്രീ.വി.എം. ജോസഫ് സംഭാവനയായി നൽകിയ സ്ഥലത്താണ് ഇപ്പോഴത്തെ പഞ്ചായത്താഫീസ് നിലകൊള്ളുന്നത്. ഈ പഞ്ചായത്തും പഞ്ചായത്താഫീസും നാട്ടുകാരുടെ നിർലോഭമായ സഹകരണത്താലും സംഭാവനയാലുമാണ് രൂപം കൊണ്ടത്.

പൂഞ്ഞാർ വടക്കേക്കര പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. എം.ജി. ഗോപാലപിള്ള മാടപ്പാട്ട് ആയിരുന്നു. അദ്ദേഹത്തിനു സ്ഥാനം നഷ്ടപ്പെട്ടപ്പോൾ ശ്രീ.റ്റി.ജെ. ജോഷ്വാ തടത്തിപ്ലാക്കൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയിൽ ശ്രീ. മാടപ്പാട്ട് ഗോപാലപിള്ള, ശ്രീ. കുരുവിള സ്കറിയാ വാഴയിൽ, ശ്രീ.പി.ജെ. ശാമുവൽ പായിപ്പാട്ട്, റ്റി.ജെ. ജോസപ് താളനാനിക്കൽ, കെ.ഒ. ജോസഫ് കൊച്ചെട്ടൊന്നിൽ, നാരായണൻ കരിപ്പുകാട്ടിൽ, പത്മാവതി നടുക്കരോട്ട് എന്നിവർ അംഗങ്ങളായിരുന്നു. വനിതാ മെമ്പറായിരുന്ന പത്മാവതിക്കു സ്ഥാനം നഷ്ടപ്പെട്ടപ്പോൾ പൂതംകുന്നേൽ ഏലിയാമ്മ ആൻഡ്രൂസ് നോമിനേറ്റ് ചെയ്യപ്പെട്ടു. ഈ കമ്മറ്റിയുടെ ത്യാഗോജ്ജ്വലമായ ചരിത്രശ്രമത്തിന്റെ ഫലമായി പൂഞ്ഞാർ വടക്കേക്കര പഞ്ചായത്തിന്റെ ആസ്ഥാനം മൂന്നിലവിലേക്കു മാറ്റി. ഈ കമ്മറ്റിയിൽ നിന്ന് ശ്രീ. കുരുവിള സ്കറിയാ വാഴയിൽ രാജിവെച്ചപ്പോൾ ശ്രീ.വി.എം. ജോസഫ് വാണിപ്പുരയിൽ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ.റ്റി.ജെ. ജോഷ്വാ തടത്തിപ്ലാക്കലും ശ്രീ.വി.എം. ജോസഫ് വാണിയപുരയിലും നമ്മുടെ പഞ്ചായത്തിന്റെ രൂപീകരണത്തിൽ വളരെയേറെ ത്യാഗം അനുഷ്ഠിച്ചിട്ടുണ്ട്. 13 - 9 - 69-ൽ പൂഞ്ഞാർ വടക്കേക്കര പഞ്ചായത്ത് രണ്ടായി വിഭജിച്ചു. അങ്ങനെ മൂന്നിലവ് തലനാട് എന്നീ രണ്ടു പഞ്ചായത്തുകൾ രൂപം കൊണ്ടു.

13-9-69ൽ ശ്രീ.റ്റി.ജെ. ജോഷ്വാ പ്രസിഡന്റായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി നിലവിൽ വന്നു. പ്രസ്തുത കമ്മറ്റിയിൽ ശ്രീ. വി.എം. ജോസഫ്, ശ്രീ.എ.സി. കുര്യൻ പെമ്പിളകുന്നേൽ, ശ്രീ. എം.സി. ജോസഫ് മാട്ടേപ്ലാക്കൽ, ശ്രീ. പി.ജെ. സാമുവൽ പായിപ്പാട്ട്, ശ്രീമതി ഏലിയാമ്മ ആൻഡ്രൂസ എന്നിവർ അംഗങ്ങളായിരുന്നു. ഈ കമ്മറ്റിക്കുശേഷം 1972-ൽ ശ്രീ.വി.എം. ജോസഫ് പ്രസിഡന്റായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി നിലവിൽ വന്നു. ഈ കമ്മറ്റിയിൽ ശ്രീ.എ.സി. കുര്യൻ, ശ്രീ.സി.റ്റി. ദേവസ്യാ ചേമ്പളാനിക്കൽ, ശ്രീമതി ഏലിയാമ്മ ആൻഡ്രൂസ്, ശ്രീ. പി.ജെ.. ശാമുവൽ പായിപ്പാട്ട്, ശ്രീ. എം.വി. ജോസഫ് മൂഴിക്കുഴിയിൽ എന്നിവർ അംഗങ്ങളായിരുന്നു. 1979 മുതൽ 1984 വരെ ശ്രീ. റ്റി.ജെ. ജോഷ്വാ വീണ്ടും പ്രസിഡന്റായി. ഈ കമ്മറ്റിയിൽ കെ.സി. ജേക്കബ്ബ് കദളിയിൽ, ശ്രീ. ഔസേഫ് ജോസഫ് കുരുവൻ പ്ലാക്കൽ, ശ്രീമതി. മറിയാമ്മ ഐസക്ക് മുണ്ടപ്പള്ളിൽ, ശ്രീ. ദാമോദരൻ കുരുവൻപ്ലാക്കൽ, ശ്രീ. തോമസ് സെബാസ്റ്റ്യൻ മനയാനി, ജോസഫ് ദേവസ്യാ വടക്കേ ചിറയാത്ത്, ശ്രീ. പി.എസ്സ്. ജോഷ്വാ പാറശ്ശേരിൽ എന്നിവർ അംഗങ്ങളായിരുന്നു. 1984 മുതൽ 1988 വരെ സ്പെഷ്യൽ ആഫീസർ ഭരണമായിരുന്നു. 1988 മുതൽ ശ്രീ. പയസ് തോമസ് ചൊവ്വാറ്റുകുന്നേൽ പ്രസിഡന്റായി. ശ്രീ.റ്റി.ജെ. ജോഷ്വാ, ശ്രീ. കെ.റ്റി. തോമസ് കൊച്ചെട്ടൊന്നിൽ, ശ്രീ. സെബാസ്റ്റ്യൻ തോമസ് മനയാനി, ശ്രീമതി മേരി സെബാസ്റ്റ്യൻ കോലോത്ത്, ശ്രീ. ജോൺ ജോസഫ് കൊന്നയ്ക്കൽ, ശ്രീ. ജോൺ മാമ്മൻ ഓലിക്കൽ, ശ്രീമതി മേരി ശാമുവൽ പൊട്ടമുണ്ടയ്ക്കൽ എന്നിവർ അംഗങ്ങളായിരുന്നു. 1995 ഒക്ടോബർ 2 മുതൽ പഞ്ചായത്ത് രാജ് സംവിധാനത്തിലുള്ള കമ്മറ്റി അധികാരമേറ്റു. ഈ കമ്മറ്റിയുടെ പ്രസിഡന്റായി ശ്രീ. റ്റി.ജെ. ജോഷ്വായും വൈ. പ്രസിഡന്റായി ശ്രീ. ജയ്മോൻ സേവ്യർ ആട്ടപ്പാട്ടും സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായി ശ്രീ ഉലഹന്നാൻ ശമുവൽ പൊട്ടമുണ്ടയ്ക്കലും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ.കെ.റ്റി. തോമസ് കൊച്ചെട്ടൊന്നിൽ, ശ്രീ. മത്തായി ജോസഫ് മാറാമറ്റത്തിൽ, ശ്രീമതി അച്ചാമ്മ ജോസഫ് അറപുരയ്ക്കൽ, ശ്രീമതി അന്നമ്മ ജോർജ് കുറിഞ്ഞാൻകുളത്ത്, ശ്രീമതി ഡെയ്സി ജേക്കബ് പടിഞ്ഞാറെപുരയ്ക്കൽ എന്നിവർ കമ്മറ്റി അംഗങ്ങളുമാണ്. ഈ ഭരണസമിതി ജനകീയാസൂത്രണത്തിലൂടെ നമ്മുടെ പഞ്ചായത്തിന് ശോഭനമായ ഭാവി നേടുമെന്ന് നമുക്ക് പ്രത്യാശിക്കാം.


നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വളർച്ചയ്ക്ക് നിദാനമായി തീർത്തത് അമ്പാറമങ്കൊമ്പ് റോഡാണ്. ഈ റോഡ് നൂറിലധികം വർഷത്തെ പഴക്കമുള്ളതും പെയിന്റർ സായിപ്പ് പണികഴിപ്പിച്ചതുമാണ്. രണ്ടു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കാഞ്ഞിരംകവല, കോലാനി,

വാളകം മേച്ചാൽ, നെല്ലാപ്പാറ, വെള്ളറ, അമ്പലം മങ്കൊമ്പ് എന്നീ സ്ഥലങ്ങളിലൂടെ കടന്ന് നരിമറ്റത്തു വെച്ച് അമ്പാറ മങ്കൊമ്പ് റോഡുമായി സന്ധിക്കുന്ന കാഞ്ഞിരംകവല നരിമറ്റം റോഡിന് ഈ പഞ്ചായത്തിന്റെ പുരോഗതിയിൽ സുപ്രധാനമായ സ്ഥാനമാണുള്ളത്. പൊതുമരാമത്തുവകുപ്പ് ഈ റോഡിന്റെ വികസനപ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്. ഈ ഗ്രാമത്തിലെ എല്ലാ റോഡുകളും ശ്രമദാനമായി നിർമ്മിച്ചിട്ടുള്ളതാണ്. നമ്മുടെ മലയോര റോഡുകളുടെ വികസനത്തെ ആധാരമാക്കിയല്ലാതെ ഒരു രംഗത്തും പുരോഗതി നേടാൻ നമുക്ക് സാദ്ധ്യമല്ല.

വിദേശ മിഷനറിമാരായ ഹെൻറി ബേക്കർ, എ.എഫ്, പെയിന്റർ എന്നിവരാണ് നമ്മുടെ ഗ്രാമത്തിൽ വിശ്വാസത്തിന്റേയും വിജ്ഞാനത്തിന്റേയും ആദ്യ കൈത്തിരി കൊളുത്തിയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്താരാർദ്ധത്തിൽ മലയോര പ്രദേശങ്ങളിലെല്ലാം തന്നെ ആശാൻമാർ വിദ്യ അഭ്യസിപ്പിച്ചിരുന്നു. 1887-ൽ ഇരുമാപ്രയിൽ സ്ഥാപിതമായ ആശാൻ കളരിയാവണം ഈ ഗ്രാമത്തിലെ ആദ്യവിദ്യാലയം. ഈ വിദ്യാലയം 1930 മെയ് പത്തൊൻപതാം തീയതി നമ്മുടെ ആദ്യ ഇംഗ്ലീഷ് വിദ്യാലയമായി മാറി. വാളകം, മേച്ചാൽ, മങ്കൊമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ വിദ്യാലയങ്ങൾ സമാരംഭിച്ചു. നമ്മുടെ പഞ്ചായത്തിന്റെ കേന്ദ്രമായ മൂന്നിലവിലും ആശാൻ കളരിയാണം ആദ്യമുണ്ടായത്. 1943 ൽ സ്ഥാപിതമായ സെന്റ് സെബാസ്റ്റ്യൻസ് കേം ബ്രിഡ്ജ് സ്കൂളാണ് മൂന്നിലവിലെ ആദ്യ വിദ്യാലയം. റവ. ഫാ. സിറിയക്ക് മുതുകാട്ടിലാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. 1948-ൽ ഈ സ്കൂൾ മിഡിൽ സ്കൂളായി ഉയർത്തി. ഈ സ്കൂൾ 1953-ൽ സെന്റ് പോൾസ് ഹൈസ്ക്കൂളായി ഉയർത്തി. ഈ സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ തലശ്ശേരി രൂപതയുടെ രൂപതാദ്ധ്യക്ഷൻ ആയിരുന്ന റൈറ്റ്. റവ. ഡോ. സെബാസ്റ്റ്യർ വള്ളോപ്പള്ളി ആയിരുന്നു. ഈ സ്കൂൾ പൂർണ്ണ ഹൈസ്ക്കൂളായി തീർന്നപ്പോൾ ഇതിന്റെ മാനേജ്മെന്റ് കർമ്മലീത്താ സഭയിലെ വൈദികർക്ക് നൽകി. അങ്ങനെ കർമ്മലീത്താസഭാ പുരോഹിതനായ റവ. ഫാ. ബൽത്താസർ സി.ഡി.ബി.എ. എൽ.റ്റി. പൂർണ്ണ ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായി. പിന്നീട് പാലാ കോർപറേറ്റ് എഡ്യൂക്കെഷണൽ ഏജൻസി ഈ സ്കൂളിന്റെ മാനേജ്മെന്റ് ഏറ്റെടുത്തു. നമ്മുടെ പഞ്ചായത്തിൽ പത്ത് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് ഹൈസ്ക്കൂളും നാല് യു.പി. സ്കൂളും, നാല് എൽ.പി. സ്കൂളുമാണുള്ളത്. ഇവയിൽ രണ്ടു സ്കൂളുകൾ ഗവൺമെന്റ് സ്കൂളുകളാണ്. മേച്ചാൽ സി.എം.എസ്.എച്ച്.എസിന്റെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.കെ. ഫിലിപ്പ് ആയിരുന്നു. വെള്ളറ യു.പി. സ്കൂളിന്റെ സ്ഥാപനത്തിൽ മുന്നിട്ട് പ്രവർത്തിച്ചതും സ്കൂളിനാവശ്യമായ സ്ഥലം സംഭാവനയായി നൽകിയതും ശ്രീ.റ്റി.ജെ. ജോഷ്വായാണ്. നമ്മുടെ ഗ്രാമത്തിന്റെ സാംസ്ക്കാരിക പുരോഗതിയിൽ ഇവിടത്തെ സ്കൂളുകൾക്ക് നിർണ്ണായകമായ പങ്ക് ഉണ്ട്.

മീനച്ചിലാറ് തഴുകി തലോടി പരിലാളിക്കുന്ന ഈ ഗ്രാമത്തിന്റെ മുക്കാൽ ഭാഗം ഭൂപ്രദേശങ്ങളും പൂഞ്ഞാർ സ്വരൂപം വകയായിരുന്നു. തഴയ്ക്കവയൽ പുതുശേരി എന്നീ പ്രദേശങ്ങൾ തലപ്പലം വില്ലേജിന്റെ തലപ്പലം കരയിൽ പെട്ടതുമായിരുന്നു. പൂഞ്ഞാർ കോയിക്കലിന്റെ അധീനതയിൽ ഇരുന്ന പ്രദേശങ്ങളിൽ നേരിട്ടും ജന്മിമാർ മുഖേനയും ഭരണം നടത്തിയിരുന്നു. ഈ ഭരണത്തിൽ ഈ പ്രദേശങ്ങളിലെ ആദിവാസികളായ കുടിയാന്മാർ ഏറെ കഷ്ടത അനുഭവിക്കേണ്ടതായി വന്നു. ഈ പ്രദേശങ്ങളിലെ കരം പിരിക്കുന്നതിന് കൊട്ടാരത്തിൽ വിചാരിപ്പുമാർ, പിള്ളമാർ, എഴുത്തുകാർ, മാസപ്പടി മുതലായവർ ഉണ്ടായിരുന്നു. ഇവർ മലയോരങ്ങളിലെ ആദിവാസികളോട് ക്രൂരമായി പെരുമാറിയിരുന്നു. ജന്മിമാരുടേയും സിൽബന്ദികളുടേയും ചൂഷണത്തിന് അറുതി വരുത്തുന്നതിനു വേണ്ടി ഇരുമാപ്രയിൽ നിന്നും പ്ലാച്ചേരി, കാവനാശേരി, ചെമ്പിലാവ്, പാറശേരി എന്നീ കുടുംബാംഗങ്ങളിലെ നായകന്മാർ ദുർഘടമായ യാത്രാമാർഗ്ഗങ്ങൾ താണ്ടി പള്ളത്ത് എത്തി ഹെൻറി ബേക്കർ ജൂണിയർ സായിപ്പിനെ കാണുകയുണ്ടായി. ആംഗ്ലേയ മിഷനറിമാരായ ഹെൻറി ബേക്കർ, പെയിന്റർ എന്നീ ധരമാരുടെ ആഗമനം ഈ മലമടക്കുകളിൽ ഒരു സ്വാതന്ത്ര്യപിറവി തന്നെ ആയിരുന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ പടിവാതുക്കൽ എത്തി നില്ക്കുന്ന നാം കാലഘട്ടത്തിന്റെ വെല്ലുവിളികളെ വേണ്ടവിധം കണക്കിലെടുത്തുകൊണ്ട്, അപരനെ തന്നെക്കാൾ ശ്രേഷ്ഠനായി മനസ്സിൽ വിചാരിച്ചു കൊണ്ട്, കാർഷിക രംഗത്ത് റബ്ബറിനെ മാത്രം ആശ്ലേഷിക്കുന്ന ശൈലിക്ക് മാറ്റം വരുത്തികൊണ്ട്, ഈ ഗ്രാമത്തിന് അനുയോജ്യമായ പുത്തൻ വ്യവസായനയം ആവിഷ്ക്കരിച്ചുകൊണ്ട്, നമ്മുടെ മലമടക്കുകളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊണ്ട്, കലാകായികരംഗങ്ങളിലെ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, സർവ്വോപരി എല്ലാ രംഗങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾ .വർദ്ധിപ്പിച്ചുകൊണ്ട് അണിയണിയായി നമുക്കു മുന്നേറാം.



ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിൽ തലചായ്ച്ചുറങ്ങുന്ന മൂന്നിലവ് ഗ്രാമം നയനമനോഹരമായ ദൃശ്യങ്ങൾ കൊണ്ട് അനുഗ്രഹീതമാണ്. മലനിരകളുടെ നടുവിൽ തല ഉയർത്തി നില്ക്കുന്ന ഇല്ലിക്കക്കല്ല്, കീഴ്ക്കാംതൂക്കായ പാറക്കെട്ടുകൾ, അവയിൽ താളം തല്ലി പതഞ്ഞൊഴുകുന്ന അരുവികൾ, ഹരിതാഭമായ കുന്നിൻചെരിവുകൾ, അവിടെ മാനുകളെപ്പോലെ ഓടിച്ചാടി നടക്കുന്ന ആടുമാടുകൾ ഇവയെല്ലാം ഈ ഗ്രാമത്തിന് വരദാനമായി കിട്ടിയ കാഴ്ചകളാണ്. ഇല്ലിക്കക്കല്ലിന്റെ താഴ്വാരത്തു നിന്നും ഉത്ഭവിക്കുന്ന മീനച്ചിലാറ് പടിഞ്ഞാറോട്ട് ഒഴുകി ഈ ഗ്രാമത്തെ ഉല്ലാസവതിയാക്കുന്നു. ഉയർന്നു നില്ക്കുന്ന മലകളും, മലഞ്ചെരിവുകളും പുഴയോടു ചേർന്നുള്ള വീതികുറഞ്ഞ നിരപ്പായ പ്രദേശങ്ങളും ചേർന്ന ഭൂപ്രകൃതി. ഈ പഞ്ചായത്തിന്റെ കിഴക്ക് തലനാട് പഞ്ചായത്തും വടക്കു ഇടുക്കി ജില്ലയിലെ കുടയത്തൂർ അറക്കുളം എന്നീ പഞ്ചായത്തുകളും തെക്ക് തീക്കോയി പഞ്ചായത്തും മീനച്ചിലാറും പടിഞ്ഞാറ് മേലുകാവ് പഞ്ചായത്തും അതിരിട്ടു നില്ക്കുന്നു. ഈ പഞ്ചായത്തിന്റെ പകുതിഭാഗവും പാറകൾ നിറഞ്ഞ കുന്നിൻ പ്രദേശമാണ്. കുന്നിൻചരിവുകളിൽ വളക്കൂറുള്ള പശിമരാശി മണ്ണും ചെമ്മണ്ണും കണ്ടുവരുന്നു. താഴ്ന്ന പ്രദേശങ്ങളിൽ വെട്ടുകല്ല് കലർന്ന മണ്ണ് കാണപ്പെടുന്നു.

ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകളനുസരിച്ച് മൂന്നിലവിലെ ജനസംഖ്യ 9187 ആയിരുന്നു. ഇതിൽ 4647 പുരുഷന്മാരും 4540 സ്ത്രീകളുമാണ്. ജനസാന്ദ്രത ച.കി. മീറ്ററിന് 275 ആണ്. സ്ത്രീകളുടെ എണ്ണത്തിലും ജനസാന്ദ്രതയിലും കാണുന്ന ഈ അന്തരം ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൊണ്ടാവാം. ആകെ ജനസംഖ്യയുടെ 33.6 % പട്ടികവർഗ്ഗക്കാരും 3.6 % പട്ടികജാതിക്കാരും 62.8% മറ്റു വിഭാഗക്കാരുമാണ്. ആകെ ജനങ്ങളിൽ 7961 പേർ സാക്ഷരരാണ്. ഈ വിഭാഗത്തിൽ 4069 പുരുഷന്മാരും 3892 സ്ത്രീകളും ഉൾപ്പെടുന്നു. ഗതാഗത സൗകര്യങ്ങളുടെ കുറവുമൂലമാകാം ഇത്രയധികം പേർ നിരക്ഷരരായി മാറിയത്. വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്ത് പിന്നിലാണ് എന്നു പറയാൻ സാദ്ധ്യമല്ല. എങ്കിലും നമ്മുടെ സ്കൂളുകളിലെ പഠനനിലവാരം അത്ര മെച്ചമല്ല. മത്സര പരീക്ഷകളിൽ വിജയിക്കുന്നവരുടെ എണ്ണം കുറവാണ്. ഗ്രാമത്തിൽ തൊഴിൽ പരിശീലനത്തിനും സാങ്കേതിക പഠനത്തിനുമുള്ള അവസരം ഉണ്ടാകേണ്ടതുണ്ട്. ഗ്രാമത്തിലെ എല്ലാവാർഡിലും ലൈബ്രറികളും സാംസ്ക്കാരിക യൂണിറ്റുകളും ആരംഭിക്കേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമുണ്ടാകണം. തൊഴിലന്വേഷകർ വൈറ്റ് കോളർ ജോലിക്കുവേണ്ടിയുള്ള കാത്തിരിപ്പ് എന്ന മനോഭാവത്തിന് മാറ്റം വരുത്തണം. കൂട്ടായ ചിന്തയും കൂട്ടായ പ്രവർത്തനവും ഇതിനാവശ്യമാണ്. സംഘടിതശക്തി ഉപയോഗിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങണം. നവീനവും ശാസ്ത്രീയവുമായ കൃഷിരീതികൾ നടപ്പിലാക്കണം.

ഈ ഗ്രാമത്തിന്റെ മലമടക്കുകളും താഴ്വാരങ്ങളും കായ്ഫലം നിറഞ്ഞ തെങ്ങുകളാൽ നിബിഡമായിരുന്നു. അതുപോലെ തന്നെ കമുകും കുരുമുളകു കൊടിയും കാപ്പിയും ഔഷധ സസ്യങ്ങളും കൊണ്ട് എങ്ങും നിറഞ്ഞ് നിന്നിരുന്നു. നാളികേരം കൊപ്രയാക്കി മാറ്റുക ഇവിടത്തെ പ്രധാന തൊഴിലായിരുന്നു. നാളികേരം, കൊപ്ര, കുരുമുളക്, കാപ്പി, പാക്ക് എന്നിവയുടെ വൻതോതിലുള്ള വ്യാപാരവും ഉണ്ടായിരുന്നു. കാറ്റുവീഴ്ച തുടങ്ങിയ സസ്യരോഗങ്ങൾ കാർഷികമേഖലയെ തളർത്തി. ഈ കാലഘട്ടത്തിൽ തന്നെ റബ്ബറിന്റെ മുന്നേറ്റമുണ്ടായി. നാട്ടിൻപുറങ്ങൾ റബ്ബർ തോട്ടങ്ങളായി മാറി. ഉത്പാദനശേഷി കൂടിയ ആർ.ആർ.ഐ.ഐ. 105 പോലുള്ള ബഡ്ഡ് തൈകൾ കൃഷിചെയ്യാൻ തുടങ്ങി. ഇന്ന് ഇവിടം റബ്ബറിന്റെ മികച്ച വ്യാപാരകേന്ദ്രമാണ്. എല്ലാ വീട്ടുകാരും തങ്ങൾക്കാവശ്യമുള്ള കപ്പ, മറ്റ് കിഇഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്തു വന്നിരുന്നു. ഈ രീതിക്കു മാറ്റം വന്നുകൊണ്ടിരിക്കുന്നു. കാർഷിക മേഖലയിലെ ഈ താളം തെറ്റൽ അവഗണിക്കാവുന്നതല്ല. സന്തുലിതമായ പുരോഗതിക്കായി നാം യത്നിക്കേണ്ടതുണ്ട്. കാർഷികത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. അതിനാൽ കാർഷിക മേഖലയിൽ മുമ്പുണ്ടായിരുന്ന കൂട്ടായ്മ യാഥാർത്ഥ്യമാക്കണം. കാർഷിക മേഖലയിലെ സംഘഗാനങ്ങളും കൃഷിപാട്ടുകളും കൊണ്ട് ഈ ഗ്രാമത്തെ വീണ്ടും പുളകമണിയിക്കണം.

കാലവർഷവും തുലാവർഷവും ഈ ഗ്രാമത്തെ നന്നായി നനയ്ക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ കാലഘട്ടത്തിലെ മണ്ണൊലിപ്പ് ഭൂമിയുടെ ഫലപുഷ്ടി കുറയ്ക്കുന്നു. മീനച്ചിലാറും അതിലേക്ക് ഒഴുകിചേരുന്ന ചെറുതും വലുതുമായ ഇരുപതോളം തോടുകളുമാണ് ഇവിടത്തെ മുഖ്യജലസ്രോതസ്സുകൾ. മഴക്കാലത്ത് ഇവയിലൂടെ നല്ല നീരൊഴുക്ക് ഉണ്ട്. ചെറിയ അണകൾകെട്ടി ഇവയിലെ ജലം ശേഖരിച്ചാൽ വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമാകും. ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലഘട്ടത്തിൽ ഇവിടെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു. നദിയും തോടുകളും കിണറുകളുമെല്ലാം വറ്റി വരളുന്നു. ഈ സമയത്ത് മലമ്പ്രദേശങ്ങളിൽ വേനൽക്കാറ്റടിക്കുന്നു. എന്നാൽ ഈ പഞ്ചായത്തിലെ 6-ാം വാർഡിലുള്ള പഴുക്കാക്കാനം തോട്ടിൽ കടുത്ത വേനൽക്കാലത്തുപോലും വെള്ളമൊഴുക്ക് നിലയ്ക്കാറില്ല. ഈ തോട്ടിൽ കണ്ണാടി പാറഭാഗത്ത് ഒരണക്കെട്ട് നിർമ്മിച്ചാൽ ഏതാണ്ട് 700 ഏക്കറിലധികം വിസ്തൃതമായ സ്ഥലത്ത് ജലം സംഭരിച്ച് നിർത്താനാവും. ഇങ്ങനെ ചെയ്താൽ ഈ പഞ്ചായത്തിലെ 8 വാർഡുകളിലും ഈ ജലസംഭരണിയിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്യാനാവും. ഇവിടുത്തെ ജലക്ഷാമം പരിഹരിക്കുവാൻ ഏറ്റവും ശാശ്വതമായ മാർഗ്ഗമായിരിക്കും ഇത്.





കൃഷി, ജലസേചനം, മണ്ണുസംരക്ഷണം

കുന്നുകളും മലകളും കൊണ്ടു പ്രകൃതിസുന്ദരമായ മൂന്നിലവു പഞ്ചായത്തു ദരിദ്രകർഷകരും ഇടത്തരം കർഷകരും, താമസിക്കുന്ന ഒരു അവികസിത ഗ്രാമമാണ്. കർഷകരിൽ 45 ശതമാനം മലയരയസമുദായത്തിൽപ്പെട്ട പട്ടികവർഗ്ഗവിഭാഗമാണ്. കർഷകർ മുഴുവൻ സമയവും കാർഷിക വൃത്തിയിലേർപ്പെടുന്നുണ്ടെങ്കിലും കാർഷികോല്പാദനം മുരടിച്ചു നിൽക്കുന്നു. വരൾച്ച, ചുഴലിക്കാറ്റ്, പേമാരി വെള്ളപ്പാച്ചിൽ എന്നീ പ്രകൃതിക്ഷോഭങ്ങൾ ഈ ഗ്രാമത്തെ കൂടെക്കൂടെ ഞെട്ടിക്കാറുണ്ട്. കാർഷികോല്പാദനോപാധികൾ തങ്ങളുടെ കൃഷിഭൂമിയിലെത്തിക്കാനും ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും ഗതാഗതസൗകര്യങ്ങൾ ഈ ഗ്രാമത്തിന്റെ മുക്കാൽ ഭാഗങ്ങളിലുമില്ല. അതിനാൽ കൃഷിച്ചെലവു കൂടുകയും ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിൽ ഇടത്തട്ടു ചൂഷണം നിലനില്ക്കുകയും ചെയ്യുന്നു.

റബ്ബർ, തെങ്ങ്, കുരുമുളക്, കാപ്പി, ഏലം, കമുക്, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ പ്രധാന കൃഷികളാണ്. റബ്ബറൊഴികെ മറ്റെല്ലാ വിളകളും സമ്മിശ്ര കൃഷികലാണ്. കുന്നിൻ ചെരുവുകളിലും താഴ്ന്ന പ്രദേശങ്ങളിലും റബ്ബർ കൃഷിയുടെ വ്യാപനം മറ്റു വിളകളുടെ വളർച്ചയെ തളർത്തിയിരിക്കുന്നു.

ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരാണ്. ഗ്രാമത്തിന്റെ ആകെ ഭൂവിസ്തൃതി 33.41 ചതുരശ്രകിലോമീറ്ററാണ്. മൊത്തം കൃഷിഭൂമി 2984.7 ഹെക്ടറാണ്. 485 ഹെക്ടർ സ്ഥലം പുറമ്പോക്കും 488 ഹെക്ടർ സ്ഥലം തരിശുഭൂമിയുമാണ്. റോഡ്, തോട്, പുഴ എന്നിവ 60.86 ഹെക്ടർ സ്ഥലം വരും. ആളോഹരി 0.2 ഹെക്ടർ സ്ഥലം കൃഷിഭൂമിയായുണ്ട്. ഏറ്റവും അവസാനം നടന്ന സെൻസസ് പ്രകാരവും അതിനുശേഷമുള്ള കണക്കുപ്രകാരം ഏകദേശം 14901 ജനങ്ങൾ ഈ ഗ്രാമത്തിലുണ്ട്.

പഞ്ചായത്തിൽ സ്ഥിരതാമസക്കാരല്ലാത്ത നിരവധി ഭൂവുടമകളുണ്ട്. കൃഷിഭൂമിയിൽ സ്വന്തമായി പണിയുന്നവരും കർഷകതൊഴിലാളികളുടെ സഹായത്തോടെ കൃഷിചെയ്യിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഭൂമിയുടെ കൈവശമനുസരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

മണ്ണും കാലാവസ്ഥയും

കുന്നുകളും കുന്നിൻചെരിവുകളും നിറഞ്ഞ ഫലഭൂയിഷ്ടമായ ചെമ്മൺപ്രദേശം, പാറകളും പശിമരാശിമണ്ണും നിറഞ്ഞ മലകൾ വെട്ടുകല്ലുകാണുന്ന താഴ്ന്ന പ്രദേശങ്ങൾ, ജൈവാംശം നിറഞ്ഞ ചരലുകളും കല്ലുകളും ഇടകലർന്ന പ്രദേശം, വെറുംപാറമാത്രം കാണുന്ന ഭൂപ്രദേശം എന്നിവ ഈ ഗ്രാമത്തിന്റെ പ്രത്യേകതകളാണ്. മണ്ണ് പൊതുവേ അമ്ലഗുണമുള്ളതാണ്. ശക്തമായ മഴയും മണ്ണൊലിപ്പും

പട്ടിക - 1

ക്രമ നമ്പർ	വിസ്തൃതി	കുടുംബങ്ങൾ
1.	0.2 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവർ	225
2.	0.21 മുതൽ 04 ഹെക്ടർ വരെ	361
3.	0.41 മുതൽ 0.8 ഹെക്ടർ വരെ	560
4.	0.81 മുതൽ 2 ഹെക്ടർ വരെ	764
5.	2 ഹെക്ടറിനു മേൽ	125

ഉള്ളതിനാൽ മണ്ണിൽ ഭാവഹത്തിന്റേയും ക്ഷാരത്തിന്റേയും അളവ് നന്നേ കുറവാണ്. പാക്യജനകത്തിന്റെ അളവ് മദ്ധ്യമമാണ്. മണ്ണിന്റെ അമ്ലക്ഷാരമാനം 4.1 മുതൽ 6.9 വരെയാണ്. കുന്നിന്റെ താഴ്വാരങ്ങളിലും കുന്നിൻ ചെരുവുകളിലും പ്രധാനമായും റബ്ബർ, തെങ്ങ്, കമുക്, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, കുരുമുളക് എന്നീ വിളകൾ സമൃദ്ധിയായി വളരുന്നു. ഉയരം കൂടിയ മലകളിലും പഴുക്കാക്കാനം പോലുള്ള പ്രദേശങ്ങളിലും കുരുമുളക്, കാപ്പി, ഏലം, തെങ്ങ് എന്നിവ വളരുന്നു.

തെക്കുപടിഞ്ഞാറൻ മൺസൂണും വടക്കുകിഴക്കൻ മൺസൂണും ഈ പ്രദേശത്തു നന്നായി ലഭിക്കുന്നു. കുന്നുകളിലും കുന്നിൻചെരിവുകളിലും സമതലപ്രദേശത്തേക്കാൾ മഴ കൂടുതൽ ലഭിക്കുന്നുണ്ട്. ശരാശരി വർഷപാതം 2801 മില്ലി മീറ്ററാണ്.

ഉയർന്ന താപനില 33 ഡിഗ്രി സെൻഷ്യസും

പട്ടിക - 2

	വിളയുടെ പേര്	വിസ്തീർണ്ണം
1.	റബ്ബർ	2167 ഹെ
2.	തെങ്ങ്	463 ഹെ
3.	കമുക്	18 ഹെ
4.	കുരുമുളക്	127 ഹെ
5.	കാപ്പി	73 ഹെ
6.	ഏല്ം	44 ഹെ
7.	മരച്ചീനി	61 ഹെ
8.	കശുമാവ്	20 ഹെ
9.	ഏത്തവാഴ	49 ഹെ
10.	പല വാഴകൾ	30 ഹെ
11.	ജാതി	8 ഹെ
12.	ഗ്രാമ്പൂ	5 ഹെ
13.	കൊക്കോ	15 ഹെ
14.	മഞ്ഞൾ	12 ഹെ
15.	ഇഞ്ചി	8.5 ഹെ
16.	പച്ചക്കറികൾ	7.8 ഹെ
17.	മാവ്	5.5 ഹെ
18.	കൈതച്ചക്ക	3.2 ഹെ
19.	തേക്ക്	133 ഹെ

താഴ്ന്ന താപനില 21 ഡിഗ്രി സെൻഷ്യസുമാണ്. ഉയർന്ന പ്രദേശങ്ങളിൽ ഡിസംബർ മുതൽ വേനൽക്കാറ്റ് അനുഭവപ്പെടുന്നു. വാളകത്തിന്റെ ഉയർന്നഭാഗങ്ങൾ, കോലാനി തോട്ടം എന്നിവിടങ്ങളിൽ വേനൽക്കാറ്റ് സസ്യവളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു.

കൃഷിഭൂമിയുടെ വിനിയോഗം

മൂന്നിലവു പഞ്ചായത്തിൽ ഇപ്പോൾ നെൽകൃഷി ഒട്ടും ഇല്ല. ഒന്നര ദശാബ്ദം മുമ്പ് 10.2 ഹെക്ടർ സ്ഥലത്തു നെൽക്കൃഷി ഉണ്ടായിരുന്നു. കളത്തുക്കടവ്, തഴയ്ക്കവയൽ, പഴുക്കാക്കാനം, വാളകം എന്നീ സ്ഥലങ്ങളിൽ നെൽകൃഷി ചെയ്തിരുന്നു. തഴയ്ക്കവയൽ, കളത്തുക്കടവ് എന്നിവിടങ്ങളിലെ നെൽവയലുകൾ തെങ്ങിൻ പുരയിടവും കമുകിൻ പുരയിടവുമായി മാറി.

കൃഷിഭൂമിയുടെ വിനിയോഗം ചുവടെ ചേർക്കുന്നു.

റബ്ബർ

അനുകൂലമായ കാലാവസ്ഥ, ഭൂപ്രകൃതി, ശക്തമായ ആഭ്യന്തരവിപണി എന്നിവയുടെ ഒത്തുചേരൽ റബ്ബർ കൃഷിയെ സമ്പന്നമാക്കി. ചെറിയൊരു കാലം കൊണ്ടു ഗ്രാമത്തിന്റെ മുക്കാൽ ഭാഗത്തും റബ്ബർ കൃഷി വ്യാപിച്ചു. 75 ശതമാനം കർഷകരും റബ്ബർ കൃഷി തങ്ങളുടെ ജീവിതമാർഗ്ഗമായി തെരഞ്ഞെടുത്തുകഴിഞ്ഞു. ഗ്രാമത്തിന്റെ പ്രധാന ധനാഗമമാർഗ്ഗം റബ്ബർ കൃഷി തന്നെ. എന്നാൽ ഭക്ഷ്യവിളകളു ഉപഭക്ഷ്യവിളകളും കൃഷി ചെയ്യപ്പെടുന്ന ഇടങ്ങളിൽ റബ്ബർ കൃഷിപ്രോത്സാഹിപ്പിക്കുന്ന നയം തെറ്റാണ്. മറ്റു കൃഷികൾക്ക് യോഗ്യമല്ലാത്ത തരിശുഭൂമികളിൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കണം. എന്നാൽ തരിശുഭൂമിയുടെ അളവു കുറവായതിനാൽ റബ്ബറിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം.

റബ്ബറിനു മാരകമായ പല രോഗങ്ങളും കണ്ടു വരുന്നു. പട്ടമരപ്പ്, പിങ്ക്രോഗം അകാലിക ഇല പൊഴിച്ചിൽ, എന്നിവ റബ്ബറിന്റെ പ്രധാന രോഗങ്ങളാണ്. പട്ടമരപ്പിന് ശരിയായ പ്രതിവിധി ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. റബ്ബറിന്റെ ഇറക്കുമതി തീരുവ കുറച്ചതിനാൽ റബ്ബറിന്റെ ആഭ്യന്തരവിലയിൽ വർദ്ധന ഉണ്ടായില്ല.

ഗുണമേന്മകൂടിയ ബഡ്ഡുകളുടേയും ബഡ്ഡുവുഡ്ഡുകളുടെയും ലഭ്യത കുറവാണ്. ഗുണമേന്മ ഉറപ്പു വരുത്തണം. RR 11.105 R.R.I.M. 600, G.T.I.

എന്നീയിനങ്ങളാണ് കൂടുതലും കൃഷി ചെയ്യുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ക്ലോണൽ ജനങ്ങൾ കൃഷി ചെയ്യുന്നുണ്ട്. വളപ്രയോഗം ശാസ്ത്രീയ രീതിയിലല്ല. ഇലയും പരിശോധന നടത്തിയ ശേഷമുള്ള വളപ്രയോഗം അത്യാവശ്യമാണ്. അതിനുള്ള സംവിധാനങ്ങൾ കർഷകർക്കു ലഭിക്കുന്നില്ല. സങ്കീർണ്ണ രാസവളങ്ങളുടെ ഉപയോഗം റബ്ബറിന്റെ പട്ടമരപ്പിനു കാരണമാകുന്നു. സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കു ചെലവുകൂടുതലാണ്. മണ്ണുസംരക്ഷണത്തിനുള്ള കയ്യാലകൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. റബ്ബർ ഉല്പാദകസംഘം ഉണ്ടെങ്കിലും കാര്യക്ഷമമല്ല. മഴക്കാലങ്ങളിൽ വേണ്ടപോലെ ഉല്പാദനം എടുക്കുവാൻ സാധിക്കുന്നില്ല. വേനൽക്കാലത്തു ഉല്പാദനത്തെ കാറ്റ് പ്രതികൂലമായി ബാധിക്കുന്നു. റബ്ബർ പാൽ സംസ്കരണം ശാസ്ത്രീയമല്ലാത്തതിനാൽ ഉണക്കറബ്ബറിന് നല്ല വില ലഭിക്കുന്നില്ല. റബ്ബർ ബോർഡിന്റെ പ്രോത്സാഹനം കാര്യക്ഷമമാക്കണം. പരമാവധി ഉല്പാദനം ലഭ്യമാക്കുന്നതിനുതകുന്ന പരിശീലനവും സാമ്പത്തിക സഹായവും വായ്പാ സൗകര്യങ്ങളും കർഷകന് ലഭിക്കണം.

തെങ്ങ്

മൂന്നു നാലു ദശാബ്ദങ്ങൾക്കു മുമ്പ് മൂന്നിലവു ഗ്രാമം തെങ്ങുകൃഷിക്കു പേരുകേട്ടതായിരുന്നു. 24 കൊപ്രാ അട്ടികൾ പലയിടത്തായി ഉണ്ടായിരുന്നു. ഒരട്ടിയിൽ 40 പേർവരെ ജോലിക്കാരുണ്ടായിരുന്നു. തലയോലപ്പറമ്പ്, കാഞ്ഞിരമറ്റം, പുത്തൻകുരിശ്, മുളന്തുരുത്തി, അങ്കമാലി എന്നിവിടങ്ങളിൽ നിന്നും തേങ്ങാ വെട്ടുകാരും ചുമട്ടുകാരും മൂന്നിലവിൽ താമസിച്ചു അട്ടികളിൽ പണിയെടുത്തിരുന്നു. 40000 തേങ്ങകൾ ശരാശരി ഒരട്ടിയിൽ ഒരു ദിവസത്തിൽ എത്തിയിരുന്നു. മൂന്നിലവിലെ പ്രധാന കൃഷി തെങ്ങായിരുന്നു. ഇപ്രകാരം ഇവിടെ ക്ഷയിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ ആകർഷകമായ റബ്ബറിലേക്ക് നീങ്ങുന്നതിനായി തെങ്ങുകൾ വ്യാപകമായി വെട്ടിമാറ്റപ്പെട്ടു. രോഗം ബാധിച്ച തെങ്ങിൻ കൂട്ടങ്ങൾ എവിടേയും കാണാം. 10000 തേങ്ങാ കിട്ടുന്ന പുരയിടത്തിൽ 100 തേങ്ങകൾ മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. കാറ്റുവീഴ്ച, കൂമ്പുചീയൽ, മഹാളി എന്നീ രോഗങ്ങൾ മൂലവും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, പുങ്കുലച്ചാഴി എന്നീ കീടങ്ങൾ മൂലവും തെങ്ങുകൃഷി നശിച്ചുകൊണ്ടിരിക്കുന്നു.

ജലസേചനം തെങ്ങിന്റെ ഉല്പാദനക്ഷമത കൂടുമെന്നും രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുമെന്നും ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. എന്നാൽ ജലസേചനത്തിനുള്ള വെള്ളം വേനൽക്കാലങ്ങളിൽ ലഭ്യമല്ല. രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കണം. റബ്ബർ കൃഷിക്കു നൽകുന്ന വിവിധങ്ങളായ ആനുകൂല്യങ്ങൾ തെങ്ങുകൃഷിക്കും നൽകണം.

തെങ്ങിനോടുള്ള മാനസിക സമീപനത്തിൽ മാറ്റം വരണം. തെങ്ങുകല്പവൃക്ഷം തന്നെ. പക്ഷെ ഒന്നും അങ്ങോട്ടു നൽകാതെ നാം ഇച്ഛിക്കുന്നതെല്ലാം ഇങ്ങോട്ടുതരും എന്ന സമീപനത്തിൽ മാറ്റം വേണം. അനുയോജ്യമായ പ്രദേശം തെങ്ങുകൃഷിക്കു തെരഞ്ഞെടുക്കണം. കാറ്റുവീഴ്ച ബാധിച്ചതും വളർച്ച മുരടിച്ചതും മോശപ്പെട്ട ജനുസ്സുകളിൽ പെട്ടവയും ആയവ മുറിച്ചു മാറ്റണം.

കുരുമുളക്

കുരുമുളക് കൃഷിക്കു പേരുകേട്ട മലയോരപ്രദേശമായിരുന്നു മൂന്നിലവ്. വെള്ളറ, കണ്ടംപാറ, തിമ്മല, നെല്ലാപ്പാറ, പഴുക്കാക്കാനം, മേച്ചാൽ, വാളകം, ഇരുമാപ്ര എന്നീ പ്രദേശങ്ങളിൽ കുരുമുളകു തഴച്ചുവളർന്നിരുന്നു. കുരുമുളകിനെ ബാധിക്കുന്ന മാരകമായ ദ്രുതവാട്ടം എന്ന രോഗം ഈ കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. കുരുമുളകുകൃഷിക്കു പ്രോത്സാഹനം ലഭിക്കുന്നുണ്ടെങ്കിലും രോഗത്തിൽ നിന്നും ചെടിയെ രക്ഷപെടുത്തുവാൻ സാധിക്കുന്നില്ല. കർഷകർ കുരുമുളക് കൃഷിയിൽ നിന്നും പിന്തിരിയുന്നു.

കാപ്പി

പഴയ കാപ്പി കൃഷിയാണ് ഇപ്പോഴും തുടരുന്നത്. ഉല്പാദനം കുറഞ്ഞുവരുന്നു. പുതിയ കൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കാപ്പികൃഷിക്കനുയോജ്യമായ ഭൂപ്രകൃതിയും മണ്ണും ഗ്രാമത്തിന്റെ കുന്നിന്റെ ചെരിവുകളിലും നിരപ്പുപ്രദേശങ്ങളിലും ലഭ്യമാണ്. കായ് ഉണക്കം, കമ്പുണക്കം എന്നിവ ചെടിയെ മാരകമായി ബാധിക്കുന്നു. പുതിയ ജനുസ്സിൽപ്പെട്ട തൈകളും സാമ്പത്തിക സഹായവും വായ്പയും ലഭ്യമാക്കേണ്ടതുണ്ട്.

മരച്ചീനി

മരച്ചീനി കൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനക്ഷമതയും കുറഞ്ഞുവരുന്നു. വ്യാപകമായ മണ്ണൊലിപ്പും മണ്ണിന്റെ അനാരോഗ്യവുമാണ് മരച്ചീനി കൃഷിയുടെ ഉല്പാദനക്ഷമത കുറയുവാൻ കാരണം. ഒരു അനുപൂരക ഭക്ഷ്യവസ്തു എന്ന നിലയിൽ മരച്ചീനി കൃഷി പ്രോത്സാഹിക്കപ്പെടണം.

കശുമാവ്

കശുമാവു കൃഷിയുടെ വിസ്തീർണ്ണം, ഉല്പാദനക്ഷമത, ഉല്പാദനം എന്നിവ കുറഞ്ഞുവരുന്നു. മറ്റൊന്നും വളരാത്ത മണ്ണിലാണ് കശുമാവു കൃഷി ചെയ്തുവരുന്നത്. മൂന്നിലവു പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ കശുമാവുകൃഷി നന്നായി ചെയ്യാവുന്നതാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രയോഗത്തിലൂടെയും അദ്ധ്വാനത്തിലൂടെയും ഈ കൃഷിയെ ഉയർത്തേണ്ടതുണ്ട്.

കമുക്

ഒരു കാലത്തു തെങ്ങുകഴിഞ്ഞാൽ അടുത്ത സ്ഥാനം കമുക് കൃഷിയായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾ കൊണ്ടു കമുക് കൃഷിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു. രോഗങ്ങളും വിപണിയുടെ ഉയർച്ച താഴ്ച എന്നിവയും കാരണം ഈ കൃഷി നാശോന്മുഖമായി മാറുന്നു. റബ്ബറിന്റെ ഉല്പാദനം ലഭിക്കാത്ത സമയങ്ങളിൽ കർഷകർക്കു വരുമാനം ഉണ്ടാകുവാൻ കമുകുകൃഷി ഉപകരിക്കും.

ഏലം

പഞ്ചായത്തിന്റെ വാളകം, മേച്ചാൽ, കണ്ടംപാറ, പഴൂക്കാക്കാനം എന്നീ പ്രദേശങ്ങളിൽ ഏലം നന്നായി കൃഷി ചെയ്തുവരുന്നു. ഗുണമേന്മകൂടിയ തൈകളും സസ്യസംരക്ഷണത്തിനുള്ള സഹായവും ഇന്നു ലഭ്യമല്ല. ഏലക്കായ്കളുടെ സംസ്ക്കരണം ശാസ്ത്രീയമാക്കേണ്ടതുണ്ട്. സാമ്പത്തിക സഹായവും വായ്പയും ലഭിച്ചാൽ ഏലം കൃഷിയിൽ നിന്നും നല്ല വരുമാനമുണ്ടാക്കുവാൻ സാധികകും.

പച്ചക്കറികൃഷി

കർഷകർക്കാവശ്യമായ പച്ചകകറികൾ സ്വന്തമായി ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഗുണമേന്മകൂടിയവിത്തും സാങ്കേതിക സഹായവും വേണ്ടപോലെ ലഭിക്കുന്നില്ല. പഴൂക്കാക്കാനം പോലുള്ള പ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷികൾ നടത്തുവാൻ സാധിക്കും.

ഫലവർഗ്ഗങ്ങൾ

വാഴകൃഷി, മാവ്, പൈനാപ്പിൾ, നെല്ലി എന്നിവ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. മലഞ്ചെരുവുകളിലെ ഫലപൂയിഷ്ടി നിറഞ്ഞ മണ്ണിൽ ഫലവർഗ്ഗച്ചെടികൾ നന്നായി വളരും. സാമ്പത്തിക സഹായവും സാങ്കേതികോപദേശവും ലഭ്യമാക്കണം.

ഔഷധസസ്യങ്ങൾ

നാല്പാമരം (അത്തി, ഇത്തി, അരയാൽ പേരാൽ) കൂവളം, ആര്യവേപ്പ്, ആടലോടകം, പനികൂർക്ക, ഇരുവേലി, ബ്രഹ്മി, അരൂതാ, മുഞ്ഞ, മുത്തങ്ങാ, തുളസി, തിപ്പലി, കാട്ടുകൊടി, ഉമ്മം, കറുകദർപ്പ, നന്തിയാർവട്ടം, മുരിങ്ങ, ഓരില, അമൃത്, കൊടകൻ,ശതാവേരി, കൊടിവേലി കുറുന്തോട്ടി, മുത്തങ്ങാ തുടങ്ങിയ ഔഷധസസ്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്നു. കച്ചോലം അരത്ത, മലയിഞ്ചി, കൂവ എന്നിവകൃഷി ചെയ്യുന്നുണ്ട്.

രാസവളങ്ങളുടെ വിപണനം

കർഷകർക്കാവശ്യമായ രാസവളങ്ങൾ വിതരണം ചെയ്യുന്നതിനായി സഹകരണ മേഖലയിലും

പ്രധാന വിളകളുടെ ശരാശരി ഉല്പാദനം

ക്രമനമ്പർ	വിളയുടെ പേര്	സംസ്ഥാന ശരാശരി	പഞ്ചായത്തു പ്രദേശത്തു ലഭിക്കുന്നത്.
1	റബ്ബർ	999Kg/H	1550Kg /H
2	തെങ്ങ്	5890 തേങ്ങ / H	3500 തേങ്ങാ / H
3.	കുരുമുളക്	276Kg / H	500 Kg / H
4.	കാപ്പി	562Kg / H	673Kg/H
5.	ഏലം	102 Kg / H	93Kg / H
6.	കമുക്	213409 Nuts/H	137500 Nuts/H
7.	മരച്ചീനി	19.8 ടൺ / H	23 ടൺ/H

സ്വകാര്യമേഖലയിലും ഓരോ രാസവളഡിപ്പോകളുണ്ട്. കൂടാതെ സമീപപ്രദേശങ്ങളിലുള്ള രാസവളഡിപ്പോകളിൽ നിന്നും വളങ്ങൾ വാങ്ങികർഷകർ ഉപയോഗിക്കാറുണ്ട്. രാസവളങ്ങളുടെ ഉപയോഗം അശാസ്ത്രിയരിതിയിലാണ്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ രാവസള പ്രയോഗം നടക്കുന്നില്ല. 1993-94, 94-95, 95-96 എന്നീ വർഷങ്ങളിലെ രാസവളപ്രയോഗത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

കഴിഞ്ഞഅഞ്ചുവർഷങ്ങൾ കൊണ്ടു മിക്ക രാസവളങ്ങളുടേയും വില 300 ശതമാനംവരെ ഉയർന്നിട്ടുണ്ട്. ഉല്പാദനചെലവുകൂടിയെങ്കിലും ഉല്പന്നങ്ങൾക്കു അതനുസ്സരിച്ചുള്ള വില കർഷകർക്കു ലഭിക്കുന്നില്ല.

കീടനാശിനികൾ, കുമിൾനാശിനികൾ

സസ്യസംരക്ഷണമരുന്നുകൾ വില്ക്കുന്നതിന് അംഗീകാരമുള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. റബ്ബർ, കുരുമുളക്, എന്നീ വിളകൾക്ക് ബോർഡോമിശ്രിതം തളിക്കാറുണ്ട്. റബ്ബറിന്റെ അകാലിക ഇല പൊഴിച്ചിൽ രോഗത്തിനു ബോർഡോമിശ്രിതം തളിക്കുന്നതിനുള്ള പ്രവണത കുറഞ്ഞുവരികയാണ്. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ കർഷകർ ചെയ്യാറില്ല. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റോക്കർസ് പ്രെയറുകൾ കേരവികസനസമിതി, കൃഷിഭവൻ എന്നിവയിൽ നിന്നും ലഭിച്ചുവരുന്നു. പട്ടികവർഗ്ഗ കാർഷികവികസനപദ്ധതിപ്രകാരം കുറിഞ്ഞിപ്ലാവ്, മങ്കൊമ്പ്, വെള്ളറ, മേച്ചാൽ, വാളകം, ഇരുമാപ്ര എന്നിവി

പട്ടിക - 4

വർഷം	പാക്യജനകം N	ഭാവഹം P	ക്ഷാരം K
1993-94	10.15ടൺ	9.22ടൺ	5.92 ടൺ
1994 - 95	18.79 ടൺ	15.41 ടൺ	20.23ടൺ
1995-96	18.22 ടൺ	13.78 ടൺ	18.34 ടൺ

രാസവളങ്ങളുടെ വിലയിൽ വന്ന മാറ്റം

പട്ടിക - 5

ക്രമ നമ്പർ	രാസവളങ്ങളുടെ പേര്	വിലവിവരം	
		1991 ജൂൺ 50 കിലോ ബാഗിന്	1996 മാർച്ച് 50 കിലോ ബാഗിന്
1.	ഫാക്ടം ഫോസ് 20-2—0	133 രൂപ.	345 രൂ
2.	വിജയ്	~~17 - 17 - 17~~ 133രൂ	~~133 രൂ~~376 രൂ
3.	യൂറിയ	120/25	170/-
4.	മസൂറിഫോസ്	40-00	100-00
5.	മ്യൂറൈറ്റ് ഓഫ് പൊട്ടാഷ്	66/50	223-00
6.	10 - 10 - 4 എൻ.പി.കെ. മിക്ചർ	102/65	189/85
7.	10 - 10 - 10 "	98/75	201/30

ടങ്ങളിലുള്ള കാർഷികോപകരണബാങ്കിൽ നിന്നും സൗജന്യമായി കർഷകർക്കു ലഭിക്കുന്നു. കൃഷിഭവനുകളിൽ നിന്നും സസ്യസംരക്ഷണ ഉപകരണങ്ങൾ കാർഷികോപകരണബാങ്കുകൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

കാർഷികോപകരണങ്ങൾ

കുറിഞ്ഞിപ്ലാവ്, മങ്കൊമ്പ്, വെള്ളറ, മേച്ചാൽ, വാളകം, ഇരുമാപ്ര എന്നിവിടങ്ങളിലെ കാർഷികോപകരണ ബാങ്കിൽ നിന്നും അലവാങ്ക് (ക്രോബാർ) കർഷകർക്കു ലഭിക്കുന്നു. ഉപയോഗത്തിനു ശേഷം ബാങ്കിൽ ഭദ്രമായി തിരിച്ചേല്പിക്കണം. കേന്ദ്രവികസനസമിതി തെങ്ങുകയറ്റയന്ത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. താല്പര്യമുള്ള കർഷകർക്കു ലഭിച്ചുവരുന്നു.

കാർഷിക വായ്പകൾ

മൂന്നിലവ് സർവ്വീസ് സഹകരണബാങ്ക്, മേലുകാവു സർവ്വീസ് സഹകരണബാങ്ക്, തലപ്പുലം സർവ്വീസ് മീനച്ചിൽ ഗ്രാമീണകാർഷിക വികസന ബാങ്ക് പാലാ ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്കു കാർഷിക വായ്പകൾ ലഭിച്ചുവരുന്നു. കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന വായ്പകൾ മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കുന്നതുമൂലം കൃഷിഭൂമിയിലെ ഉല്പാദനം വർദ്ധിച്ചു സാമ്പത്തിക ഭദ്രത കൈവരിക്കാത്തതിനാൽ വായ്പകൾ കൃത്യമായി അടയ്ക്കുന്നതിന് കർഷകൾക്കു സാധിക്കാതെ വരുന്നു. വായ്പ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1993 - 94-ൽ 108 പേർ 3.74 ലക്ഷംരൂപയും, 1994 - 95-ൽ 101 പേർ 4.48 ലക്ഷം രൂപയും 1995 - 96 - ൽ 108 പേർ 40,4000 രൂപയും ഫെഡറൽ ബാങ്കിൽ കുടിശിഖ വരുത്തിയിട്ടുണ്ട്.

കർഷകസമിതികൾ

പഞ്ചായത്തിൽ കേരവികസനസമിതി, കുരുമുളക് സംരക്ഷണസമിതി, റബ്ബറുല്പാദകസംഘം എന്നിവ പ്രവർത്തിച്ചുവരുന്നു. കേരവികസനസമിതിയിൽ 276 അംഗങ്ങളുണ്ട്. റബ്ബറുല്പാദകസംഘത്തിൽ 225 റബ്ബർ കർഷകർ അംഗങ്ങളാണ്. കുരുമുളകു സംരക്ഷണസമിതി പ്രവർത്തനക്ഷമമല്ല.

കൂലിനിരക്ക്

കേരളത്തിലെ ജനങ്ങൾക്ക് കൃഷിയിലുള്ള താല്പര്യം പൊതുവിൽ കുറഞ്ഞുവരികയാണ്. കൃഷിഭൂമിയിന്മേൽ കേരളീയൻ ചെലുത്തുന്ന അദ്ധ്വാനത്തിന്റെ അളവ് തുടർച്ചയായി കുറയുന്നു. കൃഷിപ്പണിക്ക് ആളെ കിട്ടാനില്ലാത്ത അവസ്ഥ ഇന്നു നിലവിലുണ്ട്. നമ്മുടെ വിദ്യാഭ്യാസം നൽകുന്ന വികലമായ മൂല്യബോധവും വെള്ളക്കോളർ പണിയിൽ ഉള്ള താല്പര്യവും കായികാദ്ധ്വാനത്തോടു ജനങ്ങൾക്കുള്ള പ്രതിപത്തി നശിപ്പിക്കുന്ന ഘടകങ്ങളാണ്. റോഡ് റെയിൽ കെട്ടിടം തുടങ്ങിയ നിർമ്മാണ പണികൾക്കായി തമിഴ്നാട്, ആന്ധ്രാ എന്നിവിടങ്ങളിൽ നിന്ന് വൻതോതിൽ തൊഴിലാളികൾ കേരളത്തിലേക്ക് വരാൻ തുടങ്ങിയിട്ടു രണ്ടു പതിറ്റാണ്ടോളമായി. ഇപ്പോഴാകട്ടെ കൃഷിപ്പണിക്കും അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളുടെ അഭാവം നിലവിലുണ്ട്. പുരുഷന്മാരുടെ കൂലിനിരക്ക് ശരാശരി 100 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ്. ഒരു ഏകീകൃത നിരക്കു നിലവിലില്ല.

മണ്ണു സംരക്ഷണം

ശക്തമായ മഴയും ഭൂമിയുടെ ചരിവും നിമിത്തം ഫലഭൂയിഷ്ടമായ മേൽമണ്ണ് നിരന്തരം നഷ്ടപ്പെട്ടു

പട്ടിക 6

	ധനകാര്യസ്ഥാപനങ്ങൾ	1993 - 94	1994-95	1995-96
1.	മൂന്നിലവു സർവ്വീസ് സഹകരണബാങ്ക്	3265250.00	2289550.00	4079550.00
2.	ഫെഡറൽ ബാങ്ക് ബ്രാഞ്ച് മൂന്നിലവ്	47.93 ലക്ഷം (454 പേർ)	52.79 ലക്ഷം (4256 പേർ)	7760000.00 (426 പേർ)
3.	മീനച്ചിൽ ഗ്രാമീണ കാർഷിക വികസനബാങ്ക്	—	—	36,00,000

കൊണ്ടിരിക്കുന്നു. അശാസ്ത്രീയമായ കൃഷിരീതികൾ കൊണ്ടും മേൽമണ്ണു നഷ്ടപ്പെടുന്നു. 25 മുതൽ 35 ശതമാനംവരെ ചരിവു കൃഷിയിടങ്ങളിലുണ്ട്. ഒരു ഹെക്ടറിനു ശരാശരി 1075 ചതുരശ്രമീറ്റർ കയ്യാല തീരണം. നിലവിലുള്ള കയ്യാലകൾ പലതും കാലപ്പഴക്കം കൊണ്ടു ക്ഷയം സംഭവിച്ചിരിക്കുന്നു. മണ്ണു സംരക്ഷണ പ്രവർത്തനം ചെലവേറിയതായതിനാൽ കർഷകരും പഴയ കൃഷിരീതികൾ തന്നെ തുടരുന്നു. 1992 വരെ 25 ശതമാനം സബ്സിഡി അനുവദിച്ചു കൊണ്ടു കൃഷിഭവൻ മുഖേന കയ്യാലപദ്ധതി ഉണ്ടായിരുന്നു. മണ്ണുസംരക്ഷണവകുപ്പും ഗ്രാമവികസനവകുപ്പും കൃഷിവകുപ്പും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കു സഹായം ചെയ്യുന്നത് ഏകോപിപ്പിച്ചു കൊണ്ട് ഒരു ഐകരൂപം ഉണ്ടാകേണ്ടതായിട്ടുണ്ട്. കുന്നിൻ ചെരിവിൽ പട്ടികവർഗ്ഗ സ്ഥലമുടമകളുടെ കൃഷിഭൂമിയിൽ ട്രൈബൽ സബ്പ്ലാൻ പ്രകാരം മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അതു ഫലപ്രദമായിട്ടില്ല. ഗ്രാമവികസനവകുപ്പു മുഖാന്തരം 1994 - 95 ൽ ഒന്നാം വാർഡിൽ 8000 ചതുരശ്രമീറ്റർ കയ്യാല പണിതീർത്തിട്ടുണ്ട്. ഇതിനു 2 ലക്ഷം രൂപാ ചെലവായി. 1995 - 96-ൽ 4000 ചതുരശ്രമീറ്റർ മണ്ണുസംരക്ഷണ പ്രവർത്തനത്തിന് ഒന്നാം വാർഡിൽ ഒരുലക്ഷം രൂപാ അനുവദിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 5 - ാം വാർഡിൽ 16000 ചതുരശ്രമീറ്റർ കയ്യാലകെട്ടുന്നതിന് 4 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ജോലി തുടരുകയാണ്. 7 - ാം വാർഡിൽ 1994-95 വർഷത്തിൽ 16000 ചതുരശ്രമീറ്റർ കയ്യാലക്കു 4 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടെങ്കിലും പണി പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

മണ്ണുസംരക്ഷണ പ്രവർത്തനം ശരിയായി നടക്കണമെങ്കിൽ പുരയിട ഉടമകളുടെ സഹകരണത്തോടെ ശാസ്ത്രീയമായി കല്ലുകയ്യാലകൾ വച്ചു കൃഷിഭൂമി മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കണം. മുഴുവൻ കൃഷിഭൂമിയിലും കല്ലുകയ്യാലകൾ തീരണം. മണ്ണൊലിപ്പിനെ തടയത്തക്കവിധം സസ്യങ്ങൾ പല തട്ടുകളായി വളർത്തണം. മിശ്രകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കണം.

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചു കൃഷിചെയ്യുന്ന ഗ്രാമമാണിത്. വേനൽക്കാലത്ത് ജലസേചനം ചെയ്യുന്നതിനുള്ള സാഹചര്യങ്ങളില്ല. ചില പ്രദേശങ്ങളിൽ വറ്റാത്ത നീരുറവകളുണ്ടെങ്കിലും ജലസേചനത്തിനാവശ്യമായ വെള്ളം ലഭിക്കാനിടയില്ല. പഴുക്കാക്കാനംപദ്ധതിയെപ്പറ്റി ദശാബ്ദങ്ങളായി പറയുന്നുണ്ടെങ്കിലും വഞ്ചി ഇന്നും തിരുനക്കര തന്നെ. കാല വർഷവും തുലാവർഷവും ശക്തമായി ലഭിക്കുന്നുണ്ടെങ്കിലും വെള്ളം സംഭരിച്ചു വേനൽക്കാലങ്ങളിൽ ഉപയോഗിക്കത്തക്ക സംരംഭങ്ങൾ ഒന്നും നിലവിലില്ല. പഞ്ചായത്തിലെ തോടുകളിൽ വേനൽക്കാലത്തു പഴുക്കാക്കാകാനം ചെളിക്കൽ എന്നീ തോടുകളൊഴിച്ച് നീരുറവ ഇല്ല. വിവിധ വാർഡുകളിലുള്ള നീരുറവകളുടെ ലിസ്റ്റ് ചുവടേ ചേർക്കുന്നു.

സമഗ്രനാളികേര വികസനപദ്ധതിപ്രകാരം വാളകം ചെളിക്കൽ ഭാഗത്തുനിന്നും പൈപ്പിലൂടെ വെള്ളം തേയിലപ്പാറ വഴി ഇരുമാപ്ര അഞ്ചുമല ഭാഗത്തെത്തിക്കുന്ന ജലസേചനപദ്ധതി നിലവിലുണ്ട്. ജലസേചനത്തിനാവശ്യമായ വെള്ളം വേണ്ടപോലെ ഈ പദ്ധതിപ്രകാരം ലഭ്യമല്ല. ടാങ്കുകളില്ലാത്തതിനാൽ വർഷകാലങ്ങളിൽ ജലസംഭരിച്ചു നിർത്തുവാനും സാധിക്കുന്നില്ല. തേയിലപ്പാറ ഭാഗത്തു വലിയ ടാങ്കു നിർമ്മിച്ചു പൈപ്പിലൂടെ വരുന്ന വെള്ളം സംഭരിക്കുവാൻ സംവിധാനങ്ങൾ ഉണ്ടാവണം. 3.3 ലക്ഷം രൂപാ ചെലവിൽ നിർമ്മിച്ച ഈ പദ്ധതിയിൽ 2.85 ലക്ഷം രൂപാ കൃഷിഭവന്റേയും 45000 രൂപാ പഞ്ചായത്തിന്റേയും ഫണ്ടിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. സമഗ്രനാളികേര വികസനപദ്ധതിപ്രകാരം ജലസേചനത്തിനുവേണ്ടി കിണറുകൾ കുഴിക്കുവാൻ കൃഷിഭവനിലൂടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെങ്കിലും കടുത്ത വേനൽക്കാലങ്ങളിൽ ഭൂമിയിലെ ജലനിരപ്പു താഴുന്നതിനാൽ മിക്ക കിണറുകളിലും ജലം ലഭ്യമല്ല.

വർഷകാലങ്ങളിൽ പാഴായിപോകുന്ന ജലം ഉപയോഗിക്കുവാൻ സംവിധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. മീനച്ചിലാറ്റിൽ വേനൽക്കാലങ്ങളിൽ ജലമൊഴുക്ക് ഉണ്ടാക്കുവാൻ സാധിക്കുന്ന പദ്ധതികൾ വന്നാൽ പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ ജലക്ഷാമം കുറയുകയും ജലസേചന ജലം ലഭ്യമാക്കുകയും ചെയ്യും. പഴുക്കാക്കാനം പദ്ധതി പ്രാവർത്തികമാക്കേണ്ടതുണ്ട്.

കൃഷിഭവൻ

1987 സെപ്റ്റംബർ ഒന്നിനാണ് കൃഷിഭവൻ പഞ്ചായത്തടിസ്ഥാനത്തിൽ നിലവിൽ വന്നത്. അവികസിത മേഖലയുടെ കാർഷികവികസനപ്രവർത്തനങ്ങൾ പൂർണ്ണമായും കൃഷിഭവനെ ആശ്രയിച്ചാണിരിക്കുന്നത്. 33.41 ചതുരശ്രകിലോമീറ്റർ വിസ്തീർ

പട്ടിക 7

ക്രമനമ്പർ	നിരുറവകളുടെ പേര്	കടന്നുപോകുന്ന വാർഡുകൾ
1.	വേങ്ങനാട്ടുതോട്	3 - ാം വാർഡ് 1 - ാം വാർഡ്
2.	പെരുങ്കാവുതോട്	"
3.	മരുതുംപാറ തോട്	"
4.	പഴുക്കാക്കാനം ആറ്	6 - ാം വാർഡ്
5.	മുണ്ടയ്ക്കാട് തോട്	"
6.	കൊച്ചുപുരയ്ക്കൽ തോട്	1- ാംവാർഡ്
7.	കട്ടക്കയം തോട്	"
8.	കുറിഞ്ഞിപ്ലാവ് തോട്	"
9.	പുതുശ്ശേരിതോട്	"
10.	കട്ടിക്കയം കടപുഴതോട്	7 - ാം വാർഡ്
11.	ചെളിക്കത്തോട് 2 എണ്ണം	
12.	ചെമ്പരത്തിതോട്	
13.	ചെമ്പിലാക്കൽ തോട്	
14.	തോടുക്കാ തോട്	
15.	മുന്തിരി തോട്	
16.	കടപുഴയാർ 4-ാം വാർഡ്,	7-ാം വാർഡ്
17.	കോരൽ തോട്	
18.	മീനച്ചിലാർ	1-ാം വാർഡ്, 2-ാം വാർഡ്
19.	കരിമ്പത്തുതോട്	
20.	പാറംതോട്	
21.	ചൊവ്വൂർ തോട്	5 - ാം വാർഡ്
22.	കടമാൻതോട്	
23.	മുത്തിയാർതോട്	6-ാം വാർഡ്

ണ്ണമുള്ളതും മലകളും കുന്നുകളും നിറഞ്ഞതും യാത്രാ സൗകര്യം ഇല്ലാത്തതുമായ പ്രദേശമാണ് കൃഷിഭവന്റെ പ്രവർത്തനപരിധിയിൽ വരുന്നത്. പഴുക്കാക്കാനം, കോലാനിതോട്ടം, വാളകം എന്നീ പ്രദേശങ്ങളിൽ എത്തുന്നതിന് 9 മുതൽ 12 കിലോമീറ്റർ വരെ മലതാണ്ടി നടക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഒരു മൂലയിൽ മാത്രമേ യാത്രാസൗകര്യമുള്ളൂ. ഒരു കൃഷി ഓഫീസറും രണ്ടു കൃഷി അസിസ്റ്റന്റുമാണ് ഉള്ളത്. കാർഷിക വികസനപ്രവർത്തനങ്ങൾ വേണ്ടപോലെ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. സാശ്രയഗ്രാമമായി പഞ്ചായത്തിനെ മാറ്റിയെങ്കിലും വികസനത്തിനാവശ്യമായ ഫണ്ട് ലഭിച്ചില്ല. മലയോരപ്രദേശങ്ങളിലെ വികസനത്തിനുതകുന്ന നീർമറി പ്രദേശവികസനപദ്ധതി, പശ്ചിമഘട്ടവികസനപദ്ധതി എന്നിവ പഞ്ചായത്തിനു ലഭിക്കാതെപോയി. ഓരോ പദ്ധതികളും വിവിധ പഞ്ചായത്തുകളിൽ കൃഷിഭവൻ തലത്തിൽ വീതം വച്ചുവരുമ്പോൾ നാമമാത്രമായി മാറുന്നു.

പട്ടികവർഗ്ഗ കർഷകർ കാർഷിക വികസനത്തിനുവേണ്ടി നിരവധി പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ഇപ്പോൾ വളരെ പരിമിതമായ ആനുകൂല്യങ്ങളെ ലഭിക്കുന്നുള്ളൂ. നടീൽ വസ്തുക്കൾ, രാസ

വളങ്ങൾ എന്നിവ നൽകുന്നതുകൊണ്ടുമാത്രം അടിസ്ഥാനകാർഷിക വികസനം സാദ്ധ്യമാകുകയില്ല. പ്രദേശങ്ങൾക്കു യോജിച്ച വിധത്തിൽ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുണ്ട്. പലപ്പോഴും ഫണ്ടിന്റെ ലഭ്യത കുറവു നിമിത്തം അംഗികാരത്തിനായി സമർപ്പിക്കുന്ന പട്ടികവർഗ്ഗക്കാർഷിക വികസനപദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നു.

കൃഷിഭവനുമായി ബന്ധപ്പെട്ട 36 പേരടങ്ങുന്ന കാർഷിക വികസനസമിതി പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരവികസന സമിതിയും കുരുമുളകു സംരക്ഷണ സമിതിയും പ്രവർത്തിച്ചുവരുന്നു. മികച്ച കർഷകരെ ആദരിക്കുന്നതിനുള്ള കർഷകദിനം 1992 മുതൽ പൂർണ്ണമായ ജനപങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു. കർഷകസെമിനാറും പരിശീലനപരിപാ

സമഗ്ര നാളികേര വികസനപദ്ധതി

പട്ടിക - 8

	പദ്ധതി	1993-94	94-95	95-96
1.	സാമൂഹ്യജലസേചനപദ്ധതി ഇരുമാപ്ര	3.3 ലക്ഷം രൂപ	-	-
2.	രാസവള കിറ്റുകൾ	-	1.2 ലക്ഷം രൂപ	56000 രൂ
3.	ജലസേചന കിണർ	-	77078.00	60000.00
4.	മോട്ടോർ പമ്പുസെറ്റ്	-	86,350.00	87500.00
5.	തെങ്ങുകയറ്റ യന്ത്രം	-	-	1000.00
6.	സസ്യസംരക്ഷണ ഉപകരണം	-	-	1000.00
7.	പരിശീലന പരിപാടി	510.00	500.00	
	ആകെ	3.3 ലക്ഷം	283928.00	206000.00

തൈകളുടെ വിതരണം

	ഇനം	1993 - 94	94 - 95	95 - 96
1.	തെങ്ങിൻ തൈകൾ WCT TXD	3875 എണ്ണം	800	
	TxD	100	100	
	D x T	35		
2.	വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ	10250	7000	34400
3.	കൊക്കോ തൈകൾ	1500	-	150
4.	പച്ചക്കറി വിത്തുകൾ (സ്കൂൾ കുട്ടികൾക്കു മാത്രം)	1414	1422	330
5.	വാഴവിത്തുകൾ	2500	-	588
6.	ഫലവർഗ്ഗ തൈകൾ	760	100	
7.	ഗ്രാമ്പുതൈകൾ	-	-	100
8.	പയർ വിത്ത്	-	-	100
9.	മഞ്ഞൾവിത്ത്	120.00	-	800 Kg.

ടികളും നടത്തുന്നുണ്ട്. കർഷകരുടെ പങ്കാളിത്തം ഇത്തരം പരിപാടികളിൽ പൂർണ്ണമായി ലഭിക്കേണ്ടതുണ്ട്.

കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ

a. മണ്ണുപരിശോധന. എല്ലാ വിളകളുടേയും മണ്ണു കൃഷിഭവൻ മുഖേന സൗജന്യമായി പരിശോധിച്ചു മണ്ണിൽ ചേർക്കേണ്ട വളങ്ങൾ ശുപാർശ ചെയ്യുന്നു.

b. ബയോഗ്യാസു നിർമ്മാണം. ചാണകത്തിൽ നിന്നും പാചകവാതകം ഉണ്ടാക്കുന്നതിനുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ബാങ്കുവായ്പകളും സബ്സിഡിയും നൽകിവരുന്നു.

പച്ചക്കറി കൃഷിവികസനം

സ്കൂൾ കുട്ടികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി വിത്ത് സൗജന്യമായിസ്കൂളുകൾ മുഖാന്തിരം നൽകിവരുന്നു. മികച്ച രീതിയിൽ കൃഷി ചെയ്തു പച്ചക്കറി ഉല്പാദിപ്പിക്കുന്ന കുട്ടികൾക്കു പഞ്ചായത്തു ബ്ലോക്കു ജില്ലാ സംസ്ഥാന തലങ്ങളിൽ ക്യാഷ് അവാർഡു നൽകിവരുന്നു.

d. കുരുമുളകു പുനരുദ്ധാരണപദ്ധതി: കേടുപിടിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ കുരുമുളകു ചെടികൾ പിഴുതു മാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി എല്ലാ വർഷവും നടപ്പിലാക്കുന്നുണ്ട്. 1993 - 94 മുതൽ 2 വർഷക്കാലം കുരുമുളകു ഗ്രാമമായി പ്രഖ്യാപിച്ചുകൊണ്ട് 216 കർഷകരുടെ 50 ഹെക്ടർ സ്ഥലത്തു കുരുമുളകു പുനരുദ്ധാരണപദ്ധതി നടപ്പിലാക്കും.

e. സംയോജിത സുഗന്ധവിള വികസനപദ്ധതി: കുരുമുളക്, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടു ഈ സ്കീം നടപ്പിലാക്കി വരുന്നു. മുൻവർഷം 34400 വേരുപിടിപ്പിച്ച കുരുമുളകു വള്ളികളും 800 കി. ഗ്രാം മഞ്ഞൾ വിത്തും 100 ഗ്രാമ്പു തൈകളും കർഷകർക്കു വിതരണം ചെയ്തു. കുരുമുളകു തോട്ടങ്ങളിൽ മണ്ണുസംരക്ഷണ പ്രവർത്തനം നടത്തുന്നതിന് ഈ പദ്ധതി പ്രകാരം സഹായം നൽകിവരുന്നുണ്ട്.

f. സമഗ്രനാളികേര വികസനപദ്ധതി: ഈ പദ്ധതിപ്രകാരം 1993 - 94 ൽ ചെളിക്കൽ ഇരുമാപ്ര സാമൂഹ്യ ജലസേചനപദ്ധതി നടപ്പിലാക്കി. 3.3 ലക്ഷം രൂപാ ചെലവായി. 1996 - 97-ൽ മേച്ചാൽ മുടിക്കുന്നു സാമൂഹ്യ ജലസേചന പദ്ധതി 1.5 ലക്ഷം രൂപാ മുതൽ മുടക്കി ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കും. 1994 - 95 95 - 96, 96 - 97 എന്നീ വർഷങ്ങളിൽ യഥാക്രമം 15000, 7000, 7000 എന്നീ കണക്കിൽ തെങ്ങുകൾക്കു രാസവളം വിതരണം ചെയ്തു. ഒരു തെങ്ങിന് 8 രൂപാ രാസവളത്തിനായി സബ്സിഡി അനുവദിച്ചു. കിണർ കുഴിക്കുന്നതിനും പമ്പുസെറ്റു സ്ഥാപിക്കുന്നതിനും 2500 രൂപാവീതം സബ്സിഡി അനുവദിച്ചുവരുന്നു.

g. വിള ഇൻഷ്വറൻസ് പദ്ധതി
പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കാർഷിക വിളകൾക്കു നഷ്ടപരിഹാരം ലഭിക്കാനുതകുന്ന വിള ഇൻഷ്വറൻസ്പദ്ധതി 1995 - 96 മുതൽ നടപ്പിലാക്കിവരുന്നു. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നു.

h. ഓണത്തിനു ഒരു വാഴക്കുല
സ്കൂൾ കുട്ടികളിൽ കാർഷികാഭിരുചി വളർത്തുന്നതിനായി ഓണത്തിനു ഒരു വാഴക്കുല എന്ന പദ്ധതിയിൽപ്പെടുത്തി മൂന്നിലവ് സെന്റ് പോൾസ് ഹൈസ്കൂളിലെ തെരഞ്ഞെടുത്ത 48 കുട്ടികൾക്ക് 3 വാഴക്കുന്നുകൾ വീതം നൽകി.

1. പ്രത്യേക ഘടകപദ്ധതി
പട്ടികജാതികർഷകരുടെ കാർഷിക പുരോഗതി ലക്ഷ്യമാക്കി റബ്ബർ റോളർ, ടാപ്പിംഗ് ഷീറ്റുകൾ, കുറ്റിപമ്പ് എന്നിവ വിതരണം ചെയ്തു. ജലസേജനത്തിനുവേണ്ടി കിണർ, പമ്പുസെറ്റുകൾ എന്നിവ നൽകി. കോലാനിതോട്ടം പട്ടികജാതി കോളനിയിൽ 3000 രൂപാ മുതൽ മുടക്കി. സാമൂഹ്യജലസേചനപദ്ധതി നടപ്പിലാക്കും. പച്ചക്കറി കൃഷിവികസനത്തിനുള്ള ഉപാധികൾ വിതരണം ചെയ്യും. 1996 - 97-ൽ 337 800 രൂപയുടെ പദ്ധതി അംഗീകാരത്തിനായി സർക്കാരിലേക്കു സമർപ്പിച്ചിട്ടുണ്ട്.

j. ട്രൈബൽ സബ്പ്ലാൻ
ഈ പദ്ധതിയിൽപ്പെടുത്തി മുൻവർഷം 5 ജലസേചനകിണറുകൾ നൽകി. പട്ടികവർഗ്ഗ കാർഷിക വികസനത്തിനായി തൂമ്പ, അരിവാൾ, റോക്കർസ് പ്രെയറുകൾ, അലവാങ്ക്, പിക്കാസ്, നടീൽവസ്തുക്കൾ, രാസവളം എന്നിവ മുൻവർഷങ്ങളിൽ വിതരണം ചെയ്തി

ട്ടുണ്ട്. 1996 - 97 ൽ 20, 27482 രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 1995 - 96 ൽ കാർഷിക വിജ്ഞാനവ്യാപനം.

കാർഷിക ബോധവൽക്കരണത്തിനായി സംസ്ഥാന കൃഷിവകുപ്പ് കേരളകർഷകരിൽ എന്ന ദൈവാരിക പ്രസിദ്ധീകരിക്കുന്നു. ഏകദേശം 36 പേജുകളുള്ള മേനികടലാസ്സിൽ ഭംഗിയായി അച്ചടിക്കുന്ന ഈ ദൈവാരികയ്ക്ക് വാർഷിക വരിസംഖ്യ 25 രൂപയും ആയുഷ്കാല വരിസംഖ്യ 250 രൂപയുമാണ്.

i. പൊതുജനപങ്കാളിത്തപരിപാടി

ഈ പദ്ധതിപ്രകാരം തെങ്ങ്, കുരുമുളക്, പച്ചക്കറികൾ ബഹുവിധ കൃഷികളും മൃഗസംരക്ഷണവും എന്നിവയിൽ മുന്തിയ കർഷകർക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് പഞ്ചായത്തുതലത്തിൽ നൽകിവരുന്നു.

എന്താണു പ്രശ്നങ്ങൾ

സമഗ്രമായ കാർഷിക പുരോഗതിക്കു എന്തു തടസ്സങ്ങളാണ് നമ്മെ അലട്ടുന്നത്. മേൽപറഞ്ഞ കാര്യങ്ങളിൽ നിന്നു ചുവടെ ചേർത്തിരിക്കുന്ന പ്രശ്നങ്ങളാണ് നമ്മുടെ ഗ്രാമത്തിന്റെ കാർമ്മിക പുരോഗതിക്കു തടസ്സം നിൽക്കുന്നതെന്നു കാണാം. അവ

1. കാർഷികോല്പാദനോപാധികൾ കൃഷിസ്ഥലത്തെത്തിക്കുന്നതിനും ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.
2. കാർഷിക വൃത്തികളിൽ പുതിയ തലമുറക്കുള്ള താല്പര്യമില്ലായ്മ. കൃഷിയെ ഒരു മുഖ്യതൊഴിലായി കാണുവാൻ സാധിക്കുന്നില്ല.
3. കാർഷികോല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല.
4. ഉല്പാദനച്ചെലവ് കൂടുതൽ
5. ശാസ്ത്രീയകൃഷി സമ്പ്രദായം, ഉല്പന്നങ്ങളുടെ സംസ്ക്കരണം എന്നിവയിൽ ബോധവൽക്കരണം വേണ്ട പോലെ ലഭിക്കുന്നില്ല.
6. മതിയായ കല്ലുകയ്യാലകളും മണ്ണു സംരക്ഷണവും കൃഷിഭൂമിയിലില്ല. ജലസേചനപദ്ധതികൾ നിലവിലില്ല.
7. ഗുണമേന്മ കൂടിയ വിത്ത്, നടീൽ വസ്തുക്കൾ ഗുണനിലവാരം ഉറപ്പുവരുത്തിയ സസ്യസംരക്ഷണ മരുന്നുകൾ, രാസവളം എന്നിവ ലഭിക്കുന്നില്ല. വികേന്ദ്രീകൃത നഴ്സറി സമ്പ്രദായം നിലവിലില്ല.
8. കൂടെകൂടെയുണ്ടാകുന്ന പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നില്ല. വിള ഇൻഷ്വറൻസ് പദ്ധതിയുടെ ലളിത വൽക്കരണം നടക്കുന്നില്ല.
9. ഉല്പന്നങ്ങളുടെ ക്രയവിക്രയങ്ങളിൽ ഇടത്തട്ടുചൂഷണം നിലനിൽക്കുന്നതിനാൽ നിലവിലുള്ള വിലപോലും കർഷകന് ലഭിക്കുന്നില്ല.
10. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വേണ്ടപോലെ പ്രവർത്തിക്കുന്നില്ല.

എന്തു ചെയ്യണം

1. കൃഷിലാഭകരമാക്കുവാൻ ദീർഘവീക്ഷണത്തോടുകൂടിയ പരിപാടികൾ ആവിഷ്ക്കരിക്കണം. പൊതുനിർദ്ദേശങ്ങൾ ചുവടേ ചേർക്കുന്നു.
1. മണ്ണുസംരക്ഷണം, ജലസേചനം, ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കാർഷിക ബോധവൽക്കരണം തുടങ്ങിയ ശാസ്ത്രസാങ്കേതിക ഘടകങ്ങൾ.
2. ഉല്പാദന പ്രവർത്തനം ശാസ്ത്രീയമായി ഉല്പാദനച്ചെലവു കുറയ്ക്കൽ, ഉല്പന്നങ്ങൾക്കു ന്യായമായ വില ലഭ്യമാക്കൽ, കാർഷികോല്പന്നങ്ങൾ പ്രാദേശികമായി തന്നെ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കൽ തുടങ്ങിയ സാമ്പത്തിക ഘടകങ്ങൾ.
3. പ്രകൃതിക്ഷോഭം നിയന്ത്രിക്കാനുതകുന്ന കാർഷിക ഘടന മെച്ചമാക്കൽ
4. ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ചു ജൈവവളത്തിന് മുൻതൂക്കം നൽകി പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിക്കണം. പഴുക്കാക്കാനത്തുവൻ തോതിൽ പച്ചക്കറി കൃഷി സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.
3. തരിശ്, പുൽമേടുകൾ, നിരപ്പായ പാറക്കൂട്ടങ്ങൾ എന്നിവയിൽ കൃഷിചെയ്യുവാൻ പര്യാപ്തമാക്കുക. നിരപ്പായ പാറകൾ മണ്ണിട്ടു നിരത്തി പച്ചക്കറികൃഷിയോ കിഴങ്ങുവർഗ്ഗങ്ങളോ കൃഷിചെയ്യാം. തൂക്കായ ചെരുവുകളിൽ തേക്ക്, ആഞ്ഞിലി, പ്ലാവ് എന്നീ സസ്യങ്ങൾ കൃഷി ചെയ്യണം.
4. പഞ്ചായത്തിലെ എല്ലാ നീരുറവകളും വികസിപ്പിച്ച് ചെറിയ ചെറിയ ജലസേചനയൂണിറ്റുകളാക്കി മാറ്റുക. നിലവിലുള്ള കിണറുകളുടെ ആഴവും വ്യാസവും വർദ്ധിപ്പിക്കുക. തോടു

കൾ സംരക്ഷിക്കുക. തോട്ടുപുറമ്പോക്കു കൈയേറിയതു ഒഴിപ്പിച്ചെടുത്തു അത്തരം സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

5. പൊതുവിപണി സൗകര്യമുണ്ടാക്കുക. സഹകരണയൂണിറ്റുകൾ ഉല്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടു ചൂഷണം ഒഴിവാക്കാം.
6. വികേന്ദ്രീകൃത നഴ്സറി സമ്പ്രദായം സ്വകാര്യ മേഖലയിലേ സർക്കാർ മേഖലയിലോ ആരംഭിച്ച് ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉറപ്പുവരുത്തുക.
7. വിള ഇൻഷ്വറൻസ് പദ്ധതി ലളിതമാക്കി കർഷകർക്ക് ആത്മവിശ്വാസം നൽകുക.
8. നിലവിലുള്ളതും മറ്റു ഗ്രാമങ്ങളിൽ നിന്നും കൊണ്ടുവന്നു നടാവുന്നതുമായ ഔഷധച്ചെടികളുടെ കൃഷി വ്യാപകമാക്കുക.
9. കാർഷിക വായ്പാനയങ്ങൾ പുതുക്കി എഴുതുകയും ലളിതവൽക്കരിക്കുകയും ചെയ്യുക. ബാങ്കുകളിലെ ഡിപ്പോസിറ്റ് 50 ശതമാനത്തിലധികം കാർഷിക വായ്പയായി നൽകുക.
10. സർവ്വോപരി വളരുന്ന തലമുറകളിൽ കൃഷിയെപ്പറ്റി അവബോധം ഉണ്ടാക്കുന്നതിനായി പ്രൈമറി ക്ലാസുകൾ മുതൽ കൃഷി ശാസ്ത്രം പഠിപ്പിക്കുക.

ഓരോ കൃഷിക്കും സ്വീകരിക്കാവുന്ന നിർദ്ദേശങ്ങൾ എന്താണെന്നു നോക്കാം.

റബ്ബർ

പട്ടമരപ്പു രോഗത്തിന്റെ ആധിക്യം കുറയ്ക്കുന്നതിന് രാസവളങ്ങൾ നിയന്ത്രിതതോതിൽ നൽകണം. നേർ രാസവളങ്ങൾ ഉപയോഗിക്കണം. മണ്ണും ഇലയും പരിശോധിക്കുവാനും വളപ്രയോഗം നടത്തുന്നതിനുതൊട്ടുമുമ്പ് റിസൾട്ടു ലഭിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ ഉണ്ടാവണം. ആകാലിക ഇലപൊഴിച്ചിൽ പൊടിക്കുമിൾരോഗം എന്നിവക്കെതിരെ എല്ലാ കർഷകരും ഒരേ സമയത്തു സസ്യസംരക്ഷണ പ്രവർത്തനം നടത്തുന്നതിനുവേണ്ട സംവിധാനങ്ങൾ ഉണ്ടാവണം. റബ്ബർതോട്ടങ്ങളിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായും നടക്കണം. കാനകൾ കിറി ജലംസംരക്ഷിക്കണം. എല്ലാ തോട്ടങ്ങളിലും ആവരണവിള ഉണ്ടാവണം.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കണം. റബ്ബർ ഷീറ്റു സംസ്കരണത്തിൽ ബോധവൽക്കരണം അന്താരാഷ്ട്ര ഗുണനിലവാരമുള്ള ഷീറ്റുകൾ മാത്രമേ ഉല്പാദിപ്പിക്കാവൂ എന്ന നിലവരണം. റബ്ബറിന് സ്ഥിരമായ വില ലഭ്യമാക്കണം. റബറുല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണസംഘങ്ങൾ ഉണ്ടാവണം. റബ്ബർ തടികൾ വില്ക്കുന്നതിന് കാലാകാലങ്ങളിലുണ്ടാകുന്ന തൊഴിൽ കുഴപ്പങ്ങളും മറ്റു തടസ്സങ്ങളും നീക്കം ചെയ്യണം.

തെങ്ങ്

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കണം. കേടുവന്നവ വെട്ടിമാറ്റി പുതിയവ നടുന്നതിനുള്ള സഹായം ഈ പഞ്ചായത്തിൽ കൂടി നടപ്പിലാക്കണം. രോഗനിയന്ത്രണത്തിനുള്ള ഫലപ്രദമായ ഉപാധികൾ സ്വീകരിക്കണം. നിലക്കടല, സൂര്യകാന്തി, എള്ള് തുടങ്ങിയ ഉത്തരേന്ത്യൻ എണ്ണക്കുരുക്കൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരകർഷകർക്കും ലഭിക്കണം. ഉല്പാദനച്ചെലവിനനുസൃതമായ വിലലഭ്യമാക്കണം.സംസ്ക്കരണയൂണിറ്റുകൾ ഉണ്ടാവണം.

കമുക്

കമുക് കൃഷിപ്രോത്സാഹിപ്പിക്കുന്നതിനു സർക്കാർ സഹായം ചെയ്യണം. കൂടുതൽ സ്ഥലങ്ങളിലേക്കു കൃഷി വ്യാപിപ്പിക്കണം. ഉല്പാദനക്ഷമത കൂടിയതും രോഗപ്രതിരോധ ശക്തിയുള്ളതുമായ നടീൽ വസ്തുക്കൾ ലഭ്യമാക്കണം. ഉല്പന്നങ്ങൾ ന്യായവിലയ്ക്കെടുക്കുന്നതിനുള്ള സഹകരണസംഘങ്ങൾ ഉണ്ടാകണം. സംസ്കരണ യൂണിറ്റുകൾ സഹകരണമേഖലയിലാക്കണം.

കുരുമുളക്

ദ്രുതവാട്ടം രോഗം ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കർഷകർ തലത്തിൽ നടത്തണം. രോഗം മൂലം നശിച്ചുകൊണ്ടിരിക്കുന്ന കുരുമുളകു ചെടികൾ പിഴുതുമാറ്റി പുതിയവ നടുന്നതിനുള്ള മുഴുവൻ സഹായവും ലഭ്യമാക്കണം. കുരുമുളകുകൃഷിയുള്ള പ്രദേശങ്ങളിൽ വികേന്ദ്രീകൃത നഴ്സറിയുണ്ടാവണം. കുരുമുളകു കർഷകർസസ്യസംരക്ഷണ പ്രവർത്തനം ഒരേ സമയത്തു നടത്തുന്നതിനുള്ള ശ്രമം ഉണ്ടാവണം. സമഗ്രമായ വിജ്ഞാനവ്യാപനം കുരുമുളകുകർഷകരിലുണ്ടാവണം. കുരുമുളകു സംസ്കരണത്തിൽ ബോധവൽക്കരണം അനിവാര്യമാണ്.

കാപ്പി

പുതിയയിനം കാപ്പിതൈകൾ കർഷകർക്കു ലഭ്യമാക്കണം. കാപ്പികൃഷിയെ ബാധിക്കുന്ന രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുവാൻ സസ്യസംരക്ഷണ പ്രവർത്തനത്തിന് സഹായം ലഭ്യമാക്കണം. സമൂലമായ ബോധവൽക്കരണം ഉണ്ടാവണം. കാപ്പിക്കുരുവിന് സ്ഥിരമായ വിലയുണ്ടാവണം. കാപ്പിക്കുരു സംഭരിക്കുവാൻ സഹകരണ സംഘങ്ങൾ തയ്യാറാകണം.

ഏലം

നിരവധി ഏലം കൃഷിക്കാർക്കു യാതൊരു സഹായങ്ങളും ഇന്നു ലഭ്യമല്ല. ഇടുക്കി ജില്ലയിലെ ഏലംകർഷകർക്കു ലഭിക്കുന്ന എല്ലാ സഹായങ്ങളും ഇവിടുത്തെ ഏലംകൃഷിക്കാർക്കും ലഭിക്കണം. കൂട്ടായ സസ്യസംരക്ഷണ പ്രവർത്തനം വേണം. നല്ല തൈകൾ ലഭ്യമാക്കുന്നതിനുള്ള നഴ്സറികൾ ഉണ്ടാകണം. സഹകരണാടിസ്ഥാനത്തിൽസംസ്ക്കരണ സ്റ്റോറുകൾ ഉണ്ടാകണം. ഏലം കർഷകർക്ക് വായ്പകളും സബ്സിഡികളും ലഭ്യമാക്കണം. ഏലക്കായ് വിപണനത്തിന് സഹകരണസംഘങ്ങളുണ്ടാകണം.

മറ്റു സുഗന്ധദ്രവ്യവിളകൾ

ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, കറുവ എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുണ്ടാവുകയും അവയുടെ വിപണനത്തിന് സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

സുഗന്ധതൈലവിളകൾ

കീഴ്ക്കാംതൂക്കായി കിടക്കുന്ന മലഞ്ചെരുവുകളിൽ തരിശ്ശായിട്ടുള്ള പ്രദേശങ്ങളിലും ഇഞ്ചിപ്പുല്ല്, രാമച്ചം പാമറോസ തുടങ്ങിയ സുഗന്ധതൈലവിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നടീൽ വസ്തുക്കൾ, ഉല്പാദനത്തിനുതകുന്ന മറ്റു സഹായങ്ങൾ, സാങ്കേതികോപദേശം എന്നിവ കൃഷി ഭവൻ മുഖേന ലഭ്യമാക്കണം. സംസ്ക്കരണയൂണിറ്റുകളും വിപണനസൗകര്യങ്ങളുമുണ്ടാകണം.

കിഴങ്ങുവർഗ്ഗങ്ങൾ

നമ്മുടെ നാട്ടിൽ അന്യംനിന്നുപോകുന്ന നനകിഴങ്ങ്, ചെറുകിഴങ്ങ്, കാച്ചിൽ, ചേമ്പ് എന്നീ വിളകൾ കൃഷിചെയ്യുന്നതിന് കർഷകരിൽ താല്പര്യം ഉണ്ടാവണം. മരച്ചീനി കൃഷിയുടെ പ്രധാന ശത്രുവായ എലിയെ നിയന്ത്രിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ എലി നശീകരണ ക്യാംപയിനുകൾ സംഘടിപ്പിക്കണം. എലിവിഷം സൗജന്യമായി നൽകണം. എലിനിയന്ത്രണത്തിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളെപ്പറ്റി കർഷകരിൽ ബോധവൽക്കരണം നടത്തണം. മരച്ചീനി ഉപയോഗിച്ചുണ്ടാക്കാവുന്ന ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിന് സംസ്കരണയൂണിറ്റുകൾ ആരംഭിക്കണം.

പച്ചക്കറികൃഷി

ഓരോ വീട്ടിലും ആവശ്യമായ പച്ചക്കറികൾ അതാതു വീടുകളിൽ കൃഷി ചെയ്യുന്നതിനുവേണ്ട വിത്തുകൾ, സസ്യസംരക്ഷണസഹായങ്ങൾ എന്നിവ നൽകണം. ഉപയോഗശൂന്യമായികിടക്കുന്ന പൊതുസ്ഥലങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കണം. ഓരോ സ്കൂളിലും ഒരു പച്ചക്കറികൃഷിത്തോട്ടം വീതം തുടങ്ങണം. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷദിവസങ്ങളിൽ കർഷകരിൽ നിന്നും നേരിട്ടു പച്ചക്കറികൾ വാങ്ങി വിപണനം നടത്തുന്നതിന് സഹകരണസംഘങ്ങൾ താല്പര്യം കാണിക്കണം.

പച്ചക്കറി കൃഷിയിൽ ജൈവവളങ്ങളുടെ ഉപയോഗം, കീടരോഗനിയന്ത്രണം എന്നിവയെപ്പറ്റി സമഗ്രബോധവൽക്കരണം നടത്തണം.

വാഴകൃക്ഷി

ഓരോ വീട്ടിലും വാഴകൃഷി ഉണ്ടാവണം. രോഗപ്രതിരോധത്തിനുള്ള സഹായം കൃഷിഭവൻ മുഖേന നടപ്പിലാക്കണം. പുതിയ ഇനം വാഴകളുടെ കന്നുകൾ കൃഷിഭവൻ വഴി വിതരണം ചെയ്യണം. വാഴക്കുലകളുടെ വിപണനത്തിനു സഹകരണസംഘങ്ങൾ തയ്യാറാകണം.

മറ്റു പഴവർഗ്ഗങ്ങൾ

തരിശ്ശായി കിടക്കുന്നതും മറ്റു കൃഷിക്കു ഉപയുക്തമല്ലാത്തതുമായ പ്രദേശങ്ങളിൽ മാവ്, പ്ലാവ്, നെല്ലി എന്നീ വിളകൾ കൃഷി ചെയ്യാൻ ശ്രമിക്കണം. ഒട്ടുമാവ്, ഒട്ടുപ്ലാവ് മറ്റിനം ഫലവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ വികേന്ദ്രീകൃത നഴ്സറിയിലൂടെ കർഷകരിലെത്തണം. ഗുണമേന്മ ഉറപ്പുവരുത്തണം.

ഔഷധച്ചെടികൾ

ഇന്ന് പഞ്ചായത്തു പ്രദേശങ്ങളിൽ നിരവധി ഔഷധച്ചെടികൾ വളരുന്നുണ്ട്. ചിലകർഷകർ കൃഷി ചെയ്യുന്നുമുണ്ട്. പഴുക്കാക്കാനം പോലുള്ള പ്രദേശങ്ങളിൽ ഒരിക്കലും വറ്റാത്ത നീരുറവകളുണ്ട്. കച്ചോലം, കൂവ, ഇഞ്ചി, മഞ്ഞൾ, അരത്ത, ആടലോടകം, ചെറുതിപ്പലി, ബ്രഹ്മി എന്നീ ഔഷധച്ചെടികൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കു നൽകണം.

വളങ്ങൾ


വളംഡിപ്പോകളിൽ നിന്നും കർഷകർക്കാവശ്യമായ അളവിൽ വളം ലഭ്യമാക്കണം. ചില്ലറ വില്പന ഉണ്ടാവണം. ജൈവവളം പ്രോത്സാഹിപ്പിക്കണം. ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴിയെങ്കിലും ഉണ്ടാക്കി നാടൻ കമ്പോസ്റ്റ് നിർമ്മിക്കണം. രാസവളങ്ങൾ പ്രയോഗിക്കുന്നതിന് ശാസ്ത്രീയപരിജ്ഞാനം കർഷകരിലുണ്ടാക്കണം.


ഉപസംഹാരം

കാർഷികബോധവൽക്കരണപ്രക്രിയ നിരന്തരം കർഷകരിൽ നടക്കണം. പരീക്ഷണശാലകളിലെ പുത്തൻ കണ്ടുപിടുത്തങ്ങൾ കർഷകരുടെ കൃഷിഭൂമിയിലെത്തണം. ഉല്പാദനച്ചെലവു കുറയ്ക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യണം.

ചർച്ചാ ക്ലാസ്സുകൾ, പരിശീലനം തുടങ്ങിയവ നിരന്തരം നടത്തുന്നതിന് കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടണം. കാർഷികവിജ്ഞാനവ്യാപനരംഗങ്ങളിൽ വ്യാപൃതരായിരിക്കേണ്ട കൃഷി ഉദ്യോഗസ്ഥന്മാർ കേവലം മിനിസ്റ്റീരിയൽ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നിലവിലുള്ള സമ്പ്രദായത്തിന്റെ കുഴപ്പങ്ങളാണ്. അനാവശ്യമായ കടലാസു ജോലികൾ സർക്കാർ അടിച്ചേല്പിക്കുന്നു. കടലാസ്സുജോലികൾ ചെയ്യുന്നതിനു ക്ലാർക്കുമാരെ നിയമിക്കണം. കൃഷി ശാസ്ത്രത്തിൽ ബിരുദമെടുത്ത കൃഷി ആഫീസറും പ്രസ്തുത വിഷയത്തിൽ അടിസ്ഥാന യോഗ്യതകളുള്ള കൃഷി അസിസ്റ്റന്റുമാരും തികച്ചും സാങ്കേതികപരിജ്ഞാനമുള്ളവരാകയാൽ അവരുടെ സേവനം കാർഷിക ബോധവൽക്കരണപ്രവർത്തനങ്ങൾക്കു വിട്ടുകൊടുക്കണം. കൃഷിഭൂമിയിലെ ഗവേഷകരാകണം കൃഷി ഉദ്യോഗസ്ഥന്മാർ. ഇതിനൊക്കെപുറമേ കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

മൂന്നിലവു പഞ്ചായത്തിന്റെ സമഗ്രകാർഷിക പുരോഗതിയിൽ ലക്ഷ്യമിട്ടുകൊണ്ടു ഒട്ടേറെ നിർദ്ദേശങ്ങൾ മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. അവ സമഗ്രമായ ചിന്തക്കും ചർച്ചകൾക്കും വിധേയമാകേണ്ടതാണ്.





മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണ രംഗത്തും പാൽ ഉല്പാദന മേഖലയിലും ഗണ്യമായ പുരോഗതി നേടുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ പങ്ക് ആശാവഹമല്ല. മുൻകാലങ്ങളിൽ സ്വന്തം ആവശ്യങ്ങൾക്കായി അതായത് പാലിനു വേണ്ടിയും കൃഷി ആവശ്യത്തിനുള്ള മികച്ച ജൈവ വളമായ ചാണകത്തിനും മാംസത്തിനു വേണ്ടിയും പശുക്കളേയും ആടുകളേയും ഓരോ വീട്ടിലും വളർത്തിയിരുന്നു. എന്നാൽ ഇന്നു പല വീടുകളിലും ആടുമാടുകളെയൊന്നും തന്നെ വളർത്തുന്നില്ല. റബ്ബർ തോട്ടങ്ങളുടെ രംഗപ്രവേശം, തീറ്റപുല്ലിന്റെ അഭാവം, അഭ്യസ്തവിദ്യരുടെ ഇടയിൽ ഈ രംഗത്തോടുള്ള താല്പര്യക്കുറവ്, മേച്ചിൽ സ്ഥലത്തിന്റെ പരിമിതി, എന്നിത്യാദി കാരണങ്ങളാൽ വളരെ കുറച്ചു കർഷകർ മാത്രമെ ഈ രംഗത്തോട് നീതി പുലർത്തുന്നുള്ളൂ.

ഒരു കർഷക ഗ്രാമമായ മൂന്നിലവിന്റെ ഈ രംഗത്തെ പൂർവ്വകാല പ്രതാപവും ഐശ്വര്യവും വീണ്ടെടുക്കുന്നതിന് നൂതനമായ കർമ്മപരിപാടികൾ നാം ആവിഷ്കരിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ പഞ്ചായത്തായ മൂന്നിലവിന്റെ മലകളിലും മലഞ്ചെരുവുകളിലും ഇതിനുള്ള സാധ്യത ഏറെയാണ്. മങ്കൊമ്പ്, വെള്ളറ, പഴുക്കാക്കാനം, മേച്ചാൽ, വാളകം മുതലായ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ക്ഷീരസംഘങ്ങൾ രൂപീകരിക്കുകയും കർഷകർ ഉല്പാദിപ്പിക്കുന്ന പാലിന് ആവശ്യമായ വിപണി കണ്ടെത്തുകയും ഈ സ്ഥലങ്ങളിൽ വളർത്തുമൃഗങ്ങളുടെ പ്രജനനത്തിനും ചികിത്സക്കും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതുപോലെതന്നെ എല്ലാ ക്ഷീരകർഷകന്റേയും വീടുകളിൽ ഗോബർ-ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പാചകാവശ്യത്തിനുള്ള ഇന്ധനം ലഭ്യമാക്കാവുന്നതാണ്.

മൂന്നിലവ് ഗ്രാമപഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, പന്നി, പട്ടി എന്നിവയാണ്. കൂടാതെ പത്തോളം എരുമകളേയും മുപ്പതോളം മുയലുകളേയും വളർത്തുന്നുണ്ട്. ഈ ഗ്രാമത്തിലെ 95 ശതമാനം കുടുംബങ്ങളിലും കോഴികളെ വളർത്താറുണ്ട്. എഴുപതോളം താറാവുകളേയും വളർത്തുന്നു. 1987 ലെ കന്നുകാലി സെൻസസ് അനുസരിച്ചുള്ള മൃഗങ്ങളുടെ എണ്ണം ചുവടേ കൊടുത്തിരിക്കുന്നു.

പട്ടിക ഒന്ന്

വളർത്തു മൃഗങ്ങളും പക്ഷികളും	
പശുവും കിടാരികളും	909
എരുമ	10
ആട്	935
പന്നി	953
കോഴി	8364
താറാവ്	37
പട്ടി	1345

1996 ൽ കന്നുകാലി സെൻസസ് വീണ്ടും നടന്നെങ്കിലും കണക്കുകൾ ലഭ്യമായിട്ടില്ല. പശുക്കളുടെ മൊത്തം സംഖ്യയിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ആടുവളർത്തലിൽ താല്പര്യം വർദ്ധിച്ചിട്ടുണ്ട്. കാലിവളർത്തൽ രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. നല്ല പാൽ സൊസൈറ്റികളുടെ അഭാവം. നിലവിലുള്ള പാൽ സൊസൈറ്റി വേണ്ടഅളവിൽ പാൽസംഭരിക്കുന്നില്ല.
2. മൃഗ ചികിത്സാ സൗകര്യമില്ലായ്മ. ഈ പഞ്ചായത്തിലുള്ള മൃഗാശുപത്രി താഴ്വാരത്തിൽ സ്ഥിതിചെയ്യുന്നതിനാലും ആവശ്യമായ സൗകര്യങ്ങളോ ഉപകരണങ്ങളോ ഇല്ലാത്തതുമാണ്. കാലിവളർത്തലിനു സാദ്ധ്യതയുള്ള മലയോരങ്ങളിൽ മൃഗചികിത്സയ്ക്കും കൃത്രിമ ബീജസങ്കലനത്തിനുമുള്ള സൗകര്യങ്ങളില്ല.
3. റബ്ബർകൃഷിയുടെ അതിപ്രസരംമൂലം തീറ്റപുല്ലിന്റെ ലഭ്യതയിൽ വന്ന കുറവ്.
4. കാലിതീറ്റയുടെ അനിയന്ത്രിതമായ വിലവർദ്ധനയും ഗുണമേന്മക്കുറവും.

5. സങ്കരവർഗ്ഗ പശുക്കൾക്കും കിടാരികൾക്കും ശാസ്ത്രീയമായ തീറ്റക്രമവും പരിചരണവും അവലംബിക്കാത്തത്.
6. `വൈറ്റ്കോളർ' ജോലിക്കു വേണ്ടിയുള്ള യുവ ജനങ്ങളുടെ അമിതാവേശം.

കഴിഞ്ഞ കാലങ്ങളിൽ കാലിവളർത്തൽ മെച്ച പ്പെടുത്തുന്നതിനു വേണ്ടി കിടാരികളെ വിതരണം ചെയ്തെങ്കിലും കാര്യമായ പ്രയോജനം ഉണ്ടായില്ല. പ്രധാന പ്രശ്നം സങ്കരവർഗ്ഗം കിടാരികൾക്ക് ശാസ്ത്രീയമായ തീറ്റക്രമം പാലിക്കാതിരുന്നതാണ്. ഈ ഗ്രാമത്തിൽ കാലികളിൽ കൂടുതലായി കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, വിരബാധ, വന്ധ്യ ത, പ്രത്യുൽപാദനപരമായ രോഗങ്ങൾ, പൂപ്പൽ വിഷ ബാധ, ഉദരരോഗങ്ങൾ എന്നിവയാണ്.

ആടുവളർത്തൽ

ആടുവളർത്തലിൽ പൊതുവെ താല്പര്യം ഏറി വരുന്നതായി കാണുന്നു. ആടുകളെ വിതരണം ചെയ്യുന്ന പദ്ധതികളും ഒരു പരിധിവരെ വിജയപ്രദ മാണ്. ചെലവു കുറവ്, പ്രദേശത്തിന്റെ പ്രത്യേകത, നിലവിലുള്ള പരിപാലനരീതിയിൽ കാര്യമായ വ്യതി യാനം ആവശ്യമില്ലായ്മ എന്നീ കാര്യങ്ങൾ ആടുവ ളർത്തലിന് അനുകൂലമായ സാഹചര്യമാണ്.

പന്നി വളർത്തൽ

പന്നി വളർത്തലിൽ താല്പര്യം കൂടുന്നുണ്ടെ ങ്കിലും അറുപതു ശതമാനത്തോളം പന്നികൾ നാടൻ ഇനങ്ങളാണ്. ഒന്നോ രണ്ടോ പന്നികളുള്ള യൂണി റ്റുകളാണ് കൂടുതൽ 5 പന്നികളിൽ കൂടുതലുള്ള ആറ് യൂണിറ്റുകളെ ഇപ്പോൾ നിലവിലുള്ളൂ. നല്ല യിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതകുറവ് കപ്പകൃ ഷിയിൽ വരുന്ന കുറവ്, ഹോട്ടലുകളിൽ നിന്നും കശാപ്പുശാലകളിൽ നിന്നുമുള്ള മിച്ച സാധനങ്ങ ളുടെ വില കൂടുന്നതും പന്നിവളർത്തലിന്റെ സാധ്യത കുറയ്ക്കുന്നു.

കോഴി വളർത്തൽ

കോഴി വളർത്തൽ എല്ലാ വിടുകളിലുമുണ്ടെ ങ്കിലും മുട്ടയുത്പാദനം കുറവാണ്. പ്രധാനകാരണം സങ്കരയിനത്തിൽപ്പെട്ട കോഴികളുടെ ലഭ്യതകുറവും ആവശ്യമായ രോഗപ്രതിരോധ നടപികൾ സ്വീകരി ക്കാത്തതുമാണ്. ഇറച്ചിക്കോഴി വളർത്തൽ യൂണി റ്റുകൾ മൂന്നിലവ് പഞ്ചായത്തിൽ ഇല്ല.

മുയൽ വളർത്തൽ

മുയൽ വളർത്തലിന് ഈ പഞ്ചായത്തിൽ നല്ല സാദ്ധ്യതകൾ ഉണ്ട്. ഇറച്ചിയുടെ ആവശ്യം ഒരുപരി ധിവരെ പരിഹരിക്കുന്നതിന് നല്ലയിനം മുയലുകളെ വളർത്തുന്നത് സഹായകമാണ്.

വളർത്തുനായ്ക്കൾ

നായ്ക്കളിൽ പത്തുശതമാനത്തിനു പോലും പ്രതിരോധ കുത്തിവെയ്പ് നടത്തുന്നില്ല. മരുന്നിന്റെ കുറവും കർശനമായ നടപടികൾസ്വീകരിക്കാത്ത തുമാണ് പ്രധാനകാരണം.

കാലിവളർത്തൽ സാദ്ധ്യതകൾ

1. നെല്ലാപ്പാറയിലും ഇരുമാപ്രയിലും ഓരോ ക്ഷീര സംക്ഷരണകേന്ദ്രം തുടങ്ങുക.
2. ഈ സ്ഥലങ്ങളിൽ I.C.D.P. സബ്സ് സെന്റർ തുട ങ്ങുക.
3. പഞ്ചായത്തിലെ എല്ലാ പശുക്കളേയും ഇൻഷ്വർ ചെയ്യുക.
4. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തു കയും ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യുക.
5. പുൽകൃഷിക്കാവശ്യമായ വിത്തും, തണ്ടും, വള വും കർഷകർക്ക് സബ്സിഡി നിരക്കിൽ വിത രണം ചെയ്യുക. പുല്ല് സംസ്കരിക്കൽ നട പടി സ്വീകരിക്കുക. വേനൽക്കാലത്ത് വൈ ക്കോലും സംസ്ക്കരിച്ചപുല്ലും മൊത്തമായി എത്തിച്ച് കർഷകർക്ക് വിതരണംചെയ്യുക.
6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ മോഡൽ പശുവളർത്തൽയൂണിറ്റ് തുടങ്ങുക.
7. തൊഴുത്ത് നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡി നൽകുക.
8. 4 - 6 മാസം വരെ പ്രായമുള്ള മൂരിക്കിടാങ്ങളെ സംരക്ഷിച്ച് മാംസത്തിനായി വില്ക്കുന്ന യൂണി റ്റുകൾ രണ്ടുവാർഡുകളിൽ ഒന്ന് എന്ന തോതിൽ തുടങ്ങുക.
9. നല്ല അറവുശാലകൾ സ്ഥാപിക്കുക.
10. നിലവിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടി ടവും സൗകര്യങ്ങളും ഉണ്ടാക്കുക. ഒരുവീടിന് ഒരുപശു എന്നലക്ഷ്യം യാഥാർത്ഥ്യമാക്കുക.

ആടുവളർത്തൽ സാദ്ധ്യതകൾ

1. ആട്ടിൻ കൂടുകൾക്ക് 50 ശതമാനം സബ്സ്സീഡി നൽകുക.
2. ആടുകളെ വളർത്തുന്ന യൂണിറ്റുകൾ തുടങ്ങുക
3. നല്ല മലബാറിമുട്ടനാടുകളെ വിതരണം ചെയ്യുക.
4. നല്ല പെണ്ണാട്ടിൻകുട്ടികളെ വിതരണം ചെയ്യുക.
5. പാഴ്മരങ്ങൾക്ക്പകരം പ്ലാവ് വെച്ചുപിടിപ്പിക്കുക.

പന്നി വളർത്തൽ - സാദ്ധ്യതകൾ

1. എല്ലാ വാർഡുകളിലും ഓരോ പ്രജനന യൂണിറ്റുകൾ തുടങ്ങുക.
2. കൂടുതൽ പന്നിവളർത്തൽ യൂണിറ്റുകൾ, തുടങ്ങുന്നതിന് 50% സബ്സീഡിയോടുകൂടി ലോൺ സൗകര്യം ലഭ്യമാക്കണം.
2. പന്നിക്കുഞ്ഞുങ്ങളെ വിതരണംചെയ്യുക.

മുയൽ വളർത്തൽ സാദ്ധ്യതകൾ


1. മുയൽ വളർത്തുന്നതിന് ധനസഹായം നൽകുക.
2. നല്ലയിനം ഇറച്ചി മുയലുകളെ വിതരണം ചെയ്യുക.

കോഴി വളർത്തൽ സാദ്ധ്യതകൾ

1. ബ്ലോക്കടിസ്ഥാനത്തിൽ മിനി ഹാച്ചറികളും ലയർനേഴ്സറികളും തുടങ്ങുക.
2. സങ്കരയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും നല്കുക.
3. ഈ പഞ്ചായത്തിൽ ഒരു ഇറച്ചിക്കോഴി യൂണിറ്റ് തുടങ്ങുക.

നായ്ക്കൾ - സാദ്ധ്യതകൾ

1. നായ്ക്കളെ മുഴുവൻ പേവിഷബാധയ്ക്കെതിരായ കുത്തിവയ്പിനു വിധേയമാക്കുക.
2. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.





വിദ്യാഭ്യാസം

ഒരു ജനതയുടെ ജീവിതനിലവാരം മനസ്സിലാക്കുന്നതിന് പരിഷ്കൃത സമൂഹത്തിൽ നിലനില്ക്കുന്ന മാനദണ്ഡം അവിടത്തെ വിദ്യാഭ്യാസനിലവാരമാണ്. ഇക്കാര്യത്തിൽ മൂന്നിലവിനുണ്ടായിട്ടുള്ള നേട്ടം അഭിമാനകരമാണ്. ബ്രിട്ടീഷുകാരുടെ ആഗമനത്തോടെ മൂന്നിലവ് ഗ്രാമത്തിന്റെ മലമടക്കുകളിൽ അറിവിന്റെ കൈത്തിരി പ്രകാശിച്ചുതുടങ്ങി.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തന്നെ ഇരുമാപ്രയിൽ ക്രിസ്ത്യൻ മിഷനറിമാർ പ്രവർത്തനം തുടങ്ങിയിരുന്നു. മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിലും അവർ പ്രവർത്തിച്ചിരുന്നു. ഇരുമാപ്രയിൽ 1887-ൽ കോട്ടയം സ്വദേശി പ്ലാക്കിൽ കുര്യനാശാൻ സ്ഥാപിച്ച കുടിപള്ളിക്കൂടമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. 1900 മാണ്ട് ഇരുമാപ്ര മിഷൻ ബംഗ്ലാവിന്റെ വരാന്തയിലാണ് ആദ്യത്തെ ഔപചാരിക വിദ്യാലയം ആരംഭിച്ചത്. 1930-ൽ ഇരുമാപ്രയിൽ സ്ഥാപിച്ച മലയാളം സ്കൂൾ ഇംഗ്ലീഷ് മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. അതിനുശേഷം മങ്കൊമ്പ്, വാളകം, എന്നീ സ്ഥലങ്ങളിൽ മലയാളം സ്കൂളുകൾ സ്ഥാപിച്ചു. മങ്കൊമ്പിലെ സ്കൂൾ പിന്നീടു യു.പി. സ്കൂളായി ഉയർത്തി. കുറിഞ്ഞിപ്ലാവിലും 19 - ാം നൂറ്റാണ്ടിൽ തന്നെ ആശാൻകളരികൾ പ്രവർത്തിച്ചിരുന്നു. ഈ പഞ്ചായത്തിൽ ഏറെ കുട്ടികൾ പഠിക്കുന്ന പഞ്ചായത്താസ്ഥാനത്തുള്ള സെന്റ് പോൾസ് ഹൈസ്കൂൾ 1943-ൽ സെന്റ് സെബാസ്റ്റ്യൻ സ്കേംബ്രിഡ്ജ് സ്കൂൾ എന്ന പേരിൽ ആരംഭിച്ചതാണ്. ഈ സ്കൂൾ 1948-ൽ മിഡിൽ സ്കൂളായി മാറി. ഈ സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. കെ.ജെ. ജോസഫ് കുറ്റിയാനിക്കൽ ആയിരുന്നു.

പട്ടിക 1

ക്രമ നമ്പർ	സ്കൂളിന്റെ പേര്	HS / UP L.P.	ഉടമസ്ഥത	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം	
				ആ	ചെ.	ആകെ	അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം
1.	സെന്റ് പോൾ H.S. വലിയകുമാരമംഗലം	H.S.	എയിഡഡ്	344	28	372	21	21
2.	സെന്റ് മേരീസ് L.P.S. വലിയകുമാരമംഗലം	L.P.	"	88	58	146	4	4
3.	സി.എം.എസ്. U.P.S. മങ്കൊമ്പ്	U.P.	'	23	32	55	9	9
4.	സി.എം.എസ്. H.S. മേച്ചാൽ	H.S.	'	25	28	53	6	6
5.	ഗവ. U.P.S. മേച്ചാൽ	U.P.	ഗവ	29	13	42	5	4
6.	സി.എം.എസ്. L.P.S. മേച്ചാൽ	എയിഡഡ്	29	30	59	3	3	
7.	ഗവ. U.P.S. വെള്ളറ	U.P.	ഗവ.	33	32	65	6	6
8.	സി.എം.എസ്. L.P.S. വാളകം	L.P.	എയിഡഡ്	36	29	65	3	3
9.	സി.എം.എസ്. L.P.S. കോലാനി	L.P.	'	37	21	58	3	3
10.	സി.എം.സ് U.P.S. ഇരുമാപ്രമറ്റം	U.P.	"	4	13	61	5	5
	ആകെ	10	692	284	976	65	64	

പിന്നീട് തലശ്ശേരി രൂപതയുടെ മെത്രാനായിരുന്ന റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഈ സ്കൂളിനെ 1953-ൽ ഹൈസ്കൂളായി ഉയർത്തിയപ്പോൾ അപൂർണ്ണ ഹൈസ്ക്കൂളിന്റെയും ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിക്കുകയുണ്ടായി. ഇദ്ദേഹം ഏഴാം സ്റ്റാൻഡാർഡിലും പത്താം സ്റ്റാൻഡാർഡിലും ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടിക്ക് സമ്മാനം നൽകുന്നതിനു ഓരോ എൻഡോവുമെന്റ് ഏർപ്പെടുത്തുകയുണ്ടായി. സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം വിദ്യാഭ്യാസരംഗത്ത് കാര്യമായ അഭിവൃദ്ധിയുണ്ടായി. പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണം പത്തായി ഉയർന്നു. ആകെയുള്ള സ്കൂളുകളിൽ രണ്ടെണ്ണം സർക്കാർ സ്കൂളാണ്. പതിനായിരത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ വിവിധ സ്കൂളിലായി 976കുട്ടികൾ പഠിക്കുന്നു സ്കൂളുകളെ സംബന്ധിച്ച പൊതുവിവരം ചുവടേ ചേർക്കുന്നു.

ഇവിടെ ഭൂരിപക്ഷം മാതാപിതാക്കളും കുട്ടികളെ ഗ്രാമത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അയക്കാൻ തയ്യാറാണ്. എങ്കിലും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള താല്പര്യം മൂലം കുറെ കുട്ടികൾ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്നു പഠിക്കുന്നുണ്ട്. ഈ ഗ്രാമത്തിലെ പെൺകുട്ടികളിൽ നല്ലൊരുഭാഗം വാകക്കാടുള്ള അൽഫോൻസാ ഗേൾസ് H.S.-ൽ പഠിക്കുന്നു. അടുത്തുള്ള പഞ്ചായത്തുക

ഈ പഞ്ചായത്തിലെ തോറ്റുപഠിക്കുന്നവരുടെയും പഠനം നിർത്തിയവരുടെയും ലിസ്റ്റ്

സ്റ്റാ	ആകെ കുട്ടികൾ			SC / ST കുട്ടികൾ			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						മൊത്തം പഠനം നിർത്തിയവർ
							SC / ST കുട്ടികൾ			മറ്റുള്ളവർ			SC / ST. കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
I	61	41	102	25	20	45	-	-	-	-	-	-	-	1	5	6	6		
II	55	44	99	20	20	40	5	1	6	2	1	3	1	1	2	-	-		2
III	50	47	97	18	17	35	3	5	8	3	0	3	2	2	4	1	-	1	5
IV	55	37	92	25	20	45	6	-	6	2	1	3	-	-	2				
V	88	32	120	33	14	47	2	5	7	-	-	-	-	-	-				
VI	86	28	114	22	15	37	2	1	3	1	-	1	-	-	-	1			
VII	98	27	125	39	16	55	4	6	10	1	-	1	2	4	6	-	-	-	6
VIII	71	9	80	21	9	30	1	2	3	-	-	-	-	-					
IX	63	10	73	20	8	28	3	-	3	-	-	-	-1	-	1	-	1	2	
X	65	9	74	23	8	31	-	-	-	-	-	-	-1	-	1				
ആകെ	692	284	976	147	393	26	20	46	9	2	11	7	8	15	5	5	10	25	

ളിലെ സ്കൂളുകളിൽ പഠിക്കുന്ന ഏതാനും കുട്ടികളും ഉണ്ട്.

നമ്മുടെ ഗ്രാമത്തിൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും ഭേദപ്പെട്ട വിജയശതമാനം ഉണ്ട്. എങ്കിലും വിജയിക്കുന്നവരുടെ മാർക്ക് പൊതുവെ കുറവാണ്. പാലാ, ഈരാറ്റുപേട്ട, മേലുകാവ് തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ കോളേജുകളിലാണ് ഇവിടത്തെ കുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്നത്. ഈ പ്രദേശങ്ങളിലെ സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ധാരാളം കുട്ടികൾ പഠിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്തിന്റെ എടുത്തുപറയത്തക്ക നടപടി ആയിരുന്നു സാക്ഷരതാപ്രവർത്തനം. നിരക്ഷരരായിരുന്ന പലർക്കും സാക്ഷരതാ കൈവരിക്കുന്നതിന് ഇത് സഹായകമായി.

പ്രശ്നങ്ങൾ

1. വെള്ളറ ഗവ. യൂ.പി. സ്കൂളിന്റെ കെട്ടിടംപണി പൂർത്തിയായിട്ടില്ല. പല സ്കൂളുകളിലും ആവശ്യത്തിന് മുറികളില്ല. ഫർണിച്ചർ അപര്യാപ്തമാണ്.
2. C.M.S.U.P.S. മങ്കൊമ്പ്, CMS LPS, UPS ഇരുമാപ്ര തുടങ്ങിയ സ്കൂളുകളിൽ കക്കൂസ് ഇല്ല. പലസ്കൂളുകളിലും മൂത്രപ്പുര ആവശ്യത്തിനില്ല.
3. മിക്ക സ്കൂളുകളിലും കുടിവെള്ള സംവിധാനമില്ല.
4. സ്റ്റാഫ് പാചകമുറി ഇവ പല സ്കൂളുകളിലും വേണ്ടത്ര ഇല്ല.
5. പഠനോപകരണങ്ങൾ, ഗ്ലോബ്, മാപ്പ്, ചാർട്ടുകൾ തുടങ്ങിയവ മിക്ക സ്കൂളിലും ഇല്ല. ഉള്ളവ തീരെ അപര്യാപ്തമാണ്.
6. ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ പഞ്ചായത്തിലെ സ്കൂളുകളിൽ വളരെ കുറവാണം.
7. സ്പോർട്ട്സ് പ്രോൽസാഹിപ്പിക്കാൻ വേണ്ട കളിസ്ഥലങ്ങളില്ല. ഉപകരണങ്ങളും മിക്ക സ്കൂളുകളിലും ഇല്ല.
8. ഈ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും യാതൊരു സൗകര്യവുമില്ല.
9. പല സ്കൂളുകളിലേക്കുമുള്ള യാത്രാസൗകര്യം അപര്യാപ്തമാണ്. അതിനാൽ അദ്ധ്യാപകർക്കു കൃത്യസമയത്ത് സ്കൂളിൽ എത്താനും പഠിപ്പിക്കാനും സാധിക്കുന്നില്ല.
10. ഇംഗ്ലീഷ്മീഡിയം സ്കൂളുകളോടുള്ള താല്പര്യം മൂലം പലരും കുട്ടികളെ പഞ്ചായത്തിനു വെളിയിലുള്ള അത്തരം സ്കൂളുകളിൽ വിടുന്നതു മൂലം ഇവിടെയുള്ള സ്കൂളുകൾ അൺ ഇക്കണോമിക്സ് ആയി തീരുന്നു.

നിർദ്ദേശങ്ങൾ

1. കുറിഞ്ഞിപ്ലാവിൽ അനാഥമായി കിടക്കുന്ന ഗവ. വക സ്കൂൾ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കണം.
2. നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ഇവിടെയുള്ള സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികളുടെ സൗകര്യം പരിഗണിച്ചും ഈ മേഖലയിലെ സ്കൂളുകൾ അൺ ഇക്കണോമിക്ക് എന്ന കാരണത്താൽ അടച്ചുപൂട്ടാൻ പാടില്ല.
3. ഗവ. U.P. കളിൽ ഹിന്ദി ടീച്ചറേയും ഹെഡ്മാസ്റ്ററേയും ഉടൻ നിയമിക്കുക.
4. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സംവിധാനം കാര്യക്ഷമമാക്കണം.
5. വലിയകുമാരമംഗലം സെന്റ് പോൾസ് H.S. ൽ പ്ലസ്ടുവും മേച്ചാലിലെ C.M.S.H.S. ൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സും ആരംഭിക്കണം.
6. വെള്ളറ ഗവ. U.P.S. ന്റെ കെട്ടിടം ഉടൻ പൂർത്തിയാക്കണം. എല്ലാ സ്കൂളുകൾക്കും ആവശ്യമായ മുറികൾ നിർമ്മിക്കുകയും ഫർണിച്ചർ ലഭ്യമാക്കുക, അറ്റകുറ്റപണികൾ യഥാസമയം നടത്തുക.
7. കക്കൂസ്, മൂത്രപ്പുര തുടങ്ങി സൗകര്യങ്ങളും സ്റ്റാഫ് റൂം പാചകമുറി തുടങ്ങിയവയും വേണ്ടത്ര ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാക്കണം.
8. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ മറ്റു പഠനോപകരണങ്ങൾ തുടങ്ങിയവയുടെ കുറവ് പരിഹരിക്കണം.
9. എല്ലാ സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുക സ്പോർട്ട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക. എല്ലാ H.S.-ലും കായികാദ്ധ്യാകരെ നിയമിക്കുക.
10. കുടിവെള്ള സംവിധാനമില്ലാത്ത ഏഴു സ്കൂളുകളിലും അതിനുള്ള സൗകര്യം ഉണ്ടാക്കുക.
11. യാത്രാസൗകര്യം കുറവുള്ള സ്കൂളുകളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.
12. തൊഴിൽ പരിശീലനത്തിലുള്ള ആഭിമുഖ്യം വളർത്തുന്നതിന് ബുക്ക് ബയന്റിംഗ്, തേനീച്ചവളർത്തൽ, കൃഷിപരിശീലനം എന്നിവ സ്കൂളുകളോടനുബന്ധിച്ചു നടത്തണം.
13. സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് പഞ്ചായത്തുതല സമിതി രൂപീകരിക്കുക.
14. എല്ലാ സ്കൂളുകളിലും P.T.A. കാര്യക്ഷമമായി പ്രവർത്തിക്കുക.



കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

മനുഷ്യന്റെ ആരോഗ്യത്തെ ഏറ്റവും അധികം സ്വാധിനിക്കുന്ന ഒന്നാണ് ശുദ്ധജലം. ഈ പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിന്റെ 80% പ്രദേശങ്ങളിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഏകദേശം 50 വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ വിരളമായിരുന്നു. ഇതിന് കാരണം അന്ന് ഈ പഞ്ചായത്തിന്റെ മലയോരപ്രദേശങ്ങൾ വൃക്ഷനിബിഡമായിരുന്നു. പഞ്ചായത്തിലെ 2354 വീടുകളുടെ സ്ഥാനത്ത് അന്ന് ഏകദേശം 1000-ൽ താഴെ വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ജനസാന്ദ്രതയും, വനവൃക്ഷങ്ങൾ വെട്ടിമാറ്റി കൃഷിഭൂമിയാക്കിയതും, ആറുകളിലേയും തോടുകളിലേയും മണൽ വാരിച്ച മൂലവും കാലാവസ്ഥയിലുണ്ടായിട്ടുള്ള മാറ്റവും ഈ പഞ്ചായത്തിൽ ഇപ്പോൾ കുടിവെള്ളക്ഷാമം രൂക്ഷമാക്കുന്നു. അതുപോലെ തന്നെ ഏകദേശം 26 വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കിയ വാളകം ഇരുമാപ്ര വാട്ടർ സപ്ലൈ സ്കീം അല്ലാതെ പുതിയ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ പഴുക്കാക്കാനത്ത് ഒരിക്കലും വറ്റാത്ത നിരവധി നീരുറവകളുണ്ട്. ഏകദേശം സമുദ്രനിരപ്പിൽ നിന്നും 2000 അടി ഉയരത്തിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. മൂന്നുവശങ്ങളും ഉയർന്ന മലകളാൽ വലയം ചെയ്യുന്ന ഈ പ്രദേശം ചതുപ്പുനിലങ്ങൾ നിറഞ്ഞതാണ്. ഇവിടെയുള്ള കട്ടിക്കയത്തിനടുത്തുള്ള വെള്ളച്ചാട്ടത്തിന് മുകളിലെ പാറയിടുക്കിൽ ഒരു അണകെട്ടിയാൽ ഏകദേശം 800 ഏക്കർ സ്ഥലത്ത് വെള്ളം കെട്ടിനിർത്തുവാൻ സാധിക്കും. ഇവിടെ നിന്നും പൈപ്പുകൾ ഇട്ടാൽ സമീപപഞ്ചായത്തുകളായ മേലുകാവ്, തലപ്പലം, തിക്കോയി, ഈരാറ്റുപേട്ട എന്നി പഞ്ചായത്തുകളിലേയും ജലക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികശേഷി ഈ ഗ്രാമപഞ്ചായത്തിനില്ലാത്തതിനാൽ ജില്ലാപഞ്ചായത്തോ സംസ്ഥാന ഗവൺമെന്റോ ഇതേറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. അതുപോലെ തന്നെ പഴുക്കാക്കാനം മൈനാടം തോട്ടിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് വെള്ളം കെട്ടി നിർത്തി ഡാമിന്റെ ഏകദേശം 1 Km. താഴെയുള്ള കണ്ണാടിപ്പാറയിൽ ഒരു ശുദ്ധികരണ ടാങ്ക് നിർമ്മിക്കുകയും ഈ ടാങ്കിൽ നിന്നും പഞ്ചായത്തിന്റെ 8 വാർഡുകളിലും ശുദ്ധജലം എത്തിക്കുന്നതിനും സാധിക്കുന്നതാണ്. ഈ പദ്ധതിക്ക് വേണ്ടി വരുന്ന നിർമ്മാണച്ചെലവ് ഗ്രാമപഞ്ചായത്തിന് വഹിക്കുവാൻ ശേഷിയില്ലാത്തതിനാൽ ജില്ലാപഞ്ചായത്തോ, സംസ്ഥാനഗവൺമെന്റോ ഏറ്റെടുത്ത് ഇത് നടപ്പിലാക്കേണ്ടതാണ്. കൂടാതെ മൂലമറ്റം പവ്വർ ഹൗസിൽ നിന്നും പുറത്തേയ്ക്കു വിടുന്ന ജലം ഒരു തുരങ്കം വഴി മേലുകാവിലെത്തിച്ച് മീനച്ചിലാറിന്റെ കൈവഴിയായ മേലുകാവ് ആറ്റിലൂടെ ഒഴുക്കിയാൽ മീനച്ചിലാറിന്റെ തിരപ്രദേശങ്ങളായ ഈ പഞ്ചായത്തിന്റെ തഴക്കവയൽ, ചില്ലച്ചി, കളത്തുക്കടവ്, ചകിണിയാംതടം എന്നി പ്രദേശങ്ങളിലെ കിണറുകളിലെ ജലം വറ്റാതെ നിലനിർത്താവുന്നതാണ്.

കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

വാർഡ് I

I-ാം വാർഡിലെ ഉയർന്ന പ്രദേശങ്ങളായ കുറിഞ്ഞിപ്ലാവ് പുതുശ്ശേരിമല, കൂട്ടക്കല്ല് നിരപ്പ്, മേനപ്പാട്ടുപടിക്കൽ ഭാഗം, ചകിണിയാംതടം തെക്കേടത്ത് കോളനിഭാഗം ചകിണിയാംതടം കല്ലോലിക്കൽ ഭാഗം തുടങ്ങിയ പ്രദേശങ്ങളിലാണ് ഏറ്റവും വലിയ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഇതിനു പരിഹാരം മീനച്ചിലാറിന്റെ കരയിൽ കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിക്കുകയും കുറിഞ്ഞിപ്ലാവ് മലയുടെ മുകളിൽ ഒരു ടാങ്ക് പണിത് ടാങ്കിൽ വെള്ളമെത്തിക്കുകയും ചെയ്താൽ ഈ ടാങ്കിൽ നിന്നും ഈ വാർഡിന്റെ എല്ലാ ഭാഗത്തും 2-ാം വാർഡിന്റെയും 3-ാം വാർഡിന്റെയും പല ഭാഗത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. അതുപോലെ ഈ വാർഡിൽ ചകിണിയാംതടം ഭാഗത്തുള്ള കുഴൽ കിണറിന്റെ തുരുമ്പുപിടിച്ച പൈപ്പ് മാറ്റി പകരം P.V.C. പൈപ്പ് ഇട്ടാൽ ഏകദേശം 50 വീടുകൾക്ക് പ്രയോജനകരമാകും. കൂടാതെ സ്വന്തമായി സ്ഥലമുള്ളതും സാമ്പത്തിക ശേഷി ഇല്ലാത്തതുമായ ആളുകൾക്ക് പുതിയ കിണർ കുഴിക്കുന്നതിനും പഴയ കിണർ ആഴം കൂട്ടുന്നതിനും പഞ്ചാ

യത്തിൽ നിന്നും സാമ്പത്തിക സഹായം നല്കേണ്ടതാണ്.

II - ാം വാർഡ്

II - ാം വാർഡിൽ സ്ഥിതിചെയ്യുന്ന താളനാനിക്കൽ കോളനിയിലും, ചുമപ്പുങ്കൽ കോളനിയിലും തഴക്കവയൽ ശാസ്താംകുളം ഭാഗത്തുമാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഇതിന് വേങ്ങാട്ടു തോടിന്റെ കരയിലോ, മീനച്ചിലാറിന്റെ കരയിൽ ചില്ലച്ചി ഭാഗത്തോ കിണർ കുഴുപ്പിച്ച് അതിൽ നിന്ന് വെള്ളം പമ്പുചെയ്ത് ശാസ്താംകുളം മലയുടെ മുകളിൽ ടാങ്ക് നിർമ്മിച്ച് അവിടെ നിന്നും ഈ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളം എത്തിക്കുവാൻ കഴിയും.

III - ാം വാർഡ്

III - ാം വാർഡിൽപെട്ട കുറിഞ്ഞിപ്ലാവിലും മരുതുംപാറയിലും പെരുങ്കാവിലുമാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമായി തലനാട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീമിന്റെ പൈപ്പ് ലൈൻ പഞ്ചായത്തിലേയ്ക്ക് നീട്ടിക്കിട്ടിയാൽ മരുതുംപാറ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ കളത്തൂക്കടവ് ആറിന്റെ തിരത്ത് കിണർ കുഴിച്ച് കുറിഞ്ഞിപ്ലാവിൽ ടാങ്ക് തീർത്തു ടാങ്കിൽ നിന്നും കുറിഞ്ഞിപ്ലാവ്, പെരുങ്കാവ് ഭാഗത്ത് കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്. നിലവിലുള്ള കിണറുകളുടെ ആഴം കൂട്ടുന്നതിന് വ്യക്തികൾക്ക്, സാമ്പത്തിക സഹായം നല്കണം.

IV - ാംവാർഡ്

IV - ാം വാർഡിൽ അഞ്ചുമലമരുതുംപാറ ഭാഗങ്ങളിലാണ് കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്നത്. ഇതിന് വാളകം വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് പൈപ്പ് ഇട്ട് അഞ്ചുമലയിൽ ഒരു ടാങ്ക് പണിതാൽ ഈ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. തലനാട് വാട്ടർ സപ്ലൈ സ്കീമിൽ നിന്നും പൈപ്പ് നീട്ടിയാൽ മരുതുംപാറ ഭാഗത്തും പരിഹാരമായി. നരിമറ്റം അമ്പലംമങ്കൊമ്പ് റോഡിൽ പെയിന്റർ വാലിഭാഗത്ത് കണ്ടത്തിൽപുരയിടത്തിൽ ഒരു കുഴൽകിണർ ഉണ്ടാകണം അല്ലെങ്കിൽ വെള്ളറ ടാങ്കിൽ നിന്നും പൈപ്പ് വഴി വെള്ളം കൊണ്ടുവന്നാൽ ഇവിടുത്തെ ജലക്ഷാമം പരിഹരിക്കാം. കടവുപുഴ മുകൾഭാഗത്ത് വെള്ളം കിട്ടുന്നതിന് കടവുപുഴയാറിന്റെ മുകൾഭാഗത്ത് ചെക്ക്ഡാം നിർമ്മിച്ച് പൈപ്പ് ലൈൻ വഴി വെള്ളം വിതരണം ചെയ്യാവുന്നതാണ്. വെള്ളടാങ്കിൽ നിന്നും മങ്കൊമ്പിൽ ജലം എത്തുമ്പോൾ കടവുപുഴഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

V - ാം വാർഡ്

V- ാം വാർഡിൽ അപ്പർ മങ്കൊമ്പ് ലോവർ മങ്കൊമ്പ് അഞ്ചുകുടിയാർ,ചൊവ്വൂർ എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. ഇതിന് പരിഹാരം പഴമ്പുരക്കൽ ശമുവലിന്റെ പുരടിയത്തിന് സമീപമുള്ള കരിമ്പുള്ള തോട്ടിലെ നിരുറവയിൽ നിന്ന് ജലം സംഭരിച്ച് അപ്പർ മങ്കൊമ്പ് ലോവർ മങ്കൊമ്പ് എന്നിവിടങ്ങളിൽ ശുദ്ധ ജലം എത്തിക്കാവുന്നതാണ്. 6 - ാം വാർഡിലുള്ള മുറ്റത്താനി പുരയിടത്തിലെ ഉറവയിൽ നിന്നും അഞ്ചുകുടിയാർ ടാങ്കിൽ ജലം എത്തിച്ച് ആ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പുതിയ കിണർ കുഴിക്കുക. നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുന്നതിന് വ്യകതികൾക്ക് സാമ്പത്തിക സഹായം നല്കുക. കുഴൽ കിണറുകൾ സ്ഥാപിക്കുക എന്നിവയാണ് പരിഹാരമാർഗ്ഗങ്ങൾ.

VI - ാം വാർഡ്

VI - ാം വാർഡിൽ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങൾ വെള്ളാറ, നെല്ലാപ്പാറ, അമ്പലംമങ്കൊമ്പ് തുടങ്ങിയവയാണ്. ഈ വാർഡിലെ ഏറ്റവും ഉയർന്ന പ്രദേശമായ പഴുക്കാക്കാനത്ത് മൈനാടം തോട്ടിൽ ഒരു ചെക്കുഡാം നിർമ്മിച്ചാൽ ഈ വാർഡിലെ മുഴുവൻ കുടിവെള്ളക്ഷാമം തീർക്കുവാൻ സാധിക്കും. വെള്ളറഭാഗത്ത് പായിപ്പാട് ജോസഫ് എന്നയാളിന്റെ സ്ഥലത്ത് ഉറവയുള്ള ഭാഗത്ത് ചെറിയ ടാങ്ക് തീർത്ത് ജലം അവിടെ നിന്നും സംഭരിച്ച് വെള്ളറ പള്ളിപ്പാറ ടാങ്കിൽ എത്തിച്ച് വെള്ളറ, അമ്പലം മങ്കൊമ്പ് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. വെള്ളറ ഗവ. സ്കൂൾ, മൂന്നിലവ് സർവ്വിസ് കോ ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച്, നെല്ലാപ്പാറപള്ളി എന്നീ പൊതുസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നെല്ലാപ്പാറയിൽ ജലം എത്തിക്കുന്നതിന് പഴുക്കാക്കാനം മൈനാടം തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. അമ്പലംമങ്കൊമ്പിലെ കുഴൽകിണറിന്റെ ഇരുമ്പു പൈപ്പ് മാറ്റി P.V.C. പൈപ്പ് ഇടുക. കിണർ കുഴിക്കാൻ വ്യക്തികൾക്ക് സാമ്പത്തിക സഹായം നല്കുക എന്നി നിർദ്ദേശങ്ങളും ഉണ്ട്.

VII - ാം വാർഡ്

VII-ാം വാർഡിൽ മഞ്ഞപ്പാറ, വാളകം പള്ളിയുടെ താഴെഭാഗം, 60 ഭാഗം, മച്ചിയാനിതടംഭാഗം മുടിക്കുന്ന്ഭാഗം തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുവപ്പെടുന്നു. ഇതിന് പരിഹാരം ചെളിക്കൽഭാഗത്ത് ഒരു ടാങ്ക് നിർമ്മിക്കുകയും അവിടെ നിന്ന് പൈപ്പ്ലൈൻ ഇട്ടാൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

VIII - ാം വാർഡ്

VIII - ാം വാർഡിൽ അഞ്ചുമല, വട്ടക്കാനം ഇരുമാപ്രപള്ളിഭാഗം, വളയഭാഗം തുടങ്ങിയ പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം ഉള്ളത്. ഇതിന് പരിഹാരം നിലവിലുള്ള ലൈനിൽ തേയിലപ്പാറയിൽ ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് പൈപ്പ് ലൈൻ നിട്ടിക്കൊടുക്കുകയും, നിലവിലുള്ള വാട്ടർ ടാങ്ക് നന്നാക്കുകയും വാളകം പള്ളിയുടെ സമീപത്തുള്ള ടാങ്കിൽ നിന്നും നിലവിലുള്ള ലൈൻ റോഡിൽ കൂടി മാറ്റിയിട്ട് ആലുങ്കൽപാറ ടാങ്കിൽ യോജിപ്പിക്കുകയും, കാലഹരണപ്പെട്ട പൈപ്പ് മാറിയിടുകയും നിലവിലുള്ള കവൂർ ഓലി, മാമലശ്ശേരി ഓലി എന്നിവ കുളമാക്കി നിർമ്മിക്കുകയും ചെയ്താൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം ഒരുപരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

നിലവിലുള്ള ശുദ്ധജലപദ്ധതി

പഞ്ചായത്തിൽ കേരളാ വാട്ടർ അതോറിട്ടിയുടെ വാളകം ഇരുമാപ്ര വാട്ടർസപ്ലൈസ്കീം മാത്രമേയുള്ളു. ഈ പദ്ധതികൊണ്ട് 7, 8 വാർഡുകളിലെ 150 ഓളം വീട്ടുകാർക്ക് മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളു. ഇവിടെ നിന്നും ടാപ്പുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കം കൊണ്ട് ഇതിന്റെ പൈപ്പുകൾ ദ്രവിച്ചു തുടങ്ങിയിട്ടുണ്ട്. ഈ കേടായ പൈപ്പുകൾ മാറ്റിയിടേണ്ടതാണ്. കൂടുതൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളം സംഭരിച്ച് കൂടുതലാളുകൾക്ക് പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്.

കിണറുകൾ

ഈ പഞ്ചായത്തിലെ ചെറുകിട കൃഷിക്കാരായ ഭൂരിഭാഗം ആളുകളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. കാലാവസ്ഥ ഭൂപ്രകൃതി എന്നിവയുടെ മാറ്റങ്ങൾ കൊണ്ട് കിണറുകളിലെ ജലനിരപ്പ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സ്വന്തമായി പണം മുടക്കി പുതിയ കിണർ കുഴിക്കുന്നതിനും നിലവിലുള്ള കിണറുകൾ ആഴം കൂട്ടുന്നതിനും ചെറുകിട കർഷകർക്കു കഴിയുന്നില്ല. അതുകൊണ്ട് കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണർ കുഴിക്കുവാനും നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുന്നതിനും സാമ്പത്തികസഹായം നല്കിയാൽ ഈ പഞ്ചായത്തിലെ ചില സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. അതുപോലെതന്നെ നിലവിലുള്ള പഞ്ചായത്തു കിണറുകൾക്ക് എല്ലാം ആഴം കൂട്ടുകയും പുതിയ കിണറുകൾ കുഴിക്കുകയും ചെയ്യണം.

കുഴൽ കിണറുകൾ

പഞ്ചായത്തിൽ ഇപ്പോൾ 7 കുഴൽ കിണറുകളാണുള്ളത്. ഈ കുഴൽകിണറുകളിലെല്ലാം ഇരുമ്പു പൈപ്പുകളാണിട്ടിരിക്കുന്നത്. ഈ പൈപ്പുകൾ ദ്രവിച്ച് തുരുമ്പു പിടിച്ചിരിക്കുന്നതുമൂലം ടി കിണറുകളിലെ വെള്ളം കുടിക്കുവാൻ ഉപയുക്തമല്ല. ആയതുകൊണ്ട് കുഴൽ കിണറുകളിലെ ഇരുമ്പു പൈപ്പുകൾ മാറ്റി P.V.C. പൈപ്പിട്ടാൽ കുഴൽ കിണറുകളെല്ലാം ഉപയോഗയോഗ്യമാകും.

പഴുക്കാക്കാനംപദ്ധതി നടപ്പിലാക്കുന്നതുകൊണ്ടു മാത്രമേ ഈ പഞ്ചായത്തിലെ സമ്പൂർണ്ണമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയുള്ളു. ഇതിനാവശ്യമായ ഇൻവസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക അനുവദിക്കുന്നതിന് സംസ്ഥാനഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വാർഡ് നമ്പർ	I	II	III	IV	V	VI	VII	VIII
പഞ്ചായത്ത് കിണറുകൾ എണ്ണം	2	2	1	1	1	1	2	1
കുഴൽ കിണറുകൾ എണ്ണം	1	1	1	1	2	1		

പൊതുജനാരോഗ്യം

വൈദ്യശാസ്ത്രം വൻ പുരോഗതി കൈവരിച്ച ഈ കാലഘട്ടത്തിലും ഈ പഞ്ചായത്തിൽ ഈ രംഗത്ത് ഇല്ലായ്മയുടെ കഥകൾ മാത്രമേ പറയാനുള്ളു. പഴയ കാലത്ത് ഈ മലയോര പ്രദേശങ്ങൾ നാട്ടു വൈദ്യന്മാരും ഔഷധസസ്യങ്ങളും കൊണ്ട് അനുഗൃഹീതമായിരുന്നു. കാടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കിയതോടുകൂടി പച്ചമരുന്നുകളുടെ ലഭ്യത പരിമിതമായിക്കൊണ്ടിരിക്കുന്നു. അദ്ധ്വാനശീലരായ ജനങ്ങൾ കൂടുതലുള്ള പ്രദേശമാകയാൽ രോഗങ്ങൾ വളരെ കുറവാണ്. മരണനിരക്ക് ഗണ്യമായി കുറഞ്ഞിരിക്കുന്നു. പനി, മഞ്ഞപ്പിത്തം, വയറിളക്കം, ചർദ്ദി, ക്യാൻസർ, രക്തസമ്മർദ്ദം പ്രമേഹം തുടങ്ങിയ രോഗങ്ങൾ കോളനികളിൽ കൂടുതലായി കാണപ്പെടുന്നു. ഈ പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിന് ഒരാശുപത്രിപോലും ഇല്ല. ആകെയുള്ള ആതുര ശുശ്രൂഷാസ്ഥാപനം ഒരു ഗവ. ഹോമിയോ ഡിസ്പൻസറി ആണ്. ഈ ഡിസ്പൻസറിയിൽ ഒരു മെഡിക്കൽ ഓഫീസർ അടക്കം 3 പേർ ജോലി ചെയ്യുന്നു. ഇതിനുവേണ്ടി വലിയ കുമാരമംഗലം സെന്റ് മേരീസ് പള്ളി 10 സെന്റ് സ്ഥലം പഞ്ചായത്തിന് സംഭാവന ചെയ്തിട്ടുണ്ട്. J.R.Y. സ്കീമിൽ കെട്ടിടം പണിപൂർത്തിയാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിലേയ്ക്ക് താമസം വിനാ ഡിസ്പെൻസറി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. 4 കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ 4 പബ്ലിക് ഹെൽത്ത്നഴ്സുമാർ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, മാതൃശിശുസംരക്ഷണ പ്രവർത്തനങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നു.

ഈ പഞ്ചായത്തിലെ ആരോഗ്യമേഖല തൃപ്തികരമല്ല. സ്വകാര്യമേഖലയിൽ 2 ഹോമിയോ ക്ലിനിക്കുകളും ഒരു ആയുർവേദ ക്ലിനിക്കും ഉണ്ട്. 4 പബ്ലിക്ഹെൽത്ത്നഴ്സുമാർ ഇവിടെ ഫിൽഡ് വർക്ക് ചെയ്യുന്നുണ്ട്. കളത്തൂക്കടവിലും ഇരുമാപ്രയിലും ഉള്ള കുടുംബക്ഷേമ കേന്ദ്രങ്ങൾക്കു മാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളത്. അതിൽ തന്നെ കളത്തൂക്കടവിലെ കെട്ടിടം കാലപ്പഴക്കം കൊണ്ട് ഇടിഞ്ഞു വീഴാറായതും ചോർന്നൊലിക്കുന്നതുമാണ്. മൂന്നിലവിലും നെല്ലാപ്പാറയിലും സെന്ററുകൾ ഉണ്ടെങ്കിലും സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ കുടുംബക്ഷേമ കേന്ദ്രത്തിൽ നിന്നും സേവനം ജനങ്ങൾക്കു വേണ്ടവിധം ലഭിക്കുന്നില്ല. എങ്കിലും പ്രതിരോധ കുത്തിവെയ്പുകൾ, കുടുംബക്ഷേമപ്രവർത്തനങ്ങൾ എന്നീ സേവനങ്ങൾ ലഭ്യമാണ്. മരുന്നുകളുടെ ദൗർലഭ്യം P.H. നഴ്സുമാരുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുപോലെതന്നെ ഈ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രയോജനം നേടുന്നതിൽ ജനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്നതും പ്രശ്നമാണ്. ഈ പഞ്ചായത്തിൽ ശിശുമരണം തീർത്തും ഇല്ല. ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

പഞ്ചായത്തിൽ മരണ നിരക്ക്	കേരളത്തിൽ മരണ നിരക്ക്	പഞ്ചായത്തിൽ ജനന നിരക്ക്	കേരളത്തിലെ ജനന നിരക്ക്	പഞ്ചായത്തിൽ ശിശുമരണനിരക്ക്	കേരളത്തിൽ ശിശുമരണനിരക്ക്
6	5.9	14	17	ഇല്ല	16

പഞ്ചായത്തിന്റെ ആരോഗ്യനിലവാരം

സ്ഥാപനങ്ങൾ

വാർഡ്	ഗവ. സ്ഥാപനങ്ങൾ	ജീവനക്കാരുടെ എണ്ണം	സ്വന്തമായി സ്ഥലം ഉണ്ടോ	സ്വന്തം കെട്ടിടം ഉണ്ടോ
I	കുടുംബക്ഷേമ കേന്ദ്രം കുളത്തുക്കടവ്, പുതുശ്ശേരി	1 ഉണ്ട്	ഉണ്ട്	
II	ഹോമിയോ ഡിസ്പൻസറി	1	ഉണ്ട്	ഉണ്ട്
IV	കുടുംബക്ഷേമകേന്ദ്രം മൂന്നിലവ്	1 ഇല്ല	ഇല്ല.	
VII	കുടുബക്ഷേമകേന്ദ്രം നെല്ലാപ്പാറ	1	ഇല്ല	ഇല്ല
VIII	കുടുംബക്ഷേമ കേന്ദ്രം ഇരുമാപ്ര	1ഉണ്ട്	ഉണ്ട്	

കേരളത്തിലും അതുപോലെ മൂന്നിലവ് പഞ്ചായത്തിലും പ്രതിരോധ കുത്തിവയ്പുകൾ വ്യാപകമായതോടുകൂടി പോളിയോ, ഡിപ്തീരിയ, വില്ലൻചുമ, തുടങ്ങിയവ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ 10-ഉം 20 - ഉം കിലോമീറ്റർ ദൂരെയുള്ള സ്വകാര്യആശുപത്രികളിലാണ് ചികിത്സ നേടുന്നത്. സർക്കാർ ആശുപത്രികൾ ഇവിടെ ഇല്ലാത്തതിനാൽ ആരോഗ്യപരിപാലന ചിലവ് വർദ്ധിച്ചു വരുന്നു. ഇവിടുത്തെ ഭൂരിഭാഗം വരുന്ന ദുർബല വിഭാഗക്കാർക്ക് ചികിത്സ അപ്രാപ്യവും വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയുമായി മാറിക്കൊണ്ടിരിക്കുന്നു. ഈപഞ്ചായത്തിലെ ആരോഗ്യനിലവാരം മെച്ചപ്പെടണമെങ്കിൽ 1- ാം വാർഡിലുള്ള കുടുംബക്ഷേണകേന്ദ്രവും VIII - ാം വാർഡിലുള്ള കുടുംബക്ഷേമകേന്ദ്രവും ഗ്രാമീണ ഡിസ്പൻസറികൾ ആക്കി ഉയർത്തുകയും മൂന്നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള ഗവ. ആശുപത്രിയും ഒരു ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കേണ്ടതുണ്ട്.

കക്കൂസുകൾ

മൂന്നിലവ് പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം ആകെയുള്ള 2300 വിടുകളിൽ 1968 ആണ്. കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കോളനികളിൽ കുട്ടികൾക്ക് വയറിളക്കം വിരശല്യം എന്നി അസുഖങ്ങൾ കണ്ടുവരുന്നു. ഈ പഞ്ചായത്തിലെ എല്ലാവർക്കും കക്കൂസ് സൗകര്യം ഗവൺമെന്റിന്റെ നിർമ്മൽ 2000 കക്കൂസ് പദ്ധതിയിൽ കൂടി പ്രാവർത്തികമാകുമെന്ന് പ്രതീക്ഷിക്കാം. ഇവിടുത്തെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ശരിയായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പരിസര ശുചിത്വം

ജനങ്ങളുടെ ആരോഗ്യം ജനങ്ങളുടെ കൈകളിലാണ്.അതുകൊണ്ട് പരിസരശുചിത്വം ആരോഗ്യം മെച്ചപ്പെടുത്തുന്നതിലെ പ്രധാനകാര്യമാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലെ പരിസര ശുചിത്വമില്ലായ്മ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനിടയാക്കിയിട്ടുണ്ട്. II - ാം വാർഡിലേയും III ാം വാർഡിലേയും VII - ാം വാർഡിലേയും 4 സെന്റ് വീതം സ്ഥലം മാത്രമുള്ള ലക്ഷംവീട് കോളനികളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമൂലവും സ്ഥലപരിമിതിമൂലം പാഴ്വസ്തുക്കളും വിസർജ്ജ്യവസ്തുക്കളും നിക്ഷേപിക്കാനുള്ള പൊതുസ്ഥലം ഇല്ലാത്തതിനാൽ പകർച്ച വ്യാധികളുടെ വ്യാപനത്തിന് ഇടയാക്കുന്നു. പഞ്ചായത്തു മാംസ വില്പനശാലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പരിസര മലിനീകരണം ഗണ്യമായ അളവിൽ കാണപ്പെടുന്നു. കവണാറിലെ ജലം ആറ്റിലേക്കൊഴുകുന്നതുമൂലം ജലം മലിനീകരിക്കപ്പെടുന്നു. വാട്ടർ ട്രീറ്റ്മെന്റ് ടാങ്ക് അടിയന്തിരമായി സ്ഥാപിക്കുവാൻ വേണ്ട നടപടി പഞ്ചായത്ത്

കക്കൂസ് ഇല്ലാത്തവരുടെ എണ്ണം

ആകെ വീടുകൾ	വാർഡ്	കക്കൂസ് ഉള്ള കുടുംബം	കക്കൂസ് ഇല്ലാത്ത കുടുംബം
296	I	77	219
298	II	52	246
262	III	83	179
410	IV	52	358
285	V	50	235
388	VI	33	355
424	VII	35	389
274	VIII	37	237

സ്വീകരിക്കേണ്ടതാണ്. ഇവിടുത്തെ ഹോട്ടലുകളിൽ വേണ്ടത്ര ശുചിത്വം പാലിക്കുന്നുണ്ടോയെന്ന് പഞ്ചായത്തും ആരോഗ്യവകുപ്പും ഉറപ്പുവരുത്തേണ്ടതാണ്. ലക്ഷംവീടു കോളനികളിൽ അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാൽ പരിസരങ്ങളിലെ തോടുകളിലെ വെള്ളം മലിനമാകുന്നു. ഹോട്ടലുകളിലെയും റബർക്കടകളിലെയും മലിനജലം പ്രത്യേക ടാങ്ക് നിർമ്മിച്ച് അവിടെതന്നെ മണ്ണിൽ താഴാനുള്ള സൗകര്യം ഉണ്ടാകണം. വർഷകാലത്തും വരൾച്ചക്കാലത്തും കിണറുകളിൽ ക്ലോറിനേഷൻ ഫലപ്രദമായി നടപ്പാക്കണം. കൊതുകു നശീകരണം, ഈച്ച നശീകരണം മലിനജലം കെട്ടിക്കിടക്കുന്നത് തടയുക തുടങ്ങിയ നടപടികൾ സ്വീകരിക്കണം.

പൊതു ശ്മശാനം

മൂന്നിലവ് പഞ്ചായത്തിന്റെ II, III, VII വാർഡുകളിൽ ലക്ഷം വീടുകോളനികൾ ഉണ്ടെങ്കിലും അവിടെ പൊതുശ്മശാനം ഇല്ല. ആരെങ്കിലും മരിച്ചാൽ, ഉള്ള 4 സെന്റിൽ തന്നെ സംസ്ക്കരിക്കേണ്ടിവരുന്നത് പിസരശുചിത്വത്തെ ബാധിക്കുന്നു. അതുകൊണ്ട് കോളനി വാർഡുകളിൽ അടിയന്തിരമായി പൊതുശ്മശാനം ഉണ്ടാകണം.


ആരോഗ്യരംഗത്ത് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ

1. ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് പഞ്ചായത്തു തല ജനകീയകമ്മറ്റി ഉണ്ടാക്കണം.
2. കുട്ടികൾ ഗർഭിണികൾ, വൃദ്ധജനങ്ങൾ, വികലാംഗർ തുടങ്ങിയവർക്ക് ആരോഗ്യരംഗത്ത് പ്രത്യേക പരിചരണം നല്കണം.
3. കുടുംബക്ഷേമ കേന്ദ്രത്തിൽ രക്തഗ്രൂപ്പു നിർണ്ണയ ക്യാമ്പ് നടത്തുക.
4. രക്തദാനം, നേത്രദാനം, ഇവ പ്രോത്സാഹിപ്പിക്കുക.
5. സ്കൂളുകളിൽ വർഷത്തിൽ ഒരു പ്രാവശ്യം എല്ലാ കുട്ടികളെയും മെഡിക്കൽചെക്കപ്പ് നടത്തി രോഗനിർണ്ണയം നടത്തുക.
6. കുടുംബക്ഷേമ കേന്ദ്രത്തിൽ ഫസ്റ്റ്എയ്ഡിനുള്ള മരുന്നുകൾ ലഭ്യമാക്കുക.
7. കുടുംബക്ഷേമ കേന്ദ്രത്തിൽ നേത്രരോഗ നിർണ്ണയ ക്യാമ്പ് നടത്തുക.
8. പോഷകാഹാര നില മെച്ചപ്പെടുത്താൻ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
9. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കക്കൂസ് എന്ന പ്രഖ്യാപിതലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുക.
10. കുട്ടികൾക്ക് വീട്, പരിസരം, കക്കൂസ് തുടങ്ങിയവ വൃത്തിയാക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണ ക്യാമ്പ് നടത്തുക.



പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളും വാർഡ് തിരിച്ച് ആവശ്യങ്ങളും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന രോഗങ്ങൾ	നിലവിലുള്ള പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തൽ	പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം
	ഗവ:	സ്വകാര്യ			
I	കുടുംബക്ഷേമ കേന്ദ്രം		മഞ്ഞപ്പിത്തം ചെങ്കണ്ണ്, വയറിളക്കം, അഞ്ചാംപനി ചർദ്ദി	ഒരു P.H. നഴ്സ് ഉണ്ട്. കുത്തിവയ്പുകൾ നടത്താറുണ്ട്. മരുന്നുകളുടെ ദൗർലഭ്യം പ്രവർത്തനത്തെ ബാധിക്കുന്നു.	ഡിസ്പൻസറി ആയി ഉയർത്തണം. കുടുംബക്ഷേമ കേന്ദ്രത്തിന്റെ കെട്ടിടം മഴപെയ്യുമ്പോൾ ചോരുന്നു. എല്ലാം ഇടിഞ്ഞ് അപകടാവസ്ഥയിലാണ് പുതിയ കെട്ടിടംപണിയുന്നത്.
II	സ്ഥാപനങ്ങൾ ഒന്നും ഇല്ല		പനി ചർദ്ദി ചെങ്കണ്ണ്	ഒരു P.H. നഴ്സ് ഫീൽഡ് വർക്ക് ചെയ്യുന്നുണ്ട്. പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട്.	രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള കെട്ടിടത്തോടുകൂടിയുള്ള ആശുപത്രിസൗകര്യം ഉണ്ടാകണം.
III	ഹോമിയോ ഡിസ്പൻസറി		മഞ്ഞപ്പിത്തം അഞ്ചാംപനി ചെങ്കണ്ണ്	ഒരു മെഡിക്കലോഫീസർ അടക്കം 3 പേർ ജോലി ചെയ്യുന്നു.	പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റണം. മരുന്നുകൾ എല്ലാം ലഭ്യമാക്കണ്
IV	കുടുംബക്ഷേമ കേന്ദ്രം	2 ഹോമിയോ 1 ആയുർവേദ ക്ലിനിക്ക്	വയറുകടി ചെങ്കണ്ണ് ഫ്ലൂ മഞ്ഞപ്പിത്തം	ഒരു P.H. നഴ്സുകുടുംബക്ഷേമ പ്രവർത്തനങ്ങൾനടത്തുന്നു.	കുടുംബക്ഷേമ കേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും വേണം. മരുന്നുകളും ഗുളികകളും യഥാസമയം ലഭ്യമാക്കണ്.
V	ഇല്ല		പനി പ്രമേഹം പ്രഷർ വാതം	പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട്. ഒരു Ph. നഴ്സ് കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നു	വിദഗ്ദ്ധ ചികിത്സക്ക് ആശുപത്രി തുടങ്ങണ്. ഒരു കുടുംബക്ഷേമകേന്ദ്രം തുടങ്ങണം ഗുളികകൾ നഴ്സുമാർ മുഖേന നല്കണം.
VI	ഒരു കുടുംബക്ഷേമകേന്ദ്രം ഉണ്ട്		ചെങ്കണ്ണ് മഞ്ഞപ്പിത്തം പനി വയറിളക്കം	ഇവിടെ ഒരു P.H. നഴ്സ് ഫീൽഡ്വർക്ക് ചെയ്യുന്നുണ്ട്. പ്രതിരോധകുത്തിവയ്പുകൾ നടത്തുന്നു.	കുടുംബക്ഷേമ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവും വേണം. ചികിത്സാസൗകര്യങ്ങളുള്ള ആശുപത്രി സ്ഥാപിക്കണം.
VII	ഇല്ല		പനി മഞ്ഞപ്പിത്തം പകർച്ചവ്യാധികൾ	പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നു.	ഒരു കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കണം. ആളുകളെ ചികിത്സിക്കുന്നതിനുള്ള ആശുപത്രി സ്ഥാപിക്കണം.
VIII	കുടുംബക്ഷേമ കേന്ദ്രം ഉണ്ട്.		മഞ്ഞപ്പിത്തം ചർദ്ദി, കണ്ണുരോഗം, വയറിളക്കം ചൂടുപനി.	ഒരു P.H. നഴ്സ് ഉണ്ട്. സ്ഥിരമായി താമസിക്കാറില്ല. ഗുളികൾ യഥാസമയം കിട്ടാറില്ല.	കുടുംബക്ഷേമ കേന്ദ്രം ഒരു ഗ്രാമീണ ഡിസ്പൻസറി ആക്കി ഉയർത്തണം. ഗുളികകൾ യഥാസമയങ്ങളിൽ ലഭ്യമാക്കണം.



വ്യവസായം

വ്യവസായ വികസനത്തിന് ആവശ്യമായ മിക്ക അടിസ്ഥാന സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും നാളിതുവരെ ഇവിടെ കാര്യമായ വ്യവസായ പുരോഗതി ഉണ്ടായിട്ടില്ല. കൃഷിയിലും അനുബന്ധകാര്യങ്ങളിലും നാം കൊടുക്കുന്ന ശ്രദ്ധ വ്യവസായ പുരോഗതിക്ക് കൊടുക്കാത്തതാണൊ ഇതിന്റെ കാരണം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നുമില്ല. സ്വകാര്യമേഖലയിലെ ഏതാനും ചെറുകിട യൂണിറ്റുകളും റബ്ബർ ബോർഡിന്റേയും മീനച്ചിൽ താലൂക്കിലെ 49 റബ്ബർ ഉത്പാദക സംഘങ്ങളുടെയും സംയുക്ത സംരംഭമായ കവണാർ ലാറ്റക്സ് ഫാക്ടറിയുമാണ് ഇവിടെയുള്ളത്. വ്യവസായ യൂണിറ്റുകളുടെ വിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

വ്യവസായ തൊഴിലാളികൾ

വ്യവസായങ്ങൾ കുറവായതുകൊണ്ടുതന്നെ വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരും ഇവിടെ കുറവാണ്. കവണാർ ലാറ്റക്സ് ഫാക്ടറി നമ്മുടെ പഞ്ചായത്തിലാണെങ്കിലും ഇവിടെ നിന്ന് വളരെ കുറച്ചു പേർക്കു മാത്രമേ അവിടെ ജോലി ലഭിച്ചിട്ടുള്ളൂ. വിവിധ യൂണിറ്റുകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണവും ലഭ്യമായ കൂലി നിരക്കും പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്. വ്യവസായമേഖലയിൽ സ്ത്രീ തൊഴിലാളികളുടെ പങ്ക് നാമമാത്രമാണ്.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

കുടിൽ വ്യവസായമായ തേനീച്ചവളർത്തൽ നമ്മുടെ പഞ്ചായത്തിൽ ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്തിരുന്നുവെങ്കിലും ഏതാനും വർഷങ്ങൾക്കുമുമ്പുണ്ടായ തേനീച്ച രോഗം ഈ മേഖലയെ സാരമായി ബാധിച്ചു.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം കുട്ട, മുറം, പനമ്പ് ഇവയുടെ നിർമ്മാണമാണ്. ഇതിനുള്ള പ്രധാന അസംസ്കൃത വസ്തുവായ ഈറ നമ്മുടെ പഞ്ചായത്തിൽ സുലഭമാണെങ്കിലും ഇവയുടെ വിപണനത്തിനുള്ള ബുദ്ധിമുട്ടും ഈ വ്യവസായത്തിലേക്ക് പുതിയ ആളുകൾ വരാത്തതിനാലും ഈ മേഖല ശോഷിച്ചിരിക്കുകയാണ്.

പ്രശ്നങ്ങൾ

ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ ഗതാഗതസൗകര്യങ്ങൾ, സാങ്കേതിക തൊഴിൽ മേഖലകളിൽ വിദ്യാഭ്യാസവും പരിചയവുമുള്ളവർ, വാർത്താവിനിമയ സൗകര്യങ്ങൾ, വൈദ്യുതീകരണം, ഉയർന്ന സാക്ഷരത, സംരംഭക ശേഷിയുള്ളവർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം

ക്രമ നമ്പർ	വ്യവസായം	ആകെ എണ്ണം	ജോലി ചെയ്യുന്നവരുടെ എണ്ണം		ലഭ്യമായ കൂലി	
			പുരു	സ്ത്രീ	പുരു	സ്ത്രീ
1.	റബ്ബർ ലാറ്റക്സ് ഫാക്ടറി	1	45	-	50 രൂപ	
2.	മെറ്റൽ ക്രഷർ	1	1	14	90രൂപ	75രൂപ
3.	ഫോം റബർ ഫാക്ടറി	1	7	-	75രൂപ	-
4.	തടി മില്ല്	1	3	-	100രൂപ	-
5.	ഫർണിച്ചർ വർക്ക് ഷോപ്പ്	1	2	-	125രൂപ	-
6.	സോഡാഫാക്ടറി	1	സ്വന്തം	-	-	-
7.	ധാന്യങ്ങൾ പൊക്കുന്നുമില്ല്	2	സ്വന്തം	-	-	-

അവലംബം (1) സെക്കന്ററി ഡേറ്റാ ഗ്രാമപഞ്ചായത്ത് (2) സെക്കന്ററി ഡേറ്റാ ഗ്രാമസഭ

ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്ത് വ്യവസായിക വളർച്ച നേടാത്തത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. പഞ്ചായത്തിൽ പല ഭാഗങ്ങളിലും ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതീകരണം നടന്ന ഭാഗങ്ങളിൽതന്നെ ആവശ്യമായ വോൾട്ടേജില്ല. വ്യവസായത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനാവശ്യമായ കാലതാമസവും, ചെലവും ഉണ്ടാകുന്നു. പവർകട്ടും, വൈദ്യുതി നിയന്ത്രണവും കൂടെക്കൂടെ ഉണ്ടാകുന്ന വൈദ്യുതി തകരാറുകളും വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമാണ്.
2. സർക്കാർ നടപ്പിലാക്കുന്ന വിവിധ തൊഴിൽ പ്രോത്സാഹന പദ്ധതികളെപ്പറ്റി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും അറിവില്ല. അതുകൊണ്ട് ഇത്തരം പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. പലപ്പോഴും ഇവയ്ക്ക് ആവശ്യമുള്ള യോഗ്യരായ അപേക്ഷകരെ കിട്ടാതെ ലാപ്സായി പോകുന്നു.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ കിട്ടുന്നതിനുള്ള കാലതാമസവും ചെലവും സാങ്കേതിക തടസ്സങ്ങളും പുതിയ വ്യവസായം തുടങ്ങുന്നതിന് തടസ്സമാണ്.
4. പഞ്ചായത്തിലെ പ്രധാനഭാഗങ്ങളിലേക്ക് റോഡുകൾ ഉണ്ടെങ്കിലും പ്രത്യേകിച്ച് 6, 7, 8 വാർഡുകളിലെ പല റോഡുകളും ഗതാഗത യോഗ്യമല്ല.
5. പഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റ് ഇല്ല. അടിസ്ഥാന സൗകര്യങ്ങൾലഭ്യമായ സ്ഥലങ്ങൾ ജനസാന്ദ്രത കൂടിയതാകയാൽ ചില വ്യവസായങ്ങൾ പ്രത്യേകിച്ച് റബ്ബറുമായി ബന്ധപ്പെട്ടവ, മെറ്റൽ ക്രഷർ തുടങ്ങിയവ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
6. പരമ്പരാഗത കൈത്തൊഴിൽ, കുടിൽ വ്യവസായം ഇവയിൽ ഏർപ്പെട്ടിരിക്കുന്നവർ അസംഘടിതരാണ്. അവർക്ക് പരിശീലനവിപണനസൗകര്യങ്ങൾ കുറവാണ്.
7. വനിതകൾക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ പരിശീലനവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
8. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ് മൂലം ആളുകൾക്ക് വ്യവസായ അഭിരുചി കുറവാണ്.
9. മുഖ്യ നാണ്യവിളയായ റബ്ബറിന്റെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ റബ്ബറധിഷ്ഠിത വ്യവസായത്തിന് ഭീഷണിയാണ്. അസംസ്കൃത റബ്ബറിന്റെ വില വ്യത്യാസമനുസരിച്ച് ഉൽപന്നത്തിന് അനുയോജ്യമായ വില ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1. വ്യവസായ ആവശ്യത്തിനു വേണ്ടത്ര വൈദ്യുതി ലഭ്യമാക്കുന്നതിന് കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ആവശ്യമായ ലൈനുകൾ ത്രീഫെയെസ് ആക്കുന്നതിലും വൈദ്യുത കണക്ഷനുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിൽ തന്നെ നടപ്പിലാക്കാവുന്ന ചെറുകിട വൈദ്യുത പദ്ധതികളെ പറ്റി പഠിക്കുക. വ്യവസായത്തിനായി വാങ്ങുന്ന ജനറേറ്ററുകൾക്ക് ലോൺ സബ്സിഡി ഇവകൊടുക്കുക.
2. സ്വകാര്യ മേഖലയിൽ ചെറുകിട വ്യവസായങ്ങളിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിനും അവർക്ക് വിവിധ പദ്ധതികളെപ്പറ്റി അറിവു നൽകുന്നതിനും ത്വരിതഗതിയിലുള്ള വ്യവസായവളർച്ച കൈവരിക്കുന്നതിനുമായി താഴെപറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.
   a) പുതിയ വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവർക്കായി എല്ലാ വർഷവും വ്യവസായ വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിക്കുക.
   b) വ്യവസായ കേരളം തുടങ്ങിയ വ്യവസായവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുകയും ലൈബ്രറികൾ വഴി എല്ലാവർക്കും വായിക്കാൻ ലഭ്യമാക്കുക.
3. വ്യവസായ വികസന സാദ്ധ്യതയുള്ള സ്ഥലങ്ങളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുക.
4. പുതിയ പഞ്ചായത്തുരാജ് നിയമമനുസരിച്ച് വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങാനുള്ള അധികാരം പഞ്ചായത്തുകൾക്കാണല്ലോ. അതിനാൽ ജലം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായസ്ഥലത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം വാങ്ങിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച്

സംരംഭകർക്ക് വാടകയ്ക്ക് നൽകുക.

5. പരമ്പരാഗത വ്യവസായ മേഖലയിലുള്ളവർക്കായി ഒരു സഹകരണ സംഘം അല്ലെങ്കിൽ പാർട്ട്നർഷിപ്പ് സ്ഥാപനം രൂപീകരിക്കുകയും അവർക്ക് ആവശ്യമായ പരിശീലനവും, വിപണനസൗകര്യങ്ങളും ഏർപ്പെടുത്തുക.
6. വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നല്കുക.
7. വ്യവസായം ആരംഭിക്കാൻ താല്പര്യമുള്ളവർക്ക് കാര്യക്ഷമമായി വ്യവസായം നടത്തുന്നവരുമായി ആശയവിനിമയം നടത്തുന്നതിനും വ്യവസായങ്ങളെപറ്റിയുള്ള ആശങ്ക അകറ്റുന്നതിനും പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ടു മനസിലാക്കുവാൻ പഠനയാത്രകൾ സംഘടിപ്പിക്കുക.

റബർ ഫോം യൂണിറ്റ്

സ്വകാര്യമേഖലയിലെ വാഴയിൽ റബർ ഫോം യൂണിറ്റും, റബർ ബോർഡിന്റെയും മീനച്ചിൽ താലൂക്കിലെ 49 റബർ ഉല്പാദകസംഘവും (R.P.S.) ചേർന്ന് പാലാ കേന്ദ്രമായി രജിസ്റ്റർ ചെയ്തിരിക്കുന്ന കവണാർ ലാറ്റക്സ് ഫാക്ടറിയുടെ ബ്രാഞ്ചായി 2-ാം വാർഡിൽ തഴക്കവയൽ ഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന കവണാർ ലാറ്റക്സ് ഫാക്ടറിയും മാത്രമാണ് ഇവിടെയുള്ളത്.

I. സാദ്ധ്യതകൾ

പുകപ്പുരകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് ഗുണമേന്മയുള്ള ഷീറ്റുകൾ ആക്കി വില്പനക്ക് തയ്യാറാക്കാവുന്നതാണ്.

സാദ്ധ്യതകൾ

ഇന്ത്യയുടെ മൊത്തം റബർ ഉത്പാദനത്തിൽ സിംഹഭാഗവും നൽകുന്നത് നമ്മുടെ കൊച്ചുകേരളമാണ്. എന്നാൽ നാം ഉത്പാദിപ്പിക്കുന്ന റബ്ബറിൽ വളരെ കുറഞ്ഞ ഭാഗം മാത്രാണ് കേരളത്തിൽ വ്യവസായത്തിനായി ഉപയോഗിക്കുന്നത്. ആയതിനാൽ അനേകം വ്യവസായങ്ങളിലെ പ്രധാന അസംസ്കൃത വസ്തുവായ റബറിന് അനന്തമായ വ്യവസായ സാദ്ധ്യതകളുണ്ട്.

ചെറുകിട വ്യവസായങ്ങൾ

സമൃദ്ധമായ മാനവശേഷിയും വിഭവശേഷിയും കാര്യക്ഷമമായി വിനിയോഗിക്കാൻ ഏറ്റവും പറ്റിയ മാർഗ്ഗമാണ് ചെറുകിട വ്യവസായങ്ങൾ. വൻ വ്യവസായങ്ങളോട് തുലനം ചെയ്യുമ്പോൾ മൂലധനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിലും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലും ചെറുകിട വ്യവസായങ്ങൾ. വൻ വ്യവസായങ്ങളോട് തുലനം ചെയ്യുമ്പോൾ മൂലധനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലും ചെറുകിട വ്യവസായങ്ങൾ ആണല്ലോ മുന്നിൽ.

നമ്മുടെ പഞ്ചായത്തിൽ റബ്ബറുമായി ബന്ധപ്പെട്ട കുറഞ്ഞ ചെലവിൽ നടത്താവുന്ന വ്യവസായങ്ങൾ

1. റബർ ബാൻഡ്, ബലൂൺ
2. കൈയുറ
3. റബ്ബർ ചെരുപ്പ്
4. റബ്ബർ മാറ്റ്
5. റബ്ബർ ട്യൂബ്
6. റബ്ബർ ബുഷ്
7. റബ്ബർ അടുപ്പ്

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ഭാഗം റബ്ബർ കർഷകർ തരം തിരിക്കാത്ത റബ്ബർ ഷീറ്റുകളാണ് ഉല്പാദിപ്പിക്കുന്നത്. ഇത്തരം ഷീറ്റുകൾ കഴുകി പുക കൊള്ളിച്ചാൽ ഉയർന്ന ഗ്രേഡിൽ കൂടിയ വിലക്ക് വിൽക്കാം. അതുകൊണ്ട് ഏതാനും പുകപ്പുരകൾക്ക് സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ തടികൾ ധാരാളമായി ലഭ്യമാണ്. ആയതിനാൽ ഫർണിച്ചർ നിർമ്മിക്കുന്ന ഏതാനും യൂണിറ്റുകൾ പ്രവർത്തിപ്പിക്കാം.

ധാന്യങ്ങൾ പൊടിക്കുന്നതിനും കാപ്പിക്കുരു മുതലായവ കുത്തുന്നതിനുമുള്ള മില്ലുകൾ പ്രവർത്തിപ്പിക്കാം.

നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞ മുതൽ മുടക്കിൽ നല്ല നിലയിൽ പ്രവർത്തിപ്പിക്കാവുന്ന വ്യവസായങ്ങൾ

1. അരി, ഗോതമ്പ്, തുടങ്ങിയവ പൊടിച്ച് പായ്ക്കറ്റിലാക്കി വിൽക്കുക.
2. പ്ലാസ്റ്റിക് ചിരട്ട, സ്കൂൾ ബാഗുകൾ, സ്ട്രോ തുടങ്ങയവുടെ നിർമ്മാണം.
3. കാലിതീറ്റ
4. ബ്രഡ്, മിഠായി, ബേക്കറി സാധനങ്ങൾ
5. ഇലക്ട്രോണിക് ചോക്കുകൾ, ഇലക്ട്രോണിക് ഓവർലോഡ്കട്ട്ഓഫ്, ഫാൻ, റെഗുലേറ്റർ, എമർജൻസിലാമ്പ് etc.
6. സ്വിച്ച് ബോർഡുകൾ

7. ലിക്വിഡ് ഡിറ്റർജന്റ്സ്, ക്ലീനിംഗ് പൗഡർ
8. ഹോളോബ്രിക്സ് കോൺക്രീറ്റ് ജനാല, കട്ടിള etc.
9. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
10. അലക്കുസോപ്പ്, സോപ്പ്പൊടി
11. പേപ്പർ കവർ
12. കറിപൗഡറുകൾ, അച്ചാറുകൾ
13. നോട്ട് ബുക്ക്, കുട
14. നെയ്ത്ത്
15. കൂൺകൃഷി

കൂടാതെ ഇവിടെ ലഭ്യമാവുന്ന കളളിൽ നിന്ന് പാനി, വിന്നാഗിരി തുടങ്ങി പല സാധനങ്ങളും ഉണ്ടാക്കി വില്ക്കാവുന്നതാണ്.

തേൻ വ്യവസായം

തേനീച്ച രോഗം ഈ വ്യവസായത്തെ നശിപ്പിച്ചെങ്കിലും ഇപ്പോൾ ഈ വ്യവസായം ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. പഞ്ചായത്ത് നേരിട്ടും ധനകാര്യസ്ഥാപനങ്ങൾ വഴിയും ആവശ്യമായ വായ്പാ സൗകര്യങ്ങളും പരിശീലനസൗകര്യങ്ങളും ലഭ്യമാക്കിയാൽ ഈ രംഗത്ത് തൊഴിൽ അവസരങ്ങൾ ഉണ്ടാകും. തേനീച്ച, വളർത്തൽ കാര്യക്ഷമമായി നടത്തുന്നതിന് ഒരു സഹകരണസംഘ പങ്കാളിത്ത സംരംഭം പ്രവർത്തിക്കുന്നത് ഉത്തമമാണ്.

ടൂറിസം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണല്ലൊ. കോട്ടയം ജില്ലയിൽ കാര്യമായ ടൂറിസ്റ്റു കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ നമ്മുടെ പഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും പല പ്രദേശങ്ങളും വൻ ടൂറിസവികസന സാധ്യതയുള്ളതാണ്. ഇവയുടെ വികസനത്തിനായി താഴെ ചേർക്കുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. വഴിക്കടവ്, മാറുമല, അയ്യമ്പാറ, ഇല്ലിക്കക്കല്ല്, പഴുക്കാക്കാനം, കണ്ണാടിപ്പാറ, മായൻ കല്ല്, കോലാനിമുടി, ഇലവീഴാപൂഞ്ചിറ ഇവയെ മൂലമറ്റം പവർഹൗസുമായി ബന്ധിപ്പിച്ച് ലിങ്ക് റോഡുകൾസ്ഥാപിക്കുക, ഇവയെ ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുക.
2. പഴുക്കാക്കാനത്ത് ഒരു ചെറിയ ഡാം, പൂന്തോട്ടം ഇവ നിർമ്മിക്കുക. ആവശ്യമായ താമസസ്ഥലങ്ങളും ഉണ്ടാക്കുക.
3. ഇല്ലിക്കക്കല്ലിലേക്കുള്ള റോഡ് ചെളിക്കൽ വരെ ടാറ് ചെയ്യുകയും സീസൺ സമയത്ത് ബസ്സർവ്വീസ് നടത്തുകയും ചെയ്യുക. പഴുക്കാക്കാനം ആറിന് കുറുകെ കണ്ണാടിപ്പാറ ഭാഗത്ത് വെള്ളച്ചാട്ടത്തിന് മുകളിലായി രണ്ടിടുക്കുപാറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരണകെട്ടിയാൽ എഴുന്നൂറേക്കറോളം നിരപ്പായ സ്ഥലത്ത് വെള്ളം കെട്ടി നിർത്തി ഒരു കൃത്രിമ ജലാശയം സൃഷ്ടിക്കുവാൻ സാധിക്കും. പഴുക്കാക്കാനത്തിന്റെ വടക്കും കിഴക്കും, തെക്കും ഉയർന്ന മലകൾ നില്ക്കുന്നതിനാൽ പ്രകൃതിദത്തമായ ഭിത്തിയായി. ഇതിനാൽ വെള്ളത്തിന്റെ പുറത്തേക്കുള്ള ഒഴുക്കിനെ തടഞ്ഞു നിർത്തുവാൻ സാധിക്കുന്നു. അങ്ങനെ 700 ഏക്കർ വിസ്തീർണ്ണമുള്ള ഒരു വൻഫെഡ് ടാങ്കുപോലെ വെള്ളം കെട്ടിനിർത്താൻ സാധിക്കുന്നു. ഈ ജലാശയത്തിൽ ബോട്ടുയാത്ര പോലും നടത്താവുന്നതാണ്. അപ്രകാരം പ്രകൃതിരമണീയമായ ഒരു വിനോദസഞ്ചാരകേന്ദ്രമാക്കി ഈ പ്രദേശത്തെ മാറ്റുന്നതിന് സാധിക്കും. വിനോദസഞ്ചാരികൾ വന്നു പോകുന്ന ഒരു പ്രദേശമായി ഈ പഞ്ചായത്തിനെ മാറ്റിയെടുക്കുന്നതിന് സാധിക്കും. ഇതിന് ആവശ്യമയ തുക കേന്ദ്രഗവൺമെന്റ് ടൂറിസം വകുപ്പിൽ നിന്ന് അനുവദിക്കേണ്ടതാണ്.

ആരോഗ്യമുള്ള ഒരു പുരുഷനോ സ്ത്രീയ്ക്കോ ജോലിയോ ആഹാരമോ ഇല്ലാത്തിടത്തോളം കാലം നമ്മൾ വിശ്രമിക്കുന്നതിലും, ആഹാരം കഴിക്കുന്നതിലും ലജ്ജിക്കേണ്ടിയിരിക്കുന്നു.

– ഗാന്ധിജി



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

ആവോളം കൈവഴികളെ സമ്മാനിച്ച മീനച്ചിലാറും ഉത്തുംഗങ്ങളായ ഇല്ലിക്കൻ ഗിരിനിരകളാലും ഫലപുഷ്ടിയുള്ള മലമടക്കുകളാലും ഫലപുഷ്ടിയുള്ള മലമടക്കുകളാലും, തഴച്ചുവളരുന്ന വൃക്ഷലതാദികളാൽ നിബിഡമായ താഴ്വരകളാലും അനുഗൃഹീതമായ ഭൂപ്രദേശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിന്റെ കിഴക്കൻ മേഖലയിൽ അംബര ചുംബികളായി തലയുയർത്തി നില്ക്കുന്ന മലകളാൽ പരിലാളിതയായ മൂന്നിലവ് പഞ്ചായത്തിലേയ്ക്ക് 110 വർഷങ്ങൾക്ക് മുൻപ് പാലാ ഈരാറ്റുപേട്ട റോഡിൽ അമ്പാറ ഭാഗത്തു നിന്നും (പനയ്ക്കപ്പാലം) 12 km. അകലെ മൂന്നിലവ് പഞ്ചായത്തിൽ മങ്കൊമ്പിലുള്ള C.S.I. പള്ളിയെ ലക്ഷ്യമാക്കി പെയിന്റർ സായ്പ് പണിയിച്ച അമ്പാറ മങ്കൊമ്പ് റോഡും അതിന്റെ കൈവഴികളും പടർന്ന് പന്തലിച്ചതാണ് ഇന്ന് പഞ്ചായത്തിൽ കാണുന്ന റോഡ് ശൃംഗല.

കുന്നുകളും മലകളും അരുവികളും താണ്ടി, കയറിയും ഇറങ്ങിയും പോകുന്ന പഞ്ചായത്തിലെ എല്ലാ റോഡുകളും ഇവിടുത്തെ മുൻപിൻ തലമുറകളുടെ സഹകരണത്തിന്റെയും നിശ്ചയ ദാർഢ്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും മകുടോദാഹരണങ്ങളാണ്. കളത്തൂക്കടവ് പാലം തീരുന്നതുവരെയും മീനച്ചിലാറിലൂടെ ചങ്ങാടങ്ങളിലും കരമാർഗ്ഗം കാളവണ്ടിയിലും ഇവിടെ ചരക്കുകൾ വരികയും പോവുകയും ചെയ്തിരുന്നു. ജനപങ്കാളിത്തത്തോടെ സംസ്ഥാന പൊതുമരാമത്തിന്റെ ചുമതലയിൽ പണിതീർന്നതാണ് കളത്തൂക്കടവ് പാലം.

P.W.D. റോഡുകൾ

ആറു കിലോമീറ്റർ നീളം വരുന അമ്പാറ മങ്കൊമ്പ് റോഡിലേയ്ക്ക് (P.W.D.) പതിനഞ്ച് പഞ്ചായത്ത് റോഡുകളും 2 P.W.D. റോഡുകളും സന്ധിക്കുന്ന മൂന്നിലവ് തലനാട് P.W.D. റോഡിൽ ഒരു ബസ് ഉൾപ്പെടെ 10 ഓളം ബസ്സുകൾ മൂന്നിലവ് പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നു. ആകെ 10 k.m. നീളം വരുന്ന മൂന്നിലവ് പഞ്ചായത്തിലുൾപ്പെടുന്ന P.W.D. റോഡുകളുടെ നിലവിലുള്ള അവസ്ഥ വളരെ ശോചനീയമാണ്.

മതിയായ ഓടകളില്ലാത്ത P.W.D. റോഡിലൂടെ മഴവെള്ളം ഒഴുകി റോഡ് വലിയകുണ്ടും കുഴികളുമായി മാറുന്നു. മൂന്നിലവ് പഞ്ചായത്തിലെ 4 വാർഡുകളിൽക്കൂടി കടന്നുപോകുന്ന കാഞ്ഞിരം കവല, മേച്ചാൽ, നെല്ലാപ്പാറ, അമ്പലം മങ്കൊമ്പ് നരിമറ്റം റോഡിന്റെ പണി ആരംഭിച്ചിരിക്കുന്നു. ഇതിനു വേണ്ടി 279 ലക്ഷം രൂപയുടെ പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ട്. ന്യൂ M.L.A. സ്കീമിൽ പെടുത്തി 25 ലക്ഷം രൂപയുടെ പണി കോലാനിയിൽ നിന്നും ആരംഭിച്ചതിനു പുറമേ ബാക്കി 63 ലക്ഷം രൂപയുടെ പണി മേച്ചാൽ വരെയും ആരംഭിച്ചിട്ടുണ്ട്. നരിമറ്റത്തു നിന്നും M.P. ഫണ്ടിൽ നിന്നുള്ള 5 ലക്ഷം രൂപയുടെ പണിയും നടന്നുവരുന്നു. ഈ റോഡ് പണി പൂർത്തിയാകുന്നതോടെ ഈ മലമ്പ്രദേശത്തെ മുക്കാലും ആൾക്കാരുടെ യാത്രാപ്രശ്നം പരിഹരിക്കപ്പെടും. അതോടൊപ്പം മൂന്നിലവിന്റെ വളർച്ചയിൽ നിർണ്ണായകമായ മാറ്റങ്ങൾ ദൃശ്യമാകുമെന്നും കരുതുകയാണ്.

നിലവിലുള്ള മേലുകാവു പഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ ഇലവിഴാപൂഞ്ചിറ വഴി ഈ പഞ്ചായത്തിലെ പഴുക്കാക്കാനം ഇല്ലിക്കക്കല്ല്, പേഴവെട്ടിമുടി, കുമ്പങ്ങാനം, പുള്ളിക്കാനം കൂടി ഇപ്പോൾ പരിഗണനയിലിരിക്കുന്ന എറണാകുളം തേക്കടി റോഡ് കടന്നുപോകുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് റോഡുകൾ

നിലവിൽ 100 k.m. ഓളം നീളം വരുന്ന പഞ്ചായത്ത് റോഡുകളിൽ 13 എണ്ണ് ഭാഗികമായി മാത്രം ടാർ ചെയ്തിരിക്കുന്നു. ദൂരം കൊണ്ട് 10 k.m. മാത്രമാണ് ടാർ റോഡുകൾ ഉള്ളത്. 1983-ൽ മൂന്നിലവ് പഞ്ചായത്തിൽ ഗ്രാമോത്സവം നടന്ന കാലത്താണ് ആദ്യമായി പഞ്ചായത്ത് റോഡ് ടാർ ചെയ്തത്. അതിനുശേഷം N.R.E.P. R.L.E.G.P., JRY, Flood Relief Draught Relief UNited Fund എന്നീ പദ്ധതികളിലായി മറ്റു റോഡുകളും ടാർ ചെയ്തു. ഫുഡ് ഫോർ വർക്ക്, C.A.S.A. എന്നീ പരിപാടികളിൽ പല പഞ്ചായത്ത് റോഡുകളും മൺപണി നടത്തി വീതി കൂട്ടിയിട്ടുണ്ട്.

താഴ്ന്ന പ്രദേശങ്ങളിലെ മൺ റോഡുകൾ ഒരു പരിധിവരെ യാത്രാസൗകര്യങ്ങൾ ഉള്ളവയാണെങ്കിലും ഭൂരിഭാഗം വരുന്ന മലമ്പ്രദേശങ്ങളിലേയ്ക്കുള്ളവ ഒന്നും യാത്രാ യോഗ്യമല്ല. മലമ്പ്രദേശങ്ങളിലെ റോഡു

കളിൽ ടാക്സിക്കാർ 100 ഉം 150 രൂപാ വരെ കിലോ മീറ്ററിന് കൂടുതലായി ഈടാക്കിവരുന്നു. വർഷത്തിൽ ഒരിക്കൽ ലഭിക്കുന്ന V.R.M. ഗ്രാന്റ് ഉപയോഗിച്ച് ഈ റോഡുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുന്നില്ല. മലവെള്ളപ്പാച്ചിലിൽ എല്ലാ വർഷവും മൺ റോഡുകൾ നശിക്കുന്നതാണ് പ്രധാന കാരണം.

റോഡ് നിർമ്മാണം ടാർ റോഡുകളുടെ പ്രശ്നങ്ങൾ

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകൾ വളരെ കുറവാണ്. P.W.D. റോഡുകളുൾപ്പെടെയുള്ള ടാർ റോഡുകൾക്ക് ആവശ്യം വേണ്ട ഓടകൾ, വീതി ,കലുങ്ക്, എന്നിവ ഇല്ലാത്തതിനാൽ വർഷം തോറും മെയിന്റൻസ് ആവശ്യമായി വരുന്നു. പുതിയ റോഡുകൾക്ക് ഫണ്ടുകൾ മുടക്കുന്നതുമൂലം പഴയ ടാർ റോഡുകളുടെ മെയിന്റനൻസ് കാലതാമസം വരുന്നു.

മൂന്നിലവ് ടൗൺ റോഡിന്റെ ഇരുവശങ്ങളിലും ഓടകൾ ഇല്ലാത്തതുമൂലവും റോഡിന്റെ ഉള്ള വീതി ഉപയോഗിക്കാത്തതുമൂലവും ഓട്ടോ ജീപ്പു ടാക്സികൾ പാർക്കു ചെയ്യുന്നതുമൂലം കാൽ നടക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.

P.W.D. റോഡിലേക്ക് വന്നു ചേരുന്ന ഭാഗത്തു പ്രൈവറ്റ് റോഡുകൾക്കും പഞ്ചായത്ത് റോഡുകൾക്കും മതിയായ ഓട (സ്ലാബ്) തീർക്കാത്തതിനാൽ വെള്ളം കയറി ഒഴുകി P.W.D. റോഡുകൾ നശിക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ

	റോഡിന്റെ പേര്	പഞ്ചായത്ത്	ദൂരം
1.	കളത്തുക്കടവ് - ചകിണിയാംതടം	പഞ്ചായത്ത്	2 Km.
2.	കളത്തൂക്കടവ് - തഴക്കവയൽ	പഞ്ചായത്ത്	1 Km.
3.	അമ്പാറമങ്കൊമ്പ് - കളത്തൂക്കടവ്	P.W.D.	6 Km.
4.	കൂട്ടക്കല്ല് - കുറിഞ്ഞിപ്ലാവ്	പഞ്ചായത്ത്	1.250
5.	കൂട്ടക്കല്ല് - ലക്ഷംവീട് കോളനി	പഞ്ചായത്ത്	250 m.
6.	കൂട്ടക്കല്ല് - ശാസ്താംകുളം	പഞ്ചായത്ത്	30 m.
7.	മൂന്നിലവ് - പെരുങ്കാവ്	പഞ്ചായത്ത്	600,.
8.	മൂന്നിലവ് - തഴക്കവയൽ	പഞ്ചായത്ത്	225 m.
9.	മൂന്നിലവ് - തലനാട്	P.W.D.	3 km.
10.	വാകക്കാട് - തഴക്കവയൽ	പഞ്ചായത്ത്	2 km.
11.	മൂന്നിലവ് - വാകക്കാട് (മേലുകാവ്)	P.W.D.	30m.
12.	മൂന്നിലവ് - കടവുപുഴ	പഞ്ചായത്ത്	600 m.
13.	നരിമറ്റം - ചൊവ്വൂർ	പഞ്ചായത്ത്	1.500 m.
14.	മങ്കൊമ്പ് - അഞ്ചുകുടിയാർ	പഞ്ചായത്ത്	1 Km.
15.	മങ്കൊമ്പ് - ഇല്ലിക്കക്കല്ല്	പഞ്ചായത്ത്	500 m.
16.	തഴയ്ക്കവയൽ - കുത്തേക്കാട്ട് കവല	പഞ്ചായത്ത്	600 m.
	ആകെ	P.W.D. പഞ്ചായത്ത്	9 കി.മീ

ക്രമ നമ്പർ	വാർഡ്	നിലവിലുള്ള പഞ്ചായത്തു റോഡുകളുടെ പേര്	നീളം	വീതി	ടാർ ചെയ്ത നീളം	ഓട വേണ്ടത്	വേണ്ട കലുങ്കിന്റെ എണ്ണം	വേണ്ട സംരക്ഷണഭിത്തിയുടെ നീളം
1.	I	കളത്തൂക്കടവ് - ചറ്റിണിയാംതടം	2 K.M.	8m.	2Km.	✓	2	-
2.	I	കളക്തൂക്കടവ് - ചില്ലച്ചി	2.5 K.m.	4 to 8	170 മീ.	✓	-	1 K.m.
3.	i	ചറ്റിണിയാംതടം - തെക്കേടത്ത് കടവ്	1 K.m.	4	-	✓	1	250m.
4.	I	ചകിണിയാംതടം - കുറിഞ്ഞിപ്ലാവ്	1 K.m.	3.5 മീ	-	✓	1	1.500 m.
5.	II	കളത്തൂക്കടവ് - മങ്കൊമ്പ് P.W.D.	6. K.m.	8m	Km	✓	-	500 m.
6.	II	കൂട്ടക്കല്ല് - ചില്ലച്ചി	750m	3.5 മീ	-	✓	-	-
7.	II	കൂട്ടക്കല്ല് - ലക്ഷംവീട് കോളനി	150 m	3	-	✓	1	50m
8.	II	കൂട്ടക്കല്ല് - ചാർത്താംകുളം	600	3	30m	✓	1	150 m.
9.	II	മൂന്നിലവ് - തഴക്കവയൽ	750 m	3	225m	✓	-	-
10.	II	വാകക്കാട് - ചില്ലച്ചി	3 K.M.	8m.	2K.M.	✓	3	200m
11.	II	വാകക്കാട് - കുന്നയ്ക്കാട് കവല	800 m.	3.500	600m	✓	1	200m.
12.	II	കൂട്ടക്കല്ല് - ലക്ഷംവീട് കോളനി	700	3.500	250m	✓	2	250m
13.	III	കൂട്ടക്കല്ല് - കുറിത്തിപ്ലാവ്	2.500	6 - 4	1.250	✓	5	1 Km.
14.	III	കുറിത്തിപ്ലാവ് - ഞണ്ടുകല്ല്	1.950	6.4			5	750m.
15.	III	വേങ്ങാട് തോട്-കോളനി	1.500	3			4	500m
16.	III	മൂന്നിലവ് - പെരുങ്കാവ്	2.500	6-4	6		2	1km
17.	IV	മൂന്നിലവ് - തലനാട് P.W.D	3km	8	3km			
18.	IV	വാകക്കാട് - അഞ്ചുമല	2.500	4	-	✓	4	1.500
19.	IV	മൂന്നിലവ് - കടവുപുഴ (മേച്ചാൽ)	4km	8-4	600	✓	10	2km
20.	IV	നരിമറ്റം - അമ്പലം മങ്കൊമ്പ്	1.500	8m	-	✓	4	-
21.	IV	നരിമറ്റം - ചൊവ്വൂർ	7.50 m		3m	-	-	-
22.	IV	നെടിഞ്ഞാൽ - ചൊവ്വൂർ	1.50m	3m	-	✓	2	500m

ക്രമ നമ്പർ	വാർഡ്	നിലവിലുള്ള പഞ്ചായത്തു റോഡുകളുടെ പേര്	നീളം	വീതി	ടാർ ചെയ്ത നീളം	ഓട വേണ്ടത്	വേണ്ട കലുങ്കിന്റെ എണ്ണം	വേണ്ട സംരക്ഷണഭിത്തിയുടെ നീളം
23.	V	ചൊവ്വൂർ - ഇടത്തിങ്കൽ പാറ	3 Km.	8-4	-	✓	3	2Km.
24.	V	മങ്കൊമ്പ് - ഇല്ലിക്കക്കല്ല്	4 Km.	5m	6750m	✓	2	2Km.
25.	V	മങ്കൊമ്പ് - അഞ്ചുകുടിയാർ - വെത്തുറ	4Km.	4m.	750m	✓	6	3Km.
26.	V	അഞ്ചുകുടിയാർ - അമ്പലം മങ്കൊമ്പ്	2 Km.	3m.	-	✓	4	1.5 00
27.	VI	നെല്ലാപ്പാറ - പഴുക്കാക്കാനം	4 Km.	4m	-	✓	10	1.Km.
28.	VI	വെള്ളറ - പെരുന്തടം	2 Km.	4m.	-	✓	10	1 K.m.
29.	VI	കടവുപുഴ - നെല്ലാപ്പാറ	1 K.m.	4m.	-	✓	5	500m.
30.	VI	നെല്ലാപ്പാറ - മേച്ചാൽ	3 K.M.	4m	-	✓	10	2 Km.
31.	VI	പഴുക്കാക്കാനം - വെള്ളാതൊട്ടി	1 K.m.	4m	-	✓	4	500m.
32.	VII	മേച്ചാൽ - വലകെട്ടി	2 Km.	3m.	-	✓	3	1 Km.
33.	VII	മേച്ചാൽ - തോരണത്തുംകുന്ന്	1.500m	8.30	-	✓	1	500m.
34.	VIII	വാളകം - മുണ്ടിയാനിക്കട്ട	1.140	8.3m	-	✓	3	3 Km.
35.	VII	കടവുപുഴ - മേച്ചാൽ (മുടിക്കുന്ന്)	3 Km	4m	-	✓	3	3 3 Km.
36.	VII	വാളകം - കോലാനിത്തോട്ടം	2Km.	3m.	-	✓	2	1.Km.
37.	VIII	കടവുപുഴ - വാളകം	1.500 Km.	3m	-	-	2	1 K.m.
38.	VIII	ഇരുമാപ്ര - അഞ്ചുമല	4 Km.	3m.	-	✓	4	1.500m.
39.	VIII	കുറുങ്ങാട് - അഞ്ചുമല	2.500 Km.	3m	-	✓	4	1.500m.
40.	VIII	ഉപ്പിടുംപാറ - ഇരുമാപ്ര	3.Km.	4m	-	✓	2	1. Km.
41.	VIII	ഇരുമാപ്ര - കോലാനി	3 Km.	6m	-	✓	4	500m
42.	VIII	മൂന്നിലവ് - അമ്പുമല നിരപ്പ്	3 Km.	3m	-	✓	5	1.Km
43.	VIII	ചാലമറ്റം - ഇരുമാപ്ര	2 K.m.	3m.	-	✓	4	1. Km.
44.		അമ്പലം മങ്കൊമ്പു നെല്ലാപ്പാറ	2.K.m.	4m.	-	✓	4	1.Km.

റോഡുകളുടെ വശങ്ങളിൽ തടി, കരിങ്കല്ല് മുതലായവ ഓട അടയുംവിധം ശേഖരിക്കുന്നതും റോഡ് നശിക്കുന്നതിന് കാരണമാകുന്നു. ഈ പ്രശ്നങ്ങൾ പ്രധാനമായും ഗ്രാമസഭകളിൽ ചർച്ചാവിഷയമായിരുന്നു.

മൺറോഡുകൾ

(a) ഉയർന്ന മലമ്പ്രദേശങ്ങളിലേയ്ക്കുള്ള റോഡുകൾ അധികവും ക്രമാതീതമായി കയറ്റം ഉള്ളവയാണ്.

(b) റോഡുകളുടെ വീതി കുറവ്, ഓട, കലുങ്ക് എന്നിവയുടെ അഭാവവും റോഡ് നശിക്കുന്നതിന് കാരണമാകുന്നു.

(c) പരിമിതമായ പഞ്ചായത്ത് ഫണ്ട് കൊണ്ട് റോഡുകളുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കുന്നില്ല.

(d) താഴ്ന്ന പ്രദേശങ്ങളിലെ റോഡ് നിർമ്മാണത്തിന് ആവശ്യമായതിനേക്കാൾ ഇരട്ടിയിലധികം തുക മലമ്പ്രദേശങ്ങളിൽ റോഡ് നിർമ്മാണത്തിന് ആവശ്യമായിവരുന്നു.

(e) വാഹനങ്ങളുടെ കൂലി നിരക്ക് താഴ്ന്ന പ്രദേശങ്ങളിലേതിനേക്കാർ എട്ടും പത്തും ഇരട്ടി ഉയർന്ന പ്രദേശങ്ങളിൽ ഈടാക്കുന്നു.

(f) യാത്രാസൗകര്യങ്ങൾ കുറഞ്ഞ മലമ്പ്രദേശങ്ങളിൽ വിവിധ വികസനങ്ങളെ ഇതു സാരമായി ബാധിക്കുന്നു.

(g) വിവിധ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ജീവനക്കാർ പോലും യാത്രാസൗകര്യം കുറഞ്ഞ മലമ്പ്രദേശങ്ങളിൽ എത്തുന്നതിന് വൈമുഖ്യംകാണിക്കുന്നു.

സാദ്ധ്യതകൾ

1. മൂന്നിലവ് പഞ്ചായത്തിലെ നിലവിലുള്ള P.W.D. റോഡുകൾ ആവശ്യമായ ഫണ്ടോടുകൂടി അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിനെ ഏല്പിക്കുകയാണെങ്കിൽ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾക്ക് കാലതാമസം ഉണ്ടാകാതിരിക്കും.
2. മൂന്നിലവ് ടൗൺ പ്രദേശം ഉൾപ്പെടെ 500 M. ഓളം റോഡിന്റെ വീതി കൂട്ടി ഓട നിർമ്മിച്ചാൽ ടൗണിലെ ട്രാഫിക്ക് പ്രശ്നങ്ങൾക്ക് പരിഹാരമാകും.
3. ടൗണിനോടനുബന്ധിച്ചുള്ള ആറ്റുപുറമ്പോക്ക് ഉദ്ദേശം 40 സെന്റ് കെട്ടിയെടുത്ത് ടാക്സി ഓട്ടോ എന്നിവയ്ക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ ടൗണിലെ റോഡ് ട്രാഫിക്ക് പ്രശ്നത്തിനു പരിഹാരമാകും.
4. റോഡ് സൈഡിൽ തടി, കല്ല് എന്നിവ ശേഖരിക്കുന്നതിനെതിരെ ഫലപ്രദമായ നടപടി ഉണ്ടാകേണ്ടതാണ്.
5. സ്ലാബ് ഇട്ടുള്ള ഓടകളോ, കലുങ്കുകളോ മെയിൻ റോഡിലേയ്ക്ക് ചേരുന്ന എല്ലാ കൈവഴികളിലും നിർബന്ധമാക്കുക.
6. ബസ് സർവ്വീസിന് സാദ്ധ്യതയുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ P.W.D. ഏറ്റെടുത്ത് പണി പൂർത്തിയാക്കുക.
7. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവന്നു. പുതിയ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക (4) ചേർക്കുന്നു.
8. വർദ്ധിച്ചുവരുന്ന കൂലി നിരക്കും സാധനസാമഗ്രികളുടെ ഉയർന്ന വിലയും റോഡു നിർമ്മാണത്തെ ബാധിക്കുന്നതാകയാൽ P.W.D. റേറ്റിന് വിധേയമായി ലോക്കൽ റേറ്റിൽ പണികൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
9. പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന മലമ്പ്രദേശങ്ങൾക്കു പശ്ചിമഘട്ട മലയോര വികസന പദ്ധതിയിൽപ്പെടുത്തി റോഡു വികസനത്തിന് കൂടുതൽ മുൻഗണന നല്കുക.
10. റോഡു പണിയാവശ്യങ്ങൾക്കായി മറ്റു ഓഫീസിൽ കയറിയിറങ്ങേണ്ടിവരുന്ന കാലതാമസം ഒഴിവാക്കുന്നതിനു പഞ്ചായത്തു തലത്തിൽ എൻജിനിയറന്മാരുടെ തസ്തിക സൃഷ്ടിച്ചു പരിഹാരം നേടാവുന്നതാകുന്നു.
11. ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന V.R.M. ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
12. അമ്പാറമക്കൊമ്പു P.W.D. റോഡിലുള്ള കളത്തൂക്കടവ് പാലത്തിന് ആവശ്യമായ വീതി കൂട്ടുകയും വളവെടുക്കുന്നതിനാവശ്യമായ നിലവിലുള്ള P.W.D. പുറമ്പോക്കുസ്ഥലം പ്രയോജനപ്പെടുത്തി നടപടിയുണ്ടാകണം.

പല പഞ്ചായത്തു റോഡുകളുമായി ബന്ധമുള്ളതും ആൾ സഞ്ചാരമുള്ളതുമായ ഒട്ടേറെ നടപ്പു വഴികൾ ഈ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം പല തോടുകളും മുറിച്ചുകടക്കേണ്ടവയാണ് നിലവിൽ ത
ടിപ്പാലങ്ങളും ഇല്ലിപ്പാലങ്ങളും ഉള്ള താഴെപ്പറയുന്ന

സ്ഥലങ്ങളിൽ സ്ഥിരമായ നടപ്പാതകളും ആവശ്യമാണ്.

നടപ്പാലങ്ങൾ ആവശ്യമായ സ്ഥലം

1. കടവുപുഴ ആറിന് - വാഴയിൽ പുരയിടത്തിൽ
2. കടവുപുഴ ആറിന് - അമ്പലപ്പടി ഭാഗം
3. ഒലക്കപ്പാറ തോടിന് - ചോംബ്ലാനിക്കൽ പുരയിടത്തിൽ
4. പാറം തോടിന് - പഴംപുരക്കൽ പുരയിടത്തിൽ
5. പാറംതോടിന് - താളനാനി പുരയിടത്തിൽ
6. കരിമ്പുള്ള തോടിന് - മാട്ടേപ്ലാക്കൽ പുരയിടത്തിൽ
7. ചെളിക്കതോടിന് - മേച്ചാൽ സ്കൂളിന് സമീപം
8. ചെമ്മലാക്കൽ തോടിന് - പാറപ്ലാക്കൽ പുരയിടത്തിൽ
9. കൊമ്പൻ പാറതോടിന് - മുതിരപാറകടവിൽ
10. ചൊവ്വൂർ തോടിന് - മണ്ടോത്തിൻ പുരയിടത്തിൽ
11. ചകിണിയാതിടം ഭാഗത്തു നിന്ന് കൂട്ടക്കല്ല് ഭാഗത്തോട്ട്.

പാറക്കെട്ടുകൾക്കിടയിലൂടെ കീഴ്ക്കാം തൂക്കായ നിലയിലുള്ള നടപ്പുവഴികളിൽ നടകൾ കെട്ടി സഞ്ചാര യോഗ്യമാക്കേണ്ടിയിരിക്കുന്നു. പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന ഇരുമാപ്രായിലേയ്ക്ക് 1926-ൽ പണി ആരംഭിച്ച വാകക്കാട് - ഉപ്പിടുപാറ - ഇരുമാപ്ര റോഡിന്റെ പണി ഉടനെ ആരംഭിക്കണം.

ഊർജ്ജം

1976 - 77 കാലഘട്ടത്തിൽ മിനിമം ഗാരണ്ടി സ്കീമിൽപ്പെടുത്തി മൂന്നിലവ് ടൗൺ പ്രദേശത്ത് അൻപതോളം പുതിയ കറണ്ട് കണക്ഷനുകൾ ലഭിച്ചു. കൂത്താട്ടുകുളം രാമപുരം 11 K.V. ലൈനിൽ

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം
1.	I	ചകിണിയാംതടം - കുറിഞ്ഞിപ്ലാവ്	300 m.
2.	II	ശാസ്താംകുളം - ചില്ലച്ചി	500 m.
3.	III	പെരുങ്കാവ് - മുറ്റത്താനി തലനാട്	1 Km.
4.	IV	പെരുങ്കാവ് - കുറിഞ്ഞിപ്ലാവ്	750 m
5.	V	കുറിഞ്ഞിപ്ലാവ് - അയ്യമ്പാറ	1 Km.
6.	IV	അഞ്ചുമല - കാൽവരിമൗണ്ട	1 Km.
7.	V	മങ്കൊമ്പ് പള്ളി - ഇടത്തുങ്കൽപ്പാറ	2 Km.
8.	VI	അമ്പലം മങ്കൊമ്പ് - അഞ്ചുകുടിയാർ	2 Km.
9.	VI	പഴുക്കാക്കാനം - വെള്ളത്തൊട്ടി	2 Km.
10.	VII	കോലാനിതോട്ടം - ഇലവീഴാ പൂഞ്ചിറ	2 Km.
11.	VII	അഞ്ചുമല - കടവുപുഴ	3 Km.
12.	VIII	മൂന്നിലവ് - അഞ്ചുമലനിരപ്പ്	2 Km.
13.	VI	പഴുക്കാക്കാനം - കുമ്പങ്ങാനം	3 Km.

നിന്നും ലൈൻ വലിച്ച് മൂന്നിലവിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചാണ് തുടക്കം ഇന്ന് 8 വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഒൻപത് ട്രാൻസ്ഫോർമറുകളിൽ കറണ്ട് എത്തുന്നു. കവണാർ ലാറ്റക്സ് ഫാക്ടറിക്കുവേണ്ടി 2-ാം വാർഡിലെ തഴക്കവയലിൽ സ്ഥാപിച്ചിട്ടുള്ള പ്രൈവറ്റ് ട്രാൻസ്ഫോർമർ ഒഴികെയുള്ള മറ്റ് എട്ട് ട്രാൻസ്ഫോർമറുകളിൽ നിന്നുമായി എട്ടു വാർഡുകളിലെ 2000 ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭിക്കുന്നു.

പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന ഭൂരിഭാഗം വരുന്ന മൂന്നിലവ് പഞ്ചായത്തിന്റെ മലമടക്കുകളക്കം 1982 T.S.P. സ്കീമിൽ പെടുത്തിയാണ് വൈദ്യുതി ലഭിച്ചത്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തി എന്നിരുന്നാലും പൂർണ്ണമായും എത്തിയ ഒരു വാർഡു പോലും ഇല്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. വൈദ്യുതി ഉപഭോക്താക്കളിൽ 99 % പേരും ഗാർഹിക ഉപഭോക്താക്കളാണ്.

അടുത്തകാലത്ത് ഇരുമാപ്ര TSP സ്കീമിൽ സ്ഥാപിച്ച 30 സ്ട്രീറ്റ് ലൈറ്റുകൾ ഉൾപ്പെടെ അഞ്ചു വാർഡുകളിൽ ആകെ 91 സ്ട്രീറ്റ് ലൈറ്റും. മൂന്നിലവ് ടൗണിൽ ഒരു സോഡിയം പേപ്പർ ലാബും 5 ട്യൂബ് ലൈറ്റുകളും ഉൾപ്പെടെ ആകെ 97 സ്ട്രീറ്റ് ലൈറ്റുകൾ പേരിന് ഉണ്ടെങ്കിലും പലതും തെളിയുന്നില്ല എന്നുള്ള പരാതി എന്നും എങ്ങും കേൾക്കാം. വോൾട്ടേജ്ക്ഷാമവും വൈദ്യുതി ഇല്ലാത്ത ദിവസങ്ങളും ജീവനക്കാർക്കു പോലും ഒരു തലവേദനയാണ്.

മൂന്നിലവ് കേന്ദ്രമാക്കി ഒരു J.E. ആഫീസ് പ്രവർത്തിക്കുന്നുണ്ട്. മതിയായ ജീവനക്കാരില്ലാത്തതും, ദൈർഘ്യമുള്ളതും ദുർഘടവുമായ യാത്രാസൗകര്യങ്ങളും ഉപഭോക്താക്കളേയും ജീവനക്കാരെയും ഒരുപോലെ വിഷമിപ്പിക്കുന്നു. പഞ്ചായത്തിൽ വയറിംഗ് നടത്തിയ ദാരിദ്ര്യരേഖക്കു താഴെയുള്ള ലക്ഷം വീട് കോളനിയിലുള്ളവർ പോലും C.D. അടച്ച് കാത്തിരിക്കുന്നു എന്നത് ജനപ്രതിനിധികൾക്കുപോലും ഒരു തലവേദനയാണ്.

പ്രശ്നങ്ങൾ

1. ഒരു ലൈനിൽ നിന്നുമാത്രമാണ് ഈ പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർമറിലും വൈദ്യുതി എത്തുന്നത്.
2. മൂന്നിലവ് J.E. ആഫീസിൽ മതിയായ ജീവനക്കാരില്ല.
3. വൈദ്യുതി പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിന് കാലതാമസം അനുഭവപ്പെടുന്നു.
4. നിലവിൽ വോൾട്ടേജ് ക്ഷാമം എല്ലായിടത്തും അനുഭവപ്പെടുന്നു.
5. ട്രാൻസ്ഫോർമറിലും ലൈനിലും സ്ഥിരം പ്രശ്നങ്ങൾ അനുഭവപ്പെടുന്നു.
6. എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
7. I.H.D.P. കോളനിയായ ചൊവ്വൂരിലേയ്ക്കും പഴുക്കാക്കാനത്തേയ്ക്കുമുള്ള വൈദ്യുതി എത്തിക്കാനുള്ള പണി ആരംഭിച്ചിട്ടില്ല.
8. പഞ്ചായത്തിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കളും മൂന്നിലവ് J.E. ആഫീസിന്റെ കീഴിൽ അല്ല.
9. പഞ്ചായത്തിന്റെ അധീനതയിലുള്ള ലക്ഷംവീട് കോളനികളിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിൽ യാതൊരു മുൻഗണനയുമില്ല.
10. റോഡ് സൗകര്യമുള്ള സ്ഥലങ്ങളിൽ റോഡ് വിട്ട് പുരയിടങ്ങളിലൂടെ L.T. ലൈൻ വലിക്കുന്നതുകൊണ്ട് പിന്നീട് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. റോഡുകളിൽ സ്ട്രീമെയിനുകൾ വലിച്ചു ലൈറ്റു സ്ഥാപിക്കണ്.
11. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളിൽ ഏറിയ പങ്കും പ്രവർത്തനക്ഷമമല്ല.
12. പ്രവർത്തിക്കാത്ത സ്ട്രീറ്റ് ലൈറ്റുകൾക്കും വൈദ്യുതി ചാർജ്ജ് പഞ്ചായത്തിൽ നിന്നും ഈടാക്കുന്നു.
13. വൈദ്യുതി ഉപയോഗവും വൈദ്യുതി ബില്ലും തമ്മിൽ വളരെ അന്തരം നിലനില്ക്കുന്നു.
14. ദീർഘവീക്ഷണമോ കാര്യക്ഷമതയോ ഇല്ലാത്തതുമൂലം പൊതുജനങ്ങൾക്ക് ബോർഡിൽ നിന്നും അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് നിലവിൽ ഒരു മാർഗ്ഗവും ഇല്ല.

സാദ്ധ്യതകൾ

ഗിരിവർഗ്ഗ പ്രദേശമായ മൂന്നിലവ് പഞ്ചായത്തിന്റെ പ്രത്യേകമായ ഭൂപ്രകൃതി പരിഗണിച്ച് മൂന്നിലവ് J.E. ആഫീസ് ഒരു സെക്ഷൻ ഓഫീസായി ഉയർത്തി മതിയായ ജീവനക്കാരെ നിയമിച്ച് പഞ്ചായത്തിലെ എല്ലാ ഉപഭോക്താക്കളെയും ഒരാഫീസിന്റെ കീഴിലാക്കി പ്രവർത്തിപ്പിച്ചാൽ ഒരു പരിധിവരെയും ഈ പഞ്ചായത്തിലെ പരാതികൾക്ക് പരിഹാരം കാണാൻ കഴിയും. മലയോര പ്രദേശമായ മൂന്നില

വിൽ മലയോര വികസനം എന്ന പ്രത്യേക പട്ടികയിൽ പെടുത്തി മുൻഗണന നല്കുന്ന എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിക്കുന്ന പക്ഷം കൂടുതൽ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ സാധിക്കുന്നതാണ്. നിലവിലുള്ള എല്ലാ ലൈനുകൾക്കും നിർബന്ധമായും ടച്ചിംഗ് വെട്ട് പോലുള്ള മെയിന്റനൻസ് പണികൾ ഏർപ്പെടുത്തുന്നതുമൂലം വൈദ്യുതി ചോർച്ചകളും പ്രതിസന്ധിയും ഒഴിവാക്കുന്നതാണ്.

സ്ട്രീറ്റ് ലൈറ്റുകൾക്കു മാത്രമായി മീറ്റർ സ്ഥാപിക്കുന്നതും പുതിയ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചുമതല പഞ്ചായത്തിനെ ഏല്പിക്കുന്നതുമൂലവും തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പരാതികൾ ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്.

മൂലമറ്റം സബ്സ്റ്റേഷനിൽ നിന്നും വരുന്ന എള്ളുംപുറം 11 K.V. ലൈനോ ചക്കിക്കാവ് 11 K.V. ലൈനോ, അന്തീനാട് മേലുകാവ് 11 K.V. ലൈനും തമ്മിൽ ഇന്റർലിങ്ക് സംവിധാനം വച്ച് യോജിപ്പിക്കുന്ന പക്ഷം മൂന്നിലവിന് മറ്റൊരു ലൈനിൽ നിന്നുള കൂടി വൈദ്യുതി ലഭിക്കുന്നതിനുള്ള ഒരു സ്ഥിരം ബദൽ സംവിധാനമാകും.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈരാറ്റുപേട്ട സബ്സ്റ്റേഷൻ പണികൾ എത്രയും പെട്ടന്ന് പൂർത്തിയാക്കുകയും അതോടൊപ്പം ഈരാറ്റുപേട്ടയിൽ നിന്നും കളത്തുക്കടവ് വഴി ഒരു 11 K.V. ലൈൻ വലിച്ച് മൂന്നിലവുമായി ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പാക്കാവുന്നതാണ്. ട്രാൻസ്ഫോർമറുകളിൽ നിന്നുമുള്ള L.T. ലൈനിന്റെ ദൂരപരിധി പല സ്ഥലങ്ങളിലും കൂടുതലാകുകയാൽ 3 ഫേസ് ലൈനുകൾ കൂടുതൽ വലിക്കുന്നതും നിലവിലുള്ള 100 K.V.A. കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകൾക്ക് പകരം കപ്പാസിറ്റി കൂടിയവ സ്ഥാപിക്കുകയും ചെയ്താൽ ഒരുപക്ഷേ വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമായേക്കാം.

മൂന്നിലവ് പഞ്ചായത്തിലെ 99% കുടുംബങ്ങളും വിറകിനെ ആശ്രയിച്ചാണ് പാചകം നടത്തുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം പഞ്ചായത്തിൽ വളരെ കുറവാണ്. വളരെ കുറഞ്ഞ ശതമാനം വീടുകളിൽ മാത്രമാണ് ഗ്യാസ് ഉപയോഗിക്കുന്നത്. മണ്ണെണ്ണയും, വൈദ്യുതിയും വളരെ വിരളമായി പാചകത്തിന് ഉപയോഗിക്കുന്നു.

സൂര്യപ്രകാശം നന്നായി ലഭിക്കുന്ന വളരെ ഉയർന്ന പ്രദേശമായ മൂന്നിലവ് പഞ്ചായത്തിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള എല്ലാ സംവിധാനങ്ങൾക്കും വളരെയേറെ സാദ്ധ്യതകൾ ഉണ്ട്. തേയിലപ്പാറ കോലാനിത്തോട്ടം, പഴുക്കാകാനം പോലുള്ള ഉയർന്ന പല പ്രദേശങ്ങളിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പഴുക്കാക്കാനം പോലുള്ള പ്രദേശങ്ങളിലെ വറ്റാത്ത ജല ശ്രോതസ്സുകളിൽ നിന്നും വരുന്ന ജലം സംഭരിച്ച് ദീർഘവീക്ഷണമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നപക്ഷം കുടിനീർക്ഷാമം, വൈദ്യുതിക്ഷാമം എന്നിവയ്ക്ക് ഒരു ശാശ്വതപരിഹാരം ആകും എന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാണ്. അതോടൊപ്പംതന്നെ ഈ പ്രകൃതി രമണീയമായ ഈ പ്രദേശങ്ങളെ ടൂറിസം മേഖലയാക്കാനും ഈ പദ്ധതികൾ ഒരു പരിധിവരെ സഹായിക്കും. പഴുക്കാകാനത്ത് കണ്ണാടിപ്പാറയിൽ വെള്ളച്ചാട്ടത്തിന് അണ നിർമ്മിച്ച് മിനി ഹൈഡ്രോപ്ലാന്റ് സ്ഥാപിച്ചാൽ 10 മെഗാവാട്ടിനു മേൽ വൈദ്യുതി ലഭിക്കുന്നതാണ്.

മാർക്കറ്റ്

വർഷങ്ങൾക്കു മുമ്പ് കൃഷിയെ മാത്രം ആധാരമാക്കി അമ്പാറ, ഭരണങ്ങാനം, മുതലായ സ്ഥലങ്ങളിൽ നിന്നും കുടിയേറിയിട്ടുള്ളവരാണ് ഇന്നീ പഞ്ചായത്തിലുള്ള പട്ടികവർഗ്ഗക്കാരിൽപ്പെട്ട ജനവിഭാഗം ഒഴികെയുള്ളവരെല്ലാം തന്നെ. തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, തേയില, റബർ, ഏലം എന്നിവ ധനസമ്പാദനത്തിനും, മരച്ചീനി, നെൽകൃഷി (കരകൃഷി) ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയ അനേകം കിഴങ്ങുവർഗ്ഗങ്ങളും വിവിധ ഇനം വാഴ ഇനങ്ങളും സമൃദ്ധമായി കൃഷി ചെയ്ത് തികഞ്ഞ സ്വയം പര്യാപ്തതയിൽ കഴിഞ്ഞിരുന്ന ഒരു ജനസമൂഹത്തെ ഉൾക്കൊണ്ടതായിരുന്നു മൂന്നിലവ് പഞ്ചായത്ത്.

തലച്ചുമടായി താഴ്ന്ന പ്രദേശങ്ങളിൽ എത്തിച്ച് വിപണനം നടത്തുകയും അവിടെ നിന്ന് കാളവണ്ടിയിലും, ചില സമയങ്ങളിൽ കൊപ്രാ, തടി പോലുള്ളവ ജലമാർഗ്ഗമായും ഉദ്ദേശസ്ഥലങ്ങളിൽ എത്തിച്ച് വിപണനം നടത്തിയിരുന്നു.

നാണ്യവിളയായ റബറിന്റെ നവീകരണ കൃഷി രീതികൾ താഴ്ന്ന പ്രദേശങ്ങൾ കൈയടക്കിയതോടെ വെളിച്ചെണ്ണ, നാളികേരം, ഭക്ഷ്യവിളകൾ എന്തിനേറെ പച്ചക്കറികളുടെ കാര്യത്തിൽ പോലും പഞ്ചായത്ത് സ്വയം പര്യാപ്തമല്ല.

പഞ്ചായത്തിലെ ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ റബർ കൃഷി വളർച്ചയിലും ആദായ ലഭ്യതയിലും മെച്ചമല്ലാത്തതിനാൽ കാപ്പി, ഏലം, കുരുമുളക് എന്നിവയും മറ്റ് ഭക്ഷ്യവിളകളും കൃഷി ചെയ്തുവരുന്നു.

സ്വകാര്യ വ്യാപാരികളെ തന്നെയാണം എല്ലാ മേഖലകളിലും ജനങ്ങൾ ആശ്രയിക്കുന്നത്. സ്വകാര്യമേഖലയിൽ ഒരു റബർ പാൽ ഉപയോഗിച്ചുണ്ടാക്കുന്ന ഫോംബെഡ്ഡ് നിർമ്മാണ ഫാക്ടറി ഉണ്ടെങ്കിലും കൃഷിക്കാരിൽ നിന്നും കൂടുതൽ വിലക്കെടുക്കുവാൻ പര്യാപ്തമല്ല, റബർ ബോർഡും R.P.S. കളും ഓഹരി മൂടക്കിയ കവണാർ ലാറ്റക്സ് ഫാക്ടറി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു എന്നിരുന്നാൽ പോലും ഈ പഞ്ചായത്തിലെ കർഷകർ എല്ലാം തന്നെ സ്വന്തമായി റബർ ഷീറ്റ് ഉല്പാദിപ്പിക്കുന്നവരാണ്.

ഈ പഞ്ചായത്തിന് മാർക്കറ്റിന് 30 സെന്റ് സ്ഥലം വാഴയിൽ ഡൊമിനിക് കുര്യൻ സംഭാവന ചെയ്തിട്ടുള്ളതാണ്. ഇവിടെ ഒരു ആഴ്ച ചന്തയോ അതിനുള്ള കെട്ടിട സംവിധാനങ്ങളോ ഇന്നില്ല. ഒന്നു മുതൽ അഞ്ചുവരെ വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകളിൽ മുഖ്യമായും റബർ കൃഷി ചെയ്യുന്നതു കൊണ്ട് റബർ അധിഷ്ടിത ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് കർഷകന് നല്ല വില ലഭിക്കുന്നതിനുള്ള ഏക മാർഗ്ഗം. പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിത് മുകളിലെ നിലകളിൽ പഞ്ചായത്തിലെ എല്ലാ ആഫീസുകളും പ്രവർത്തനം ആരംഭിക്കുന്നത് പൊതു ജനൾക്ക് വളരെയേറെ പ്രയോജനം ചെയ്യും.

ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ളോട്ടർ ഹൗസ് സ്ഥാപിച്ച് മാംസ വില്പന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. അന്താരാഷ്ട്ര മാർക്കറ്റു നിലവാരമുള്ള ഗുണമേന്മയുള്ള റബ്ബർ ഷീറ്റുകൾ തയ്യാറാക്കി മാർക്കറ്റിൽ എത്തിക്കുന്നതിനുള്ള ആധുനിക സൗകര്യം റബ്ബർ കർഷകർ പ്രയോജനപ്പെടുത്തി ഉയർന്ന മാർക്കറ്റുവില സമ്പാദിച്ച് ജീവിതനിലവാരം ഉയർത്താവുന്നതാണ്.


നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം

നമ്പർ	സ്ഥലത്തിന്റെ പേര്	കപ്പാസിറ്റി	വാർഡ്
I	പുതുശേരി	100 KVA	I
2	കുറിഞ്ഞിപ്ലാവ്	100 KVA	III
3.	മൂന്നിലവ്	100KVA	IV
4.	മങ്കൊമ്പ്	100 KVA	V
5	വെള്ളറ	100 KVA	VI
6.	മേച്ചാൽ	100 KVA	VII
7	വാളകം	100 KVA	VII
8	ഇരുമാപ്ര	100 KVA	VIII

വൈദ്യുതി എത്തേണ്ട സ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ

I	ചകിണിയാംതടംമല തെക്കേടത്ത് കോളനി	500 മീറ്റർ
II	ചില്ലച്ചി ഭാഗം	400 മീറ്റർ
III	മരുതുംപാറ ഭാഗം	300 മീറ്റർ
IV	അഞ്ചുമല കടവുപുഴ 11 K.V.	
V	ചൊവ്വൂർ 11 KV. മങ്കൊമ്പ് 1 K.V.	1 ട്രാൻസ് ഫോർമർ സ്കീം
VI	പഴുക്കാക്കാനം 11 K.V.	1 ട്രാൻസ് ഫോർമർ സ്കീം
VII	കോലാനിത്തോട്ടം	III Phase 2 Km.
VIII	ഇടക്കില്ലാവര	1 K.m. III Phase 1 K.m.I Phase

N.B. പഞ്ചായത്തിലെ എല്ലാ സ്ഥലങ്ങളിലും പുതിയ ലൈനുകൾ വലിക്കുവാൻ വർദ്ധിച്ച രീതിയിലുള്ള ശ്രമദാനം ലഭ്യമാണ്.



സാമൂഹ്യക്ഷേമം ഭവനനിർമ്മാണം

ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും സാമ്പത്തികവും, സാംസ്ക്കാരികവുമായ പുരോഗതിയും അധോഗതിയും സാമൂഹികവ്യവസ്ഥിതിയിൽ അധിഷ്ഠിതമാണ്. മൂന്നിലവ് പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഇവിടത്തെ സാമൂഹ്യപശ്ചാത്തലം കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. പൂഞ്ഞാർ വടക്കേക്കര പഞ്ചായത്ത് രണ്ടായി വിഭജിച്ച് തലപ്പലം മേലുകാവ് എന്നീ പഞ്ചായത്തുകളിൽ നിന്നും ഓരോ വാർഡ് ചേർന്നതാണ് മൂന്നിലവ് പഞ്ചായത്ത്. ഒന്ന് രണ്ട് നാല് വാർഡുകലിലെ ഭൂരിഭാഗം ജനങ്ങളും അമ്പാറ ഭരണങ്ങാനം ഇടപ്പാടി തലപ്പലം തുടങ്ങിയ ഭാഗങ്ങളിൽ നിന്ന് കുടിയേറി താമസിക്കുന്നവരാണ്. എന്നാൽ മൂന്ന്, അഞ്ച്, ആറ്, എഴ്, എട്ട് എന്നീ വാർഡുകളിലെ ഭൂരിഭാഗം ആളുകളും ആദിവാസി വിഭാഗത്തിൽപ്പെട്ട ഹിൽ ആര്യന്മാരാണ് ആദിവാസി മേഖല അന്നു നാടു ഭരിച്ചിരുന്ന പൂഞ്ഞാർ രാജവംശത്തിൽപ്പെട്ട രാജാക്കന്മാരുടെ ഇവകയിൽ പെട്ടതും, ഫ്യൂഡൽ വ്യവസ്ഥിതി അനുസരിച്ചുള്ള അടിമത്വം അനുഭവിക്കുന്നവരുമായിരുന്നു അവർ. അക്കാലത്തു പുരുഷന്മാർ മേലാളന്മാർക്കുവേണ്ടി കൂലിയില്ലാത്ത പണി നടത്തേണ്ടവരായിരുന്നു. സ്വന്തം ഭൂമിയിൽ മലനെല്ലുകൃഷിചെയ്തുണ്ടാക്കിയാൽ അതെല്ലാം മെതിക്കളത്തിൽ വച്ചുതന്നെ നികുതിയായി കൊണ്ടുപോവുകയും ചെയ്തിരുന്നു.

അന്ന് പൊതുവഴിയിൽ കൂടി നടന്ന് അന്യ സ്ഥലങ്ങളിൽ പോകുന്നതിന് അയിത്തം കല്പിച്ചിരുനു. 16 വയസിനുമേൽ പുരുഷന്മാർക്ക് തലക്കരവും 14 വയസിനു മേൽ പെൺകുട്ടികൾക്ക് മുലക്കരവും കൊടുക്കേണ്ടിവന്നിരുന്നു. നാടുവാഴി നിശ്ചയിക്കുന്ന ചിറ്റ് കച്ചവടക്കാരുമായിട്ടല്ലാതെ കൊടുക്കൽ വാങ്ങലുകൾ അനുവദിച്ചിരുന്നില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചിരുന്നവരെ പിടിച്ചുകൊണ്ടുപോയി കുനിച്ചുനിർത്തി പുറത്ത് ഭാരമേറിയ കല്ലുകൾ വെയ്ക്കുകയും, മാരകമായി അടിച്ച് മുറിവേല്പിക്കുകയും, ഇരട്ടി നികുതി ഈടാക്കുകയും ചെയ്ത് ശിക്ഷിച്ചിരുന്നു. ഇതിനു വേണ്ടി കൊട്ടാരത്തിൽ വിചാരിപ്പുകാർ പിള്ളമാർ എഴുത്തുകാർ മാസപ്പടി, മുതലായ ഉദ്യോഗസ്ഥരും കരകളിൽ തെണ്ടക്കാരൻമാർ, മേൽപുരമ്പന്മാർ പുരമ്പന്മാർ മുതലായവരും ഉണ്ടായിരുന്നു.

ആംഗലേയ മിഷനറിമാരായ ഹെന്റിബേക്കർ (ജൂണിയർ) 1849-ൽ ഇരുമാപ്രയിലും എ.എഫ്. പെയ്ന്റർ 1882 ൽ മങ്കൊമ്പിലും മിഷൻ പ്രവർത്തനത്തിന് എത്തിയപ്പോൾ ഹിൽ ആര്യന്മാരുടെ ഇടയിൽ നവോത്ഥാനം തന്നെ ഉണ്ടായി. തലമുറകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളിൽ ആത്മവിശ്വാസവും ഉണർവ്വും വർദ്ധിച്ചു. ഇരുമാപ്ര, വാളകം, മങ്കൊമ്പ് എന്നിവിടങ്ങളിൽ മലയാളം സ്കൂളുകൾ സ്ഥാപിച്ചു. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ അവർ നടത്തിയ പ്രവർത്തനങ്ങൾ മതപരിവർത്തനത്തേക്കാൾ സാമൂഹ്യക്ഷേമത്തിന് ഊന്നൽ കൊടുത്തു കൊണ്ടായിരുനു. മിഷനറിമാരുടെ ശ്രമഫലമായി സ്ഥാപിതമായ ഈ പഞ്ചായത്തിലെ ആദ്യ പോസ്റ്റാഫീസ് ഇരുമാപ്രയിൽ 1926-ൽ ഉണ്ടായതാണ്. മല ആര്യന്മാർ, 1950 ജനുവരി 26 മുതൽ നിലവിൽ വന്ന, ഇന്ത്യൻ ഭരണഘടനയുടെ പ്രത്യേക സംരക്ഷണമുള്ള പട്ടിക വർഗ്ഗത്തിൽപ്പെടുത്തപ്പെട്ടു.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് മൂന്നിലവ് പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും, പട്ടികജാതി പട്ടികവർഗ്ഗക്കാരെയും ലക്ഷ്യമാക്കിയാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെ ഇടയിലുള്ള ബോധവൽക്കരണത്തിന്റെ അഭാവം ഇതു നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരുടെ മനോഭാവം, സാങ്കേതിക വൈഷമ്യങ്ങൾ യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത ഇവയെല്ലാം ക്ഷേമപ്രവർത്തനങ്ങളുടെ ഗതിവേഗം കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഈരാറ്റുപേട്ട ബ്ലോക്ക് ഡവലപ്പ്മെന്റാഫീസ്, കാഞ്ഞിരപ്പള്ളി ട്രൈബൽ ഡവലപ്പ്മെന്റാഫീസ് മേലുകാവ് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ് തുടങ്ങിയ ഓഫീസുകൾ വഴിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ആണ് മൂന്നിലവ് പഞ്ചായത്തിൽ കൂടുതലും നടന്നിട്ടുള്ളത് I.R.D.P. സർവ്വേ പ്രകാരമാണ് മൂന്നിലവ് പഞ്ചായത്തിൽ ധനസഹായങ്ങൾക്ക് അർഹരായവർ പരിഗണിക്കപ്പെട്ടിട്ടുള്ളത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണിവർ. നേരത്തെ 6000 രൂപ ആയിരുന്നത് ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തി 11000 രൂപ ആക്കിയിട്ടുണ്ട്. I.R.D.P. സർവ്വേ പ്രകാരം

മൂന്നിലവ് പഞ്ചായത്തിലെ സഹായ ലഭ്യതാ കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	I.R.D.P. സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	SC /ST കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം	ഇതിൽ SC / ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയ കുടുംബം
I	63	3	3	1	1
II	31	3	4	1	1
III	46	8	4	1	1
IV	55	2	2	-	-
V	63	28	12	10	8
VI	102	67	33	33	25
VII	138	65	58	54	40
VIII	113	68	51	51	42

D.W.C.R.A

D.W.C.R.A. ഗ്രാമീണ വനിതാ ശിശുവികസന പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ 94 - 95-ൽ രണ്ട് ഡയറി യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഒന്ന് മൂന്നിലവിലും അടുത്തത് പഴുക്കാക്കാനത്തെ മഹിളാസമാജം വകയായുള്ള മിൽക്ക് പ്രൊഡക്റ്റ് യൂണിറ്റും ആണ്.

ട്രൈസം

ഗ്രാമീണ യുവതി യുവാക്കൾക്ക് പെറുകിട കുടിൽവ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നല്കി I.R.D.P. യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി തുടങ്ങിയ പദ്ധതിയാണിത്. ട്രൈബൽ ഡിപ്പാർട്ടുമെന്റു വകയായി മൂന്നിലവിൽ ഒരു തയ്യൽ പരിശീലന കേന്ദ്രം നടക്കുന്നുണ്ട്. ഓരോ ഈ രണ്ടുവർഷത്തിലും 12 പെൺകുട്ടികൾക്കു വീതം ഇവിടെ പരിശീലനം ലഭിക്കുന്നു. ആറു ബാച്ചുകളിലായി 65 പെൺകുട്ടികൾക്ക് ഇതുവരെ പരിശീലനം കൊടുത്തിട്ടുണ്ട്. പരിശീലനം നേടുന്ന എല്ലാവർക്കും തയ്യൽ മെഷീനുകളും മറ്റുപകരണങ്ങളും സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ നിലവിലുള്ള സ്റ്റൈഫന്റ് പ്രതിമാസം 300 രൂപയും ലപ്സം ഗ്രാന്റ് 500 രൂപായായും വർദ്ധിപ്പിക്കേണ്ടതാണ്. ഇവിടെ പരിശീലനം നേടിയവരിൽ പേർക്ക് തയ്യൽ മിഷ്യൻ ലഭിച്ചിട്ടുണ്ട്.

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം	അവശേഷിക്കുന്നവർ
II	എംബ്രോയിഡറി	1	1	–	–
V	ഓട്ടോമൊബൈൽ	1	1	–	–
VII	ടൈപ്പ് റൈറ്റിംഗ്	2	–	2	–
VII	ബ്യൂട്ടീഷൻ	1	1	–	–
VII	ടൈപ്പ് റൈറ്റിംഗ്	2	2	–	–

കാർപ്പന്ററി ട്രെയിനിങ്ങ് സെന്റർ

ട്രൈബൽ ഡിപ്പാർട്ടുമെന്റ് വകയായി പട്ടികവർഗ്ഗ യുവാക്കൾക്ക് ഒരു കാർപ്പന്ററി ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നിലവ് കേന്ദ്രമാക്കിയുള്ള ഈ സെന്ററിൽ 12 യുവാക്കൾക്ക് ഒരേസമയം പരിശീലനം ലഭിക്കുന്നതാണ്. സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗ്രാമീണ ശുചിത്വ പരിപാടി

കോട്ടയം ജില്ലാ കളക്ടർ P.H. കുര്യൻ I.A.S. അവർകളുടെ പ്രത്യേക താല്പര്യപ്രകാരം ഈ ജില്ലയിൽ 2000-മാണ്ടോടുകൂടി കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നല്കുന്നതിനുള്ള ഒരു ബ്രഹത്തായപദ്ധതി രൂപം കൊണ്ടുവരുകയാണ്. അതാണ് നിർമ്മൽ 2000 പദ്ധതി. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ധനസഹായത്തോടുകൂടി മുഴുവൻ വീടുകൾക്കും, സാമ്പത്തികശേഷിയുള്ള മറ്റു കുടുംബങ്ങൾക്ക് പ്രോത്സാഹനം കൊടുത്തും, അങ്ങനെയുള്ള എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചും ഗ്രാമീണ ശുചിത്വപരിപാടിയിൽ, മലവിസർജ്ജനപരിപാടിയിൽ കൂടിയുള്ള സാംക്രമിക രോഗത്തിൽ നിന്നും ഒരു പരിധിവരെ ജനങ്ങൾക്ക് മുക്തിനേടാവുന്നതാണ്. ഈ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം J.R.Y. സ്കീമിൽ ഉൾപ്പെടുത്തി 96-ൽ തന്നെ 32-ഉം തുടർന്നുപട്ടികവർഗ്ഗ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നതുക മുഴുവനുപയോഗിച്ച് 52 കക്കൂസുകൾ കൂടി നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാവർക്കും കക്കൂസ് ലഭിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുകയും നിലവിൽ ലഭിക്കുന്ന 2000 രൂപ വർദ്ധിപ്പിച്ച് 3500 രൂപയെങ്കിലും ഗവ. ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിധവാ പെൻഷൻ

പഞ്ചായത്തിൽ നിലവിൽ 7 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ വിധവകൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 65 പേർ വികലാംഗരായി ഉണ്ട് ഇതുവരെ ആർക്കും പെൻഷൻ ലഭിച്ചിട്ടില്ല. വികലാംഗരായ എല്ലാവർക്കും പെൻഷൻ കൊടുക്കുന്നതിനു നടപടി സ്വീകരിക്കണം.

വാർദ്ധക്യകാലപെൻഷൻ

പഞ്ചായത്തിൽ 4 പേർക്ക് മാത്രമെ പെൻഷൻ ലഭിക്കുന്നുള്ളു. പ്രായപൂർത്തിയായ ആൺമക്കൾ ഇല്ലാതിരിക്കുകയും 65 വയസ് തികഞ്ഞിട്ടുള്ളതും ആയ ആളുകൾക്കാണ് ഇപ്പോൾ പെൻഷന് അർഹത ഉള്ളത്. എന്നാൽ പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിലും ആൺമക്കൾ മാതാപിതാക്കളെ പരിരക്ഷിക്കുവാൻ തയ്യാറാകാതെ വേറെ കുടുംബമായി താമസിക്കുകയും ചെയ്യുന്നതുമൂലം ജീവിക്കുവാൻ വരുമാനമില്ലാതെ കഷ്ടപ്പെടുന്ന ധാരാളം പേർ ഈ പഞ്ചായത്തിൽ ഉണ്ട് അവർക്കും കൂടി പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

സാനിട്ടേഷൻ സർവ്വേ ലിസ്റ്റ് I.R.D.P.

വാർഡ്	കക്കൂസുകൾ ഇല്ലാത്ത വീടുകൾ (I.R.D.P. സർവ്വേ)	ഗ്രാമീണ ശുചിത്വ പരിപാടിയിൽ കൂടി അനുവദിച്ച കക്കൂസുകൾ	പൂർത്തിയാക്കിയവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ടവരുടെ എണ്ണം
I	65	4	4	65
II	47	3	3	47
III	58	3	3	58
IV	71	1	1	71
V	100	2	2	100
VI	165	5	5	165
VII	135	5	5	135
VIII	128	3	3	128

ബാലവാടികൾ

നാല് ബാലവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. VI-ാം വാർഡിലും, VII-ാം വാർഡിലും VIII-ലും ആണ് ഇവ. VI-ാം വാർഡിലെ പഴുക്കാക്കാനത്ത് ബാലവാടിക്ക് 7 സെന്റ് സ്ഥലമുള്ളതിൽ കെട്ടിടം പണിത് കൊടുത്തിട്ടുണ്ടെങ്കിലും കുട്ടികൾക്ക് കളിക്കുന്നതിനോ, കളിസാധനങ്ങൾ സൂക്ഷിക്കുന്നതിനോ സ്ഥലം തികയാത്തതുകൊണ്ട് നല്ല കെട്ടിടം ഉണ്ടാക്കുന്നതിനുള്ള ധനസഹായം ലഭിക്കേണ്ടിയിരിക്കുന്നു. വാളകത്തും ഇതുതന്നെയാണ് സ്ഥിതി.

കർഷക തൊഴിലാളി ക്ഷേമനിധി

കർഷക തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഈ പഞ്ചായത്തിൽ ഉദ്ദേശം 300 - ഓളം പേർ അംഗങ്ങളായിട്ടുണ്ട്.

നിർദ്ദേശങ്ങൾ

പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തി കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ അധികാരപ്പെടുത്തുക.

ശിശുക്ഷേമപദ്ധതികൾ നടപ്പിലാക്കുക. ബാലവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക, അഗതി, വിധവാ, വാർദ്ധക്യകാല, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവ അർഹരായവർക്ക് നല്കുക.

വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നതിന് സഹായം നല്കുക. മിശ്രവിവാഹിതർക്ക് തുക കൊടുക്കുകയും അത് വർദ്ധിപ്പിക്കുകയും ചെയ്യുക.

വികലാംഗർക്ക് വിട് വയ്ക്കുന്നതിന് ധനസഹായം നല്കുക. വികലാംഗർക്ക് പ്രത്യേക തൊഴിൽ പരിശീലനം നല്കുകയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 50% സബ്സിഡിയോടുകൂടി വായ്പാ സൗകര്യം ലഭ്യമാക്കുകയും ചെയ്യണം.

ദുർബല വിഭാഗക്കാർക്ക് സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുക. രോഗികൾക്കാവശ്യമായ മരുന്ന് ആശുപത്രികളിൽ നിന്നു തന്നെ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

പാർപ്പിടം

പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും ചെറുകിട കർഷകരും പട്ടിക വർഗ്ഗത്തിൽപ്പെട്ട വരുമാണ് ഉന്നത മദ്ധ്യവർഗ്ഗവും ഉയർന്ന സാമ്പത്തിക നിലവാരമുള്ളവരും ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. ആകെയുള്ള 2520 വീടുകളിൽ രണ്ടുനിലയുള്ളത് 15 ഉം കോൺക്രീറ്റ് മേൽക്കൂരയുള്ളത് 99 - ഉം മാത്രമാണ്.

ഈ പഞ്ചായത്തിൽ 221 പേർക്ക് വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരാണ് ഭവനനിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരായ ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത് ഗവൺമെന്റിന്റെ J.R.Y. N.R.E.P. പദ്ധതികളെയാണ് J.R.Y. പോലെയുള്ള ധനസഹായ പദ്ധതികൾ മലമ്പ്രദേശത്ത് തുക 40000 ആക്കി ഉയർത്തേണ്ടതാണ്. സാധനങ്ങളുടെ വില കൂടുതലും കൂലികൂടുതലും കണക്കിലെടുത്ത് ഹൗസിങ്ബോർഡ് വരുമാനം കുറഞ്ഞവർക്ക് നല്കിവരുന്ന മൈത്രിഭവനനിർമ്മാണ പദ്ധതിയിൽ ഗവ. ഗ്രാന്റ് 50% എങ്കിലും ആക്കി വർദ്ധിപ്പിക്കേണ്ടതാണ്. മേലുകാവ് ഹൗസിങ് സഹകരണസംഘം വീടുകൾക്കായി 23,78000 രൂപാ വായ്പ നല്കിയിട്ടുണ്ട്. 1982 വർഷത്തിൽ N.R.E.P. സ്കീമിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് 145 വീടുകൾക്ക് ധനസഹായം നല്കി. ഗ്രൂപ്പ് ഹൗസിംഗ് പദ്ധതിപ്രകാരം 25 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാർപ്പിട നിർമ്മാണരംഗത്ത് ഇന്നുള്ള ഗവ. സംവിധാനവും സാമൂഹിക സാമ്പത്തിക പരിതസ്ഥിതിയും തികച്ചും പ്രതികൂലമായ അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. സിമന്റ്, കമ്പി, തടി, ഇഷ്ടിക മുതലായ കെട്ടിടനിർമ്മാണസാമഗ്രികളുടെ വില സാധാരണക്കാർക്ക് താങ്ങാവുന്നതല്ല. നിർമ്മാണ തൊഴിലാളികളുടെ കൂലി പുരുഷന്മാർക്ക് 125 - ഉം സ്ത്രീകൾക്ക് 75-ഉം രൂപയായി വർദ്ധിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നു. വായ്പകളും ഗ്രാന്റുകളും ലഭിക്കുന്നതിനുള്ള കാലതാമസവും സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

1995 - 96 ലെ പാർപ്പിടനിലവാരം

വാർഡ് നമ്പർ	വിട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിൽ ബ്ലോക്കിൽ നിന്നും അനുവദിച്ച വിട്	പൂർത്തീകരിച്ച വിട്	പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനി അനുവദിക്കേണ്ട വീടുകൾ
I	20	-	-	-	20
II	20	2	2	0	20
III	22	6	6	-	22
IV	43	3	3	-	43
V	18	4	4	-	18
VI	52	10	10	-	52
VII	41	33	33	-	41
VIII	18	13	13	-	18


നിർദ്ദേശങ്ങൾ

കുറഞ്ഞ വിലക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ ഗവ. ഏജൻസിവഴി കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഭവന നിർമ്മാണ വായ്പകളും ഗ്രാന്റു

കളും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം ഭവന നിർമ്മാണ വായ്പക്ക് പണയാധാരം രജിസ്റ്റർ ചെയ്യുന്ന നടപടി ഒഴിവാക്കണം. ചിലവുകുറഞ്ഞ നിർമ്മാണരീതി പ്രചരിപ്പിക്കണം. വീട് വയ്ക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലാത്ത പാവപ്പെട്ടവർക്ക് 5 സെന്റ് ഭൂമി സൗജന്യമായി നല്കുക. ഇതിനായി ഗവൺമെന്റ് തരിശ്ഭൂമി പട്ടയം കൊടുത്തും മിച്ചഭൂമിയും ഉപയോഗപ്പെടുത്തുക.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിക്ക് ഇപ്പോൾ ഗവൺമെന്റ് നല്കിവരുന്ന .12000 രൂപാ 30000 രൂപയാക്കി വർദ്ധിപ്പിക്കുക. പട്ടയം ഇല്ലാത്ത കൈവശക്കാർക്ക് പട്ടയം കൊടുക്കുക.

ഇങ്ങനെ ഇത്തരത്തിൽ ഭവനരഹിതരായ വീടില്ലാത്ത ഇടത്തരം കർഷകർക്കും മറ്റാളുകൾക്കും ഭവന നിർമ്മാണപദ്ധതി പ്രകാരം നഗരപ്രദേശത്തുള്ളതുപോലെയുള്ള ഇടത്തരം ഫ്ലാറ്റുകൾ നിർമ്മിച്ച് ഗ്രാമവാസികൾക്ക് വാസയോഗ്യമായ പാർപ്പിടം ലഭിക്കത്തക്കവണ്ണമുള്ള സംവിധാനം ഉണ്ടാകണം. സ്വന്തമായി വീടു നിർമ്മിക്കാൻ പ്രാപ്തിയില്ലാത്ത ഇടത്തരക്കാർക്ക് കുറഞ്ഞ പലിശയിൽ ഗ്രാമപഞ്ചായത്തുകൾ ഇടത്തരം വീടുകൾ നിർമ്മിക്കുന്നതിന് (ഉദാ: 1,00000 രൂപാവരെ) കുറഞ്ഞ പലിശയിൽ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അങ്ങനെ ഈ പ്രദേശത്തുള്ള ഇടത്തരക്കാരുടെയും പാർപ്പിട പ്രശ്നം പരിഹരിക്കാവുന്നതാണ്. 2000-മാണ്ടോടുകൂടി ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടില്ലാത്തവർക്കും വീടുലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കി പാർപ്പിട ദാരിദ്ര്യം പരിഹരിക്കേണ്ടതാണ്.





സംസ്കാരം

സാംസ്കാരിക ചരിത്രം വിരൽ ചൂണ്ടുന്ന മലമടക്കുകൾ നിറഞ്ഞ പ്രകൃതിസുന്ദരവും കാലത്തിന്റെ കുത്തൊഴുക്കിൽ ചോർന്നുപോയ സംസ്കാരത്തിന്റെ ഉടമയുമാണു മൂന്നിലവ് ഗ്രാമപഞ്ചായത്ത്. ഗ്രാമനഗരാന്തങ്ങൾ കടന്ന് കിഴക്കിന്റെ മാനസപുത്രി വൃക്ഷത്തലപ്പുകൾ കൊണ്ട് അനുഗ്രഹിച്ചിരിക്കുന്ന ഈ കൊച്ചുഗ്രാമം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്ന് 2500 അടിയെങ്കിലും ഉയരത്തിലാവാം ഈ പ്രദേശങ്ങളുടെ നിലനില്പ് എന്നു ചരിത്രരേഖകളിൽ കുറിച്ചിട്ടിരിക്കുന്നു.

വ്യാപാര വാണിജ്യ മണ്ഡലത്തിൽ ഏലം, കാപ്പി, കുരുമുളക്, തേങ്ങാ, അടയ്ക്കാ,തേയില തുടങ്ങിയ വകൊണ്ട് അനുഗ്രഹീതമായിരുന്ന ഈ പ്രദേശത്തിന് ചരിത്രപരമായി വാണിജ്യകേന്ദ്രങ്ങളുമായി ബന്ധമുണ്ടായിരുന്നു. നായാട്ടിലും കൃഷിയിലും ഏർപ്പെട്ടിരുന്ന ജനങ്ങൾ കോൽക്കളി ഡക്കകൊട്ട് തുടങ്ങിയവ അഭ്യസിച്ചിരുന്നു. ആശാന്മാരുടെ കീഴിൽ അഭ്യസിച്ചിരുന്ന ഈ കളികൾ ഉത്സവകാലങ്ങളിൽ തങ്ങളുടെ ആരാധനാമൂർത്തികളായി കരുതിയിരുന്ന, നാഗം, വൃക്ഷം, അഗ്നി, നദി തുടങ്ങിയവയെ പ്രീതിപ്പെടുത്താൻ വേണ്ടി നടത്തിയിരുന്നു. ഇവിടെ രാജഭരണത്തിന്റെ കുടിയേറ്റം മൂലം പൂഞ്ഞാർ രാജകുടുംബത്തിലെ ഒരു കണ്ണിയാണ് ഭരിച്ചിരുന്നതെന്നും ചരിത്രരേഖകളിലുണ്ട്. ഇവരുടെ ആക്രണ പ്രത്യാക്രമണങ്ങളിൽ പെട്ട് മങ്കൊമ്പ്, എരുമാപ്ര പ്രദേശങ്ങളിൽ താമസിച്ചിരുന്ന "മലയരയവിഭാഗങ്ങൾ" വളരെയധികം പീഡനങ്ങൾ അനുഭവിച്ചിരുന്നു. പിന്നീട് ഈ പ്രദേശത്ത് കടന്നുവന്ന ബ്രിട്ടീഷ്മിഷനറിമാർ (ആംഗലേയ) ഇവിടുത്തെ ജനങ്ങൾക്ക് പുതിയ ജീവിതരീതി പകർന്നു നല്കി. പഴുക്കാക്കാനം പുൽക്കൊട്ടിലുകൾ, മങ്കൊമ്പ് വാവലള്ള്, തലചായ്പുമുടല, കറുത്തകുന്ന് തൂക്കുശാല, പെരുംകാവ് തുടങ്ങിയ പുരാതനകേന്ദ്രങ്ങളിൽ മങ്കൊമ്പ് വാവലള്ള് മാത്രമാണ് ഇന്നുള്ളത്. ഈ വാവലള്ള് ഒരു ഭൂഗർഭ ഗുഹയാണ്. പഴുക്കാക്കാനം ഭാഗത്ത് പുല്ല്, ഈറയില തുടങ്ങിയവകൊണ്ടു കെട്ടിയ ധാരാളം വീടുകൾ ഉണ്ടായിരുന്നു. ഇവയുടെ നിർമ്മിതി ആരെയും അമ്പരിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. തലചായ്പുമുടലയുടെ ചരിത്രമായി പറയുന്നത്, മൂന്നിലവ് വലിയകുമാരമംഗലവും ചെറിയകുമാരമംഗലവും ഇരട്ടകളായ രണ്ടു രാജാക്കന്മാരാണ് ഭരിച്ചിരുന്നത് എന്നും ഈ രാജകുമാരന്മാരെ പ്രസവിച്ച സ്ഥലമായിരുന്നതിനാൽ തലചായ്പു മുടലയിൽ മാത്രം യുദ്ധം ഉണ്ടാകാറില്ലായിരുന്നുവെന്നുമാണ്. കറുത്തകുന്ന് തൂക്കുശാല കുറ്റവാളികളെ തൂക്കിക്കൊല്ലുന്നതിനു മൂന്നാഴ്ച മുമ്പ് പെരുങ്കാവിൽ കൊണ്ടുവന്നു താമസിപ്പിക്കും. അവിടെ നിന്ന് കറുത്തകുന്നിൽ കൊണ്ടുവന്നു കഴുമരത്തിൽ കയറ്റുകയും ചെയ്യുകയായിരുന്നു പതിവ്.

കോൽകളി, ഡക്കകൊട്ട്, ചെണ്ടമേളം, ബാൻഡ് മേളം തുടങ്ങിയ കലകൾ ഇന്ന് നാമമാത്രമായ ആശാൻമാർക്ക് മാത്രമേ അറിയൂ. എങ്കിൽപോലും ഇന്നും ഈ പ്രദേശങ്ങളിലെ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും ചെണ്ടമേളവും ബാൻഡുമേളവും ഒക്കെ നടത്തുന്നത് ഈ ആശാന്മാരുടെ കീഴിൽ അഭ്യസിച്ച ശിഷ്യന്മാരാണ്. ഇന്ന് ജനങ്ങൾക്കിടയിൽ പകിട, ചതുരംഗം, കണ്ണുപൊത്തി, ചീട്ടുകളി, ചെസ് തുടങ്ങിയ കളികളും, കിളിത്തട്ട്, കബഡി, വോളിബോൾ തുടങ്ങിയവയും നിലനിൽക്കുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തന്നെയാണ് ആദ്യത്തെ മുന്നേറ്റം നടന്നത്. 19-ാം നൂറ്റാണ്ടിൽ തന്നെ കുടിപ്പള്ളിക്കൂടങ്ങൾ കെട്ടി അതിൽ കുട്ടികളെ എഴുത്തിനിരുത്തുന്ന രീതി നിലവിലിരുന്നു. 1900 ത്തോടുകൂടി വിദ്യാഭ്യാസമേഖലയിൽ പുതിയ മാറ്റങ്ങൾ ഉണ്ടായി. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രതിഫലനത്തിൽ എരുമാപ്രമിഷൻ ബംഗ്ലാവിന്റെ വരാന്തയിൽ ആരംഭിച്ച സ്കൂളാണ് ആദ്യത്തേത്. പിന്നെ വിദ്യാഭ്യാസ മേഖലയിൽ നിരന്തരമായ മാറ്റം ഉണ്ടാവുകയും നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലവിൽ വരുകയും ചെയ്തു.

രാഷ്ട്രീയത്തെ സംസ്കാരത്തിന്റെ ഭാഗമായി ബന്ധിപ്പിക്കുവാൻ പാടില്ലായെങ്കിൽ പോലും സാംസ്കാരികമായി ഈ പ്രദേശത്തെ ജനങ്ങൾ നിരവധി രാഷ്ട്രീയ പാർട്ടികളുടെ അനുയായികളാണ്. എങ്കിലും രാഷ്ട്രീയത്തിന്റെ പേരിൽ ഒരുതുള്ളി രക്തംപോലും വീണ് ഈ ഗ്രാമത്തെ കളങ്കപ്പെടുത്താൻ ജനങ്ങൾ സമ്മതിച്ചിട്ടില്ലായെന്നുള്ളത് സാംസ്കാരികമായുള്ള ജനങ്ങളുടെ മുന്നേറ്റമായി കരുതാം.

സാംസ്കാരിക സന്നദ്ധസംഘടനകൾ 1963 - 64 കാലഘട്ടങ്ങളിലാണ് സ്ഥാപിതമായിട്ടുള്ളത്. ഈ കാലഘട്ടത്തിൽ ആരംഭിച്ച സഹ്യൻ ലൈബ്രറി കാല

ക്രമത്തിൽ നിന്നുപോയി. പിന്നീട് 1969 - 70 കാല ഘട്ടത്തിൽ നിലവിൽ വന്ന യംഗ്മെൻസ് സ്പോർട്ട്സ് ക്ലബ്ബും ഈ രീതിയിൽ തന്നെ നിലകൊണ്ടു. 1974-ൽ ഇരുമാപ്രയിൽ ആരംഭിച്ച ലൈബ്രറിയാണ് പഞ്ചായത്തിലുള്ള ഏറ്റവും പഴക്കം ചെന്ന ലൈബ്രറി. ഇത് ഒരു ടി.വി. സെന്റർ കൂടിയാണ്. 1981-ൽ സ്ഥാപിതമായ മൂന്നിലവ് പബ്ലിക് ലൈബ്രറിയും 1985-ൽ സ്ഥാപിതമായ സരിഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബും ആരംഭിച്ചും കുറിഞ്ഞിപ്ലാവ് ടി.വി. സെന്ററും (പട്ടിക 4) കൂടാതെ നിരവധി സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിലുടനീളം പ്രവർത്തിക്കുന്നു.

ആരാധനാലയങ്ങളും ഉത്സവങ്ങളും

മൂന്നിലവ് പഞ്ചായത്തിലെ ഏറ്റവും പുരാതനവും എന്നാൽ ആരംഭത്തെക്കുറിച്ച് കൃത്യമായ രേഖകൾ ഇല്ലാത്തതുമായ മങ്കൊമ്പു ഭഗവതീക്ഷേത്രമാണ് ഏറ്റവും പഴക്കം ചെന്നത്. ഇത് സ്ഥാപിതമായിട്ട് ഒരു സഹസ്രാബ്ദമെങ്കിലും ആയിയെന്നു കരുതപ്പെടുന്നു. ഈ ക്ഷേത്രത്തിൽ വർഷത്തിൽ രണ്ടുത്സവമാണ് നടക്കാറുള്ളത്. മീനപ്പൂരവും പത്താമുദയവും. എല്ലാവർഷവും പത്താമുദയത്തിന് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ചെട്ടിപിള്ള (വെള്ളാളപിള്ള) മാർ ഇവിടെ ദർശനത്തിന് എത്തുന്നുണ്ട്. കൂടാതെ എല്ലാ മീനമാസവും പൂരമഹോത്സവവും നടക്കുന്നു. 1849-ൽ സ്ഥാപിതമായ സെന്റ് പീറ്റേഴ്സ് സി.എസ്.ഐ. ചർച്ച് എരുമാപ്രയാണ് സ്ഥാപിതമായത് ഏറ്റവും പഴയ ക്രിസ്തീയ ദേവാലയമാണിത്. പിന്നീട് നിരവധി ആരാധനാലയങ്ങൾ ഇവിടെ ആരംഭിച്ചു. ക്രിസ്തീയ ദേവാലയങ്ങളിൽ പുത്തരിപ്പെരുന്നാൾ എന്ന പേരിലായിരുന്നു ഇപ്പോൾ ആദ്യഫലപ്പെരുന്നാൾ എന്നും അറിയപ്പെടുന്നു. മൂന്നിലവ് സെന്റ് മേരീസ് പള്ളിയിൽ ജനുവരി മാസത്തിലാണ് പെരുന്നാൾ നടക്കുന്നത്. മൂന്നിലവ് പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന കരകളിലേക്കും പ്രദക്ഷിണം നടത്തുകയും നാനാജാതി മതസ്ഥരായ ജനങ്ങൾ ഇതിൽ പങ്കെടുക്കുകയും ചെയ്യുന്നുവെന്നത് ഈ ഗ്രാമത്തിലെ മതസൗഹാർദ്ദത്തിന്റെ ഏറ്റവും ചെറിയ ഒരു ഉദാഹരണം മാത്രമാണ്. പട്ടികയിൽ ആരാധനാലയങ്ങളുടെ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്.

കായികരംഗം

മൂന്നിലവ് പഞ്ചായത്തിൽ നിന്നു നിരവധി കായികപ്രതിഭകൾ ഉയർന്നുവന്നിട്ടുണ്ട്. അതിനാൽ ഈ പഞ്ചായത്ത് കായികരംഗത്ത് ഒരു നിർണ്ണായക ശക്തി കൂടിയാണ്. ഈ മലയോരപഞ്ചായത്തിലെ ഹരിജന ഗിരിജനങ്ങളിൽ ഭൂരിപക്ഷവും നല്ല കായികപ്രതിഭകളാണ് എന്നത് പ്രത്യേകം പരാമർശിക്കേണ്ട കാര്യമാണ്. മീനച്ചിലാറിന്റെ പുളകച്ചാർത്തിൽ നീന്തിത്തുടിച്ച് സംസ്ഥാനടീമിൽ വരെ എത്തപ്പെട്ട പല താരങ്ങളും സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പഞ്ചായത്തിനു നഷ്ടമായി.

പുതിയ തലമുറ കായികരംഗത്തേക്കു കടന്നു വരുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. ഇതിന്റെ കാരണം പരിശീലനത്തിനു വേണ്ടുന്ന സ്റ്റേഡിയമോ ഗ്രൗണ്ടോ ഈ പഞ്ചായത്തിൽ ഇല്ലെന്നുള്ളതാണ്. പുതിയ കായികതാരങ്ങളെ വളർത്തിയെടുക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ അത്യാവശ്യമാണ്.

1. അർപ്പണ ബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനു പുറമേ അവർക്കു വേണ്ടുന്ന ചിലവിന്റെ ഭൂരിഭാഗവും സ്കൂൾതലത്തിൽ ലഭ്യമാക്കുക.
2. മൂന്നിലവു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പണിയുക കൂടാതെ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഗ്രൗണ്ട് എത്രയും പെട്ടെന്ന് പണി തീർക്കുക.
3. പത്തോളം വരുന്ന സ്കൂളുകൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടും ഒരു സ്കൂളിനുപോലും ഗ്രൗണ്ടില്ല. അതിനാൽ എത്രയും പെട്ടെന്ന് സ്കൂളുകൾക്ക് ഗ്രൗണ്ടിനുള്ള സ്ഥലം അനുവദിച്ച് ഗ്രൗണ്ട് പണിക്കുള്ള നടപടി സ്വീകരിക്കുക.
4. പ്രഗത്ഭരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുക.
5. എല്ലാ സ്കൂളിലും നിർബന്ധിത കോച്ചിംഗ് സെന്റർ ആരംഭിക്കുക.
6. ഹരിജനഗിരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന മൂന്നിലവ് പഞ്ചായത്തിൽ അത്യാധുനിക രീതിയിലുള്ള ഒരു ജിംനേഷ്യം ഗവ. തലത്തിൽ ആരംഭിക്കുക.
7. സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുകയും പഞ്ചായത്തുതലത്തിൽ ഒരു കായികാദ്ധ്യാപകനെ നിയമിച്ച് താരങ്ങൾക്കു വേണ്ട പരിശീലനം നൽകുക.
8. ഇതിനു പുറമേ മൂന്നിലവ് പഞ്ചായത്തിലെ കായികതാരങ്ങൾക്ക് തങ്ങളുടെ "ട്രാക്ക്" സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജില്ലാ സംസ്ഥാനതലങ്ങളിലുള്ള മത്സരങ്ങൾക്കു പങ്കെടുക്കുവാൻ വേണ്ടുന്ന സാമ്പത്തികമായ പ്രോത്സാ

ഹനം പഞ്ചായത്തുതലത്തിൽ തന്നെ ചെയ്ത് അവരുടെ കായികശക്തിക്ക് മാറ്റുകൂട്ടേണ്ടതാണ്.

സാംസ്കാരികമണ്ഡലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. 1, 2, 4, 5, 6, 7 എന്നീ വാർഡുകളിൽ വായനശാലയോ ഗ്രന്ഥശാലയോ ഇല്ല. 8-ാം വാർഡിലെ ലൈബ്രറിക്കു സ്ഥലവും കെട്ടിടവുമില്ല. മൂന്നാം വാർഡിലെ പബ്ലിക് ലൈബ്രറിയിൽ വൈദ്യുതിയില്ല. കൂടാതെ നാട്ടുകാർ നിരന്തരമായി ആവശ്യപ്പെടുന്ന ടെലിവിഷൻ എന്ന സ്വപ്നം പോലും പൂവണിഞ്ഞിട്ടില്ല. മാത്രമല്ല ഉന്നത വിദ്യാഭ്യാസത്തിനുള്ള റഫറൻസ് ഗ്രന്ഥങ്ങളും ഇവിടെ ലഭ്യമല്ല.
2. കേരളത്തിന്റെ തനതായ കലകളായ കഥകളി, ഭരതനാട്യം മറ്റു പലതരത്തിലുള്ളവയും പരിപോഷിപ്പിക്കുന്നതിന് വിദഗ്ദ്ധരില്ല. അതിനാൽ തന്നെ ദരിദ്രരായ വിദ്യാർത്ഥികൾക്ക് ഇവ പരിശീലിക്കുവാൻ മാർഗ്ഗവുമില്ല.
3. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളെ എല്ലാം കൂടി കൂട്ടിയിണക്കുവാൻ സാധിച്ചിട്ടില്ല. അതിനാൽ അവ തമ്മിൽ തമ്മിൽ നിലനിൽപിനു വേണ്ടി പോരാടുകയാണ്.
4. സ്കൂളുകളിലെ ലൈബ്രറികൾക്ക് വേണ്ടവിധം പുസ്തകങ്ങളില്ല. ഉള്ള പുസ്തകങ്ങൾ ഉപയോഗശൂന്യവുമാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു Information Centre ആരംഭിക്കുക. ഇവിടെ സമർത്ഥനായ ഒരു ഓഫീസറെ നിയമിക്കുക. അയാൾ ഈ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും പ്രശ്നങ്ങൾക്ക് തക്കതായ ഉപദേശം നല്കുകയും ചെയ്യുക.
2. 1, 2, 4, 5, 6, 7 എന്നീ വാർഡുകളിൽ ഗ്രന്ഥശാലയോ വായനശാലയോ സ്ഥാപിക്കുക.
3. മൂന്നിലവ് പബ്ലിക് ലൈബ്രറി 'A' ഗ്രേഡ് ലൈബ്രറി ആക്കി ഉയർത്തുകയും വൈദ്യുതീകരിക്കുകയും ചെയ്യുക. കൂടാതെ മൂന്നിലവ് ടൗൺ കേന്ദ്രീകരിച്ചുള്ള ലൈബ്രറി ആയതിനാൽ കമ്പ്യൂട്ടർ ടെക്നോളജിയിൽ അറിവുകൾ ശേഖരിച്ചു വയ്ക്കുവാൻ കഴിവുള്ളത് ആക്കുക. എങ്കിൽ മാത്രമേ ഇവിടുള്ള ഉപരിപഠനം നടത്തുന്നവർക്ക് കാര്യങ്ങൾ കൃത്യമായി ഇതിൽ നോക്കി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. എട്ടാം വാർഡിലെ പബ്ലിക് ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക.
4. എല്ലാ വാർഡുകളിലും ടി.വി. സെന്റർ ആരംഭിക്കുകയും മൂന്നിലവ് ടൗണിൽ ഒരു കമ്മ്യൂണിറ്റിഹാൾ (500 പേർക്ക് ഇരിക്കാവുന്നത്) പണിയുകയും ചെയ്യുക.
5. എല്ലാ വാർഡുകളിലും മിനിസ്റ്റേഡിയങ്ങൾ പണിയുക. പഞ്ചായത്ത് ഗ്രൗണ്ട് ഉടൻ പണി പൂർത്തിയാക്കുക.
6. മൂന്നിലവിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്റ്റേഡിയം പണിയുക.
7. ജനവിദ്യാകേന്ദ്രങ്ങൾ സാംസ്കാരിക നിലയമായി ഉയർത്തുക.
8. മൂന്നിലവിൽ കലാസാംസ്കാരിക കളരി ആരംഭിക്കുക. (നൃത്തം, നാടകം പോലുള്ളവ പരിപോഷിപ്പിക്കാൻ)
9. ഇൻഡ്യൻ സോഷ്യൽ വെൽഫെയർ സൊസൈറ്റിക്കും സരിഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിനും സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക.

		ഗ്രേഡ്	ദിനംപ്രതി എത്തുന്ന വായനക്കാർ	മാസംതോറും എത്തുന്ന വായനക്കാർ	ടി.വി. ഉണ്ട് / ഇല്ല	മൊത്തം അംഗസംഖ്യ
1.	മൂന്നിലവ് പബ്ലിക് ലൈബ്രറി	C	40	410	ഇല്ല	438
2.	എരുമാപ്രമറ്റം പബ്ലിക് ലൈബ്രറി	E	30	300	ഉണ്ട്	50

പട്ടിക 4 നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	അഫിലിയേഷൻ	പ്രവർത്തനത്തിന്റെ ലഘുവിവരം
1.	പബ്ലിക് ലൈബ്രറി മൂന്നിലവ്	1981	435	സ്വന്തം	ഉണ്ട്	കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	കലാസാംസ്കാരിക രംഗവും പൊതുപ്രവർത്തനവും
2.	സരിഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മൂന്നിലവ്	1985	50	വാടക	ഇല്ല	സംസ്ഥാന കലാ സാംസ്കാരിക വേദി	കലാസാംസ്കാരികം സ്പോർട്ട്സ്
3.	ഇന്ത്യൻ സോഷ്യൽ വെൽഫെയർ സൊസൈറ്റി	1996	25	11	11	ഹൈദരാബാദ് ഐ.പി.എസ്.ഒ.	സാമൂഹ്യസേവനം ഗ്രാമവീഥി പ്രസിദ്ധീകരണം
4.	കോമൺസ് ക്ലബ്ബ് കൂട്ടക്കല്ല്	-	-	11	-	ജില്ലാ രജിസ്ട്രാർ	കലാസാംസ്കാരികം
5.	സൂര്യാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് തഴയ്ക്കവയൽ	-	-	-	-	-	കലാസാംസ്കാരികം
6.	രാജീവ്ഗാന്ധി മെമ്മോറിയൽ സാംസ്കാരിക നിലയം കുറിഞ്ഞിപ്ലാവ്	1992	-	സ്വന്തം	ജെ.ആർ.വൈ സ്കീം	മൂന്നിലവ് പഞ്ചായത്ത്	സാംസ്കാരികം
7.	ലൈബ്രറി & റീഡിംഗ്റൂം എരുമാപ്ര	-	-	വാടക	"	"	കലാസാംസ്കാരികം
8.	കവിതാ ആർട്ട് & സ്പോർട്ട്സ് ക്ലബ്ബ് മേച്ചാൽ			വാടക		ജില്ലാ രജിസ്ട്രാർ	കലാസാംസ്കാരികം സ്പോർട്ട്സ്
9.	മലനാട് പൗരസമിതി മേച്ചാൽ			വാടക	ജില്ലാ	ജില്ലാ രജിസ്ട്രാർ	കലാസാംസ്കാരികം
10.	ഫ്രണ്ട്സ് ആർട്ട് & സ്പോർട്ട്സ് ക്ലബ്ബ് വാളകം			വാടക		ജില്ലാ രജിസ്ട്രാർ	കലാസാംസ്കാരികം

പട്ടിക (B) മൂന്നിലവ് പഞ്ചായത്തിലെ ആരാധനാലയങ്ങൾ

1. സെന്റ് മേരീസ് ചർച്ച് മൂന്നിലവ്
2. മങ്കൊമ്പ് ഭഗവതി ക്ഷേത്രം മങ്കൊമ്പ്
3. സെന്റ് പീറ്റേഴ്സ് ചർച്ച് എരുമാപ്ര
4. ഐ.പി.സി. എരുമാപ്ര
5. പ്രീ - പൊന്തെക്കോസ്ത് ചർച്ച്. എരുമാപ്ര
6. പെന്തെക്കോസ്ത് ചർച്ച് കുറുങ്ങാട്
7. ശ്രീധർമ്മശാസ്താക്ഷേത്രം പഴുക്കാക്കാനം
8. സി.എസ്.ഐ. ചർച്ച് വെള്ളാറ
9. സി.എസ്.ഐ. ചർച്ച് പഴുക്കാക്കാനം
10. സെന്റ് മേരീസ് ചർച്ച് നെല്ലാപ്പാറ
11. പെന്തെക്കോസ്ത് ചർച്ച് വെള്ളറ
12. സി.എസ്.ഐ. ചർച്ച് മങ്കൊമ്പ്
13. സി.എസ്.ഐ. ചർച്ച് അപ്പർ മങ്കൊമ്പ്
14. പെന്തെക്കോസ്ത് ദേവാലയം "
15. പെയിന്റർ വാലി സി.എസ്.ഐ. ചർച്ച്
16. ശ്രീധർമ്മ ശാസ്താ ക്ഷേത്രം അഞ്ചുമല
17. കാൽവരി മൗണ്ട് പള്ളി അഞ്ചുമല
18. സെന്റ് തോമസ് സി.എസ്.ഐ. ചർച്ച് മേച്ചാൽ
19. ദി പെന്തക്കോസ്ത് ചർച്ച് മേച്ചാൽ
20. ചർച്ച് ഓഫ് ഗോഡ് മേച്ചാൽ
21. ഐ.പി.സി. മേച്ചാൽ
22. സ്വതന്ത്രസഭ മേച്ചാൽ
23. ചർച്ച് ഓഫ് ഗോഡ് വാളകം
24. സി.എസ്.ഐ. ചർച്ച് വാളകം
25. അയ്യപ്പസേവാസംഘം പുതുശ്ശേരി
26. സി.എസ്.ഐ. ചർച്ച് കുറിഞ്ഞിപ്ലാവ്
27. സ്വതന്ത്രസഭ മോസ്കോ
28. ചർച്ച് ഓഫ് ഗോഡ് കോലാനി

മൂന്നിലവ് പഞ്ചായത്തിലെ കോൺവെന്റുകൾ
ക്ലാരിസ്റ്റ് കോൺവെന്റ് വലിയകുമാരമംഗലം മൂന്നിലവ്
സെന്റ് ജോസഫ് ബാലഭവൻ മൂന്നിലവ് (S.H. Convent)

അത്യാധുനിക കമ്പ്യൂട്ടർ യുഗത്തിൽ രാജ്യങ്ങൾ പരസ്പരം അടുത്തുവന്നു കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്കാരങ്ങൾ പലതും ചോർന്നു പോവുകയും പുതിയവ ഇരച്ചുകയറുകയും ചെയ്യുന്നു. പരിവർത്തനത്തിന്റേത് എന്നു വിശ്വസിക്കുന്ന ഈ ലോകം മൂല്യച്യുതിയിലേക്ക് കൂപ്പുകുത്തുകയാണ്, ഈ സ്ഥിതിവിശേഷം മൂന്നിലവ് പഞ്ചായത്തിൽ ഇനി ഉണ്ടാവാതിരിക്കാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ മഹാത്മജിയുടെ ഗ്രാമസ്വരാജിൽ വിഭാവനം ചെയ്തിരിക്കുന്ന ഒരു പുതിയ സംസ്കാരത്തിന്റെ കുളമ്പടികൾ വരുന്ന അഞ്ചുവർഷത്തിനുള്ളിൽ കുറച്ചെങ്കിലും നേടണമെങ്കിൽ നമുക്ക് ഒന്നിച്ചു മുന്നേറാം.



വനിത

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പടിവാതുക്കൽ എത്തിനിൽക്കുന്ന നാം സ്ത്രീ സ്വാതന്ത്ര്യം-വനിതാവിമോചനം എന്നീ വാക്കുകൾക്ക് വലിയ വില കൽപ്പിക്കുന്നില്ല. കോടികൾ മുടക്കി ലോക സുന്ദരി മത്സരങ്ങൾ നടത്തുന്ന രാജ്യത്ത് വനിതകൾ ഇന്നും നിരക്ഷരരും പീഡനം അനുഭവിക്കുന്നവരുമായി മാറുന്നു. ദാരിദ്ര്യവും രോഗം മൂലമുള്ള കഷ്ടപ്പാടുകളും സ്ത്രീകളെ നിത്യദുഃഖത്തിലാഴ്ത്തുന്നു.

മൂന്നിലവു പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥയും ഒരു ശരാശരി ഇന്ത്യാക്കാരിയുടേതു തന്നെ. വിദ്യാസമ്പന്നരും സാമ്പത്തിക സ്വാതന്ത്ര്യം അനുഭവിക്കുന്നവരുമായ സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ബഹുഭൂരിപക്ഷം സ്ത്രീകളും പീഡനം അനുഭവിക്കുന്നവരാണ്. നിരക്ഷരരായ സ്ത്രീകൾ നമ്മുടെഗ്രാമത്തിൽ ധാരാളമുണ്ട്. സാക്ഷരതാ പ്രസ്ഥാനം ഉണ്ടായെങ്കിലും നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചിട്ടില്ല. അക്ഷരാഭ്യാസമില്ലാത്ത സ്ത്രീകൾ സമൂഹത്തിൽ മാത്രമല്ല സ്വന്തം വീടുകളിൽപോലും വഞ്ചിതരാകുന്നു.

സമൂഹത്തിൽ സാമ്പത്തികമായ മുന്നണിയിൽ നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ പൊതുരംഗങ്ങളിലേക്കു കടന്നുവരുവാൻ താല്പര്യം കാണിക്കുന്നില്ല. മതപരമായും സാമൂഹികപരമായുമുള്ള ചടങ്ങുകളിൽ മാത്രമേ അവർ പങ്കെടുക്കുന്നുള്ളൂ. സമൂഹത്തിൽ സ്ത്രീകളുടെ പദവിയേപ്പറ്റിയോ സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങളേപ്പറ്റിയോ അവർ ചിന്തിക്കാറില്ല.

ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകളെ പൊതുരംഗങ്ങളിൽ കാണാം. പക്ഷേ അവർ സാമൂഹ്യ പ്രവർത്തനരംഗങ്ങളിൽ ഉറച്ചു നിൽക്കുവാൻ താൽപര്യം കാണിക്കുന്നില്ല. സ്വയംഭരണ സ്ഥാപനങ്ങളിൽ 30 ശതമാനം സംവരണം ഉണ്ടെങ്കിലും പലപ്പോഴും തങ്ങൾക്കർഹതപ്പെട്ട സ്ഥാനം കരസ്ഥമാക്കുവാൻ പോലും ശ്രമിക്കാതെ പിന്തിരിഞ്ഞു നിൽക്കുന്നു.

പട്ടികജാതി പട്ടിക വർഗ്ഗ സമൂഹങ്ങളിലെ ബഹുഭൂരിപക്ഷം സ്ത്രീകളും സാമൂഹ്യമായും സാമ്പത്തികമായും പിന്നണിയിൽ കിടക്കുന്നവരാണ്. ജോലി സംവരണം ഉറപ്പുണ്ടെങ്കിലും വിദ്യാസമ്പന്നകളായ സ്ത്രീകൾ തൊഴിൽ ലഭിക്കാതെ ഇന്നും എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നു. മുൻകാലങ്ങളിലെ നിയമനനിരോധനം മൂലം റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയിട്ടും ജോലിലഭിക്കാതെ ഹതഭാഗ്യരായ സ്ത്രീകൾ നിലവിലുണ്ട്. ജോലിയുള്ള സ്ത്രീകൾ വീട്ടിലെ ജോലികളും ഭർത്താവിനേയും കുട്ടികളേയും സംരക്ഷണവും കഴിഞ്ഞുവേണം ജോലിക്കു പോകുവാൻ. യാത്രസൗകര്യമില്ലാത്ത പ്രദേശത്തുനിന്നും അകലെയുള്ള ജോലി സ്ഥലങ്ങളിലേക്കു പോകുന്ന സ്ത്രീകൾ തിരിച്ചു വീടുകളിലെത്തുമ്പോൾ രാത്രിയാകുന്നു. വീണ്ടും ഭർത്താവിന്റെയും കുട്ടികളുടെയും സംരക്ഷണവും ഭക്ഷണവും കൂടി കഴിയുമ്പോൾ പാതിരയാകും. പുലർച്ചെ വീണ്ടും അവളുടെ ജോലി തുടങ്ങുന്നു.

ഗ്രാമീണ കൂലിപ്പണിക്കു പോകുന്ന സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമാണ്. പുരുഷന്മാർക്കു തുല്യം ജോലി ചെയ്യുന്നുണ്ടെങ്കിലും കൂലിയുടെ കാര്യത്തിൽ വിവേചനം നിലനിൽക്കുന്നു. ഒരു പുരുഷ തൊഴിലാളിക്ക് 80 രൂപ ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളിക്ക് 40 രൂപ മാത്രമേലഭിക്കുന്നുള്ളൂ. കർഷകതൊഴിലാളി സ്ത്രീകൾ അർദ്ധപട്ടിണിക്കാരാണ്. കുടുംബത്തിലെ മറ്റംഗങ്ങളുടെ സംരക്ഷണം മിക്കവാറും ഇത്തരം സ്ത്രീകളുടെ ചുമലിലാണ്. കുടുംബം പുലർത്താൻ കൂലിവേല ചെയ്യേണ്ടി വരുന്ന ഇത്തരക്കാർ നിത്യരോഗികളായി മാറുന്നു.

രോഗം ബാധിച്ച സ്ത്രീകൾക്കും ഗർഭിണികൾക്കും കൈക്കുഞ്ഞുങ്ങളുള്ള മാതാക്കൾക്കും സമയത്തു ചികിത്സ ലഭിക്കാതെ വരുന്നു. പഴുക്കക്കാനം, മേച്ചാൽ, വാളകം, ഇരുമാപ്ര എന്നീ യാത്രാസൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളിലെ സ്ത്രീകൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലെത്തണമെങ്കിൽ 8 മുതൽ16 കിലോമീറ്റർ വരെ അകലെയുള്ള ഇടമറുകിലെത്തണം. അവിടെ ചെല്ലുമ്പോൾ നിർദ്ദിഷ്ട സമയം കഴിഞ്ഞിരിക്കും. ഡോക്ടറെ കാണുവാനോ മരുന്ന് ലഭിക്കുവാനോ നിവൃത്തിയില്ലാതെ രോഗി മടങ്ങിപ്പോരേണ്ടതായി വരുന്നു. ഈരാറ്റുപേട്ടബ്ലോക്കിൽ ഒൻപതു പഞ്ചായത്തുകളിൽ 6 പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രമില്ലാത്ത ഒരു പഞ്ചായത്താണു നമ്മുടേത്. പ്രാഥമികാരോഗ്യ പ്രവർത്തകരുണ്ടെങ്കിലും രോഗികൾക്കും കുഞ്ഞുങ്ങൾക്കും സമയത്തു ചികിത്സയോ

ഔഷധങ്ങളോ ലഭിക്കുന്നില്ല. മാതാക്കൾക്കും കുട്ടികൾക്കും പോഷകാഹാരക്കുറവു മൂലം നിരവധി രോഗങ്ങളുണ്ടാകുന്നു.

വ്യക്തിപരമായും കുടുംബപരമായും ശുചിത്വം കുറഞ്ഞ സ്ത്രീകൾ നിരവധിയുണ്ട്. വേനൽക്കാലങ്ങളിൽ കുളിക്കുവാനോ കുടിക്കുവാനോ ജലം ലഭ്യമല്ലാത്ത പ്രദേശങ്ങളാണധികവും. പുഴകളും തോടുകളും വറ്റുന്നു. മൈലുകൾ താണ്ടിവേണം കുടിവെള്ളം എത്തിക്കുവാൻ. കുടിവെള്ളം എത്തിക്കേണ്ട ചുമതല മിക്കവാറും സ്ത്രീകൾക്കുതന്നെ. ദരിദ്രകർഷകരുടെയും കർഷകതൊഴിലാളികളുടെയും വീടുകളിൽ കക്കൂസുകളില്ല. വീടിനോടു ചേർന്നായിരിക്കും കാലിത്തൊഴുത്തുകളും കോഴിക്കൂടുകളും മറ്റും. അവയുടെ വിസർജ്ജന വസ്തുക്കളും സ്ത്രീകൾ തന്നെ നിക്കം ചെയ്യണം.

മിക്കവാറും വീടുകളിൽ വേണ്ടപോലെ വാതായന സൗകര്യങ്ങളില്ല. മാറാലപിടിച്ചതും പുക പിടിച്ചതുമായ അടുക്കളയിൽ സ്ത്രീ ജോലി ചെയ്യേണ്ടി വരുന്നു. അടുപ്പുകളിലെ പുക അവൾക്ക് നിരവധി രോഗങ്ങൾ സമ്മാനിക്കുന്നു. വൈദ്യുതി ഇല്ലാത്ത നിരവധി വീടുകളുണ്ട്. പകൽ സമയത്തുപോലും അടുക്കളയിൽ മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കേണ്ടി വരുന്നു. മണ്ണെണ്ണ പുകയിൽ നിന്നും നിരവധി ശ്വാസകോശരോഗങ്ങൾ സ്ത്രീകളെ ബാധിക്കുന്നു. അകാല വാർദ്ധക്യം സ്ത്രീകളുടെ കൂടപ്പിറപ്പു തന്നെ.

മഹിളാസമാജങ്ങളുടെ എണ്ണം നിരവധിയാണെങ്കിലും പ്രവർത്തനക്ഷമമല്ല. സ്ത്രീകൾക്കു വിനോദത്തിനുള്ള യാതൊരുപാധിയും നിലവിലില്ല. കായിക രംഗങ്ങളിൽ ദേശീയ നിലവാരം പുലർത്തുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. പുതിയ കായിക പ്രതിഭകളെ കണ്ടെത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ഉത്തരവാദിത്വപ്പെട്ടവർ താല്പര്യം കാണിക്കുന്നില്ല. സാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾ കുറവാണ്. അകത്തളങ്ങളിൽ നിന്നു് അരങ്ങത്തേക്കു പ്രവേശിക്കുവാൻ സ്ത്രീകൾ മടിച്ചു നിൽക്കുന്നു. സാമൂഹ്യമായി പിൻതള്ളപ്പെടുമോ എന്ന ഭയം അവരെ പിന്തിരിപ്പിക്കുന്നു.

ചാരായ നിരോധനം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ ഗ്രാമങ്ങളിൽ ചാരായം ഇന്നും സുലഭമായി ലഭിക്കുന്നു. മദ്യപാനത്തിനടിമകളായ പുരുഷന്മാർ സ്ത്രീ പീഡനം നടത്തുന്നുണ്ട്.

പാവപ്പെട്ട വീടുകളിലെ സ്ത്രീകളെ വിവാഹം കഴിച്ചയക്കുവാൻ മാതാപിതാക്കൾ നന്നെ പാടുപെടുകയാണ്. സ്ത്രീധനം, സ്വർണ്ണാഭരണങ്ങളുടെ വിലക്കൂടുതൽ എന്നിവ യുവതികളെ സമയത്തു വിവാഹം കഴിപ്പിച്ചയക്കുവാൻ തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. മാതാപിതാക്കളുടെ സ്വത്ത് ആൺമക്കൾക്കും പെൺമക്കൾക്കും തുല്യമായി വീതിക്കുന്ന സമ്പ്രദായം ഇന്നു നിലവിലില്ല.

സ്ത്രീക്കു സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ചില്ലെങ്കിൽ അവൾ എന്നും സമൂഹത്തിൽ അടിമയായിരിക്കും. സ്വന്തമായി തൊഴിൽ വേണം.സ്വന്തം വരുമാനം അവളെ സ്വതന്ത്രയാക്കുന്നു. സ്വയം വളരുവാനും വികസിക്കുവാനും സമൂഹത്തിൽ പുരുഷനോടൊപ്പം സ്ഥാനം പങ്കിടുവാനും,സ്ത്രീയെ പ്രാപ്തയാക്കുന്നത് അവൾക്ക് സ്വന്തമായി വരുമാനം ലഭിക്കുമ്പോൾ മാത്രമാണ്. തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറഞ്ഞുവരുന്നു. സ്ത്രീകൾ പ്രസവിക്കുന്നതിനാൽ തൊഴിൽശാലകൾ അവളെ അകറ്റി നിർത്തുന്നു. പ്രസവം ഒരു റിസ്ക്കായിട്ടാണ് തൊഴിലുടമ കാണുന്നത്.

പൊതുവേ സ്ത്രീയുടെ സാമൂഹ്യാടിമത്വത്തിന് കാരണം അവൾക്ക് സാമ്പത്തികസ്വാതന്ത്ര്യം ഇല്ലാത്തതാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീ തന്റെ ആധിപത്യം ഉറപ്പിക്കേണ്ടതുണ്ട്.

എന്താണു പൊതുപ്രശ്നങ്ങൾ

(1) സ്ത്രീകൾക്ക് സാമ്പത്തികസ്വാതന്ത്ര്യം ഇന്നില്ല.
(2) തുല്യജോലിക്കു തുല്യകൂലി ലഭിക്കുന്നില്ല
(3) നിരക്ഷരത നിലനിൽക്കുന്നു.
(4) സമയത്തു ചികിത്സ ലഭിക്കുന്നില്ല
(5) സ്ത്രീകളിൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നു.
(6) സ്ത്രീകളുടെ അധ്വാനഭാരം കൂടുതലാണ്
(7) സാമൂഹ്യപ്രവർത്തന രംഗത്തേക്കു കടന്നുവരുവാൻ സ്ത്രീകൾ മടിച്ചു നിൽക്കുന്നു.
(8) പുരുഷന്മാരുടെ മദ്യപാനം സ്ത്രീപീഡനത്തിന് കാരണമാകുന്നു.
(9) അരോഗ്യപരിപാലനത്തിനുതകുന്ന അന്തരീക്ഷം വീടുകളിൽ ലഭിക്കുന്നില്ല.
(10) ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത, കുടിവെള്ള ക്ഷാമം എന്നിവ സ്ത്രീകളുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നു.
(11) വിനോദത്തിനും വിശ്രമത്തിനും സൗകര്യമില്ല
(12) അവസര സമത്വം ലഭിക്കുന്നില്ല
(13) നിയമപരിരക്ഷ വേണ്ടത്ര ലഭിക്കുന്നില്ല
(14) സാമൂഹ്യ ബോധവൽക്കരണം ലഭിക്കാത്തതിനാൽ സ്വയം ശക്തിയാർജ്ജിച്ച് മുന്നേറുവാൻ സാധിക്കുന്നില്ല.

മേൽപ്രസ്താവിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് ഒറ്റയടിക്കു പരിഹാരം കാണുവാൻ സാദ്ധ്യമല്ല. എന്നാൽ 9-ാം പദ്ധതിയുടെ ആസൂത്രണപ്രക്രിയയിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കു സ്ഥാനം നൽകുന്നതിൽ വീഴ്ച വരുത്താനാവില്ല

(1) സ്ത്രീകൾക്കു സാമ്പത്തികസ്വാതന്ത്ര്യം ലഭിക്കുന്നതിന് സ്വയം തൊഴിൽ കണ്ടെത്തൽ യൂണിറ്റുകൾ നിരവധി തുടങ്ങാവുന്നതാണ്. ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ രംഗങ്ങളിൽ നിരവധി സാദ്ധ്യതകളുണ്ട്.

(2) താഴെ കൊടുത്തിരിക്കുന്ന സംരംഭങ്ങളിൽ പരിശീലനം ലഭിക്കണം
   (a) നെയ്ത്ത്
   (b) ക്ഷീരവികസന യൂണിറ്റ്
   (c) പലഹാര നിർമ്മാണം
   (d) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
   (e) മസാല നിർമ്മാണം, കാപ്പിപ്പൊടി നിർമ്മാണം
   (f) സോപ്പ് നിർമ്മാണം.

(3) പുകയില്ലാത്ത അടുപ്പുകൾ ഉണ്ടാവണം.

(4) പ്രാഥമിക കേന്ദ്രങ്ങൾ ഉണ്ടാകണം.

(5) കർഷകതൊഴിലാളി സ്ത്രീകളുടെ മിനിമം കൂലി കൂട്ടണം.

(6) വ്യക്തിപരമായും കുടുംബപരമായുമുള്ള ശുചിത്വം മെച്ചപ്പെടുത്തുവാൻ നടപടികൾ കൈക്കൊള്ളണം.

(7) എല്ലാ ഗ്രാമങ്ങളിലുമുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കണം.

(8) മഹിളാസമാജങ്ങളുടെയും ബാലവാടികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തണം.

(9) ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.


(10) വിനോദത്തിനുള്ള അവസരങ്ങൾ ഉണ്ടാവണം. എല്ലാ മഹിളാസമാജങ്ങളിലും ടി.വി. സെറ്റുകൾ നല്കുക.


(11) കായിക മേളകൾ വനിതകൾക്കായി സംഘടിപ്പിക്കണം

(12) സാമ്പത്തികശേഷി കുറഞ്ഞ വീടുകളിലെ യുവതികളെ വിവാഹം കഴിച്ചയയ്ക്കുന്നതിനു സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ഉണ്ടാകണം.

(13) മദ്യപാനത്തിനെതിരേ ബോധവൽക്കരണം നടത്തുകയും വ്യാജവാറ്റുകാരെ കണ്ടെത്തുന്നതിന് ജനകീയ കമ്മറ്റികളുണ്ടാകുകയും ചെയ്യണം

(14) എല്ലാ വീടുകളിലും പച്ചക്കറികൃഷി നടത്തുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യണം





സഹകരണം

ഒരു കൂട്ടം ജനങ്ങൾ അവരുടെ പൊതുവായ ആവശ്യം നേടിയെടുക്കുന്നതിനായി പരസ്പരം സഹകരിച്ച് അവരുടെ കായികവും ബുദ്ധിപരവും സാമ്പത്തികവുമായ കഴിവുകളെ ഒരുമിപ്പിച്ച് ശക്തിയാർജ്ജിക്കുന്നതിന് സഹകരണപ്രസ്ഥാനമെന്നു പറയാം. ഇതിൽ വ്യക്തിതാൽപര്യങ്ങൾക്ക് യാതൊരു സ്ഥാനവുമുണ്ടായിരിക്കരുത്. സമൂഹത്തിന്റെ പൊതുവായ ഉന്നമനം മാത്രമായിരിക്കണം ലക്ഷ്യം. ലക്ഷ്യം സാധൂകരിക്കപ്പെടാതെ പ്രസ്ഥാനത്തിലെ അംഗങ്ങളോ അതിനെ നയിക്കുന്നവരോ, അധികാരികളോ അവരുടെ താൽപര്യസംരക്ഷണത്തിന് മുതിരുന്നിടത്ത് സഹകരണപ്രസ്ഥാനം ലക്ഷ്യം കാണാതെ പരാജയപ്പെടുന്നത് നമുക്ക്കാണാം. സഹകരണം ഒരിടത്തും പരാജയപ്പെടുകയില്ല. ലക്ഷ്യം തെറ്റിയ സഹകരണപ്രസ്ഥാനങ്ങളേ പരാജയപ്പെടുകയുള്ളൂ.

മൂന്നിലവ് സർവ്വീസ് സഹകരണ ബാങ്ക്

നമ്മുടെ ഗ്രാമത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ സഹകരണപ്രസ്ഥാനം പുത്തരിയൊന്നുമല്ല. ഏതാണ്ട് 75 വർഷങ്ങൾക്കുമുമ്പ് മങ്കൊമ്പിൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. അതിലെ അംഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി വായ്പാവിതരണവും ചിട്ടിയുമൊക്കെ നടത്തിയിരുന്നു. കാലക്രമത്തിൽ അംഗങ്ങളുടെ ഇടയിൽ തന്നെയുണ്ടായ അഭിപ്രായവ്യത്യാസങ്ങളും യാത്രാസൗകര്യത്തിന്റെ അഭാവത്തിൽ ഡിപ്പാർട്ടുമെന്റ് അധികൃതരുടെ അനാസ്ഥയും മൂലം മേൽപ്പറഞ്ഞ സഹകരണസംഘം പ്രവർത്തനരഹിതമാവുകയും ചെയ്തു. പിന്നീട് 1961-ൽ രജിസ്റ്റർ ചെയ്ത പൂഞ്ഞാർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ K.163 ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പൂഞ്ഞാർ വടക്കേക്കര പഞ്ചായത്ത്, മൂന്നിലവ്, തലനാട് എന്നീ രണ്ടു പഞ്ചായത്തുകളായി തീർന്നതോടുകൂടി നമ്മുടെ ബാങ്കിന്റെ പേര് മൂന്നിലവ് സർവ്വീസ് സഹകരണബാങ്ക് എന്നാക്കി മാറ്റുകയാണുണ്ടായത്.

മൂന്നിലവ് സഹകരണബാങ്കിൽ ഉപയോഗത്തിലിരിക്കുന്ന ഒരു അലമാരി, മുമ്പ് മങ്കൊമ്പിൽ പ്രവർത്തിച്ചിരുന്ന സഹകരണസംഘത്തിന്റെ വകയായിരുന്നു. ഇത് മൂന്നിലവ് സഹകരണബാങ്കിന് ലഭിച്ച പിതൃസ്വത്തായി കണക്കാക്കാം.

മൂന്നിലവ് പഞ്ചായത്തിൽ വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൂന്നിലവ് സർവ്വീസ് സഹകരണബാങ്ക്. 1961-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ബാങ്കിന് ഇപ്പോൾ 5200 ൽ പരം അംഗങ്ങളും 14,31200നു മേൽ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവുമുണ്ട്. നിക്ഷേപമായി ഒരു കോടി രണ്ടുലക്ഷത്തോളം രൂപയുണ്ട്. അംഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് ഒരു കോടി മുപ്പതുലക്ഷത്തി എഴുപത്തയ്യായിരത്തോളം രൂപ വായ്പയായി നൽകിയിട്ടുണ്ട്. ഇതിൽ ഒരു കോടിയിൽപരം രൂപ കോട്ടയം ജില്ലാസഹകരണബാങ്കിൽ നിന്നു വായ്പ എടുത്ത് വിതരണം നടത്തിയിട്ടുള്ളതാണ്. ഇതിൽ 30 ലക്ഷം രൂപ മാത്രമാണ് ബാങ്കിന് സ്വന്തം ഫണ്ടിൽനിന്നും വായ്പ നൽകാൻ സാധിച്ചിട്ടുള്ളൂ എന്നു കാണാം. ഒരു കോടി രണ്ടു ലക്ഷത്തോളം രൂപ നിക്ഷേപവും 14 ലക്ഷത്തിനുമേൽ പിരഞ്ഞുകിട്ടിയ ഓഹരി മൂലധനവും മറ്റു ഫണ്ടുകളുമുള്ള ബാങ്കിന് 30ലക്ഷം രൂപ മാത്രമേ സ്വന്തം ഫണ്ടിൽ നിന്നും വായ്പ നൽകാൻ സാധിച്ചിട്ടുള്ളൂ എന്നത് പ്രവർത്തന ശൈലിക്കുനേരേ വിരൽചൂണ്ടുന്നു.

ഓരോ വർഷവും വർദ്ധിച്ചു വരുന്ന വായ്പാകുടിശിക നിരക്ക് ബാങ്കുകളുടെ പ്രവർത്തനത്തെ വളരെയധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്. വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിൽ വായ്പക്കാർ കാണിക്കുന്ന അനാസ്ഥയും കുടിശിക കാലാകാലങ്ങളിൽ പിരിച്ചെടുക്കുന്നതിൽ സ്ഥാപനങ്ങൾ കാണിക്കുന്ന ഉദാസീനതയും വായ്പകുടിശിഖയിന്മേൽ ചില കഴിഞ്ഞ കാല ഗവൺമെന്റുകൾ സ്വീകരിച്ച നയ വൈകല്യങ്ങളും ആണ് കുടിശിഖ ക്രമാതീതമായി വർദ്ധിക്കുവാൻ കാരണമായിട്ടുള്ളത്.

എരുമാപ്ര പട്ടികവർഗ്ഗ സഹകരണസംഘം

മേലുകാവ്, മൂന്നിലവ് പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി എരുമാപ്ര പട്ടിക വർഗ്ഗ സഹകരണസംഘം എന്നൊരു സ്ഥാപനം 1990-ൽ രജിസ്റ്റർ ചെയ്ത് വായ്പാമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട വളരെയധികം ആൾക്കാർ വസിക്കുന്ന ഈ രണ്ടു പഞ്ചായത്തുകളിൽ നിന്നു 1075 പേർ മാത്രമാണ് മേൽപ്പറഞ്ഞ സംഘത്തിലെ അംഗത്വം എടുത്ത് അതിന്റെ സേവനം സ്വീക

രിക്കുവാൻ തയ്യാറായിട്ടുള്ളൂ. ഗവൺമെന്റിന്റെ ഒട്ടേറെ സഹായധനങ്ങൾ ലഭിക്കുവാൻ സാദ്ധ്യതയുള്ള ടി സംഘം കിട്ടാവുന്ന എല്ലാ സഹായങ്ങളും അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്. ടി സംഘത്തിന് ഇപ്പോൾ 432000 രൂപാ നില്പ് വായ്പയും 45,000 രൂപയുടെ നിക്ഷേപവുമാണുള്ളത്.

മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്ക്

ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഈ പഞ്ചായത്തിൽ കാർഷികേതര വായ്പകൾ നൽകാൻ മീനച്ചിൽ അർബൻ സഹകരണ ബാങ്കിന്റെ ശാഖ 1996- മുതൽ പ്രവർത്തിക്കുന്നു.

കാർഷിക വികസനബാങ്ക്

പാലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാർഷിക വികസനബാങ്ക് ഈ പഞ്ചായത്ത് പ്രദേശത്ത് വിവിധ ഇനങ്ങളിലായി 36 ലക്ഷത്തോളം രൂപ വായ്പ നൽകിയിട്ടുണ്ട്. അതിൽ തന്നെ 15 ലക്ഷത്തോളം രൂപ വാഹനവായ്പയാണ്.

ഈ പഞ്ചായത്തിലെ കർഷകർക്ക് അവരുടെ കാർഷികവും കാർഷികേതരവുമായ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ കുറഞ്ഞത് 5 കോടി രൂപയുടെ എങ്കിലും വായ്പാ ലഭ്യത ഉറപ്പുവരുത്തണം. ഈ പഞ്ചായത്ത് പ്രവർത്തനപരിധിയിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾക്ക് അവരുടെ അംഗങ്ങളുടെ ഇടയിൽ രണ്ടുകോടി രൂപയിൽ താഴെ മാത്രമേ വിതരണം ചെയ്യുവാൻ ഇപ്പോൾ കഴിഞ്ഞിട്ടുള്ളൂ. പോരാതെ വരുന്ന തുക ഇപ്പോൾ നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ സംഭരിച്ച് അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യേണ്ടിയിരിക്കുന്നു. ഇതിന് ഒറ്റവഴിയേയുള്ളൂ. നിലവിലുള്ള സ്ഥാപനങ്ങൾ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുക. അതുവഴി വിഭവസമാഹരണം നടത്തുക.

വിവിധമേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

വായ്പാമേഖല

ഈ പഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും കാർഷികവും കാർഷികേതരവുമായ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിലവിലുള്ള സാമ്പത്തിക സ്ഥാപനങ്ങളെ ശക്തമാക്കണം. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ ലാഭകരമായി പ്രവർത്തിക്കാവുന്ന മറ്റുമേഖലകളിലേക്കും കൂടി പ്രവർത്തനം വ്യാപിപ്പിക്കണം. ഉപഭോക്തൃ സാധനങ്ങളുടെ വ്യാപാരവും റബ്ബർ വിപണനവും പരീക്ഷിച്ചു നോക്കാവുന്നതാണ്. ശക്തമായ നാമ്പത്തികനിയന്ത്രണം ഏർപ്പെടുത്തി അനാവശ്യ ചിലവുകൾ ഒഴിവാക്കുകയും ജീവനക്കാരുടെയും ഭാരവാഹികളുടെയും പൂർണ്ണമായ സഹകരണം ഉറപ്പാക്കുകയും ചെയ്യണം. ഇതുവഴി നിലവിലുള്ള നഷ്ടങ്ങൾ നികത്തുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും സാധിക്കും.

കൺസ്യൂമർ മേഖല

നമ്മുടെ പഞ്ചായത്തിലെ നെല്ലാപ്പാറ ആസ്ഥാനമായി ഒരു കൺസ്യൂമർ സഹകരണസംഘം പ്രവർത്തിച്ചിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില്പനയോടൊപ്പം ഒരു റേഷൻകടയും പ്രവർത്തിച്ചിരുന്നു. യാത്രാ സൗകര്യത്തിന്റെ അഭാവം മൂലം സാധനങ്ങൾ കുറഞ്ഞ ചിലവിൽ സംഘത്തിൽ എത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ സാധനങ്ങൾ കടമായി ലഭിക്കുന്ന സ്വകാര്യ വ്യാപാരികളെ ആശ്രയിക്കാനാണ് ജനങ്ങൾ കൂടുതൽ താൽപര്യം കാണിച്ചിരുന്നത്. ഇപ്രകാരമുള്ള കാരണങ്ങളാൽ ജനങ്ങളുടെ ഇടയിൽ മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞില്ല. അധികം താമസിയാതെ തന്നെ സ്ഥാപനം അടച്ചു പൂട്ടേണ്ടിവന്നു. നമ്മുടെ പഞ്ചായത്തിൽ സാമാന്യം യാത്രാ സൗകര്യമുള്ള സ്ഥലം ആസ്ഥാനമാക്കി ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കുകയും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ നിരക്കിൽ വില്പനനടത്തുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുകയും വേണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാസങ്ങളിൽ അംഗങ്ങൾക്ക് സ്ഥാപനത്തിന്റെ നിലനില്പിനെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സാധനങ്ങൾ കടമായി നൽകാനും ഉള്ള ക്രമീകരണം ചെയ്യാവുന്നതാണ്. കൂടാതെ ഈ സംഘത്തിൽ തന്നെ ഒരു മാർക്കറ്റിംഗ് വിഭാഗം പ്രവർത്തിച്ച് കാർഷിക ഉത്പന്നങ്ങൾ വിപണനം നടത്തി അംഗങ്ങൾക്ക് നല്ല സേവനം കാഴ്ച വയ്ക്കാവുന്നതാണ്.

ക്ഷീരവ്യവസായ സഹകരണസംഘം

I.R.D.P വായ്പകളും അല്ലാതുള്ള വായ്പകളും വഴി വളരെയധികം ആൾക്കാർ കാലി വളർത്തലിൽ ഏർപ്പെടുന്നുണ്ട്. എന്നാൽ ഈ കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും വാങ്ങി വിതരണം ചെയ്യുകയോ ക്ഷീരോൽപന്ന വ്യവസായം നടത്തുന്നതിനോ

ശക്തമല്ല ഇപ്പോൾ നിലവിലുള്ള ക്ഷീരസഹകരണ സംഘം. നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ച് വിതരണം നടത്തുകയും മിച്ചം വരുന്ന പാൽ മറ്റ് ഉത്പന്നങ്ങളാക്കി മാറ്റുവാനുള്ള ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിന് വളരെ സാദ്ധ്യതയുണ്ട്. ഇതുവഴി അഭ്യസ്ഥവിദ്യരായ ഒരു പറ്റം യുവജനങ്ങൾക്ക് മാന്യമായ തൊഴിൽ നൽകുന്നതിന് സാധിക്കും. ഇതിനു ചെയ്യേണ്ടത് നിലവിലുള്ള ക്ഷീരസഹകരണസംഘത്തെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുവാൻ ശക്തമാക്കണം. കൂടാതെ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സബ്സിഡി വാങ്ങിയെടുക്കുന്നതിനു മാത്രമായി അയൽക്കാരന്റെ പശുവിനെ കാണിച്ച് വായ്പ എടുക്കുന്ന പ്രവണത ജനങ്ങളും കൊടുക്കുന്ന രീതി സാമ്പത്തിക സ്ഥാപനങ്ങളും ഒഴിവാക്കണം. കറവപശുക്കളെ വാങ്ങുന്നതിനുള്ള വായ്പകളുടെവിനിയോഗം സംബന്ധിച്ച് അവ നൽകുന്ന സ്ഥാപനങ്ങൾ അത്മാർത്ഥമായ അന്വേഷണം നടത്തുമെന്നുണ്ടെങ്കിൽ ഈ പ്രവണത ഒഴിവാക്കാവുന്നതേയുള്ളൂ. സഹകരണസംഘം വഴി കാലിത്തീറ്റയും പുൽവിത്തുകളും വിതരണം നടത്തുകയും മൃഗസംരക്ഷണവകുപ്പുമായി സഹകരിച്ച് കാലിവളർത്തലുകാർക്ക് മെച്ചപ്പെട്ട സേവനം നൽകാവുന്നതാണ്.

സ്ക്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ക്കൂളുകളിലും സ്ക്കൂൾ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ ടി സംഘങ്ങൾ വഴി വിതരണം ചെയ്യുകയും കുട്ടികൾക്ക് അവരുടെ ബാലപാഠത്തോടൊപ്പം സഹകരണസംഘത്തിന്റെ ബാലപാഠവും വശമാക്കുവാനുള്ള അവസരം സൃഷ്ടിക്കാം.

വനിതാ സഹകരണസംഘം

ഈ പഞ്ചായത്തിലെ അഭ്യസ്ത വിദ്യരായ സ്ത്രീ ജനങ്ങളുടെ ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന യാതൊരു സംഘടനകളും ഇന്ന് നിലവിലില്ല. ഈ സാഹചര്യത്തിലാണ് ഒരു വനിതാസഹകരണസംഘത്തിന്റെ പ്രസക്തി ജനിക്കുന്നത്. ഇത്തരമൊരു സംഘത്തിന്റെ പ്രവർത്തനം വഴി അഭ്യസ്ഥവിദ്യരായ യുവതികൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക് വള്ളി ഉപയോഗിച്ചുള്ള അലങ്കാര വസ്തുക്കളും ഗൃഹോപകരണ വസ്തുക്കളുടെ നിർമ്മാണം, പാഴായി പ്പോകുന്ന വാഴനാര് ഉപയോഗിച്ചുള്ള കൈത്തൊഴിൽ സംരംഭങ്ങൾ തുടങ്ങി ഒരു പിടി സംരംഭങ്ങൾ ആരംഭിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കും. കൂടാതെ വീട്ടമ്മമാരുടെ സഹകരണത്തോടെ കോഴിവളർത്തൽ, ആടുവളർത്തൽ, തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. പച്ചക്കറികൃഷിയും പൂന്തോട്ടകൃഷിയും വളരെയധികം വികസന സാദ്ധ്യതയുള്ളവയാണ്. സ്ത്രീ ജനങ്ങളുടെ മേൽപ്പറഞ്ഞതരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നമ്മുടെ പഞ്ചായത്തിലുള്ള രണ്ട് സന്യാസിനി സമൂഹങ്ങൾക്കും മറ്റ് വനിതാ സംഘടനകൾക്കും നേതൃത്വം നൽകാവുന്നതാണ്.

റബ്ബർ കൃഷിയും അനുബന്ധവ്യവസായങ്ങളും

നമ്മുടെ നാട്ടിലെ പ്രധാന കൃഷി റബ്ബറാണ്. റബ്ബറിനെ അടിസ്ഥാനമാക്കി ഒരു പിടി ചെറുകിട വ്യവസായയൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. കൂടാതെ റബ്ബർതടി സംസ്ക്കരണത്തിനും നല്ല സാദ്ധ്യതയാണുള്ളത്. ഇത്തരം സംരംഭങ്ങൾ വഴി നമ്മുടെ റബ്ബറിന് പരമാവധി വിലനേടിയെടുക്കുന്നതിനും സാധിക്കും. കൂടാതെ യുവജനങ്ങൾക്ക് വളരെയധികം തൊഴിൽ സാദ്ധ്യതയും ലഭ്യമാവും. ഈ കാര്യങ്ങൾക്ക് റബ്ബർ കർഷകരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന റബ്ബർ ഉത്പാദകസംഘം സാഹചര്യത്തിനൊത്ത് ഉണർന്നു പ്രവർത്തിക്കുകയും ഉല്പാദകസംഘങ്ങളുടെ ലക്ഷ്യങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ തയ്യാറാകുകയും വേണം. കൂടാതെ റബ്ബർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന കവണാർ റബ്ബർ ഫാക്ടറി കർഷകരിൽ നിന്നും അവരുടെ സംഘങ്ങളായ ഉല്പാദകസംഘങ്ങളിൽ നിന്നു മാത്രം അസംസ്കൃത സാധനങ്ങൾ വാങ്ങുകയുള്ളൂ എന്നും തീരുമാനമെടുക്കണം.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിലെ വിവിധ വാർഡുകളെ പ്രതിനിധീകരിച്ച് ഓരോ ഗ്രൂപ്പുകളും നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളിൽ സാദ്ധ്യമാകുന്നവ കൂടി കണക്കിലെടുത്ത് പ്രാവർത്തികമാക്കണം.

ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ സഹകരണരംഗത്ത് ഒരു പുതിയ ചലനം സൃഷ്ടിക്കുന്നതിനും അതുവഴി നാനാവിധത്തിലുള്ള ഉന്നമനത്തിന് കാരണമാവുകയും ചെയ്യും.



പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പല തലമുറകളായി സാമൂഹിക ഐക്യത്തിന്റെ ആവശ്യബോധം വേണ്ടത്ര ഇല്ലാത്തതിന്റെ പേരിൽ സാമൂഹ്യസാമ്പത്തിക മേഖലകളിൽ നാടുവാഴികളുടെയും മേലാളന്മാരുടെയും ഭീഷിണിക്കും ചൂഷണത്തിനും വിധേയരായി ഫലഭൂയിഷ്ഠമായ ഭൂമികളിൽനിന്ന് ആട്ടിയോടിക്കപ്പെട്ട് മലമുകളിൽ അഭയംപ്രാപിച്ചവരാണ്, മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ മലയോരപ്രദേശങ്ങളായ ഇരുമാപ്ര, വാളകം, മേച്ചാൽ, വെള്ളറ, പഴുക്കാനം, മങ്കൊമ്പ്, ചൊവ്വൂർ, കുറുഞ്ഞിപ്ലാവ്, എന്നീ പ്രദേശങ്ങളിലെ പട്ടിക വർഗ്ഗക്കാരായ മലയരയർ.

ഈ മലമുകളിൽ അവർ സുരക്ഷിതരായിരുന്നില്ല. സ്വന്തമായി കൃഷിചെയ്യുന്നതിനുപോലും അവകാശമില്ലാതിരുന്ന ന്യൂനപക്ഷവും അസംഘടിതരും മർദ്ദിതരുമായ ഈ പാവങ്ങൾക്ക് ആശ്വാസത്തിന്റെ തിരിനാളവുമായി ആദ്യമായി ഈ മലമുകളിലേക്ക് കടന്നുവന്നത് പാശ്ചാത്യ മിഷനറിമാരാണ്. അക്ഷരം എന്തെന്ന് അറിയില്ലാത്ത ഇവർക്ക് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഈ പഞ്ചായത്തിലെ ആദ്യത്തെ 5 മലയാളം സ്ക്കൂളുകളും പള്ളികളും സ്ഥാപിച്ച് സാമാന്യ വിദ്യാഭ്യാസം നൽകി. കൃഷിയേയും കൂട്ടായ കൃഷിരീതികളേയും പറ്റി അവബോധം വളർത്തി. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം 1975-ൽ രൂപീകരിച്ച പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്ഷേമ പരിപാടികളിലൂടെ വിദ്യാഭ്യാസപരമായും സാമൂഹിക സാമ്പത്തിക തൊഴിൽ രംഗങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ ഈ സമൂഹത്തിനു കഴിഞ്ഞു എങ്കിലും സാമൂഹ്യം, തൊഴിൽ, വിദ്യാഭ്യാസം, ഗതാഗതം, പൊതുജനാരോഗ്യം, കൃഷി, എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് പട്ടികക്ഷേമ വകുപ്പിലൂടെ ഇനിയും എത്രയോപദ്ധതികൾ എത്ര യോകാലം നടപ്പാക്കിയാലാണ് ഈ സമൂഹത്തെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ സാധിക്കുക.

മൂന്നിലവ് പഞ്ചായത്തിൽ പട്ടകവർഗ്ഗത്തിൽപെട്ട 3101 പേർ താമസിച്ചു വരുന്നു. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 37.2% ആണ്. ഇവിടെ പട്ടികവർഗ്ഗ സങ്കേതങ്ങൾ 6 എണ്ണം നിലവിലുണ്ട്. ഇവിടെ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കു മാത്രം മേച്ചാൽ, വാളകം, പഴുക്കാകാനം എന്നിവിടങ്ങളിൽ ഓരോ കിന്റർ ഗാർട്ടനുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഒരോ ക്ലാസ്സിലും 30 കുട്ടികൾ വീതം പഠനം നടത്തുന്നു. 8-ാം വാർഡിൽ പട്ടിക വർഗ്ഗക്കാർക്ക് വായ്പാസൗകര്യം ലഭ്യമാക്കുന്നതിനായി 1990-ൽ ഒരു പട്ടിക വർഗ്ഗ സഹകരണസംഘം സ്ഥാപിതമായി. എല്ലാ മേഖലകളിലും പട്ടികവർഗ്ഗക്കാർക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. ഗതാഗതസൗകര്യമില്ലായ്മമൂലം ഈ പ്രദേശങ്ങളിലെ കുട്ടികളെ പഞ്ചായത്തിന്റെ പുറത്ത് സൗജന്യഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കുന്നുണ്ട്. അതുപോലെ പട്ടികവർഗ്ഗക്കാരായ ജോലിക്കാർ യാത്രസൗകര്യങ്ങൾ ഇല്ലാത്തതിനാൽ എന്നും വീട്ടിൽ മടങ്ങിവന്നു പോകുവാൻ സാധിക്കാത്തതുകൊണ്ട് ജോലിസ്ഥലങ്ങളിൽ വാടകയ്ക്കും സ്ഥലം വാങ്ങിച്ചും പുരവച്ചും താമസിക്കുന്നുണ്ട്. അതുകൊണ്ട് ഈ പ്രദേശങ്ങളിലെ ഇപ്പോൾ സ്ക്കൂളുകളിൽ കുട്ടികൾ കുറവാകുന്നുണ്ട്.

പ്രശ്നങ്ങൾ

(1) ഉന്നത വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

(2) കാർഷിക പണികളിൽ ഏർപ്പെട്ടിരുന്നവർക്ക് ഈ മേഖലകളിൽ തൊഴിൽ കുറഞ്ഞുവരുന്നതുകൊണ്ട് ജീവിക്കുന്നതിനുള്ള വരുമാനമാർഗ്ഗം കുറഞ്ഞു വരുന്നു.

(3) എല്ലാവർക്കു സ്വന്തമായി വീടും സ്ഥലവും ഉണ്ടെങ്കിൽ തന്നെയും നല്ല വീടുകൾ കുറവാണ്. ഉള്ള വീടുകൾക്ക് കക്കൂസ് ഇല്ല. ഗവൺമെന്റ് ധനസഹായപ്രകാരമുള്ള ഭവന നിർമ്മാണത്തിനു ലഭിക്കുന്ന തുക കുറവാണ്.

(4) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

(5) ചികിത്സാസൗകര്യങ്ങൾ ഇല്ല.

(6) ബസ്സ് യാത്രാ സൗകര്യങ്ങൾ ഇല്ല.

(7) പട്ടികവർഗ്ഗക്കാർക്ക് ഗവൺമെന്റിൽ നിന്നും പല ധനസഹായങ്ങൾ ലഭ്യമാണ് എങ്കിലും ഈ പദ്ധതികളെക്കുറിച്ച് അറിവില്ലാത്തതിനാൽ പലർക്കും കിട്ടുന്നില്ല.

(8) സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം വാങ്ങിക്കുന്നതിനും വീടു വയ്ക്കുന്നതിനും ധനസഹായം ഉണ്ടെങ്കിലും ഈ തുക വളരെ അപര്യാപ്തമാണ്.

(9) പട്ടികവർഗ്ഗ സങ്കേതങ്ങളായ പഴുക്കാനം ചൊവ്വൂർ എന്നിവിടങ്ങൾ T.S.P സ്ക്കീമിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കേണ്ടതാണ്.

(10) വാളകം, മേച്ചാൽ, കുറിഞ്ഞിപ്ലാവ്, എന്നീ സ്ഥലങ്ങൾ I.H.D.P കോളനിയാക്കുക.

(11) നിലവിൽ പണിനടന്നു കൊണ്ടിരിക്കുന്ന കാഞ്ഞിരംകവല, മേച്ചാൽ, തരിമറ്റം, P.W.D റോഡും ഇതിനോട് ബന്ധപ്പെട്ടുകിടക്കുന്ന മേച്ചാൽ തോരണംകുന്നത്ത് റോഡ്. മേച്ചാൽ മുടിക്കുന്ന് കടവുപുഴ മൂന്നിലവ് റോഡ് പൂർത്തീകരിക്കുക. പട്ടികവർഗ്ഗ സങ്കേതത്തിൽ കൂടിയുള്ള ഉപ്പിടുപാറ ഇരുമാപ്രകോലാനി റോഡ്, നെല്ലാപ്പാറ പഴുക്കാനം റോഡ്, മങ്കൊമ്പ് ഇല്ലിക്കൽ കല്ലു റോഡ്, മങ്കൊമ്പ് അഞ്ചുകുടിയാർ റോഡ്, വാളകം മുണ്ടിയാനിക്കട്ട റോഡ്, കുറുങ്ങാട്, അഞ്ചുമല ഇരുമാപ്രറോഡ്, വാളകം കോലാനിത്തോട്ടം റോഡ്, ചൊവ്വൂർ തലനാട് റോഡ്, എന്നീ റോഡുകൾ വീതികൂട്ടി ടാർചെയ്താൽ വാഹനഗതാഗത കഷ്ടപ്പാടുകൾ ഒഴിവാക്കി ഭവനനിർമ്മാണം തുടങ്ങിയ ചിലവേറിയ പണികൾക്കു അധിക ചിലവു കുറയ്ക്കാനും അത്തരത്തിൽ ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന കർഷകരായ ആദിവാസികളെ സമൂഹത്തിലെ മുഖ്യധാരയിലേക്കു കൈപിടിച്ചുയർത്തുവാനും സാധിക്കും.

സാദ്ധ്യതകൾ

(1) പട്ടികവർഗ്ഗകർഷകർക്ക് തങ്ങളുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വിത്ത്, വളം, പണിയായുധങ്ങൾ, മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സൗജന്യമായി കൂടുതൽ തുക അനുവദിച്ച് നടപ്പിലാക്കുക.

(2) പട്ടികവർകഗ്ക്കാർ താമസിക്കുന്ന 90% സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പുതിയ വാട്ടർ സപ്ലൈ സ്ക്കീം നടപ്പിലാക്കുകയും നിലവിലുള്ള കിണറുകൾ ആഴം കൂട്ടുന്നതിനും പുതിയ കിണർ കുഴിക്കുന്നതിനും ചിലവാകുന്ന മുഴുവൻ തുകയും ഗ്രാന്റായി നൽകുക.

(3) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് 10 സെന്റ് സ്ഥലം എങ്കിലും വാങ്ങി വീടു വയ്ക്കുന്നതിന് ധനസഹായം നൽകുക.

(4) സ്വന്തമായി വീടില്ലാത്തവർക്ക് വീടു വയ്ക്കുന്നതിന് നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് 40000 രൂപയെങ്കിലും ആക്കുക.

(5) പട്ടികവർഗ്ഗ നിർദ്ധന കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സാസഹായവും അവരുടെ പെൺമക്കളെ വിവാഹം കഴിപ്പിച്ചയക്കുന്നതിന് ധനസഹായവും നൽകുക.

(6) വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകളിൽ സൗജന്യമായി വൈദ്യുതി എത്തിക്കുക. പട്ടികവർഗ്ഗ സങ്കേതങ്ങളിൽകൂടി കടന്നുപോകുന്ന റോഡുകൾ ടാർ ചെയ്യുക.

(7) വ്യവസായ പരിശീലനം നൽകുകയും പരിശീലനം കിട്ടിയവർക്ക് വ്യവസായം തുടങ്ങുന്നതിന് സഹായം നൽകുകയും ചെയ്യണം.

(8) സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പദ്ധതികൾ തുടങ്ങുക.

(9) വീടിന്റെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുക.

(10) പട്ടികവർഗ്ഗ കോളനികളിൽ T.V യും T.V സെന്ററുകളും സ്ഥാപിക്കുക.

(11) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളിലേയും ഒരാൾക്കെങ്കിലും സർക്കാർ ജോലി ലഭ്യമാക്കണം.

(12) പൊതുവായ കളിസ്ഥലങ്ങൾ സ്ഥാപിക്കുക.

(13) പട്ടികവർഗ്ഗക്കാരുടെ സഹായപദ്ധതികൾ എല്ലാം ഗ്രാമപഞ്ചായത്തിൽകൂടെ നടപ്പിലാക്കണം.

(14) ട്രൈബൽ എക്റ്റൻഷൻ ഓഫീസിൽ കൂടിയുള്ള ധനസഹായം വർദ്ധിപ്പിക്കുക.

പട്ടികജാതി

ഈ പഞ്ചായത്തിൽ 182 പുരുഷന്മാരും 149 സ്ത്രീകളും അടക്കം 331 പട്ടികജാതിക്കാർ വസിക്കുന്നു. ഇവർ പഞ്ചായത്തിന്റെ ജനസംഖ്യയുടെ 3.6% ാണ്. ഇവരിൽ 95% പേർക്കും സ്വന്തമായി സ്ഥലവും വാസയോഗ്യമായ വീടും ഇല്ല. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഭൂരിഭാഗവും ആളുകൾ കൂലിവേല ചെയ്താണ് നിത്യവൃത്തി നടത്തുന്നത്. സാമ്പത്തികമായും സാമൂഹികമായും തൊഴിൽപരമായും വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് ആവശ്യമാണം. ഈ പഞ്ചായത്തിൽ കോലാനിത്തോട്ടം പട്ടികജാതി കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല. വാളകത്തുനിന്നും ഈ കോളനിയിലേക്ക് റോഡ് സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. പട്ടികജാതിക്കാർ

കൂട്ടമായി അഞ്ചുമലയിൽ താമസം ഉണ്ട്. പക്ഷേ ഇവിടം ഇതുവരെ കോളനിയാക്കിയിട്ടില്ല.

പ്രശ്നങ്ങൾ സാദ്ധ്യതകൾ

(1) പട്ടികജാതിയിൽപ്പെട്ട സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് 10 സെന്റ് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായംനൽകുക.

(2) പട്ടികജാതിക്കാർ കൂട്ടമായി പാർക്കുന്ന അഞ്ചുമല കോളനിയാക്കണം.

(3) ഇവരുടെ പെൺമക്കളെ വിവാഹം കഴിപ്പിച്ചയക്കുന്നതിന് ധനസഹായം നൽകണം.

(4) ഇവർക്ക് ചികിത്സാ സഹായംനൽകണം.


(5) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 50% സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കണം.

(6) എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും ഒരു ആടിനേയോ, പശുവിനേയോ സൗജന്യമായി നൽകണം.

(7) പട്ടികജാതിക്കാർക്ക് പല സ്ക്കീമുകൾ നിലവിൽ ഉണ്ടെങ്കിലും പദ്ധതിയേപ്പറ്റി അറിയാവുന്നവർ ചുരുക്കമാണ്. ആയതിനാൽ പഞ്ചായത്തു തലത്തിൽ ബോധവല്കരണ പ്രവർത്തനം കാര്യക്ഷമമാക്കണം.

(8) സി.എം.എസ്സ്.എൽ.പി, ഹൈസ്ക്കൂൾ, ഗവ. യു.പി. സ്കൂൾ എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മേച്ചാൽ പട്ടികവർഗ്ഗ സങ്കേതത്തിൽ ഒരു പട്ടികവർഗ്ഗ റസിഡൻഷ്യൽ ഹോസ്റ്റൽ സൗകര്യമേർപ്പെടുത്തുക.





വിഭവസമാഹരണം

ആസൂത്രിത വികസനത്തിലും തദ്ദേശ ഭരണ കാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് നടപ്പിൽ വരുത്തിയിരിക്കുന്നത്. ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള തീവ്രയത്നപരിപാടികൾക്ക് ഒൽപതാം പദ്ധതിയിൽ ഭാരതം ഏറെ പ്രാധാന്യം നൽകുന്നു. അധിക വിഭവ സമാഹരണത്തിലൂടെ സ്വാശ്രയലക്ഷ്യത്തിലെത്തുക എന്ന വർദ്ധിച്ച ഉത്തരവാദിത്വം നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

സഹ്യാദ്രി മലകളോടു ചേർന്നുകിടക്കുന്ന മലമ്പ്രദേശമാണ് മൂന്നിലവ്. ഉത്തുംഗങ്ങളായ കുന്നിൽചരിവുകളും പാറക്കെട്ടുകളും നിറഞ്ഞ പ്രദേശം. ഗ്രാമത്തിലെ ഒന്നു മുതൽ നാലുവരെയുള്ള വാർഡുകളൊഴിച്ചുള്ള മറ്റു വാർഡുകളെല്ലാം മലമ്പദേശങ്ങൾ തന്നെ. വരുമാനത്തിൽ പിന്നോക്കമായ ഈ ഗ്രാമപഞ്ചായത്ത് ഇപ്പോഴും രണ്ടാം ഗ്രേഡ് നിലവാരത്തിൽ തന്നെയാണ്. നമ്മുടെ ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയും വരുമാനത്തിലുള്ള കുറവാണ്. അധിക വിഭവ സമാഹരണത്തിനു ലക്ഷ്യമിട്ടുകൊണ്ട് നികുതി ഘടനകളിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ഇതിനായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിച്ചാൽ നാം ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സുഗമമായി നടത്തുവാൻ കഴിയും.

നിലവിലുള്ള നികുതികളും ഫീസുകളും യുക്തിസഹമായി വർദ്ധിപ്പിച്ച് അസ്സസ്സുചെയ്യുകയും പഞ്ചായത്തിൽ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കു നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളേ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ മൂന്നിലവു പഞ്ചായത്തിന്റെ "വിഭവസമാഹരണം" വലിയ പ്രശ്നമൊന്നുമല്ല. ദേശീയ വരുമാനത്തിലുണ്ടായിട്ടുള്ള പുരോഗതി വച്ചു നോക്കിയാൽ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയിൽ സസ്യവിളകൾക്കു വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത നിഷേധിക്കാനാവില്ല. ഭൂരിപക്ഷം പേരും നാണ്യവിളകൾ കൃഷി ചെയ്യുന്നവരാണ്. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് തങ്ങളാലാവുന്ന നികുതി കൊടുക്കണമെന്നുള്ളത് ഒരു ഭാരമായി ജനങ്ങൾ കരുതുമെന്ന് തോന്നുന്നില്ല. ഇതിനുള്ള ഫലപ്രദമായ ബോധവൽക്കരണം ജനങ്ങൾക്കു നൽകേണ്ടതുണ്ട്.

1994-ലെ കേരളപഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് നമുക്ക് ഈടാക്കാവുന്ന നികുതികളും ഫീസുകളും താഴെ ചേർക്കുന്നു.

1) പഞ്ചായത്തു പ്രദേശത്തെ കെട്ടിട നികുതി
2) തൊഴിൽ നികുതി
3) സേവനനികുതി
4) വിനോദനികുതി
5) വസ്തു കൈമാറ്റങ്ങൾക്ക് മുദ്രപ്പത്ര വിലയിലൂടെ സർക്കാരിൽ നിന്നും വീതിച്ചു തരുന്ന വിഹിതം
6) സെക്ഷൻ 202 പ്രകാരം ഗ്രാമപഞ്ചായത്തു പ്രദേശത്തുനിന്നും മുൻവർഷം പിരിച്ചെടുക്കുന്ന അടിസ്ഥാനനികുതിയുടെ 75% ഉം പഞ്ചായത്തിനു ഗ്രാന്റായി ലഭിക്കേണ്ടതാണ്.
7) മാർക്കറ്റുകളിലെ സ്റ്റാളുകളിൽ കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നതു വഴിയുള്ള വരുമാനം
8) സെസ്ഷൻ 227 പ്രകാരം ഗ്രാമപഞ്ചായത്തിന് വണ്ടിത്താവളങ്ങൾ (ബസ്സ്റ്റാന്റ്, ടാക്സികൾ, ഓട്ടോകൾ എന്നിവ പാർക്കുചെയ്യുന്നതിനുള്ള സ്ഥലം) നടത്തുന്നതിന് പ്രത്യേകസ്ഥലങ്ങൾ തിരിച്ചെടുത്ത് ചട്ടങ്ങൾക്കു വിധേയമായി ഫീസു പിരിക്കുന്നതിനുള്ള അധികാരം നൽകുന്നു.
9) സെക്ഷൻ 229 അനുസരിച്ച് ഗ്രാമപഞ്ചായത്തിന് പൊതു കശാപ്പുശാലകൾ നടത്തുന്നതിനുള്ള സ്ഥലം ഏർപ്പെടുത്തി ഫീസ് പിരിക്കാവുന്നതാണ്.
10) സെക്ഷൻ 230 അനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്വകാര്യകശാപ്പുശാലകൾ നടത്തുന്നതിനുള്ള ലൈസൻസു നൽകി ഫീസ് പിരിക്കാവുന്നതാണ്.
11) സെക്ഷൻ 232,233,234, ചട്ടങ്ങൾക്ക് വിധേയമായി പഞ്ചായത്തു പ്രദേശത്തുള്ള വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും അപകടകരവും ദുസ്സഹവുമായ തൊഴിലുകൾ നടത്തുന്നവർക്കും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നൽകി ഫീസ് പിരിക്കാവുന്നതാണ്.
12. ഷോപ്പിംങ്ങ് കോപ്ലെക്സ്, കമ്മ്യൂണിറ്റി ഹാൾ, റെസ്റ്റ് ഹൗസ് തുടങ്ങിയ ആദായകരമായ സംരംഭങ്ങൾ നടത്തി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാവുന്നതാണ്.

13. സെക്ഷൻ 255 പ്രകാരം പഞ്ചായത്തു ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് ആയിരം രൂപ വരെ പിഴ ചുമത്തുന്നതിനും ആയത് ഈടാക്കുന്നതിനും അധികാരമുണ്ട്.

വിഭവസമാഹരണം സംബന്ധിച്ചുള്ള അവലോകനവും നിർദ്ദേശങ്ങളും

A കെട്ടിടനികുതി

നമ്മുടെ പഞ്ചായത്തിന്റെ എട്ടു വാർഡുകളിലായി 2520 കെട്ടിടങ്ങളാണ് നിലവിലുള്ളത്. (96 മാർച്ച് 31-ലെ കണക്ക്) ഇതിൽ 1779 വീടുകൾക്ക് മത്രമേ നികുതി ചുമത്തിയിട്ടുള്ളൂ. മറ്റുള്ളവയെ നിയമാനുസരണം നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. നികുതി ചുമത്തിയിട്ടുള്ള 1779 വീടുകൾക്ക് 112038 രൂപയാണ് അസ്സസ്സു ചെയ്തിട്ടുള്ളത്.

കെട്ടിടനികുതി ചുമത്തുന്ന നിയമങ്ങളും മാനദണ്ഡവുമനുസരിച്ച് (പഞ്ചായത്ത് സെക്ഷൻ 203) കെട്ടിടത്തിനു ലഭിക്കാവുന്ന വാർഷിക വാടകയുടെ 6 ശതമാനം തുടങ്ങി പത്തു ശതമാനം കവിയാതെയുള്ള ഏതെങ്കിലുമൊരു റേറ്റ് നിശ്ചയിച്ചു നികുതി ചുമത്താൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ഇതിൽ ഏറ്റവും കുറവായ 6% എന്ന നിരക്കിലാണ് ഈ പഞ്ചായത്ത് കെട്ടിടനികുതി ഈടാക്കുന്നത്. ഈ നിരക്ക് 8% എന്ന കണക്കിൽ വർദ്ധിപ്പിക്കുകയും അസ്സസ്സുമെന്റ് നടത്തിയപ്പോൾ നിലവിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുകയും ചെയ്താൽ കെട്ടിടനികുതിയിനത്തിലെ ഡിമാന്റ് രണ്ടു ലക്ഷം

മൂന്നിലവ് പഞ്ചായത്തിൽ നിലവലുള്ള വരുമാനമാർഗ്ഗങ്ങൾ

1995-96ൽ ലഭിച്ച കണക്ക്

ഡിമാന്റ് ചെയ്ത ഇനങ്ങൾ	ഡിമാൻറ്	പിരിച്ചെടുത്തത്
1) കെട്ടിടനികുതി	112038	11,20,38
2) തൊഴിൽ നികുതി	50,000	50,000
3) സേവനനികുതി	5,602	5,602
4) മാർക്കറ്റ് വരുമാനം	60,000	60,000
5) ലൈസൻസ് ഫീസ്	5,000	5,000
ആകെ	2,32,640	2,32,640
B ഗ്രാന്റിനങ്ങൾ		
1) V.R.M ഗ്രാന്റ്	28,910	28,910
2) എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	94,272	94,272
3) വെഹിക്കിൾടാക്സ് കോമ്പൻസേഷൻ	2,46,345	2,46,345
4) അടിസ്ഥാന നികുതി ഗ്രാന്റ്	65,329	65,329
5) വസ്തുകൈമാറ്റ നികുതി	10,6266	10,6266
6) അൺടൈഡ് ഗ്രാന്റ്	2,94,780	2,94,780
7) ജെ.ആർ.വൈ ഗ്രാന്റ്	30,6500	30,6500
8) സ്വാശ്രയഗ്രാന്റ്	2,00,000	2,00,000
ആകെ	13,42,402	13,42,402
A.B. വിഭാഗത്തിൽ ആകെ	15,75042	15,75042

രൂപയായി വർദ്ധിപ്പിക്കാം. ഉയർന്ന വരുമാനക്കാരുടെ വലിയ ആഡംബരത്വവും വളരെ വിലക്കൂടുതലുള്ള

വിശദമായ കണക്ക്

വാർഡ് നമ്പർ	നികുതി ചുമത്തിയ വീടുകൾ	കെട്ടിടനികുതി	സർചാർജ് ലൈബ്രറി സെസ്സ്
1	244	18,784.35	939.25
2	171	20,525.15	1026.25
3	187	17,395.25	870.50
4	306	26,125.00	1306.30
5	206	9,1,29.00	456.50
6	194	5630.00	281.50
7	263	8535.00	426.05
8	208	5914.25	295.70
ആകെ	1779	11,2038.00	5602.05

സാധനസാമഗ്രികൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതുമായ കെട്ടിടങ്ങൾക്കു ശരിയായ രീതിയിൽ അസ്സസ്സ്മെന്റ് നടത്താൻ ഗ്രാമപഞ്ചായത്ത് ഫൈനാൻസ് കമ്മറ്റിയുടെ സഹായം കൂടി തേടേണ്ടതാണ്.

B. തൊഴിൽനികുതി

സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും അതുപോലെ മറ്റു സ്ഥാപനങ്ങളിലും ജോലിചെയ്ത് ശമ്പളം വാങ്ങിക്കുന്നവർക്കു മാത്രമേ തൊഴിൽക്കരം ചുമത്താവൂ എന്നൊരു തെറ്റായ ധാരണ കടന്നുകൂടിയിട്ടുണ്ട്. ഈ കൂട്ടർക്ക് സ്ഥിരമായി ശമ്പളം ലഭിക്കുന്നതുകൊണ്ട്, വരുമാനത്തിന്റെ കൃത്യമായ കണക്കും തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിനു കിട്ടുന്നുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ചട്ടമനുസരിച്ച് പഞ്ചായത്ത് അതിർത്തിയിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ പേർക്കും തൊഴിൽനികുതി ചുമത്തുവാൻ പഞ്ചായത്തിന് അധികാരമുണ്ട്. ഉദ്യോഗത്തിൽ ഏർപ്പെട്ടിരിക്കുന്നവരെപ്പോലെയും കച്ചവടക്കാരെപ്പോലെയും കാർഷിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സകല ഭൂ ഉടമകളും അവർക്കു ലഭിക്കുന്ന കാർഷികാദായത്തിന്റെ കണക്ക് അനുസരിച്ച് തൊഴിൽ നികുതി കൊടുക്കണമെന്നാണ് ചട്ടം അനുശാസിക്കുന്നത്.

ശമ്പളവും അലവൻസും ഉൾപ്പെടെ പ്രതിമാസം 400/- രൂപാ മുതൽ 700/- രൂപാവരെ ശമ്പളം പറ്റുന്ന ഏതെങ്കിലും സ്ഥാപനങ്ങളിലെ താഴ്ന്ന വരുമാനക്കാരനായ ജീവനക്കാരനിൽ നിന്നും അർദ്ധവർഷം പത്തുരൂപാ തൊഴിൽ നികുതി ഈടാക്കുന്നു. അതേ അവസരത്തിൽ വൻപിച്ച കച്ചവടക്കാരനും, ദിവസം അൻപതു കിലോയിക്കുമേൽ റബ്ബർ ഷീറ്റ് കിട്ടുന്ന ഉയർന്ന വരുമാനക്കാരനായ കൃഷിക്കാരനിൽ നിന്ന് ഇതേ നിരക്കിൽ തന്നെയാണ് തൊഴിൽക്കരം ഈടാക്കേണ്ടത്. ഈ കൂട്ടർക്ക് അർദ്ധവർഷം 500/- രൂപായെങ്കിലും തൊഴിൽ നികുതി ചുമത്തി ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിൽ നിന്നായി പേരിനുമാത്രം ഏതാനും കർഷകരേയും, മറ്റു ശമ്പളക്കാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒട്ടാകെ 360 പേർക്കാണ് ഇപ്പോൾ നികുതി ചുമത്തിയിരിക്കുന്നത്. വാർഡൊന്നിന് ശരാശരി 75 കർഷകരെക്കൂടി കണ്ടെത്തി ഉദ്യോഗസ്ഥന്മാരുൾപ്പെടെ മൊത്തം 1000 പേർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ശമ്പളക്കാരിൽ നിന്ന് 32975/- രൂപായും കർഷകരിൽ നിന്ന് 12750/- രൂപായുമുൾപ്പെടെ മൊത്തം 45725/- രൂപായാണ് ഇപ്പോൾ തൊഴിൽക്കരമിനത്തിൽ ഡിമാന്റ് ചെയ്ത് പിരിവു നടത്തുന്നത്. ശരിയായ രീതിയിൽ തൊഴിൽ നികുതിയടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരേയും യുക്തിസഹമായ രീതിയിൽ അസസ്സു ചെയ്താൽ നമ്മുടെ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ ഒരു ലക്ഷം രൂപാ കൂടുതലായി ഡിമാന്റു കണ്ടെത്താം.

C മാർക്കറ്റു വരുമാനം

നമ്മുടെ ഗ്രാമപഞ്ചായത്തു വകയായിട്ടുള്ള മാർക്കറ്റിൽ നിന്ന് ഇപ്പോൾ പ്രതിവർഷം 60,000/ രൂപാ വരുമാനമുണ്ട്. മാർക്കറ്റിലെ താൽക്കാലിക സ്റ്റാളുകളിൽ മാംസവില്പന നടത്തുന്ന അവകാശം ലേലം ചെയ്തുകൊടുക്കുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനമാണിത്. മാർക്കറ്റിലെ താൽക്കാലിക സ്റ്റാളുകൾ പൊളിച്ചുമാറ്റി സ്ഥിരമായിട്ടുള്ളതും ശാസ്ത്രീയമായതുമായ സ്റ്റാളുകൾ പണിയിച്ചുകൊടുത്താൽ പഞ്ചായത്ത് മാർക്കറ്റ് അഭിവൃദ്ധിപ്പെടുകയും വരുമാനമിനത്തിൽ കൂടുതൽ തുക പഞ്ചായത്തിന് ലഭിക്കുന്നതുമാണ്.

D ലൈസൻസ് ഫീസ്

പഞ്ചായത്ത് ചട്ടങ്ങളനുസരിച്ചുള്ള നിയമങ്ങളും, പി.എഫ്.എ.(PFA Act) ആക്ട് അനുസരിച്ചുള്ള

നിയമങ്ങളനുസരിച്ചും, സകലവിധകച്ചവടക്കാർക്കും, ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ഈ ഇനത്തിലുള്ള ഫീസുകൾ വർദ്ധിപ്പിച്ചും പിരിവ് നടത്തണമെന്ന് പഞ്ചായത്തുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പഴയനിരക്കിലുള്ള ഫീസാണ് നമ്മുടെ പഞ്ചായത്ത് ഈടാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ നിർദ്ദേശമനുസരിച്ച് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾക്കും അപകടകരവും ദുസ്സഹവുമായ തൊഴിലുകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കാവുന്നതാണ്.

E നാഷനൽ സേവിംഗ്സ്

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരവികാസ് പത്രയുടെ 15 മുതൽ 25% വരെയുള്ള തുക ആ പഞ്ചായത്തിന് കൊടുക്കുന്ന ഒരു വ്യവസ്ഥ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി മറ്റു സാമൂഹ്യപ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി "മഹിളാപ്രധാൻ" ഏജന്റു മുഖേന പഞ്ചായത്തുപ്രദേശത്തെ സാമ്പത്തിക സൗകര്യമുള്ള ജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് വളരെ സാദ്ധ്യതകളുണ്ട്. ഇതുകൊണ്ട് പഞ്ചായത്തിന് നല്ല വരുമാനം ലഭിക്കും.

F മനുഷ്യാധ്വാനം

ധനാഗമ മാർഗ്ഗങ്ങൾ പരിമിതമായിട്ടുള്ള നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവമാണ്. ഗ്രാമസഭകളിൽനിന്നു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിലെല്ലാം വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാധ്വാനം സംഭാവന ചെയ്യാമെന്നുള്ള സമ്മതം നൽകിയിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങൾ പോലും എത്തുപെടാത്ത നമ്മുടെ മിക്ക വാർഡുകളിലേയും വികസനപ്രവർത്തനത്തിന് ജാതിമത ചിന്തകൂടാതെയും കക്ഷിരാഷ്ട്രീയ പരിഗണനകൂടാതെയും തങ്ങളുടെ മനുഷ്യാധ്വാനം സംഭാവന ചെയ്യുവാൻ തയ്യാറുള്ള സന്നദ്ധസംഘടനകളെ ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുത്ത് സംഘടിപ്പിക്കുകയും ശ്രമദാനപ്രവർത്തനങ്ങൾ സമാഹരിക്കുകയും ഒരു തൊഴിൽ ബാങ്ക് തുടങ്ങാവുന്നതുമാണ്.

വിനോദസഞ്ചാരകേന്ദ്രം (ടൂറിസം)

ഈ പഞ്ചായത്തിലെ ഇല്ലിക്കൽകല്ല്, പഴുക്കാക്കാനത്തുള്ള കണ്ണാടിപ്പാറ വെള്ളച്ചാട്ടം, മായങ്കല്ലുമുടി, ചന്ദ്രൻ കല്ലുമുടി, മങ്കൊമ്പിലുള്ള വവ്വാൽഗുഹ തുടങ്ങിയ കാഴ്ചകൾ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ പര്യാപ്തമാണ്. ഇവിടങ്ങളിൽ എത്തിച്ചേരുന്നതിന് ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കേണ്ടതാണ്. പഴുക്കാക്കാനത്തെ കണ്ണാടിപ്പാറ വെള്ളച്ചാട്ടത്തിനു മുകൾവശത്തുള്ള പാറയിടുക്കിൽ അണക്കെട്ടു നിർമ്മിച്ച് ഒരു ജലാശയം ഉണ്ടാക്കിയാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ഇതിലൂടെ ധനപരമായ ഒരു ഉയർച്ച മൂന്നിലവു പഞ്ചായത്തിന് ആർജ്ജിക്കാവുന്നതുമാണ്.

പഞ്ചായത്തിന്റെ സ്റ്റാഫ് പാറ്റേൺ

അധികാര വികേന്ദ്രീകരണത്തിലൂടെ വളരെ ഉത്തരവാദിത്വമുള്ള ചുമതലകളാണ് നമ്മുടെ സർക്കാർ പഞ്ചായത്തുകളെ ഏൽപിച്ചുകൊണ്ടിരിക്കുന്നത്. കൂടുതലായി ലഭിച്ചുകൊണ്ടിരിക്കുന്ന ചുമതലകളും (നികുതിചുമത്തലും പിരിവും ഉൾപ്പെടെയുള്ള കാര്യങ്ങൾ) സമയാസമയങ്ങളിൽ ശരിയായി നിർവ്വഹിക്കുന്നതിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ തികച്ചും അപര്യാപ്തമാണ്. ഒരു സെക്രട്ടറി, ഒരു ഹെഡ്ക്ലാർക്ക്, രണ്ടു യു.ഡി ക്ലാർക്ക്, മൂന്ന് എൽ.ഡി. ക്ലാർക്ക്, ഒരു ജെ.ബി.സി., രണ്ടു പ്യൂണുകൾ, ഒരു ഫുൾടൈം സ്വീപ്പർ, ഒരു സ്ക്കാവഞ്ചർ എന്നീ കണക്കിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചു നിയമങ്ങൾ നടത്തുന്നതിനും ആവശ്യകരമായ തീരുമാനങ്ങളേടുത്തും സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിലേക്കു കൈമാറുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷനിൽ പഞ്ചായത്തുകളിലേക്കു മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നിന്നും ചെയ്തു തരേണ്ടതാണ്.

സ്വഭാവശുദ്ധിയില്ലാത്ത ഒരു മനുഷ്യൻ ഭൗതികമായ എന്തെല്ലാം സൗഭാഗ്യങ്ങളുണ്ടെങ്കിലും, മനോഹരമെങ്കിലും ആൾതാമസമില്ലാത്ത ഒരു കൊട്ടാരംപോലെ ജീർണമാണ്.

– ഗാന്ധിജി

ഉപസംഹാരം

ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ ആസൂത്രിതമായി ഇൻഡ്യൻ സമ്പദ് വ്യവസ്ഥയെ വളർത്തുന്നതിനാണ് ഭരണാധികാരികൾ ശ്രമിച്ചുവന്നിട്ടുള്ളത്. അടിസ്ഥാനപരമായ സാമൂഹികമാറ്റങ്ങൾ വരുത്താതെയുള്ള ഒരു ആസൂത്രണപ്രക്രിയയാണ് ഇൻഡ്യയിൽ ഇതുവരെ നടന്നത്. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിൽ ഇൻഡ്യയുടെ വികസന ചരിത്രത്തിൽ സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പുള്ളതിനേക്കാൾ ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ആസൂത്രണങ്ങൾ കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായ ജനങ്ങൾക്ക് തത്സംബന്ധമായ തീരുമാനങ്ങളിലോ നിർവ്വഹണങ്ങളിലോ പങ്കാളിത്തമുണ്ടായിരുന്നില്ല. അതിനാൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്ന പഞ്ചവത്സരപദ്ധതിയിൽക്കൂടി ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള പുരോഗതി ഗ്രാമതലത്തിലുള്ള ജനങ്ങൾക്കു മനസ്സിലാക്കുവാനോ അനുഭവിക്കുവാനോ തക്കവിധം നാളിതുവരെയുള്ള പ്രവർത്തനശൈലിക്കു വ്യാപകമായ മാറ്റം വരുത്തി ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾക്കു നാമിന്നു മാറ്റം കുറിച്ചിരിക്കുന്നു.

സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം രാജ്യത്തെ വിഭവ ഉപയോഗം നിശ്ചയിക്കുകയും ചെയ്യുന്ന പ്രക്രിയക്ക് ആസൂത്രണമെന്നു പറയാം. ഇതു സമയബന്ധിതമായിരിക്കുകയും വേണം. ആസൂത്രണം സമഗ്രപരവും ജനപങ്കാളിത്തപരവുമാകണമെങ്കിൽ വികേന്ദ്രീകരണം എന്ന ഉപാധി പഞ്ചായത്തു തലത്തിൽ നിന്നാരംഭിക്കണം. ഇവിടെയാണ് ഗ്രാമസഭയ്ക്കുള്ള പ്രസക്തി.

73-ാം ഭരണഘടനാ ഭേദഗതിയിലൂടെ 243-ാം വകുപ്പിൽ ഗ്രാമങ്ങളിലെ മുഴുവൻ വോട്ടറന്മാരെയും ഉൾപ്പെടുത്തി ജനങ്ങളുടെ വികസന പ്രവർത്തനാധികാരം ഭരണഘടനാ വിധേയമാക്കി ഗ്രാമസഭകൾ നിലവിൽ വന്നു. വാർഡുതലത്തിലുള്ള ഗ്രാമസഭ കേരളത്തിനു പുറമേ ബംഗാളിൽ മാത്രമാണുള്ളത്.

കേരളത്തിൽ ഗ്രാമസഭ പഞ്ചായത്തിലെ ഓരോ വാർഡും ഓരോ മണ്ഡലമായി കണക്കിലെടുത്ത് അവിടുത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണണം. പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പരിപാടിയായി മാറ്റേണ്ടത് ഗ്രാമസഭാ തലത്തിൽ നിന്നു തന്നെയാകണം. ഒരു മണ്ഡലത്തിലെ (വാർഡിലെ) വികസനപ്രവർത്തനത്തിനു മുൻഗണനാക്രമത്തിൽ ലിസ്റ്റു തയ്യാറാക്കി ധനകാര്യ കമ്മീഷനിൽക്കൂടിയും അല്ലാതെയും ലഭിക്കുന്ന സമാഹരണത്തിലൂടെ സാമൂഹ്യക്ഷേമപ്രവർത്തനത്തിനു വേണ്ടി ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുകയെന്ന പുതിയ ആശയം ഗ്രാമത്തിലെ ജനങ്ങളെ ഉത്സാഹഭരിതരാക്കുന്നു. സാമൂഹ്യക്ഷേമപരിപാടികൾക്കു വേണ്ടി ശ്രമദാനമായും സാധനങ്ങളോ പണമോ ആയിട്ടുള്ള സംഭാവനകൾ സ്വീകരിച്ചും വികസനപ്രവർത്തനങ്ങളുൾ ഉറപ്പുവരുത്താനുള്ള അവസരം പഞ്ചായത്ത് രാജ് സംവിധാനത്തിൽ വിവക്ഷിക്കുന്നു. ഇതു പൂർണ്ണമാകണമെങ്കിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ നടത്തുന്ന പഞ്ചായത്തു തിരഞ്ഞെടുപ്പു പശ്ചാത്തലം തന്നെ മറന്ന് മണ്ഡലത്തിലെ വിവിധ ഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദവും ഐക്യവും ഉറപ്പുവരുത്തണം. പഞ്ചായത്തുതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായിരിക്കണം മുഖ്യ കാർമ്മികൻ. പഞ്ചായത്തു സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർണ്ണമായും രാഷ്ട്രീയ മുക്തമാക്കണം. എങ്കിൽ മാത്രമേ ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തയ്യാറാകുകയുള്ളൂ.

ഗ്രാമസഭയിൽ നിന്നും ഉയർന്നുവരുന്ന വികസന പ്രവർത്തന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള സാമ്പത്തികശേഷി ഇന്നു പഞ്ചായത്തുകൾക്കില്ല. ഇക്കാര്യം കണക്കിലെടുത്ത് ജനകീയ ആസൂത്രണ പ്രക്രീയയുടെ ധനകാര്യകമ്മീഷൻ വഴിയായി ലഭിക്കുന്ന സാമ്പത്തികവും ഗ്രാമീണരുടെ സജീവപങ്കാളിത്തത്തിലൂടെയുള്ള വിഭവസമാഹരണവും വഴി ജനങ്ങളുടെ അധികാരം ചുമതലാബോധത്തോടുകൂടി നടപ്പിലാക്കുവാനുള്ള ആസൂത്രിത തയ്യാറെടുപ്പിന്റെ രൂപരേഖ ഈ വികസനറിപ്പോർട്ടിലൂടെ അവതരിപ്പിക്കുകയാണ് നാം ചെയ്യുന്നത്.

ചെറുകിട കർഷകരും അതിൽ തന്നെ 37% പട്ടികവർഗ്ഗ ജാതിക്കാരും അധിവസിക്കുന്നു. മൂന്നിലവ് ഗ്രാമപഞ്ചായത്ത് പ്രകൃതിരമണീയമായ മലകളാലും താഴ്വാരങ്ങളാലും ആരെയും ഹഠാദാകർഷിക്കുന്ന മലയോര പ്രദേശമാണ്. ഇൻഡ്യക്ക് ഭരണ സ്വാതന്ത്ര്യം ലഭിച്ചിട്ട് അമ്പതു വർഷത്തോളമായെങ്കിലും വികസന രംഗത്ത് പഞ്ചവത്സരപദ്ധതിയിലൂടെ ഈ ഗ്രാമത്തിന് കാര്യമായ യാതൊരു പ്രവർത്തന പുരോഗതിയും അനുഭവിക്കാനുള്ള ഭാഗ്യം ഉണ്ടായിട്ടില്ലെന്നുള്ളത് വിസ്മരിക്കാനാവാത്ത ദുഃഖസത്യമത്രേ.

ഇവിടുത്തെ ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നൽകുന്ന നികുതി നൽകലിൽ കൂടിയുള്ള സാമ്പത്തികബന്ധം മാത്രമാണ് ഗവൺമെന്റുമായിട്ടുള്ളതെന്നു പറഞ്ഞാൽ ഈ പഞ്ചായത്തിലെ നികുതിദായർക്ക് മറ്റു സ്ഥലങ്ങളിൽ ലഭിച്ചു വരുന്ന ജീവതസൗകര്യങ്ങൾ ഒന്നും തന്നെ നേരിട്ടു രുചിച്ചറിയാനുള്ള അവസരം നാളിതുവരെ ലഭിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ജനകീയ പങ്കാളിത്തത്തോടെ ഈ പഞ്ചായത്ത് അവതരിപ്പിക്കുന്ന വികസന രൂപരേഖ ഒമ്പതാം പഞ്ചവത്സരപദ്ധതി ആസൂത്രിത പ്രക്രീയയുടെ പ്രത്യാശയുടെ കൈത്തിരി കൊളുത്തിയിരിക്കുകയാണ്. ഈ രൂപരേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് ജനങ്ങളുടെ അലസതാ മനോഭാവം വെടിഞ്ഞ് പ്രത്യാശ്യയോടെ പ്രവർത്തിക്കുവാനുള്ള സജീവ പശ്ചാത്തലമൊരുക്കുകയാണ്.

യുദ്ധകാലാടിസ്ഥാനത്തിൽ സമയബന്ധിത പ്രവർത്തനശൈലി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഭരണസ്വാതന്ത്ര്യം നേടിയ ഉറങ്ങിക്കിടക്കുന്ന ജനങ്ങൾ സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടി ഉണർന്നു പ്രവർത്തിക്കേണ്ട എത്രയോ വർഷങ്ങൾ അലസതയിലൂടെ നഷ്ടമാക്കി. ഇന്നത്തെ തലമുറയിൽ ഉടനീളം കണ്ടുവരുന്ന ജോലിക്കുവേണ്ടിയുള്ള "വൈറ്റ്കോളർ" കാത്തിരുപ്പ്. ഒരു കർഷക മേഖലയായ ഈ പഞ്ചായത്തിലെ ചെറുപ്പക്കാരുടെ ഇടയിൽ ഇന്നനുഭവപ്പെടുന്ന നിസംഗത തുടച്ചുമാറ്റപ്പെടണം. അവനവനു ലഭ്യമായിട്ടുള്ള കൃഷിഭൂമിയിൽ ശാസ്ത്രീയമായി പണിയെടുത്ത് കാർഷിക വിളയിലുള്ള ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുകയെന്ന മഹത്തായദൗത്യം നിറവേറ്റേണ്ടത് ഈ കാലഘട്ടത്തിന്റെ വെല്ലുവിളിയാണ്. ഗവൺമെന്റ് ഉദ്യോഗത്തിനുവേണ്ടിയുള്ള കാത്തിരുപ്പ് അവസാനിപ്പിച്ച് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കൃഷിഭൂമിയിലിറങ്ങുവാൻ തയ്യാറാകണം. ഉറങ്ങിക്കിടക്കുന്ന കൃഷിഭൂമിയെ കിളച്ചിളക്കി ഉണർത്തി പുളകിതയാക്കണം. നമ്മുടെ പഞ്ചായത്ത് മലമ്പ്രദേശം ആണെങ്കിൽ പോലും സ്ഥലജല പശ്ചാത്തലം കൃഷിക്ക് വളരെ അനുയോജ്യമാണ്. പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനം സജീവമാക്കണം. ശാസ്ത്രീയ കൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ എല്ലാ വാർഡുകളിലും കർഷക സംഘടനകൾക്ക് രൂപം നൽകി കൃഷിഭവനിലൂടെയും മൃഗസംരക്ഷണ വകുപ്പിലൂടെയും ശാസ്ത്രീയ അവബോധം കർഷകരുടെ മനസ്സിൽ ഉണ്ടാക്കണം. അവ മണ്ണിൽ പ്രയോഗിക്കുവാനുള്ള ആവശ്യമായ സബ്സിഡിയോടു കൂടിയുള്ള വളപ്രയോഗവും ചെടികളുടെ രോഗപ്രതിരോധ പ്രയോഗവും വ്യാപകമാക്കണം. ഒരിഞ്ചു ഭൂമി പോലും തരിശായി കിടക്കുവാൻ അനുവദിക്കരുത്. ഗിരിജന ഹരിജന പരിപാലനത്തിന് പ്രത്യേക പരിഗണന നൽകി അവ നിയമ വിധേയമാക്കി പ്രയോഗിക്കുവാനുള്ള രംഗം നമ്മുടെ അതിവിശിഷ്ടമായ ഭരണഘടനയിലൂടെ അവകാശപ്പെടുത്തിയിട്ടുള്ളതാണല്ലോ

രാജ്യത്തെയും ജനങ്ങളെയും കുറിച്ച് ദീർഘവീക്ഷണമുണ്ടായിരുന്ന നമ്മുടെ രാഷ്ട്ര പിതാവും രാഷ്ട്രശില്പിയുമായ മഹാത്മാഗാന്ധിജി ഭാരതത്തിലുടനീളം സഞ്ചരിച്ചപ്പോൾ അന്നു കണ്ട സാമ്പത്തികമായും സാമൂഹികമായും താഴ്ന്ന നിലവാരം പുലർത്തി ഉച്ചനീചത്വത്തിന്റെ തീച്ചൂളയിൽ നട്ടംതിരിയുന്ന ജനവിഭാഗത്തെ രാജ്യത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ ലക്ഷ്യമിട്ട് അവരെ ദൈവത്തിന്റെ ജനങ്ങളായി കരുതി 'ഹരിജനം' എന്ന് നാമകരണം നല്കി. ഇൻഡ്യൻ ഭരണഘടനയിലൂടെ ആദരിച്ചു. ഈ ആനകൂല്യം ലഭിക്കുന്ന ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗജാതിയിൽ പെട്ട ആളുകൾ തങ്ങൾക്കു ലഭിക്കുന്ന സാമ്പത്തിക സഹായം വഴി ഈ പഞ്ചായത്തിലെ മറ്റു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അനന്യമായ ഈ പ്രോത്സാഹനം ഈശ്വരദത്തമായ വരദാനമാണെന്ന് മനസ്സിലാക്കി ആ വകയിലൂടെ കിട്ടുന്ന ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തി സാമ്പത്തികമായി ഈ പഞ്ചായത്തിലെ 37% ശതമാനത്തോളം വരുന്ന ജനങ്ങളുടെ സാമ്പത്തിക പശ്ചാത്തലം പുഷ്ടിപ്പെടുത്താവുന്നതാണ്.

കേരള ഗവൺമെന്റ് പട്ടികവർഗ്ഗ വികസനത്തിൽ കൂടി വ്യക്തികൾക്കു നൽകുന്ന വിദ്യാഭ്യാസം, ജോലി, ഭവനനിർമ്മാണസഹായം, കൃഷി,ധന സഹായം, തൊഴിലധിഷ്ഠിത സഹായം, എന്നിവ മുഖാന്തിരം വ്യക്തിപരമായ സാമ്പത്തിക വളർച്ചയ്ക്ക് പ്രോത്സാഹനം നൽകുന്നു. അതുപോലെ തന്നെ സാമൂഹികമായി വികസന രംഗത്ത് ട്രൈബൽ സബ് പ്ലാൻ മുഖാന്തിരം ഉള്ള വൈദ്യുതീകരണം റോഡുനിർമ്മാണം, ശുദ്ധജല വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇടകലർന്ന് താമസിക്കുന്ന മറ്റു സമുദായത്തിൽപ്പെട്ടവർക്കും കൂടി ഈ പ്രയോജനം ലഭിക്കുന്നു. ഉദാഹരണം, 1982 മുതൽ കുറിഞ്ഞിപ്ലാവ്, വെള്ളറ, ഇരുമാപ്ര, മങ്കൊമ്പ്, മേച്ചാൽ, വാളകം, എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കിയ വൈദ്യുതീകരണത്തിലൂടെ മറ്റു സമുദായത്തിൽപ്പെട്ട അനേകർക്കും കൂടെ വൈദ്യുതി ലഭിക്കുന്നതിനുള്ള അവസരം ലഭിച്ചു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. ഇപ്രകാരം പട്ടിക വർഗ്ഗ ഘടകപദ്ധതി (T.S.P)

നടപ്പിലാക്കിയിരുന്നില്ലായെങ്കിൽ ഈ പഞ്ചായത്തിലെ 1,3,5,6,7,8 എന്നീ വാർഡുകളിൽ വൈദ്യുതി എത്തുമായിരുന്നില്ല. പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന ഒരു പഞ്ചായത്തെന്ന പേരിൽ മാത്രം ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽകൂടി ലഭിച്ച ഈ ഗവൺമെന്റ് പദ്ധതിയല്ലാതെ, നികുതിദായകരായ ഈ പഞ്ചായത്തിലെ ആളുകൾക്ക് കാര്യമായ മറ്റു വികസനപ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ഇനിയും വൈദ്യുതീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള 6-ാം വാർഡിലെ പഴുക്കാക്കാനം, 5-ാം വാർഡിലെ ചൊവ്വൂർ എന്നീ T.S.P സ്ക്കീമുകൾ കൂടിയും 4-ാം വാർഡിലെ അഞ്ചുമല, കടവുപുഴ എന്നീ സ്ഥലങ്ങളിലെ വൈദ്യുതീകരണവും നടന്നുകിട്ടിയാൽ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച ഗ്രാമമെന്ന ബഹുമതി നേടിയെടുക്കാവുന്നതാണ്.

കൂടാതെ പഞ്ചായത്തിലെ വർഷങ്ങൾ നീണ്ടു നിന്ന പ്രവർത്തനഫലമായി 1990-ൽ പട്ടികവർഗ്ഗസങ്കേതങ്ങളായ കോലാനി, മേച്ചാൽ, നെല്ലാപ്പാറ, അമ്പലം മങ്കൊമ്പ്, നരിമറ്റം എന്നീ സ്ഥലങ്ങളിൽ കൂടി പോകുന്ന 11.750 K.M ദൂരം വരുന്ന പഞ്ചായത്ത് റോഡ് കേരളാ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ ഉത്തരവുണ്ടായി. തുടർന്ന് 1991ഫെബ്രുവരി 27-ാം തീയതി (27-2-1991) ഗവൺമെന്റ് മൂന്നിലവ് പഞ്ചായത്തിലെ മർമ്മപ്രധാനമായ മലമ്പ്രദേശ വികസനത്തിന് അടിത്തറ പാകുന്ന റോഡു നിർമ്മാണത്തിന് 2കോടി 79ലക്ഷം രൂപയുടെ പ്രത്യേക ഭരണാനുമതി, ചരിത്ര പ്രധാനമായ ഒരു ഉത്തരവിലൂടെ ഈ പഞ്ചായത്തിനെ ധന്യമാക്കിത്തീർത്തു. 1995ൽ കോലാനിയിൽ നിന്നും 750 മീറ്റർ ദൂരം ന്യൂ M.L.A റോഡ് സ്ക്കീമിൽപ്പെടുത്തിയും തുടർന്ന് മേച്ചാൽ വരെയുള്ള 4KM ദൂരം 1കോടി രൂപയ്ക്ക് ടെണ്ടർ ചെയ്ത് പണി നടന്നു വരുന്നു. ശേഷിക്കുന്ന 7KM ദൂരം വരുന്ന മേച്ചാൽ നരിമറ്റം റോഡ് 2 ഘട്ടങ്ങളായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുവാനുള്ള നടപടി ആയി വരുന്നു. 279 ലക്ഷം രൂപയുടെ പ്രത്യേക ഭരണാനുമതി ഉണ്ടെങ്കിൽ പോലും തുടർന്നുള്ള നമ്മുടെ കൂട്ടായ പ്രവർത്തനവും അസംബ്ലി ലവലിലുള്ള നമ്മുടെ ജനപ്രതിനിധികളുടെ സമയോജിതമായ ഇടപെടൽ കൊണ്ടും മാത്രമേ ഈ മലമ്പ്രദേശ റോഡിന്റെ പണി തീർക്കുവാൻ സാധിക്കുകയുള്ളു. പട്ടികവർഗ്ഗസങ്കേതങ്ങളിൽ കൂടി മാത്രം കടന്ന് അമ്പാറ മങ്കൊമ്പ് റോഡിൽ നരിമറ്റത്ത് എത്തുന്നതും ഈ പഞ്ചായത്തിന്റെ വികസനരേഖയിലെ ജീവനാഡിയെന്ന് വിശേഷിപ്പിക്കാവുന്നതുമായ ഈ റോഡിന്റെ പണി തീർക്കുവാൻ കക്ഷിരാഷ്ട്രീയം മറന്ന് ഒറ്റക്കെട്ടായി നമുക്ക് പ്രവർത്തിക്കാം.

ഈ പഞ്ചായത്തിൽ 6-ാം വാർഡിൽ പഴുക്കാക്കാനത്തുള്ള ഏതു വേനൽക്കാലത്തും വറ്റാത്ത നിരുറവകളെ പരമാവധി വിനിയോഗിച്ച് ശുദ്ധജലവിതരണപദ്ധതി തയ്യാറാക്കി ഈ പഞ്ചായത്തിലെ 8 വാർഡുകളിലേയും ജലക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്. ഏതാണ്ട് സമുദ്രനിരപ്പിൽ നിന്നും 2000 അടി ഉയരത്തിൽ നിരന്നു കിടക്കുന്ന പഴുക്കാക്കാനത്തു നിന്നും ഗ്രാവിറ്റി സിസ്റ്റത്തിൽ എല്ലാവാർഡുകളിലും വെള്ളം എത്തിക്കുവാൻ സാധിക്കുന്ന ചിലവു കൂടിയ പദ്ധതി കേരളാ വാട്ടർ അതോറിട്ടി ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്. അതുപോലെ തന്നെ പഴുക്കാക്കാനം ആറ്റിൽ കണ്ണാടിപ്പാറഭാഗത്ത് ആറിന് കുറുകെ അണക്കെട്ട് നിർമ്മിച്ച് 700 ഏക്കറോളം സ്ഥലത്ത് വെള്ളം കെട്ടി നിർത്തിയാൽ ഈ പഞ്ചായത്തിലും പട്ടികവർഗ്ഗക്കാർ ധാരാളം താമസിക്കുന്ന മേലുകാവ് തലനാട് തീക്കോയി എന്നീ സമീപപഞ്ചായത്തുകളിലും കൂടാതെ ഈരാറ്റുപേട്ട തലപ്പലം എന്നീ പഞ്ചായത്തുകളിലും ഗ്രാവിറ്റിസിസ്റ്റത്തിൽ വെള്ളം എത്തിക്കുവാൻ സാധിക്കുന്ന ഒരു പദ്ധതിയ്ക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. ചിലവേറിയ ഈ രണ്ടു പദ്ധതികളും ഗവൺമെന്റ് ഏറ്റെടുത്ത് നടത്തേണ്ടതാകുന്നു. ഈ പദ്ധതി നടത്തിപ്പിലൂടെ ജലത്തിന്റെ കാര്യത്തിൽ കൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യം നല്കി ഈ ഗ്രാമത്തിലെ കർഷകരായ ജനങ്ങളെ ഇന്നനുഭവപ്പെടുന്ന തണുപ്പൻ പ്രവർത്തനശൈലിയിൽ നിന്നും ഉണർത്തി കർമ്മോന്മുഖരാക്കി പഞ്ചായത്തിന്റെ കൃഷി സമ്പ്രദായത്തിൽ ഒരു പുത്തൻ പ്രവർത്തനശൈലി ആവിഷ്ക്കരിക്കുന്നതിന് ഉതകത്തക്കവിധത്തിൽ ഈപദ്ധതിക്ക് നമ്മുടെ വികസന പ്രോജക്ട് റിപ്പോർട്ടിൽ മുഖ്യസ്ഥാനം നല്കേണ്ടതാണ്. വിവിധ കൃഷി ധനസഹായപദ്ധതി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പിലൂടെ ലഭിക്കുന്ന ധനസഹായം എന്നിവയുപയോഗപ്പെടുത്തി ഈ പഞ്ചായത്തിലെ ചെറുകിട കർഷകർ സാമ്പത്തികമായി വളരട്ടെ അങ്ങനെ ഗ്രാമത്തിൽ ഐശ്വര്യത്തിന്റെ സൂര്യകിരണങ്ങൾ പ്രസരിക്കട്ടെ.

ഈ പഞ്ചായത്തിൽ വിദേശപണത്തിന്റെ സൂക്ഷിപ്പുകാർ കുറവാണ്. അതുകൊണ്ടുതന്നെ അംബരചുംബികളായ കെട്ടിടങ്ങളും വിദേശനിർമ്മിത വാഹനങ്ങളും കണ്ട് തലക്ക് മത്തുപിടിക്കേണ്ടതായി വരു

ന്നില്ല. ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളും തന്നെ ലളിത ജീവിതസൗകര്യങ്ങളിൽ കഴിയുന്നവരാണ്. മറ്റു സ്ഥലങ്ങളിലെ സുഖലോലുപത്തം അതേ രിതിയിൽ തുടരണമെന്നുള്ളതല്ല. ഏതാണ്ട് ആയിരം കൊല്ലമായി ജനവാസമുള്ള നമ്മുടെ ഈ ഗ്രാമത്തിലും ഐശ്വര്യ സമൃദ്ധമായ ഒരു ജീവിത ചൈതന്യം ഉണ്ടായേതീരു. ആധുനിക ലോകകമ്പോളത്തിൽ കിട്ടുന്ന ഏതൊരു വസ്തുവും വാങ്ങി ഉപയോഗിക്കുവാൻ കരുത്തുള്ള സാമ്പത്തിക ഭദ്രതയുള്ള ഗ്രാമീണ ജനങ്ങളെ വാർത്തെടുക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയണം. ഇന്നത്തെ കൃഷിസമ്പ്രദായം മെച്ചപ്പെട്ടതുകൊണ്ട് മാത്രം ഈയവസരം കൈവരുത്തുവാൻ സാദ്ധ്യമല്ല. ചെറുതും വലുതുമായ വ്യവസായം നമ്മുടെ പഞ്ചായത്തിലുണ്ടാവണം. വ്യവസായ മന:സ്ഥിതിയുള്ള തന്റേടമുള്ള ചെറുപ്പക്കാർ, സാങ്കേതികമായ നൂതന വ്യവസായ വിദ്യ അഭ്യസിച്ച് ഒറ്റയായും കൂട്ടായും ഉള്ള പ്രവർത്തനത്തിന് തയ്യാറാവണം. വലിയ വ്യവസായം തുടങ്ങുന്നതിന് പാർട്ടണർഷിപ്പ് വ്യവസ്ഥയിൽ സംഘടിച്ച് സത്യസന്ധമായി പ്രവർത്തിക്കുവാൻ തയ്യാറുള്ള വിദ്യാസമ്പന്നരായ ചെറുപ്പക്കാർ രംഗത്തുവരണം. വിവിധ ധനസഹായ ഏജൻസികൾ വമ്പിച്ച തോതിൽ പണം മുടക്കുവാൻ തയ്യാറായി ഇന്നു രംഗത്തുണ്ട്. ഈ പഞ്ചായത്തിന്റെ പശ്ചാത്തലം ഉപയോഗിച്ച് നടപ്പിലാക്കുവാൻ പറ്റുന്ന വ്യവസായ യൂണിറ്റുകൾ, ഇതു സംബന്ധിച്ച വിദഗ്ദ്ധോപദേശം തേടി വ്യവസായം കൃഷിപോലെ തന്നെ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയും സാമ്പത്തികമായി വ്യക്തിയും സമൂഹവും അങ്ങനെ പഞ്ചായത്ത് മൊത്തമായി സമൃദ്ധിയിൽ നിന്ന് സമൃദ്ധിയിലേയ്ക്ക് എന്ന ലക്ഷ്യത്തിനു വേണ്ടി പണിയെടുക്കാം.

വ്യവസായസംരംഭത്തിൽ ഈ പഞ്ചായത്തിലെ ആളുകൾക്ക് പ്രോത്സാഹനം നല്കുന്നതിലേയ്ക്കായി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം കണ്ടെത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമവികസനത്തിലെ അടിസ്ഥാന ശിലകളിലൊന്നാണ് കാർഷിക മേഖലയിലെ പുരോഗതി. നാണ്യവിളകൾക്ക് മുഖ്യസ്ഥാനം കൊടുക്കണം. കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൽ പച്ചക്കറികൃഷിക്ക് യാതൊരു പരിഗണയും ലഭിക്കുന്നില്ല. ഒരുവർഷത്തിൽ ഏതാണ്ട് 20 ലക്ഷം രൂപയുടെ പച്ചക്കറിസാധനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവരുന്നതായിട്ടാണ് കണക്ക്. നമ്മുടെ വീട്ടുവളപ്പിൽ പച്ചക്കറികൃഷി ചെയ്യുന്ന ഒരു പച്ചക്കറികൃഷി സംസ്ക്കാരം തന്നെയുണ്ടാകണം. നമ്മുടെ വനിതകൾക്ക് ചെയ്യാവുന്ന ഫലപ്രദമായ ഒരു പ്രവൃത്തിയാണിത്. പച്ചക്കറി കൃഷി മുഖാന്തിരം കുടുംബത്തിന് ലാഭവും ശരീരത്തിന് ആരോഗ്യവും പ്രദാനം ചെയ്യുന്നു. നമ്മുടെ വികസന രേഖയിൽ പച്ചക്കറി കൃഷിക്ക് ഗണ്യമായ പരിഗണന നല്കണം. വീടൊന്നിന് 5സെന്റ് സ്ഥലമെങ്കിലും പച്ചക്കറി കൃഷിക്ക് മാറ്റി വയ്ക്കുക. ആവശ്യമായ വിത്തും വളവും സാങ്കേതികോപദേശവും സമയാസമയങ്ങളിൽ കർഷകന് എത്തിക്കത്തക്കവണ്ണമുള്ള ക്രമീകരണം പഞ്ചായത്തിടസ്ഥാനത്തിൽ കൃഷിഭവൻ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. പച്ചക്കറി കൃഷി സംസ്ക്കാരം വളർത്തി ഗുണനിലവാരമുള്ള പച്ചക്കറി സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കണം. രാസവള പ്രയോഗങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗം പച്ചക്കറി കൃഷിയിടങ്ങളിൽ വ്യാപകമാക്കണം. ഗുണമേന്മയുള്ള പച്ചക്കറി തൈകളോ, വിത്തുകളോ നട്ട് പച്ചക്കറി ഉല്പാദിപ്പിച്ച് സാമ്പത്തിക നേട്ടം കൈവരിക്കണം. എല്ലാ വീടുകളിലും ഏതെങ്കിലും ഒന്നോ രണ്ടോ ഇനത്തിലുള്ള പച്ചക്കറി കൃഷി ചെയ്തിരിക്കണമെന്ന ആശയം നിർബന്ധമാക്കണം.

സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന ഈ ജോലിയിൽ നിന്ന് വരുമാനമുണ്ടാക്കുന്നതിന് സാധിക്കുന്നതാണ്. പച്ചക്കറി കൃഷിക്ക് പറ്റിയ പഴുക്കാക്കാനം പോലെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകണം. നമ്മുടെ വികസന പ്രോജക്ട് റിപ്പോർട്ടിൽ പച്ചക്കറി കൃഷിക്ക് അർഹമായ സ്ഥാനം നൽകേണ്ടതാണ്.

കേരളത്തിലെ വനിതകളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ലോകപ്രശസ്തിയാർജ്ജിച്ച കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി നമ്മുടെ ഈ പഞ്ചായത്തിലും ആരംഭിച്ച് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക വിദ്യയും ലഭ്യമാക്കാവുന്നതാണ്. അന്തർദേശീയ ഏജൻസികൾ വഴി പുതിയ കർമ്മ പരിപാടികൾക്ക് രൂപം നൽകി സ്ത്രീകളുടെ സംഘടനാ ശേഷി വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ അവരുടെ പങ്കാളിത്തം ഉറപ്പു വരുത്താവുന്നതാണ്. ആസൂത്രണം അർത്ഥവത്താക്കുന്നത് വികസനോപാധികളെ വിശകലനം ചെയ്ത് പഞ്ചായത്തുതലത്തിലെ പരിമിതികൾക്കു വിധേയമായി ഫലപ്രദമായി കണ്ടെത്താവുന്ന വിഭവം ഉപയോഗപ്പെടുത്തുമ്പോൾ മാത്രമാണ്.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ, മറ്റു സാമ്പത്തിക വിഭവങ്ങൾ എന്നിവ പഞ്ചായത്തിന്റെ ചരിത്രപരവും സാമൂഹ്യപരവുമായ സാംസ്ക്കാരിക പശ്ചാത്തലവും ഭൂമിശാസ്ത്രപരമായ പശ്ചാത്തലവും കണക്കിലെടുത്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രാമസഭകളിലും മറ്റു ഗ്രൂപ്പുചർച്ചകളിലൂടെയും വന്ന എല്ലാ നിർദ്ദേശങ്ങളെയും സ്വീകരിച്ച് സ്ക്കീമുകളും പദ്ധതികളും രൂപപ്പെടുത്തുന്നതിന് വിദഗ്ധസമിതികൾക്ക് കഴിയണം.

സർക്കാർ സൽകുവാനുദ്ദേശിക്കുന്ന 40% പദ്ധതി വിഹിതം കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് പുത്തൻ പ്രതീതി ഉണർത്തുന്നു. 1965 കാലഘട്ടങ്ങളിൽ പഞ്ചായത്തുകളിലെ റോഡുനിർമ്മാണം പോലെയുള്ള വികസനപ്രവർത്തനങ്ങൾ 100% ശ്രമദാനത്തിൽക്കൂടിയാണ് നിർവ്വഹിച്ചിരുന്നത്. എന്നാൽ 9-ാം പഞ്ചവത്സര പദ്ധതി ജനകിയ പദ്ധതിയായി മാറുന്നതോടെ പദ്ധതി അടങ്കൽ തുകയായ 14800 കോടി രൂപയുടെ 40% പഞ്ചായത്തുകൾക്കായി വിതിക്കുമ്പോൾ 5920 കോടി രൂപയും അതിന്റെ പകുതി 2960 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കായി ലഭിക്കുകയാണ്. 25% ജനപങ്കാളിത്തം കൂടി കണക്കിലെടുത്താൽ ഏതാണ്ട് 72 ലക്ഷം രൂപയുടെ പ്രവൃത്തി വികസനം ഗ്രാമപഞ്ചായത്തു തലത്തിൽ നടക്കും.

സ്വതന്ത്ര റിപ്പബ്ലിക്കായ ഭാരതത്തിന്റെ മക്കളിൽ ഏകദേശം 80% ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഭാരതീയ ജനാധിപത്യത്തിന്റെയും സമ്പദ് വ്യവസ്ഥയുടെയും സംസ്ക്കാരത്തിന്റേയും തായ്വേരുകൾ ഇന്ന് സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ അതിന്റെ മേന്മ ഗ്രാമങ്ങളുടേതാണ്. അതുകൊണ്ടു തന്നെയാണ് നമ്മുടെ രാഷ്ട്രപിതാവ് ഗ്രാമങ്ങളെ ഇൻഡ്യയുടെ ആത്മാവായി വിശേഷിപ്പിച്ചിരിക്കുന്നത്. സ്വയം പര്യാപ്തതയും സ്വാശ്രയശീലവും പ്രവർത്തന ശേഷിയും സത്യസന്ധതയും കർമ്മധീരതയും സ്വാഭിമാനവും രാജ്യത്തോടുള്ള കൂറും നമ്മുടെ മുഖമുദ്രകളായിരുന്നു.ഇന്ത്യയുടെ ഗ്രാമത്തിലെ ശാന്തസുന്ദരമായ അന്തരീക്ഷം ഇന്ന് മദ്യ ലോബികളുടെയും മദ്യാസക്തിയുടെയും തടങ്കലിലാണ്. ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്കും ശ്രേയസ്സിനും ആദ്ധ്യാത്മിക പോഷണത്തിനും കളങ്കം ചാർത്തി തുരങ്കം വയ്ക്കുവാൻ മദ്യലോബികളും അവരുടെ ആജ്ഞാനുവർത്തികളായ മദ്യപന്മാരും ശ്രമിക്കുന്നു എന്നുള്ളതാണ് ഇന്നത്തെ ഭീകരമായ യാഥാർത്ഥ്യം. വ്യാജവാറ്റും മദ്യാസക്തിയും അർബുദം പോലെ നമ്മുടെ ശാന്തസുന്ദരമായ ഗ്രാമാന്തരംഗങ്ങളിൽ പടർന്നു പിടിച്ചിരിക്കുന്നു. വ്യാജവാറ്റും കള്ളച്ചാരായവും നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചു മാറ്റുന്നതിനുള്ള ധീരമായ മുന്നേറ്റം നമ്മുടെ സമൂഹത്തിൽ തന്നെ ഉണ്ടാകണം. അങ്ങനെ മാനസിക ശാരീരിക, സാമൂഹിക സാമ്പത്തിക ആത്മീയ മണ്ഡലങ്ങളെ ഏകോപിപ്പിച്ച് ഗ്രാമവികസനത്തിന് ഉതകും വിധം രൂപപ്പെടുത്തി നൽകിയാൽ മാത്രമേ വികസനവും വികസനാത്മക സമീപനവും കൈവരിക്കുകയുള്ളൂ.

വികസന രംഗത്ത് ഒരു പുത്തൻ പ്രവർത്തന ശൈലിയിലൂടെ ഗ്രാമതലത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെ പ്രതീക്ഷിക്കാം. സമഗ്രവികസന രേഖ എന്ന ആയുധം പ്രവർത്തനമെന്ന ഉരകല്ലിൽ ഉരച്ച് മൂർച്ച വരുത്തി കരവിരുതോടെ പ്രയോഗിച്ച് അനേക ഗ്രാമ സുന്ദരിമാരെ വാർത്തെടുക്കുന്ന ഈ മഹത്തായ പ്രക്രിയയിൽ മൂന്നിലവ് പഞ്ചായത്തിലെ കർമ്മനിരതരായ ശില്പികളുടെ മുമ്പാകെ വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും പഠനത്തിനും ശേഷം അടുത്ത 5 വർഷത്തേയ്ക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി ഈ സമഗ്ര വികസനരേഖ മൂന്നിലവ് പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.


മൂന്നിലവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

T.J. ജോഷ്വാ

വികസനരേഖ തയാറാക്കാൻ സഹായിച്ചവർ

സി.കെ. ഹരിഹരൻ
അന്നമ്മ ജോർജ്
ജോസ് ഈറ്റയ്ക്കാട്ട്
തോമസ് അബ്രാഹം
എം.ജെ. ജോസഫ്
കെ.ജെ. സെബാസ്റ്റ്യൻ
മാത്തുക്കുട്ടി എൻ.ജെ.
അച്ചാമ്മ ജോസഫ്
ഉലഹന്നാൻ ശാമുവേൽ
ജയ്മോൻ സേവ്യർ
ജോൺസൺ മാത്യു
കെ.റ്റി. തോമസ്
പി.എം. ജോണി
മത്തായി ജോസഫ്
ബിജിൻ മൂന്നിലവ്
ഇത്തമ്മ മാത്യു
റബേക്ക വർക്കി
കെ.ഡി. ഫ്രാൻസിസ്
ലിസിയാമ്മ നൈനാൻ
വി.വി. സോമൻ
ഡെയ്സി ജേക്കബ്
എം.ഡി. അലക്സാണ്ടർ

പഞ്ചായത്തിലെ നിർദ്ദിഷ്ട
പഴുക്കാക്കാനം ഡാംസൈറ്റ്



മലയാള മനോരമ
1996 ഡിസംബർ 21 ശനി K 3

പഴുക്കാക്കാനത്തു ചെക്ക്ഡാം നിർമിക്കും: ബേബി ജോൺ

ഈരാറ്റുപേട്ട: മൂന്നിലവു പഞ്ചായത്തിലെ പഴുക്കാക്കാനത്ത് ചെക്ക് ഡാം നിർമിച്ച് ജലസേചന - ശുദ്ധജല പദ്ധതി നടപ്പാക്കുമെന്നു മന്ത്രി ബേബി ജോൺ അറിയിച്ചു. ജില്ലയിലെ ഏക പട്ടികവർഗ പഞ്ചായത്താണു മൂന്നിലവ്. മേലുകാവ്, തലനാട്, തീക്കോയി, ഈരാറ്റുപേട്ട പഞ്ചായത്തുകൾക്കു പദ്ധതി പ്രയോജനപ്പെടും.

ടി.ബി. യിൽ പുഞ്ചാർ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികളുമായി ശുദ്ധജലക്ഷാമം സംബന്ധിച്ചു ചർച്ച നടത്തവേയാണു മന്ത്രി ഇക്കാര്യം അറിയിച്ചത്. ഈരാറ്റുപേട്ടയിൽ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫിസ് ആവശ്യമാണെന്നു ബോധ്യപ്പെട്ടതിനാൽ അനുമതി നൽകും. നീലൂർ ജലവിതരണ പദ്ധതി നടപ്പാക്കും. രണ്ടായിരാമാണ്ടോടെ എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കുകയാണു ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു.

പി. സി. ജോർജ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജോർജ് ജേക്കബ്, ജില്ലാ പഞ്ചായത്ത് മെംബർമാരായ ലോപ്പസ് മാത്യു, ഏബ്രഹാം മാത്യു എന്നിവർ പ്രസംഗിച്ചു. വിവിധ പഞ്ചായത്തു പ്രസിഡൻറുമാർ, മെംബർമാർ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

KAVANAR LATEX LIMITED

(Owned by the Rubber Board and RPSS)
Regd. Office : Rubber Board Regional Office
XV / XII, Opp. K.S.R.T.C., Pala

Phone : Office : 0482 - 212399, 213199, 214799
Factory : 048228 - 6373, 6519
Fax : 0482 - 213199

Manufacturers and Exporters of

1. Technically Specified Natural Rubber
   ISNR 3LC, ISNR 3CV, ISNR 5LC, ISNR 5,
   ISNR 10 & ISNR 20.

2. Centrifuged Latex 3. Creamed Latex 4. Crepe Rubber

Dr. E.V. Thomas	Alex George	V.J. Joseph
Chairman	Mg. Director	Secretary Cum Finance Mgr.